## ജനകീയാസൂത്രണം

## അരീക്കോട് ഗ്രാമപഞ്ചായത്ത്

# സമഗ്രവികസന രേഖ





"നമുക്ക് എന്ത് കിട്ടും
എന്നതിന് പകരം
നമുക്ക് എന്ത് ചെയ്യാൻ
കഴിയും എന്ന
ചിന്തയാണ് നാടിന്റെ
വികസനത്തിന് ഇന്നാവശ്യം"

ഇ.എം.എസ്.
(അദ്ധ്യക്ഷൻ
ജനകീയാസൂത്രണത്തിന്റെ
ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി)

114 - 6

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

# ജനകീയാസൂത്രണം

## അരീക്കോട് ഗ്രാമ പഞ്ചായത്ത്

## സമഗ്രവികസന രേഖ

*എഡിറ്റോറിയൽ ബോർഡ്*

*അംഗങ്ങൾ*
കെ.വി അബൂബക്കർ
(പഞ്ചായത്ത് പ്രസിഡണ്ട്)
പി.ഗീത.
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ)
സി.പി. സുരേഷ്ബാബു
സി. സുബ്രഹ്മണ്യൻ
കെ. സെയ്തലവി
അത്തിക്കൽ മുഹമ്മദ് മൗലവി
എൻ. അബദുൽ റഹീം
യു. അബൂബക്കർ
വി. നൗഷാദ്

*എഡിറ്റർ*
അഡ്വ : കെ.സി. മുഹമ്മദ് അഷ്റഫ്

*ആർട്*
എ. സുധാകരൻ കിഴിശ്ശേരി

---

*ടൈപ്പ് സെറ്റ്*
*മലബാർ സ്കൂൾ ഓഫ് കംപ്യൂട്ടേർസ്*
*രാമനാട്ടുകര*

## ഉള്ളടക്കം


I ആമുഖം

II പഞ്ചായത്ത് പൊതുവിവരണം

III സാമൂഹിക സാംസ്കാരിക ചരിത്രം

IV ഭൂപകൃതിയും വിഭങ്ങളും

V സാമൂഹിക സാമ്പത്തിക മേഖലകൾ.

1 കൃഷിയും ജലസേചനവും

2 മൃഗസംരക്ഷണവും മത്സ്യബന്ധവും

3 വ്യവസായം

4 വിദ്യാഭ്യാസം

5 കുടിവെള്ളം പൊതുജനാരോഗ്യവും

6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

7 പാർപ്പിടവും സാമൂഹ്യക്ഷേമവും

8 സംസ്കാരം

9 വനിത

10 സഹകരണം

11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

12 വിഭവസമാഹരണം.

VI ഉപസംഹാരം

# അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി



കെ.വി അബൂബക്കർ
പഞ്ചായത്ത് പ്രസിഡണ്ട്



സി. ശങ്കരൻ
വൈസ് പ്രസിഡണ്ട്



പി. ഗീത
ചെയർ പേഴ്സൺ
സ്റ്റാന്റിംഗ് കമ്മറ്റി

## അംഗങ്ങൾ

പി. മുഹമ്മദ്കുട്ടി
സത്യഭാമ
സി. റംലത്ത്
പി. വീരാൻകുട്ടി
കെ. വിജയലക്ഷ്മി
പി. മുഹമ്മദ് എന്ന ബാപ്പു
ടി.പി. സിറാജുദ്ദീൻ തങ്ങൾ
കെ. അബ്ദുൾ റഹ്മാൻ മുസ്ലിയാർ

# I

# ആമുഖം



ഏറെ വൈകിയാണെങ്കിലും നമ്മളത് തിരിച്ചറിഞ്ഞിരിക്കുന്നു. ജനാധിപത്യം അതിന്റെ പൂർണ്ണമായ അർത്ഥവ്യാപ്തി കൈവരിക്കുന്നത് നാടിന്റെ വികസനപ്രവർത്തനങ്ങളിൽ സാധാരണക്കാരായ ആളുകൾക്ക് പോലും അഭിപ്രായം പറയാനും തീരുമാനങ്ങൾ എടുക്കാനും അധികാരമുണ്ടെന്നും അതോടൊപ്പംതന്നെ ഇവയുടെ നടത്തിപ്പിലും തങ്ങൾക്ക് പങ്കും ഉത്തരവാദിത്വവും ഉണ്ടെന്നും ബോദ്ധ്യം വരുമ്പോഴാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. ഗ്രാമസഭകളിലെ ജനപങ്കാളിത്തവും ആവേശവും അതാണ് പ്രതിഫലിപ്പിക്കുന്നത്.

ഇന്നലെവരെയും നമുക്ക് വേണ്ടി തീരുമാനങ്ങൾ എടുത്തിരുന്നത് ഗ്രാമത്തിന്റെ മിടിപ്പ് അറിയാത്ത ഉദ്യോഗസ്ഥരും അധികാരകേന്ദ്രങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിവുള്ള വ്യക്തികളും

ആയിരുന്നു. ഈ തീരുമാനങ്ങളെയെല്ലാം വ്യക്തിബന്ധങ്ങളൊ, ജാതി, മത, രാഷ്ട്രീയ സംഘടനാബന്ധങ്ങളൊ സ്വാധീനിച്ചിരുന്നു എന്നു കാണാം. ഏത് തരത്തിലുള്ള തീരുമാനങ്ങളിലും മേൽപ്പറഞ്ഞ സ്വാധീനങ്ങൾ നിഴലിക്കുമെങ്കിൽ പിന്നെന്തു ചെയ്യും? അവിടെയാണ് ശാസ്ത്രീയ സമീപനത്തിന്റെ പ്രസക്തി. എന്താണ് ശാസ്ത്രീയ സമീപനം? കൃത്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി, വസ്തുനിഷ്ഠമായ വിലയിരുത്തലിന്റേയും പഠനത്തിന്റേയും അടിസ്ഥാനത്തിൽ കൈകൊള്ളുന്ന തീരുമാനമാണത്. ആസൂത്രണമെന്നാലെന്താണ്? അറ്റമില്ലാത്ത നമ്മുടെ ആവശ്യങ്ങളുടെ പട്ടികയിൽനിന്ന് സാമൂഹ്യതീരുമാനമനുസരിച്ച് ഏതേതിന് മുൻഗണന കൊടുക്കണം എന്ന് നിർണയിക്കലാണ് അത്. വികസനമെന്നത് നമ്മുടെ മണ്ണിനും മനുഷ്യനും ദോഷം ചെയ്യാത്തതും സ്ഥായിയായതും ത്വരിതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ചയാണെന്നും ആ സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണവും കൂടിയാണെന്ന് അടിവരയിട്ട് പറയുമ്പോഴാണ് മേൽപ്പറഞ്ഞ ശാസ്ത്രീയ സമീപനത്തിന്റെ പ്രസക്തി കൂടുതൽക്കൂടുതൽ തെളിഞ്ഞ് വരുന്നത്. ഈയൊരു സമീപനം സ്വീകരിക്കാൻ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഏതാണ്ട് പത്തൻപത് വർഷം തന്നെ കാത്തിരിക്കേണ്ടി വന്നു എന്നത് ഇപ്പോൾ ഖേദകരമായി തോന്നുന്നു.

ഉന്നതങ്ങളിൽ പിടിപാടും, ശുപാർശയും കൈക്കൂലി കൊടുക്കാനുള്ള കഴിവും ഉള്ളവർക്ക് തരക്കേടില്ല എന്ന നിരാശബോധം സമൂഹത്തെയാകെ ഗ്രസിച്ചിരുന്ന സമയത്താണ് പൊതുജനങ്ങളിൽ പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരിലും മറ്റും പ്രതീക്ഷയുടെ പുതുനാമ്പുകൾ കിളിർക്കാൻ കാരണമായ 'ജനകീയാസൂത്രണം' പൊടുന്നനെ കടന്നു വന്നത്.

നാടിന്റെ സാമൂഹിക, രാഷ്ട്രീയ വികസനരംഗങ്ങളിൽ ജനകീയാസൂത്രണം സൃഷ്ടിച്ച മുന്നേറ്റം അൽഭുതാവഹമാണ്. ഇന്നലെവരെ ഒന്നിച്ചിരിക്കാനുള്ള സന്മനസ്സുപോലും കാണിക്കാതിരുന്ന, ഒരുപക്ഷേ വ്യത്യസ്തവും പരസ്പരവിരുദ്ധവുമായ ആശയഗതികളും രാഷ്ട്രീയ കാഴ്ചപ്പാടുള്ളവരുമായ ആളുകൾ ഇക്കാര്യത്തിൽ ഏകശിലാമനസ്കരരായി, ഊണും ഉറക്കവും ഉപേക്ഷിച്ച് സ്വന്തം ഗ്രാമത്തിന്റെ വികസന രേഖ തയ്യാറാക്കുന്നതിനായി നടത്തിയ കൂട്ടായ പ്രവർത്തനത്തിന്റെ ഉല്പന്നമാണ് ഇത്തരത്തിലുള്ള വികസന രേഖകൾ.

ഈ പരിപാടിയുടെ ആരംഭത്തിൽ വ്യത്യസ്തങ്ങളായ വിമർശനങ്ങളും ആശങ്കകളും പത്രങ്ങളിൽ നിറഞ്ഞുനിൽക്കുന്ന സമയത്താണ് വിവിധ തലത്തിലുള്ള റിസോഴ്സ് പേഴ്സൻ പരിശീലനങ്ങൾ നടന്നത്. അരീക്കോട് പഞ്ചായത്തിലെ ഒന്നാംഘട്ട പരിശീലനം സെപ്റ്റംബർ 19ന് ആണ് നടന്നത്. ഇത് സെപ്റ്റംബർ 14,15,16 ന് അരീക്കോട് വെച്ച് നടന്ന ജില്ലാതല കേമ്പിനേക്കാളും എല്ലാ അർത്ഥത്തിലും മികച്ചതായിരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. തുടക്കംമുതലേ അതിയായ താത്പര്യത്തോടുകൂടി ഈ പരിപാടി വിജയിപ്പിക്കാൻ രംഗത്തിറങ്ങിയ സമിതിയാണ് ഈ പഞ്ചായത്തിലുള്ളത്.

നാടിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിൽ ജനകീയാസൂത്രണത്തിന്റെ അനന്തസാദ്ധ്യതകളുടെ ഒരു ചിത്രം 1996 നവംബർ 1ന് നടന്ന പുനരർപ്പണ ദിനത്തോടുകൂടി ജനങ്ങൾക്ക് ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. നമുക്ക് വേണ്ടി പഞ്ചായത്ത് അല്ലെങ്കിൽ ഗവൺമെന്റ് കാര്യങ്ങൾ ചെയ്യട്ടെ, അതെത്ര വൈകിയാണെങ്കിലും എങ്ങനെ ആയാലും കുഴപ്പമില്ല എന്ന മനോഭാവമുണ്ടായിരുന്ന അതേ ജനങ്ങൾ തന്നെ പണത്തിനോ ഉത്തരവുകൾക്കോ കാത്ത് നിൽക്കാതെ തങ്ങളുടെ പ്രദേശവുമായി ബന്ധപ്പെട്ട എത്രയെത്ര നിർമ്മാണപ്രവർത്തനങ്ങളാണ് അന്ന് നടത്തിയത്? പ്രതീക്ഷിത ആയുസ്സ് ശരാശരി 70 വർഷം മാത്രമുള്ള നമ്മൾ പൊതുഫണ്ട് ഉണ്ടായി വരു

മ്പോൾ നമ്മുടെ വികസനാവശ്യങ്ങൾ നിറവേറ്റപ്പെടട്ടെ എന്ന നിലപാട് എടുക്കണോ? അതോ അളവറ്റ തോതിൽ ഇപ്പോൾ തന്നെ നമ്മുടെ കൈവശമുള്ള, നമ്മുടെ ഏറ്റവും വലിയ വിഭവമായ അദ്ധ്വാനശേഷിയെ കെട്ടഴിച്ച് വിട്ടുകൊണ്ട് ഭാഗികമായെങ്കിലും അവക്ക് പരിഹാരം കാണാൻ ശ്രമിക്കണോ? ഉത്തരം വ്യക്തമാണ് ജനങ്ങളുടെ കൂട്ടായ മുന്നേറ്റത്തിന് തകർക്കാൻ കഴിയാത്ത ഒരു പ്രതിബന്ധവും ഇന്നേവരെ ഉണ്ടായിട്ടില്ല.

സ്വന്തം ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകളും, പരാധീനതകളും പരിമിതികളും അറിയാവുന്ന ഒരു സംഘം ഓരോ പഞ്ചായത്തിലും രൂപപ്പെട്ട് വരുന്നു എന്നുള്ളതാണ് ശ്രദ്ധേയമായ മറ്റൊരു നേട്ടം. പുതിയൊരു വികസന സംസ്കാരത്തിന് നാന്ദി കുറിക്കാനും ജനകീയാസൂത്രണ പരിപാടിക്ക് കഴിഞ്ഞിരിക്കുന്നു എന്നത് മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തിന് കരുത്തേകും.

എല്ലാറ്റിലുമുപരി വളരെ പരിമിതമായ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട്, യാതൊരു മുൻ അനുഭവങ്ങളുമില്ലാതെ നിലവിലുള്ള വികലമായ വികസനധാരണകൾക്കെതിരെ, വികേന്ദ്രീകൃതാസൂത്രണത്തിന് എതിര് നില്ക്കുന്നവർക്കെതിരെ ശരിക്കും ഒരു പോരാട്ടം നടത്തിക്കൊണ്ടാണ് മുന്നേറാനായത് എന്നുള്ളത്കൂടി വിലയിരുത്തപ്പെടുമ്പോഴെ നാം കൈവരിച്ച നേട്ടത്തിന്റെ യഥാർത്ഥ തിളക്കം ബോദ്ധ്യമാവൂ.

സമയപരിധി കാരണം കൃത്യമായ പ്രാഥമിക വിവരങ്ങളെ ആശ്രയിക്കുന്നതിന് പകരം ഇവിടെ നമ്മൾ, ശേഖരിക്കാൻ എളുപ്പമായ, ദ്വിതീയ വിവരങ്ങളെയാണ് ആശ്രയിച്ചത്. അതിന്ന് അതിന്റേതായ പോരായ്മകൾ ഉണ്ടായിരിക്കും. എന്തൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും ശരിയായ ദിശയിലേക്കുള്ള ആദ്യത്തെ ഉറച്ച കാൽവെപ്പാണിതെന്ന് ജനങ്ങൾ അംഗീകരിച്ചിരിക്കുന്നു.

# II

# പഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | അരീക്കോട് (സ്പെഷൽ ഗ്രേഡ്) |
| രൂപീകരിക്കപ്പെട്ട വർഷം | - | 20-11-1961 |
| ഉൾപ്പെടുന്ന വില്ലേജ് | - | അരീക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | - | അരീക്കോട് |
| താലൂക്ക് | - | ഏറനാട് |
| അസംബ്ലി മണ്ഡലം | - | മഞ്ചേരി |
| വിസ്തീർണ്ണം | - | 12.21 ച. കി. മി. |
| അതിരുകൾ വടക്ക് | - | ചാലിയാർ |
| കിഴക്ക് | - | കാവനൂർ പഞ്ചായത്ത്, ചാലിയാർ |
| തെക്ക് | - | കുഴിമണ്ണ, കാവനൂർ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | - | ചീക്കോട് പഞ്ചായത്ത് |
| ജനസംഖ്യ | - | 24138 ( 91 സെൻസസ്) |
| പുരുഷൻമാർ | - | 12081 |
| സ്ത്രീകൾ | - | 12057 |
| ദ്വിതീയവിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട 96ലെ ജനസംഖ്യ | - | 26913 |
| ജനസാന്ദ്രത | - | 1977 ച. കി. മി. |
| അക്ഷരാഭ്യാസമുള്ളവർ | - | |
| പുരുഷൻമാർ | - | 9334 |
| സ്ത്രീകൾ | - | 8700 |
| ആകെ | - | 18034. |
| വാർഡുകൾ | - | 11 (പതിനൊന്ന്) |
| പ്രസിഡണ്ട് | - | കെ.വി. അബൂബക്കർ |
| വൈസ് പ്രസിഡണ്ട് | - | സി. ശങ്കരൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | - | പി. ഗീത. |
| പഞ്ചായത്ത് സെക്രട്ടറി | - | പി. ലത. |

III

# സാമൂഹിക സാംസ്കാരിക ചരിത്രം



അരീക്കോടിന്റെ ലിഖിതമായ ഐതീഹ്യ ചരിത്രങ്ങളൊന്നും ലഭ്യമല്ലെങ്കിലും ജീവിച്ചിരിക്കുന്ന നാട്ടുകാരണവന്മാരുടെ അനുഭവകഥകളിലൂടെ ഈ കൊച്ചുഗ്രാമത്തിന്റെ ചരിത്രം ഇതൾ വിരിയുന്നുണ്ട്. ഏതാണ്ട് രണ്ടര നൂറ്റാണ്ടുകൾക്കപ്പുറം ഈ പ്രദേശം ഹിന്ദു അധിവാസ കേന്ദ്രമായിരുന്നു എന്ന് ഇവിടുത്തെ പഴയ തറവാടുകൾക്കും ഭൂമികൾക്കുമുള്ള പേരുകളിൽനിന്നും മനസിലാവുന്നു. കൊട്ടാരവും, കോലോത്തും, മൂത്തേടത്തും, എളേടത്തും, എടത്തംതൊടികയും, വെളുത്ത തൊടിയും, കൊല്ല തൊടിയും, ചക്കുംതൊടിയും എല്ലാം ഈ സംശയത്തിന് ബലം നൽകുന്നു. അക്കാലത്ത് ഈ പ്രദേശം പ്രധാനമായും ചെമ്പാഴി, പുല്ലൂർമ്മണ്ണ, ആറ്റുപുറം, മൂസത് എന്നീ ജന്മിമാരുടെ കൈവശമായിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള സാളിഗ്രാമ ക്ഷേത്രം പഴമയുടെ പ്രൗഢിയെന്നോണം ഇന്നും ചാലിയാർ തീരത്ത് നിലനിൽക്കുന്നു. സമീപ പ്രദേശങ്ങളിൽ നിന്നും കുടിയേറിയ മുസ്ലീംകൾ കാലക്രമേണ ഈ പ്രദേശത്ത് ഭൂരിപക്ഷമതവിഭാഗമായി മാറുകയായിരുന്നു. മുസ്ലീംകൾ തിങ്ങിപാർക്കുന്ന താഴത്തങ്ങാടിയിലെ വലിയ ജുമാഅത്ത് പള്ളി ഒരു പാട് ചരിത്ര സംഭവങ്ങൾക്ക് സാക്ഷിയായി ഇവിടത്തുകാരുടെ ജീവിതത്തിന്റെ ഒരു ഭാഗമായി ഇന്നും നിലനിൽക്കുന്നു. അജ്ഞതയും അന്ധവിശ്വാസവും നിലനിന്നിരുന്നു എങ്കിലും അക്കാലത്ത് തന്നെ നാടുവാഴിത്തത്തിനെതിരെയും പൗരോഹിത്യത്തിനെതിരെയും പൊരുതിയ ചരിത്രം ഈ നാട്ടുകാർക്കുണ്ട്.

1917ലെ 'കൊടിയേറ്റം' അരീക്കോട്ടുകാരുടെ പുരോഗമനചിന്തയുടെ പര്യായമായി ഇന്നത്തെ തലമുറക്ക് കൂടി ആവേശം പകരുന്നതാണ്. 1921ലെ മലബാർ കലാപത്തിന്റെ മുഖ്യ കേന്ദ്രങ്ങളിലൊന്നായിരുന്നു അരീക്കോട്. ലഹളയൊതുക്കുന്നതിന്റെ ഭാഗമായി ഇവിടെനില

വിൽവന്ന പട്ടാളക്യാമ്പ് പഴയ പ്രതാപ ഐശ്വര്യങ്ങൾ അയവിറക്കികൊണ്ട് ഈ ഗ്രാമത്തിന്റെ നെറുകയിൽ 37 ഏക്കറിലായി വ്യാപിച്ചുകിടക്കുന്നു. പിൽകാലത്ത് അരീക്കോട്ട് രൂപപ്പെട്ട കായിക സംസ്കാരം പ്രത്യേകിച്ചും ഫുട്ബാൾ ചരിത്രത്തിന് പട്ടാളക്യാമ്പിനോടും പട്ടാളക്കാരോടും ബന്ധമുണ്ട്.

ഒരു പാട് ചരിത്രസംഭവങ്ങൾക്ക് ഈ മണ്ണ് സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1924 കർക്കിടകത്തിലെ വെള്ളപ്പൊക്കം ഈ നാടിന്റെ ചരിത്രത്തിലെ നടുക്കുന്ന ഒരു ഓർമ്മയാണ്. ഒരാഴ്ചയോളം നീണ്ടുനിന്ന വെള്ളപ്പൊക്കത്തിൽ നിരവധി വീടുകളും സമ്പത്തും നശിച്ചു. 1936ൽ താഴത്തങ്ങാടിയിലുണ്ടായ വലിയ തീപിടുത്തത്തിൽ 15ൽ പരം വീടുകൾ പൂർണ്ണമായും നശിച്ചിരുന്നു. അതുപോലെ 1939-40 കളിൽ ഈ നാടിനെയാക്കെ ബാധിച്ച കോളറ രോഗം നിമിത്തം വളരെയേറെ പേർ മരിക്കുകയുണ്ടായി. 1943ലെ കടുത്ത ഭക്ഷ്യക്ഷാമവും ഈ പ്രദേശത്തെ പഴയ തലമുറ ഇപ്പോഴും നടുക്കത്തോടെയോർക്കുന്ന സംഭവങ്ങളാണ്.

വിദ്യാഭ്യാസ–സാംസ്കാരിക മേഖലയിൽ മറ്റു പ്രദേശങ്ങൾക്കെല്ലാം മാതൃകയായ ചരിത്രം അരീക്കോടിനുണ്ട്. താലൂക്ക് ബോർഡിനു കീഴിൽ 1907ൽ പുത്തലത്താണ് ഈ നാട്ടിലെ ആദ്യ പള്ളിക്കൂടത്തിന് തുടക്കമിട്ടതെങ്കിലും പിന്നീട് അരീക്കോട്ടേക്ക് മാറ്റി സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം 1935ൽ അപ്ഗ്രേഡ് ചെയ്തശേഷമാണ് വിദ്യാഭ്യാസം ഇവിടെ സാർവ്വത്രികമായത്. പിന്നീട് 1955ൽ ഓറിയെന്റൽ ഹൈസ്ക്കൂളും 1957ൽ ഗവൺമെന്റ് ഹൈസ്ക്കൂളും വന്നത് ഇന്നാട്ടിലെ വിദ്യാഭ്യാസ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് കാരണമാക്കി. 1944ൽ സ്ഥാപിതമായ സുല്ലമുസ്ല്ലാം അറബികോളേജാണ് സ്ത്രീവിദ്യാഭ്യാസത്തിന് ഇവിടെ പ്രാധാന്യം നൽകിയത്. N.V. അബ്ദുസ്സലാം മൗലവിയും. P.M. കുമാരൻ നായരുമെല്ലാം ഈ രംഗത്ത് ഈ നാട്ടിന്റെ ചരിത്രത്തിന്റെ ഭാഗമായി മാറുന്നു.

1950 കളുടെ തുടക്കത്തിൽ രൂപം കൊണ്ട Y.M.A.യും Y.M.B.യും ഈ നാട്ടിലെ സാംസ്കാരിക രംഗത്തെ നാഴിക കല്ലുകളാണ്. മാപ്പിള കവി ഉണ്ണിമമ്മദ് സാഹിബിന്റെ അറബിമലയാള സാഹിത്യത്തിലെ സംഭാവനകളും, Y.M.C.A. യുടെ പ്രചരണാർത്ഥം ഇവിടെ എത്തിയ യാക്കോബിയുടെ നേതൃത്വത്തിൽ രൂപമെടുത്ത ഐക്യനാണയസംഘം കൈതൊഴിൽ പ്രസ്ഥാനം, സാമൂഹികസേവനം എന്നിവയെല്ലാം ഈ നാടിന്റെ ചരിത്രത്തിന്റെ ഭാഗമായി മാറുകയായിരുന്നു. ഈ നാടിന്റെ പഴയ കാല ഉത്സവം ആയിരുന്നു 'മുട്ടുങ്ങൽ നേർച്ച'. അതുപോലെ പ്രാദേശികമായി പല ഉത്സവങ്ങളും തിറകളും ഇവിടെ നിലനിന്നിരുന്നു. എല്ലാ ജനവിഭാഗങ്ങളും ഒത്തൊരുമയോടെ ജീവിച്ചിരുന്ന ഇവിടെ എല്ലാ അവശ്യവസ്തുക്കൾക്കും കോഴിക്കോടിനെ ആശ്രയിക്കുകയായിരുന്നു. അരിയും മറ്റു സാധനങ്ങളും കോഴിക്കോട്ടുനിന്ന് തോണിയിൽ കൊണ്ടുവന്നിരുന്ന ഇവിടെ 1928ൽ തന്നെ ബസ്സ് സർവ്വീസ് ആരംഭിച്ചിരുന്നു. ഇന്നും നിലനിൽക്കുന്ന അരീക്കോട് ആഴ്ച ചന്ത 1921 ലെ മലബാർ കലാപത്തിനും മുമ്പേ ഇവിടെയുണ്ടായിരുന്നതായിട്ടാണ് പഴയതലമുറ പറയുന്നത്.

1963 ഡിസംബർ 23 നാണ് പഞ്ചായത്തിലേക്ക് ആദ്യമായി തെരഞ്ഞെടുപ്പ് നടന്നത്. 1964 ജനുവരി ഒന്നാം തിയ്യതി പ്രഥമ ബോർഡ് നിലവിൽ വന്നു. എൻ.വി. ഇബ്രാഹിം സാഹിബ് പ്രസിഡണ്ടും, പി. ഉമ്മർഹാജി വൈസ് പ്രസിഡണ്ടും ആയ ബോർഡിൽ സി.ഉമ്മർ, ആറ്റുപുറത്ത് കേശവൻ നമ്പൂതിരി, മഠത്തിൽ മുഹമ്മദുണ്ണി, ടി.ഹസ്സൻകുട്ടി ഹാജി, ഇട്ട്യാത്തൻ എന്നീ ഏഴ് അംഗങ്ങളാണ് ആദ്യത്തെ ബോർഡിൽ ഉണ്ടായിരുന്നത്. (ഇന്നലെയുടെ നേട്ടങ്ങൾ ഉൾകൊണ്ടുകൊണ്ട് ഇന്നിന്റെ വെല്ലുവിളികളെ നേരിടാനുള്ള ജനകീയമുന്നേറ്റത്തിൽ ഓരോരുത്തരും പങ്കാളികളാവുക.)

IV

# ഭൂപ്രകൃതിയും വിഭവങ്ങളും




ഭൂപ്രകൃതിയനുസരിച്ച് മലനാടിനും തീരപ്രദേശത്തിനുമിടയിൽ ഇടനാട്ടിൽ ചാലിയാറിന്റെ ഇടത്തേ തീരത്താണ് അരീക്കോട് ഗ്രാമം. പഞ്ചായത്തിന് അതിർത്തിയിട്ടുകൊണ്ട് വടക്ക്, വടക്ക്കിഴക്ക് ഭാഗങ്ങളിൽ ചാലിയാറും, തെക്ക്, തെക്ക്കിഴക്ക് ഭാഗങ്ങളിൽ കടുങ്ങല്ലൂർ തോടും ഒഴുകുന്നു. പുഴയോരം ഫലഭൂയിഷ്ഠവും ജനനിബിഡവുമാണ്. കുന്നിൻ ചെരിവുകൾക്കു താഴെ വയലേലകളും മുകളിലായി ചെങ്കൽപ്പാറ നിറഞ്ഞ പീഠഭൂമികളും: ഇതാണ് അരീക്കോടിന്റെ ഭൂപ്രകൃതി.

മണ്ണും മനുഷ്യനും ജലവുമാണല്ലോ ഒരു നാടിന്റെ അടിസ്ഥാന സമ്പത്ത്. മേൽപറഞ്ഞ ഭൂപ്രകൃതിയായതുകാരണം, ഇക്കാലമത്രയും മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽകൊണ്ട് ഫലഭൂയിഷ്ടമായ മേൽമണ്ണ് ഒലിച്ചുപോവുകയും മണ്ണിന്റെ ജലസംഭരണശേഷി കുറയുകയും ചെയ്തിരിക്കുന്നു. വർഷത്തിൽ ശരാശരി 2900 മി.മി. മഴ ലഭിക്കുകയും ചാലിയാർ സമീപത്തുകൂടി ഒഴുകകയും നിരവധി കുളങ്ങളും ചെറുചോലകളും ഉള്ള ഈ പഞ്ചായത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവും ഉണ്ടായിക്കൂടാത്തതാണ്. 1983 നുമുമ്പ് 'വരൾച്ച' എന്ന വാക്ക് നമുക്ക് അധികം ഉപയോഗിക്കേണ്ടി വന്നിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി അതല്ല. ജനങ്ങൾ പെരുകുന്നതിനനുസരിച്ച് ജലത്തിന്റെ ഡിമാന്റിലും വർദ്ധനവ് ഉണ്ടായിക്കൊണ്ടേയിരിക്കുകയാണ്. ഇവിടെ നമ്മൾകാണേണ്ട ഒരു വസ്തുത വർഷപാതത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ലെന്ന മാത്രമല്ല മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനായി കാര്യമായി യാതൊന്നും ചെയ്യുന്നുമില്ല. അശാസ്ത്രീയമായ ഇടപെടൽ മൂലം അതു കുറഞ്ഞുകൊണ്ടേയിരിക്കുകയുമാണ്. ഈ പോക്കുപോയാൽ 'കുടിവെള്ളം എത്തിക്കുക' എന്ന മുറവിളിക്കു നേരെ കണ്ണടക്കാൻ ആർക്കും കഴിയില്ലെന്നതുകൊണ്ട് വിദൂരമല്ലാത്തൊരു ഭാവിയിൽ കുടിവെള്ളത്തിനുവേണ്ടി കടൽ ജലം ശുദ്ധീകരിക്കുന്ന പ്രോജക്ടുകളെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടി വന്നേക്കാം. കുടിവെള്ളക്ഷാമം പരിഹരിക്കണ

മെങ്കിൽ ഇരുമുഖമായ സമീപനം ആവശ്യമായി വരും.

1. പെയ്ത്ത് വെള്ളം ഒലിച്ചുപോകാതെ കഴിയുന്നത്ര പിടിച്ചു നിർത്തുക.

2. ഉള്ള ജലം മലിനീകരണത്തിന്ന് വഴി വയ്ക്കാതെ, ധൂർത്ത് ഒഴിവാക്കി, കഴിയുന്നത്ര കാര്യക്ഷമമായി ഉപയോഗിക്കുക.

ഈ അവസരത്തിലാണ് ചാലിയാർ സംരക്ഷണത്തിന്റെ ഗൗരവം ബോദ്ധ്യമാവുന്നത്. ഇന്ന് തുലാവർഷം കഴിയുന്നതോടെ തന്നെ ചാലിയാറിന്റെ സ്ഥിതിയെന്താണ്? നാളെ എന്താവും? ഒട്ടും ആശാവഹമല്ലല്ലൊ? ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്തേ മതിയാവൂ എന്ന തിരിച്ചറിവിൽ നിന്നാണ് 1991ൽ ഉഗ്രപുരത്തുകാരും പത്തനാപുരത്തുകാരും സംയുക്തമായി നദീ സംരക്ഷണത്തിനായി പെരുങ്കടവു മുതൽ അരീക്കോടു വരെ തോണിയിൽ ഒരു ബോധവൽക്കരണ ജാഥ നടത്തിയത്. ആ ജാഥയുടെ സ്വാധീനം ഇന്നും നിലവിലുണ്ട്. ഇന്നു വരെ അത്രയും ഭാഗത്ത് തോട്ട പൊട്ടിക്കലോ, നഞ്ഞ് കലക്കലോ, ആവർത്തിച്ചിട്ടില്ല. തീരവാസികൾ ഇക്കാര്യത്തിൽ അത്രകണ്ട് ജാഗരൂകരാണ്.

നിലമ്പൂർ ഭാഗത്തെ വനനശീകരണം, പുഴയോരത്തെ അശാസ്ത്രീയമായ കൃഷി, അനിയന്ത്രിതമായ മണൽവാരൽ, തോട്ടപൊട്ടിച്ചും, നഞ്ഞുകലക്കിയും കണ്ണിയടുപ്പമുള്ള 'തണ്ടവല' ഉപയോഗിച്ചുമുള്ള മീൻപിടുത്തം എന്നിവയെല്ലാം ചാലിയാറിനെ കൊന്നുകൊണ്ടിരിക്കുകയാണ്. അനിയന്ത്രിതമായ മണൽവാരൽ നടക്കുന്നതുകൊണ്ട് അരീക്കോട് പാലത്തിന്റെ പില്ലറുകൾക്ക് ബലക്ഷയം വരാനിടയുണ്ട്.

ഒരു കാലത്ത് വാള, തിരുത, ചെമ്പല്ലി, കടന്ന, പൂശാൻ മുതലായ മൽസ്യങ്ങൾ ഇവിടെ സുലഭമായിരുന്നു. എരുന്ത് (കക്ക) എറെക്കുറെ വംശനാശം വന്നുകഴിഞ്ഞു. വറ്റി വരണ്ടുകിടക്കുന്ന ചാലിയാറിനെ സങ്കല്പിക്കാൻപോലും നമുക്കാവുമെന്ന് തോന്നുന്നില്ല. ഇതിന്റെ ഇരുകരകളിലുമുള്ള ജനങ്ങളുമായി അത്രയേറെ ഒരാത്മബന്ധം ചാലിയാറിനുണ്ട്. അതിന്റെ സംരക്ഷണത്തിൽ ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കഴിയുന്ന ഒരു അസുലഭ സന്ദർഭമാണ് ഇപ്പോൾ വന്നുചേർന്നരിക്കുന്നത്. അതിനായി നമുക്ക് ചിലത് ചെയ്യാൻ കഴിയും, ചെയ്യുകയും വേണം. നദിയുടെ തീരത്തുള്ള പഞ്ചായത്തുകൾ ഒന്നൊന്നായി ഇത്തരം ഒരു ദൗത്യം ഏറ്റെടുത്താൽ അത് മറ്റൊരു വമ്പിച്ച മുന്നേറ്റത്തിന് വഴിയൊരുക്കും.

തീരം ഇടിച്ചിൽ തടയുന്നതിന് കരിങ്കല്ലു കൊണ്ട് ഭിത്തികെട്ടുന്നതിനു പകരം ചെലവ് കുറഞ്ഞതും, പരിസ്ഥിതിക്ക് അനുയോജ്യവുമായ മുളങ്കാടുകൾ വെച്ചുപിടിപ്പിക്കലും മറ്റും ഏറെ ഗുണം ചെയ്യും ഇതുകൊണ്ട് വേറെ പ്രയോജനങ്ങളുമുണ്ട്.

## *കാലാവസ്ഥ*

ജൂൺ മുതൽ സപ്തംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ കാലവർഷത്തിലാണ് മഴയുടെ 75%വും ലഭിക്കുന്നത്. തുലാവർഷം ഒക്ടോബർ-നവംബർ മാസങ്ങളിലും. മുമ്പത്തെപ്പോലെ ഇടമഴയും ഇപ്പോൾ വേണ്ടപോലെ ലഭിക്കുന്നില്ല. കാലാവസ്ഥ പൊതുവെ ഉഷ്ണവും ഈർപ്പവുമുള്ളതാണ്. ഡിസംബർ മുതൽ ഫെബ്രുവരി വരെ വരണ്ട കാലാവസ്ഥയും മാർച്ച് മുതൽ മെയ് വരെ ഉഷ്ണകാലാവസ്ഥയുമാണ് നിലനിൽക്കുന്നത്. കാലാവസ്ഥ പൊതുവെ താളംതെറ്റിയിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു.

തിരിമുറിയാമഴ പെയ്യും നമ്മുടെ
തിരുവാതിരയിന്നെവിടെപ്പോയ്?
കർക്കിടകപ്പൂയത്തിനു മാത്രമിതെത്തുവത
തെന്തേ പുതുവർഷം?

കുടകൂടാതെ നടക്കാൻപറ്റാത്തിടവപ്പാതി
കളെവിടെപ്പോയ്?
എവിടെപ്പോയി തുലാവർഷം
പണ്ടിടിയും മഴയും പൊടിപൂരം

വൃശ്ചികമാസ കാറ്റെവിടെ
കുളിരെത്തിക്കുന്നൊരുത്തിക്കുന്നൊരു
ധനുവെവിടെ?
വിത്തും കൈക്കോട്ടും കൊണ്ടെത്തണ
വിഷുവൽ പക്ഷികളെവിടെപ്പോയ് ?

ആതിരരാവിൽ കുളിച്ചു
കുറിയിട്ടൂഞ്ഞാലാടിപ്പാടീടും
ശാലീനതയുടെ ചാരുതചേരും
കേരളഗ്രാമശ്രീയെവിടെ ?

തുമ്പികൾ വീണക്കമ്പികൾ മീട്ടും
ചിങ്ങവസന്തശ്രീയെവിടെ?
എവിടെ നമ്മുടെ മാമലനാടേ
കേരളനാടേ നീയെവിടേ ?

*(കടപ്പാട് എസ്. പ്രഭാകരൻനായർ)*

ഭൂവിനിയോഗം ജൈവസമ്പത്ത് എന്നിവയെ കുറിച്ച് തുടർന്നു വരുന്ന പേജുകളിൽ പരാമർശിക്കുന്നുണ്ട് ഏതാനും ദശകങ്ങൾക്ക് മുമ്പുവരെ ഈ പ്രദേശത്ത് സുലഭമായിരുന്ന അരിപ്പൂച്ചെടി (ഒടിച്ചുത്തി)യുടെ സ്ഥാനത്ത് ''കമ്യൂണിസ്റ്റ്അപ്പ'' സ്ഥാനം പിടിച്ചത് പ്രായമുള്ളവർ ഓർക്കുന്നുണ്ട്. ഒരു പക്ഷെ അതുപോലെത്തന്നെ പടർന്ന്കയറാൻ സാധ്യതയുള്ള ഒരു കളയാണ് ''മൂടില്ലാത്താളി'' (Cuscuta) ഇത് അരീക്കോട്ട് ചിലസ്ഥലങ്ങളിൽ കണ്ടുതുടങ്ങിയിട്ടുണ്ട്.

പാരിസ്ഥിതിക തകർച്ചയുടെ ചിത്രം പരിശോധിച്ചാൽ കുന്നിൻ ചെരിവുകളിലെ രൂക്ഷമായ മണ്ണൊലിപ്പ്, പുഴയുടെ തീരം ഇടിച്ചിൽ, മണ്ണ്, ജല, വായു മലിനീകരണം (പ്രത്യേകിച്ചും പ്ലാസ്റ്റിക് ഉല്പന്നങ്ങൾ മൂലം) ജൈവസ്പീഷീസുകളുടെ നാശം എന്നിവതന്നെയാണ് നമ്മുടെ പഞ്ചായത്തിലും ദൃശ്യമാകുന്നത്. ഇവയിൽ അരിപ്രാവുകളുടെ (Spotted Dove/Streptopelia Chinensis) കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്. കുശവവിഭാഗത്തിൽ പെട്ടവർ ഇവയെ കെണിവെച്ച് പിടിക്കുന്നത് കൊണ്ട് അവയിലെ ആൺപക്ഷികൾ തന്നെയാണ് നശിച്ചത് മുഴുവനും. ഇത് ഒരു പക്ഷെ അവയുടെ വംശനാശത്തിനു തന്നെ കാരണമായേക്കാം. സമഗ്രമായൊരു ബോധവത്കരണ പരിപാടിയിലൂടെയല്ലാതെ വിലപ്പെട്ട നമ്മുടെ വിഭവങ്ങൾ സംരക്ഷിച്ച് വരും തലമുറക്ക് കൈമാറാനാകുമെന്ന് തോന്നുന്നില്ല.

# V

# സാമൂഹിക സാമ്പത്തിക മേഖലകൾ

# I. കൃഷിയും ജലസേചനവും



## കൃഷി

അരീക്കോട് ഒരു കാർഷികഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും താഴ്വരകളും, നെൽവയലുകളും ഉള്ള പ്രദേശം. കുന്നിൻ ചെരുവുകളിലും താഴ്വരകളിലും തെങ്ങ്, കവുങ്ങ്, കുരുമുളക് കൃഷിയും മാവ്, പ്ലാവ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങളും ധാരാളമുണ്ട്. വയലുകളിൽ പച്ചക്കറി ഹ്രസ്വകാല വിളകളായ വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ പയറുവർഗങ്ങൾ തുടങ്ങിയവയുമുണ്ട്. അരീക്കോടിന്റെ കിഴക്കും വടക്കും പടിഞ്ഞാറും ഭാഗങ്ങളിലൂടെ ചാലിയാർ അതിരിട്ടൊഴുകുന്നു. ചാലിയാർ തീരം ഫലഭൂയിഷ്ഠവും ജനസാന്ദ്രത കൂടിയതുമാണ്.

ചാലിയാർ തീരം അടിസ്ഥാനപ്പെടുത്തിയാൽ ഭൂപ്രദേശ നിമ്നോന്നത 15 മീറ്റർ, 25 മീറ്റർ, 40 മീറ്റർ, 50 മീറ്റർ, 75 മീറ്ററിന് മുകളിലുള്ള സ്ഥലം എന്നിങ്ങനെ തിരിക്കാം.

കാരിപറമ്പിനടുത്ത ചെനക്കത്തടം, പെരുമ്പറമ്പിലെ മട്ടിച്ചുവട് എന്നിവയാണ് ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ. കുന്നിൻ പ്രദേശവും സമതലവും കൂടി 3293.17 ഏക്കറും വയൽ പ്രദേശം 616.87 ഏക്കറുമാണ്. പുറമ്പോക്ക് ഭൂമി 248 ഏക്കറുമാണ്. ഭൂരിഭാഗം ജനങ്ങൾക്കും ഒരു ഏക്കറിൽ താഴെയാണ് ഭൂമിയുള്ളത്. പത്ത് സെന്റിനും ഒരു ഏക്കറിനും ഇടയൽ ഏകദേശം രണ്ടായിരത്തിൽ അധികം കുടുംബങ്ങൾ ഉണ്ട്. രണ്ട് ഏക്കറും അതിനുമുകളിലും കൈവശഭൂമിയുള്ള കുടുംബങ്ങൾ കുറവാണ്. ആളോഹരിഭൂമി 0.10 ഏക്കറാണ്. ആദ്യകാലത്ത് വളരെ ശ്രദ്ധയും പരിചരണവും കൃഷിക്ക് നൽകിയിരുന്നു. കർഷകർ പരസ്പരധാരണയോടും സ്നേഹത്തോടും കഴിഞ്ഞു. ജലസ്രോതസ്സുകളും, വിത്തും വളവും പരസ്പരം പങ്കുവെച്ചു.

ഉത്സവപ്രതീതിയിൽ നടത്തിയ ഊർച്ചയിൽ അദ്ധ്വാനശക്തിപോലും പരസ്പരം പങ്കുവെയ്ക്കപ്പെട്ടിരുന്നു.

കൃഷിഭൂമിയുടെ ഉടമസ്ഥത ജന്മിതറവാടുകളായ വലിയ ചെമ്പാഴി, പുല്ലൂർമണ്ണ, കാന്തക്കര, ആറ്റുപുറം എന്നിവർക്കായിരുന്നു. വില്ലേജ് രേഖകൾ പ്രകാരം 616.87 ഏക്കർ നെൽവയലുകളാണ്. ആര്യൻ, കുമ്പളവൻ വിത്തുകൾ ഉപയോഗിച്ചു പറമ്പുകളിൽ മോഡൽ നെല്ലുകളും ഉണ്ടാക്കിയിരുന്നു. ജൈവ വളമാണ് ഉപയോഗിച്ചിരുന്നത്. 1965 മുതൽ പുതിയ നെൽവിത്തുകളും 1975 മുതൽ രാസവളവും പമ്പുസെറ്റും ഉപയോഗിച്ചു തുടങ്ങി.

ജലസംഭരണത്തിനായുള്ള തോടുകളുടെ വരമ്പുകളിൽ കൈതക്കാടുകൾ വെച്ചു പിടിപ്പിച്ചു. ജലസേചനമാർഗ്ഗങ്ങളായി, മുക്കാലി കെട്ടി പോളകൊണ്ടുള്ള തേവൽ, ഏത്തം എന്നിവ ഉപയോഗിച്ചും; എലി നശീകരണത്തിന് മുളക്കെണികൾ; ചാഴി, പുഴു എന്നിവ അകറ്റാൻ മുറം വീശൽ എന്നിവ ഉപയോഗിച്ചു. വീശിയെടുക്കുന്ന പുഴുവിന്റെ അളവിനു തുല്യമായി നെല്ല് കൂലിയായി നൽകിയിരുന്നു.

ഇന്ന്; സ്ഥിതിയാകെ മാറി. നെൽകൃഷിയോടുള്ള ആഭിമുഖ്യം വളരെ കുറഞ്ഞു. 1970ൽ ഭൂപരിഷ്കരണം നടപ്പിലായതോടെ കർഷകർക്ക് ലഭിച്ച ഭൂമിയിൽ മണ്ണിട്ട് നികത്തി നാണ്യവിളതോട്ടങ്ങളും വീടുകളുമാക്കി മാറ്റാനുള്ള പ്രവണതകൾ കണ്ടുതുടങ്ങി. നെൽകൃഷിക്ക് മുതലിറക്കുന്ന പണം കൊയ്ത്തു സമയത്ത് തിരിച്ചു ലഭിക്കാത്ത അവസ്ഥയുണ്ടായി. ഇതനും പുറമെ ഉഴവ്, നടീൽ, കൊയ്ത്ത് തുടങ്ങിയ ജോലിക്ക് ഇഷ്ടാനുസരണം തൊഴിലാളികളെ ലഭിക്കായ്ക, വയലുകളിൽ ട്രാക്ടറുകൾ ഇറക്കാനുള്ള വയൽ റോഡുകളുടെ അഭാവം, തുടങ്ങിയ നെൽകൃഷിരംഗത്തെ പ്രതികൂല ഘടകങ്ങളാണ്. ഒരു പക്ഷേ കാർഷിക തൊഴിൽ രംഗത്തെ അവസാന തലമുറയായിരിക്കുമോ നിലവിലുള്ളവരെന്ന ആശങ്ക അടിസ്ഥാനരഹിതമല്ല. ഇവരുടെ പിൻമുറക്കാർ ഇതരതൊഴിലുകളുടെ അന്വേഷകരാണ്.

ജലസേചനസൗകര്യം പരിമിതമാണ്. തോടുകളിൽ തടയണകൾ നിർമ്മിക്കാനും കുളങ്ങൾ നന്നാക്കാനുമുള്ള ആവശ്യം എല്ലാ ഭാഗത്തുനിന്നും ഉയർന്നു വന്നിട്ടുണ്ട്. നാണ്യവിളകളുടെ ദീർഘകാല ഉപയോഗവും പരിചരണ സൗകര്യവും കൃഷിക്കാരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നു.

പഴയകാല ജന്മിതറവാടുകളോടും ചില കർഷക ഭവനങ്ങളോടും അനുബന്ധമായി മാത്രമാണ് നെൽകൃഷിയുള്ളത്. കർഷകരിൽ പകുതിയിലധികവും നെൽകൃഷിയെ മുഖ്യഉപാധിയായി അവലംബിക്കുന്നില്ല.

## ഭൂപ്രകൃതി

പുഴയോരം, വയൽ, താഴ്‌വരകൾ, മിതമായ ചെരിവ്, ഉയർന്ന സമതലം, പീഠഭൂമി എന്നിങ്ങനെയാണ് നമ്മുടെ ഭൂപ്രകൃതി. 6,5,4,3,2,1 വാർഡുകളുടെ തീരത്തുകൂടി ചാലിയാറും 9,11,10,1 വാർഡുകളുടെ തീരങ്ങൾ കടുങ്ങല്ലൂർ തോടിന്റെ സമീപത്തുമാണ്. ഈ ജലസാന്നിദ്ധ്യം കാർഷികാനുയോജ്യമായി ചൂഷണം ചെയ്യപ്പെടുന്നില്ല. സമതലങ്ങൾ തെങ്ങ്, കവുങ്ങ്, കുരുമുളക് കൃഷിയിലും മാവ്, പ്ലാവ് തുടങ്ങിയ മറ്റു വൃക്ഷസാന്നിദ്ധ്യത്താലും സമൃദ്ധമാണ്. സമതലങ്ങളിലും ചരിവുകളിലും മണ്ണൊലിപ്പ് വ്യാപകമാണ്.

നെൽകൃഷിക്ക് പുറമെ ഇടവിളകളായി വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചീര, ഇഞ്ചി, മഞ്ഞൾ അടുത്തകാലത്ത് തുടങ്ങിയ കൊടുവേലി തുടങ്ങിയവ

കൃഷിചെയ്യുന്നു. കുന്നിൻമുകളിലും ചരിവുക ളിലും കശുമാവ് കൃഷിയും കാണുന്നു. പുഴ യോരവും വയൽക്കരയും കവുങ്ങ്, പച്ചക്കറി, വെറ്റിലകൃഷിക്കും ഏറെ അനുയോജ്യമാണ്.

മകരക്കൊയ്ത്തു കഴിഞ്ഞാൽ പയർവർഗ്ഗകൃഷി നടത്താറുണ്ട്. ഇടക്കാലത്ത് തുടങ്ങിയ കൊക്കൊകൃഷി പരാജയമായിരുന്നു.

പറമ്പുകളിൽ ഒരു തെങ്ങിൽ നിന്ന് ശരാശരി 25 നാളികേരമാണ് ലഭിക്കുന്നത്. വയൽക്കരയിലും നദീതീരത്തും ഇതിലധികം ഉൽപാദനമുണ്ട്.

## *വളം*

രാസവളത്തിന് ഇപ്പോൾ പഞ്ചായത്തിൽ രണ്ട് സ്വകാര്യവിതരണ ഏജൻസികളാണ് ഉള്ളത്. സഹകരണബേങ്കിന്റെ വളം ഡിപ്പോ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. തമിഴ്നാട്ടിൽ നിന്ന് ലോഡുകണക്കിന് കാലിവളവും കോഴിക്കാഷ്ഠവും ഇറക്കുമതി ചെയ്യുന്നുണ്ട്. നിലവിലുള്ള പുഴയോര പച്ചക്കറി കൃഷി ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്താൽ ഏറെ ഗുണം ചെയ്യും.

## *പ്രശ്നങ്ങൾ*

* രാസവളപ്രയോഗം ശാസ്ത്രീയമല്ല. ഇതിനെപ്പറ്റി കർഷകർക്കിടയിൽ ബോധവൽക്കരണം നടക്കാറില്ല. തെറ്റായ രാസവളപ്രയോഗം മൂലം തവള, ഞണ്ട് തുടങ്ങിയ ജീവികൾ വൻതോതിൽ വംശനാശം നേരിടുകയാണ്.

* കുന്നിൻ ചരിവുകളിലും സമതലങ്ങളിലും മണ്ണൊലിപ്പ് വ്യാപകമാണ്. കുന്നിൻ മുകളിലും താഴ്വാരത്തുമുള്ള കാർഷിക വിളകളുടെ ചൈതന്യം ചരിവുകളിലും സമതലങ്ങളിലുമില്ല. വ്യാപകമായ മണ്ണൊലിപ്പാണ് ഇതിന് കാരണം.

* വയലുകളിൽ ട്രാക്ടറുകൾക്ക് പ്രവേശിക്കാൻ അനുയോജ്യമായ വയൽ റോഡുകൾ ഇല്ല. നിർമ്മിക്കപ്പെട്ട ചില റോഡുകളാവട്ടെ പ്രകൃത്യാ ഉള്ള നീരൊഴുക്ക് തടയും വിധം അശാസ്ത്രീയവുമാണ്.

* പാടശേഖര കമ്മിറ്റികളും, കേരസംരക്ഷണസമിതികളും പ്രവർത്തനക്ഷമമല്ല.

* പഞ്ചായത്തിലെ 150-ഓളം ഏക്കർ നെൽവയലുകളിൽ ഇരിപ്പൂ കൃഷിയും പച്ചക്കറി കൃഷിയും നടത്താവുന്ന മംഗലശ്ശേരി പൂങ്കുടി ഇരിഗേഷൻ പദ്ധതികൾ സാങ്കേതിക തടസ്സങ്ങളാൽ മുടങ്ങിക്കിടക്കുന്നു.

* ആലുക്കലിൽ സ്ഥാപിച്ച വിത്ത് സംരക്ഷണകേന്ദ്രം അനാഥമായികിടക്കുന്നു.

*വാച്ചാക്കൽചിറ നന്നാക്കാത്തതിനാൽ നൂറോളം ഏക്കർ വയൽപ്രദേശം കൃഷിക്ക് ഉപകരിക്കാതെ കിടക്കുന്നു.

* കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. അവ പാർശ്വഭിത്തികൾ ഇടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുകയാണ്.

* കർഷകതൊഴിലാളികൾ ഇതരതൊഴിലന്വേഷകരാവുന്നു.

## *കാർഷിക ഉപകരണങ്ങൾ:*

കർഷകർ സ്വയം സമ്പാദിച്ചവയാണ് അധികവും. ഉഗ്രപുരം പാടശേഖര സമിതിക്ക് മാത്രം ഒരു പവ്വർട്രില്ലർ അനുവദിക്കപ്പെട്ടിരിക്കുന്നു. പലയിടങ്ങളിലായി വളരെക്കുറച്ച് പമ്പുസെറ്റുകളും സ്പ്രെയറുകളുമാണ് ഉള്ളത്.

## കൂലി നിരക്ക്:

ശരാശരി 85 രൂപ പുരുഷകർഷക തൊഴിലാളികൾക്കും 65 രൂപ സ്ത്രീ തൊഴിലാളികൾക്കും കിട്ടുന്നു.

## വായ്പ:

ഒരു സഹകരണ സ്ഥാപനം അടക്കം ആറ് ബേങ്കുകളാണ് ഉള്ളത്. കാർഷിക കടം മുഖ്യമായും സഹകരണ സ്ഥാപനത്തിൽ നിന്ന് മാത്രമാണ് ലഭിക്കുന്നത്. പക്ഷേ കാർഷിക വായ്പകൾ അധികവും ഇതര ആവശ്യങ്ങൾക്ക് വഴിമാറിപോവുകയാണ്. സർവ്വീസ് സഹകരണ ബേങ്ക് 11,03000 രൂപ ഹ്യസ്വകാല കടമായും 15,000 രൂപ മദ്ധ്യകാല കടമായും ഇപ്പോൾ നൽകിയിട്ടുണ്ട്.

## ജലസേചനം:

മഴയെ മാത്രമാണ് ജലസേചനത്തിന് ആശ്രയിക്കുന്നത്. പഞ്ചായത്തിനെ ചുറ്റി ചാലിയാറും കടുങ്ങല്ലൂർ തോടും ഒഴുകുന്നു എങ്കിലും കാര്യമായി ഉപകരിക്കപ്പെടുന്നില്ല. മൂന്നുകിലോമീറ്ററോളം ചാലിയാർ തീരവും അത്രതന്നെ കടുങ്ങല്ലൂർ തോടിന്റെ തീരവും പഞ്ചായത്തിൽ ഉണ്ട്. കാർഷിക വിള വർദ്ധനവിന് ഈ ജലം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## കുളങ്ങൾ:

നാൽപത്തിരണ്ട് കുളങ്ങൾ ഉണ്ട്. പല കുളങ്ങളും സംരക്ഷിക്കപ്പെടുന്നില്ല. ഞണ്ടൻ കുളം, മൺകുഴിക്കുളം, കൊഴക്കോട്ടൂർ വയൽക്കുളം, അമ്പാഴത്തിങ്ങൽ പഞ്ചായത്ത് കുളം, അരീക്കിശാലക്കുളം, പാറക്കുളം, പോത്തുവല്ലികുളം, നടക്കാവുങ്ങൽ കുളം, മാങ്ങാട്ടു കുളം, പെരാണത്ത് ചാലിക്കുളം, ചോയത്തലക്കുളം, മാതക്കോട് പഞ്ചായത്ത് കുളം തുടങ്ങിയവയാണ് പ്രധാനപ്പെട്ട കുളങ്ങൾ.

## മണ്ണ് സംരക്ഷണം:

കുന്നിൻ പ്രദേശങ്ങളും താഴ്‌വാരങ്ങളും ഉള്ള ഇവിടെ മണ്ണൊലിപ്പ് ഒരു പ്രധാന പ്രശ്നമാണ്. പഞ്ചായത്തിൽ മണ്ണിന്റെ ഗുണനിലവാരം നിശ്ചയിക്കുന്ന മണ്ണ് പരിശോധനാ സംവിധാനം ഇല്ല. കുന്നിൻമുകളിലും താഴ്‌വാരത്തും ഉള്ള കാർഷിക ചൈതന്യം ചെരിവുകളിൽ ഇല്ല. വ്യാപകമായ മണ്ണൊലിപ്പാണ് കാരണം. മരങ്ങൾ നശിപ്പിച്ചതും കയ്യാലകൾ കെട്ടാത്തതും ഇതിന് കാരണമായി.

## രാസവള/കീടനാശിനി വിപണനം

| ഇനം | '93-94 | '94-95 | '95-96 |
|---|---|---|---|
| രാസവളം | 80 ടൺ | 60 ടൺ | 70 ടൺ |
| കീടനാശിനി | 350 ലിറ്റർ | 450 ലിറ്റർ | 400ലിറ്റർ |
| കീടനാശിനി ഖരം | 350 കി.ഗ്രാം | 300 കി.ഗ്രാം | 300 കി.ഗ്രാം |

അവലംബം കൃഷിഭവൻ

## ദുരിതാശ്വാസ വിതരണം

| വർഷം | വെള്ളപ്പൊക്കം | കൊടുങ്കാറ്റ് | ലഭിച്ചവർ | തുക |
|---|---|---|---|---|
| 93 - 94 | 10 ഹെക്ടർ | 5 ഹെക്ടർ | 27 | 7526 |
| 94 - 95 | 40 ഹെക്ടർ | 10ഹെക്ടർ | 314 | 35144 |
| 95 - 96 | 30 ഹെക്ടർ | 5 ഹെക്ടർ | 41 | 55344 |

അവലംബം കൃഷിഭവൻ

## വിളവിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉൽപാദനം | ഉൽപാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് ഒന്നാം വിള | 185 | 1,80,000 Kg | 1800 Kg |
| ,, രണ്ടാം വിള | 185 | | 1950 Kg |
| ,, മൂന്നാം വിള | 20 | | 2000 Kg |
| പയർ | 10 | | 80 Kg |
| എള്ള് | 1 | | 200 Kg |
| പച്ചക്കറികൾ | 25 | | 12 ടൺ |
| തെങ്ങ് | 650 | | 7875 Kg |
| വാഴ | 50 | | 20 ടൺ |
| മരച്ചീനി | 30 | | 40 ടൺ |
| കുരുമുളക് | 20 | | 1650 Kg |
| പ്ലാവ് | 10600 എണ്ണം | 1 ലക്ഷം | 10 എണ്ണം ഒരു പ്ലാവിൽ |
| കശുമാവ് | 80 | | 1280 Kg |
| മാവ് | 8000 എണ്ണം | 2 ലക്ഷം | ഒരു മാവിന് 25 കിലോ |
| റബ്ബർ | 20 ഏക്ര | | 600 Kg |
| വെറ്റില | 2½ ഏക്ര | | 50 ടൺ |
| കൊടുവേലി | 2 ഹെക്ടർ | | 25 ടൺ |
| ഇഞ്ചി | 5 ഹെക്ടർ | | 5½ ടൺ/ ഹെക്ടർ |
| കിഴങ്ങ് വർഗ്ഗങ്ങൾ 10 | ഹെക്ടർ | | 20 ടൺ/ ഹെക്ടർ |

അവലംബം കൃഷിഭവൻ

## *നിർദ്ദേശങ്ങൾ:*

* ഈ ഗ്രാമപഞ്ചായത്തിലെ വിവിധ കാർഷിക മേഖല ഇന്നും കാലവർഷത്തിനെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ്. കാലവർഷത്തിന്റെ ഗതിവിഗതികൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന കർഷകനെ രക്ഷിക്കാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുതും വലുതുമായ ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കുക മാത്രമാണ് രക്ഷ. ഇന്നും മന്ദഗതിയിൽ പണി നടന്നുകൊണ്ടിരിക്കുന്ന പൂങ്കുടിയിലെ ചാലിയാർ മൈനർ ഇറിഗേഷൻ പദ്ധതിയും, മംഗലശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും എത്രയും വേഗം പൂർത്തീകരിച്ചാൽ 150 ഏക്കർ നെൽകൃഷി ഇരുപൂകിലായും, പരിസരപ്രദേശങ്ങളിലെ മറ്റു കൃഷികൾ അഭിവൃദ്ധിപ്പെടുത്താനും കഴിയും.

* ചാലിയാറിലെ ജലസമ്പത്ത് കൊണ്ട് ഈ ഗ്രാമ പഞ്ചായത്തിന്റെ നല്ലൊരു ശതമാനം കാർഷിക മേഖലയെ പച്ചയണിയിക്കാൻ സാധിക്കുന്ന പറമ്പാട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും നമ്മുടെ ഗ്രാമീണ കർഷകന്റെ പ്രതീക്ഷകളെ പൂവണിയിക്കും. ഈ പദ്ധതി വഴി കൊഴക്കോട്ടൂർ, താഴെ കൊഴക്കോട്ടൂർ കാട്ടുതായ് വരെയുള്ള ഭാഗത്ത് പ്രകൃതിദത്തമായുള്ള തോടു വഴി ജലസേചനം നടത്തുവാൻ കഴിയും. കൂടാതെ മാതക്കോട്, ചെമ്രക്കാട്ടൂർ, വെള്ളേരി ഭാഗത്തേയും കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്താനും ആ ഭാഗങ്ങളിലെ നെൽപാടങ്ങളെ ഇരുപൂകിൽ കൃഷിക്ക് ഉപയുക്തമാക്കാനും സാധിക്കും. ഈ പദ്ധതി മുഖേന ഏകദേശം 600 ഏക്ര വിവിധ കൃഷി മേഖലയെ അഭിവൃദ്ധിപ്പെടുത്താനും കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാനും കഴിയും.

* വാച്ചാക്കൽ ചിറപുതുക്കി പണിത് മുണ്ടമ്പ്ര ഭാഗത്ത് നൂറോളം ഏക്ര നെൽവയലിൽ കൃഷിയിറക്കാനും സാധിക്കും. കൂടാതെ കടുങ്ങല്ലൂർ തോടിലെ ജലസ്രോതസ്സ് പരമാവധി കൃഷിക്ക് ഉപകരിക്കുന്ന രീതിയിൽ ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

* ഗ്രാമത്തിന്റെ വിവിധ മേഖലകളിലെ നാണ്യവിളകളേയും തോട്ടവിളകളേയും സംരക്ഷിക്കുന്നതിനും പുതിയ മേഖലകളിൽ കൃഷി ആരംഭിക്കുന്നതിനും, കുളങ്ങളും, കിണറുകളും, പമ്പുസെറ്റുകളും കർഷകന് ലഭ്യമാക്കുന്നതിനും സത്വര നടപടികൾ വേണം.

* പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള മണ്ണ് പരിശോധിച്ച് ആവശ്യമായ വളപ്രയോഗത്തെ പറ്റിയും അനുയോജ്യമായ കൃഷിയെക്കുറിച്ചും കർഷകർക്ക് അറിവ് പകർന്നു കൊടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ കാർഷിക മേഖലയെ ഇന്നത്തെ നിലയിൽ നിന്ന് രക്ഷിക്കാൻ സാധിക്കുകയുള്ളൂ

* പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഉള്ള കുന്നിൻ ചരിവുകളിൽ മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് തടയുന്നതിന് ആവശ്യമായ മണ്ണൊലിപ്പ് നിവാരണസംവിധാനത്തെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കണം. കയ്യാലക്കെട്ട് പഞ്ചായത്തിൽ സാർവ്വത്രികമാക്കണം.

* ഗ്രൂപ്പ് ഫാമിങ്ങിലൂടെ കർഷകരിൽ കൂട്ടായ്മ വളർത്തുവാനും അതിലൂടെ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ആത്മവിശ്വാസം പകർന്നു കൊടുക്കാനും കഴിയും. മുഖ്യവിളകളായ നെല്ല്, തെങ്ങ് മുതലായവയ്ക്ക് ഇത് വ്യാപകമാക്കണം. പാടശേഖര കമ്മിറ്റിയും കേരകർഷക സമിതികളും സജീവമാക്കണം. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കണം. കൃഷിഭവൻ നേതൃത്വത്തിൽ ആധുനിക കൃഷിസമ്പ്രദായം കർഷകരെ പഠിപ്പിക്കണം. നിലവിലുള്ള നെൽപാടങ്ങൾ ഇനിയെങ്കിലും സംരക്ഷിക്കപ്പെടണം. ഇതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തണം.

* ദീർഘവീക്ഷണമില്ലാതെ നെൽവയലുകൾ നികത്തുന്നതിലെ ആത്യന്തികമായ അപകടം കർഷകരെ ബോധ്യപ്പെടുത്തണം. ദീർഘകാല വിളകൾക്ക് മറ്റുമേഖലകൾ തന്നെ കണ്ടെത്തണം.

* പഞ്ചായത്തിലെ കവുങ്ങ്കൃഷിക്ക് വേണ്ട പരിചരണം കൊടുക്കണം. ജലസേചനത്തിനും വളപ്രയോഗത്തിനും സാമ്പത്തിക സഹായം നൽകണം. കവുങ്ങുതോട്ടങ്ങളിൽ വെറ്റിലകൃഷിയും കുരുമുളക് കൃഷിയും പ്രോത്സാഹിപ്പിക്കണം. കുന്നിൻ പ്രദേശങ്ങളിലും തരിശുപ്രദേശങ്ങളിലും കശുമാവിൻ കൃഷി പ്രോത്സാഹിപ്പിക്കണം.

* അത്യുൽപാദന ശേഷിയുള്ള വിവിധയിനം വിത്തുകളും തൈകളും യഥാകാലം കർഷകന് ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. പാടശേഖര സമിതികളും കേര കർഷക സമിതികളും സജീവമാക്കണം.

* കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കൊടുവേലി തുടങ്ങിയ ഔഷധഗുണമുള്ള കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

* പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ പച്ചക്കറികൃഷി വ്യാപകമാക്കണം. ജൈവ വളപ്രയോഗത്തിന് മുൻതൂക്കം നൽകി വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പച്ചക്കറി കൃഷികളിൽ നിന്നും ജനങ്ങളെ രക്ഷിക്കണം. സാർവ്വത്രികമായി അടുക്കളത്തോട്ടങ്ങളുണ്ടാക്കി പച്ചക്കറികളിൽ ഓരോ കുടുംബത്തെയും സ്വയം പര്യാപ്തമാക്കണം. കൂടാതെ സ്ക്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കി കൃഷിയോട് ആഭിമുഖ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ കഴിയണം.

* കൊയ്ത്തുകഴിഞ്ഞ് വേനൽ കാലങ്ങളിൽ പയർ, ഉഴുന്ന്, ചെറുപയർ, വൻപയർ എന്നീ കൃഷി നടത്തുന്നതിന് കർഷകർക്ക് വിത്തും വളവും സൗജന്യമായി നൽകണം. ഇത് മൂലം കൃഷിക്കാരന് ലാഭവും മണ്ണിന് വളക്കൂറും കിട്ടും.

* അശാസ്ത്രീയമായ കീടനാശിനി പ്രയോഗമാണ് ഇന്ന് നിലവിലുള്ളത്. അത് ഉപേക്ഷിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തണം. ജൈവീക കീടനിയന്ത്രണത്തെപറ്റി കൃഷിക്കാരെ പഠിപ്പിക്കണം. ശത്രുകീടങ്ങളേയും മിത്രകീടങ്ങളേയും പറ്റി കർഷകർക്ക് അറിവ് ഉണ്ടാക്കണം.

* കൃഷിഭവൻ നേതൃത്വത്തിൻ ഉദ്ബോധന ക്ലാസ്സുകൾ സംഘടിപ്പിക്കണം.

* പച്ചക്കറികളും മറ്റു കാർഷിക ഉൽപന്നങ്ങളും സംഭരിച്ച് വിപണനം നടത്താനുള്ള കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉണ്ടാക്കണം.

* രാസവളവിതരണ കേന്ദ്രങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം. പച്ചില വളത്തിന്റെ കുറവ് നികത്തുന്നതിന് ശീമക്കൊന്ന, ഡെയിഞ്ച എന്നിവ വ്യാപകമായ തോതിൽ വളർത്തണം. തീറ്റപ്പുൽകൃഷി വ്യാപകമാക്കി കാലിവളർത്തൽ വ്യാപകമാക്കണം. ഇതിലൂടെ ജൈവവള ദൗർലഭ്യം പരിഹരിക്കാം.

* കൃഷിക്കാരന് വേണ്ട സാമ്പത്തിക സഹായം നൽകുന്നതിന് സഹകരണ ബേങ്കിംഗ് മേഖലയും സാങ്കേതിക സഹായത്തിന് കൃഷിഭവനും സമ്പുഷ്ടമാക്കണം. രാസവളത്തിനും വിത്തിനും കൂടിയ തോതിൽ സബ്സിഡികൾ നൽകണം. സബ്സിഡികൾ യഥാർത്ഥ കൃഷിക്കാരന് നൽകുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും കൃഷിഭവൻ പ്രവർത്തനത്തിൽ ജനകീയ സമിതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ സംവിധാനം ഉണ്ടാക്കണം.

* നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഉഴവുകാളകളും കന്നുപൂട്ട്തൊഴിലും നെൽകൃഷിയെ സാരമായി ബാധിക്കുന്നതിന് പരിഹാരം കണ്ടെത്തണം. പ്രധാന വയലുകൾ റോഡുകളുമായി ബന്ധിപ്പിച്ചുകൊണ്ട് പരിസ്ഥിതിയെ ബാധിക്കാത്തരീതിയിൽ വയൽ റോഡുകൾ നിർമ്മിക്കണം. പാടശേഖര കമ്മിറ്റികൾക്ക് ട്രാക്ടർ, പവർ ട്രില്ലർ, സ്പെയർ എന്നിവ നൽകണം.

* പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ജനപങ്കാളിത്തത്തോടെ കവുങ്ങ്, തെങ്ങ്, ഫലവൃക്ഷത്തൈകൾ എന്നിവയുടെ നഴ്സറികൾ തുടങ്ങണം. പ്ലാവ്, തേക്ക് എന്നിവ ഇപ്പോൾത്തന്നെ ലഭ്യമല്ലാതായി തുടങ്ങിയിരിക്കുന്നു. ഇവയുടെ തൈകൾ വ്യാപകമായി നട്ടുപിടിപ്പിക്കാൻ സംവിധാനം ഉണ്ടാക്കണം.

* കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം പകരുന്നതിനും വിള

കൾക്ക് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണം. കൃഷിനാശം സംഭവിച്ചാൽ യഥാസമയം സാമ്പത്തിക സഹായം നൽകി കൃഷിക്കാരനെ സഹായിക്കണം.

* കൃഷിഭവന്റെ പ്രയോജനം കൃഷിക്കാരന് ഇന്നു അന്യമാണ്. ഈ നില മാറണം. കൃഷിഭവന്റെ ലക്ഷ്യവും പ്രവർത്തനവും എന്താണെന്ന് കർഷകരെ ബോധ്യപ്പെടുത്തണം. ആനുകൂല്യങ്ങൾ നൽകുന്നതിന് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ ജനകീയ സമിതികളുടെ സഹകരണത്തോടെ കൃഷിഭവൻ ഉദ്യോഗസ്ഥർ സ്വമേധയാ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തുന്ന അവസ്ഥ സംജാതമാക്കണം. ഇങ്ങനെ കൃഷിക്കാരനും കൃഷിഭവനും കാർഷിക മേഖലയുടെ ഊടും പാവും ആയി മാറണം.

* പഞ്ചായത്തിന്റെ കാർഷിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ കാർഷിക വികസന സമിതിയും വാർഡ് തല സമിതികളും അടിസ്ഥാനപ്പെടുത്തി കർഷകക്കൂട്ടങ്ങളും സംഘടിപ്പിക്കണം.

# 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും



## മൃഗസംരക്ഷണം

മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഇണക്കിവളർത്തിയത് നായയെയായിരുന്നു. പിന്നീട് കന്നുകാലികളും പക്ഷികളും ആനയും ഒക്കെ വളർത്തുമൃഗങ്ങളുടെ പട്ടികയിൽ വന്നിട്ടുണ്ട്. ഭക്ഷ്യം, കൃഷി, ഗതാഗത ഊർജ്ജാവശ്യങ്ങൾക്കും വെറും കൗതുകത്തിന് വേണ്ടി പോലും ഇന്ന് മനുഷ്യൻ നിരവധി ജീവികളെ ഇണക്കി വളർത്തുന്നു. അരീക്കോടിന്റെ ചരിത്രപഠനത്തിൽ നിന്നും സമ്പന്നമായ കാർഷികമേഖലയും മൃഗസമ്പത്തും അതുമായി ബന്ധപ്പെട്ട മത്സരങ്ങളും ഇവിടെ നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാം. കോലോത്ത് മോയിൻകുട്ടിയും അടങ്ങുംപുറവൻ മായിൻകുട്ടിഹാജിയും പരേതനായ കണിച്ചാടി ഗോപാലൻ നായരും ഒക്കെ ഈ രംഗത്ത് സ്മരണീയരാണ്.

പശു, ആട്, എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഏതാനും ഉഴവുകാളകളും ഉണ്ടെന്ന് പറയാം. എന്നാൽ മിക്ക വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. ചുരുക്കം ചില വീടുകളിൽ താറാവിനെയും വളർത്തുന്നു. അവിടവിടെയായി മുയലുകളെയും വളർത്തുന്നതായി കാണുന്നു. എന്നാൽ ഇത് ഒരു സാമ്പത്തികലാഭത്തിന് വേണ്ടിയല്ല എന്ന് മനസ്സിലാക്കാം. അതുപോലെ ഏതാനും വീടുകളിൽ നായകളെയും വളർത്തുന്നുണ്ട്. വ്യവസ്ഥാപിതമായ രീതിയിൽ വളർത്തപ്പെടുന്ന നായ്ക്കളുടെ എണ്ണത്തേക്കാൾ എത്രയോ കൂടുതലാണ് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം.

ഇപ്പോൾ പഞ്ചായത്തിൽ 224 പശുക്കളും 535 ആടുകളും 23 എരുമകളും 46 ഉഴവുകാളകളും 6300 കോഴികളും 35 താറാവുകളും 38 വളർത്തു നായ്ക്കളുമുണ്ട്. ( അവലംബം വാർഡ്തല ചോദ്യാവലി)

കാർഷികരംഗത്തെ യന്ത്രവൽക്കരണവും നാണ്യവിളകളിലേക്ക് ശ്രദ്ധതിരിഞ്ഞതു

മൂലവും വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. മേച്ചിൽ സ്ഥലങ്ങളുടെ ദൗർലഭ്യവും കാലിത്തീറ്റയുടെ വിലവർദ്ധനവും മറ്റൊരു കാരണമാണ്. അതുപോലെ കോഴിവസന്ത മൂലം വളരെയധികം കോഴികൾ കൂട്ടത്തോടെ ചത്തുപോകുന്നു. മുൻകാലങ്ങളിൽ ഈ രോഗം ഇത്രമാത്രം പടർന്നുപിടിച്ചിരുന്നില്ല. നമ്മുടെ മൃഗസംരക്ഷണ വകുപ്പ് പല പ്രതിരോധനടപടികളും എടുക്കുന്നുണ്ടെങ്കിലും ജനങ്ങൾ ഇക്കാര്യത്തിൽ വേണ്ടത്ര ബോധവാൻമാരല്ല. അതുപോലെ വണ്ടിക്കാളകൾ ഈ പ്രദേശത്തുനിന്നും പാടെ അപ്രത്യക്ഷമായിക്കഴിഞ്ഞു. ഗതാഗത സൗകര്യം വർധിച്ചതാണ് ഇതിന് പ്രധാന കാരണം.

പഞ്ചായത്തിലെ ലഭ്യമായ കണക്കുകൾ പ്രകാരം പ്രതിദിനം ഏതാണ്ട് 700 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. അതേസമയം പഞ്ചായത്തിലെ പാലിന്റെ ഉപഭോഗം പ്രതിദിനം 1000 ലിറ്ററിൽ കൂടുതലാണ്. ഭൂരിഭാഗം വീടുകളിലും പാലിന്റെ സ്ഥാനത്ത് പാൽപ്പൊടി ഉപയോഗിക്കുന്നു.

അരീക്കോട് പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റി മാത്രമേയുള്ളൂ. ഇതിന്റെ പ്രവർത്തനം കാര്യക്ഷമവുമല്ല.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു സബ്സെന്ററും ഉണ്ട്. എന്നാൽ സ്ഥിരമായി ഡോക്ടർ ഇല്ലാത്തത്കൊണ്ടും ഫ്രിഡ്ജ് പോലുള്ള ഉപകരണങ്ങൾ പ്രവർത്തനരഹിതമായതുകൊണ്ടും തൃപ്തികരമായ രീതിയിൽ പ്രവർത്തനം നടക്കുന്നില്ല. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, ഉദരരോഗം എന്നിവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും അശാസ്ത്രീയമായ രീതിയിലുള്ള തൊഴുത്തു നിർമ്മാണവും കർഷകരിലെ അജ്ഞതയും രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നു. അതോടൊപ്പം ആവശ്യമായ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനും സാധിക്കുന്നില്ല.

പഞ്ചായത്തിൽ 4 ഗോബർ ഗ്യാസ് പ്ലാന്റുകൾ മാത്രമേയുള്ളൂ. സാമ്പത്തികസഹായം ലഭ്യമാക്കിയാൽ കൂടുതൽ പേരെ ഇതിലേക്ക് ആകർഷിക്കാനും ഊർജ്ജക്ഷാമത്തിന് നേരിയ തോതിലെങ്കിലും പരിഹാരം കാണാനും സാധിക്കും.

കാലിവളർത്തലിന്റെ എണ്ണത്തിൽ വന്ന കുറവ് മൂലം ജൈവവളത്തിന്റെ കുറവ് വളരെയധികം അനുഭവപ്പെടുന്നു. പലകർഷകരും തമിഴ്നാട്ടിൽനിന്നും വളങ്ങൾ കൊണ്ടുവരുന്നുണ്ട്. ഇത് വേണ്ടത്ര ഗുണമേന്മയുള്ളതല്ല. എന്നു മാത്രമല്ല അതോടൊപ്പം ചില കളകളും ക്ഷുദ്രകീടങ്ങളും അറിയാതെ എത്തിപ്പെടുന്നു.

അതുപോലെ കോഴിവസന്തമൂലം കോഴികളുടെ എണ്ണത്തിലും വളരെയധികം കുറവു വരുന്നു. ഇക്കാരണത്താൽ കോഴിവളർത്തലിനോട് താല്പര്യം കുറഞ്ഞിട്ടുണ്ട്. ഇത് മൂലം ഇറക്കുമതി ചെയ്യുന്ന കോഴികളുടെ എണ്ണത്തിൽ ക്രമാതീതമായ വർധന അനുഭവപ്പെടുന്നു. ഇപ്പോൾ ഏതാനും കോഴിവളർത്തു കേന്ദ്രങ്ങൾ നിലവിലുണ്ടെങ്കിലും പഞ്ചായത്തിലെ ഉപഭോഗത്തിന്റെ ഏഴയലത്തുപോലും എത്താൻ ഇത് പര്യാപ്തമല്ല. ഇതിന് വേണ്ട ബോധവൽക്കരണം നടത്തേണ്ടതാണ്. അതുപോലെത്തന്നെ ആഴ്ചതോറും 20000 മുട്ടകൾ അരീക്കോട്ടും സമീപപഞ്ചായത്തുകളായ ഊർങ്ങാട്ടിരി, കിഴുപറമ്പ് എന്നിവിടങ്ങളിലുമായി വിൽക്കപ്പെടുന്നു. ഇത്രയും മുട്ടകൾ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. കൂടാതെ ആഴ്ചയിൽ 2300 മുട്ടകൾ പഞ്ചായത്തിനകത്തും ഉൽപാദിപ്പിക്കുന്നുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യത ജനങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തേണ്ടതാണ്.

ചാലിയാറിന്റെ വിശാലമായ പുഴയോരങ്ങളിൽ താറാവ് വളർത്തലിന് സാധ്യതയേറെയുണ്ട്. ഇക്കാര്യം ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. മുയൽ വളർത്തലും ആദായകരമായ തൊഴിലാണെങ്കിലും ആളുകൾ വേണ്ടത്ര കണക്കിലെടുത്തിട്ടില്ല. ഇതും പരിശോധിക്കപ്പെടേണ്ടതാണ്.

അരീക്കോടിന്റെ സമഗ്രവികസനത്തിന് മൃഗസംരക്ഷണരംഗത്ത് ഒരു കുതിച്ചുചാട്ടത്തിലൂടെ മാത്രമേ കഴിയൂ എന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി താഴെ പറയുന്നതു കൂടി സജീവമായ ചർച്ചക്ക് വിധേയമാക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1.പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്

2. കാലിത്തീറ്റയുടെ വിലവർധനവ്.

3. മേച്ചിൽ സ്ഥലത്തിന്റെ അഭാവം.

4. ഉല്പന്നങ്ങളുടെ വിപണനം.

## സാധ്യതകൾ

1. പഞ്ചായത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ഒരു ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക. വാർഡ് തോറും ചുരുങ്ങിയത് ഒരുപാൽ സംഭരണ കേന്ദ്രമെങ്കിലും സ്ഥാപിക്കുക. മിച്ചംവരുന്നപാൽ സംസ്കരിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. ഇത്വഴി കുറെപേർക്ക് തൊഴിൽ ലഭിക്കും.

2. ക്ഷീരകർഷകർ കൂടുതലും നാമമാത്രമായി ഭൂമിയുള്ളവരായതിനാൽ സഹകരണസംഘത്തിന്റെ കീഴിൽ തീറ്റപ്പുൽ വെച്ച് പിടിപ്പിക്കുകയും. സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും വേണം.

3. മൃഗചികിത്സ ഫലപ്രദമാക്കുന്നതിന്ന് നിലവിലുള്ള മൃഗാശുപത്രിക്കു പുറമെ ചെമ്രക്കാട്ടൂരിലെ സബ്ബ്സെന്റർ പ്രവർത്തനക്ഷമമാക്കുകയും ആലുക്കൽ പ്രദേശത്ത് ഒരു സബ്സെന്റർ കൂടി സ്ഥാപിക്കുകയും ചെയ്യുക.

4. ദരിദ്രകുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതക്കായി ആടുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. ഇതിനുവേണ്ട സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നൽകണം.

5. ആധുനിക സൗകര്യങ്ങളുള്ള അറവുശാല സ്ഥാപിക്കുക. നിലവിലുള്ളത് തീരെ ഉപകാരപ്രദമല്ല. മൃഗങ്ങളുടെ പരിശോധന കർശനമാക്കുക. വൃത്തിഹീനമായ സ്ഥലത്ത് കശാപ്പു നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തുക. തുകൽ സംസ്കരണകേന്ദ്രം സ്ഥാപിക്കുക. അറവുമൃഗങ്ങൾക്ക് ഫീസ് ഏർപ്പെടുത്തുക. പഞ്ചായത്ത് തലത്തിൽ മാംസ സംസ്കരണകേന്ദ്രം ആരംഭിക്കുക. അറവുശാലയോടനുബന്ധിച്ച് ഒരു പന്നി വളർത്തൽ കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. പരിസരമലിനീകരണം നിയന്ത്രിക്കുകയും വേണം.

6. പഞ്ചായത്തിൻ INCUBATOR സ്ഥാപിച്ച് കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക.

7. കോഴിയുടെയും മുട്ടയുടേയും വിപണനത്തിനായി സഹകരണസംഘം സ്ഥാപിക്കുക. നിലവിലുള്ള സ്കൂൾതല പോൾട്രി ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. മുയൽ വളർത്തലിന് കൂടുതൽ സാധ്യത കണ്ടെത്തുക.

9. പേ വിഷബാധയെക്കുറിച്ച് ബോധവൽകരണം സ്കൂൾതലം മുതൽ നടത്തുക. തെരുവ്നായ്ക്കളെ കൊല്ലുക. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

10. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

(a) ആധുനിക സൗകര്യത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുക.

(b) ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

(c) ജീവനക്കാർക്ക് താമസസൗകര്യം നല്കുക.

(d) ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.

11. മാതൃകാക്ഷീര കർഷകരുടെ മൃഗങ്ങൾക്ക് സൗജന്യനിരക്കിൽ മാസ്റ്റർ പോളിസി

പ്രകാരം ഇൻഷൂറൻസ് കവറേജ് ഏർപ്പെടുത്തുക.

## മത്സ്യബന്ധനം

പഞ്ചായത്ത് പരിധിയിലുള്ള 40 ൽ പരം കുളങ്ങൾ ഉപയോഗിച്ച് ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക. ആലുക്കലുള്ള മൺകുഴി ഇതിനുവേണ്ടി പരിശോധന നടത്തി സാധ്യത നോക്കാവുന്നതാണ്.

മൃഗസംരക്ഷണത്തിനായി മേൽകൊടുത്ത നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് പഞ്ചായത്തിന്റെ മൃഗസമ്പത്ത് വർധിപ്പിക്കാനും അതോടൊപ്പം തൊഴിൽ മേഖല വിപുലപ്പെടുത്താനും വേണ്ടി പരിശ്രമിക്കേണ്ടതാണ്.

# 3. വ്യവസായം



പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയെ സ്വാധീനിക്കാവുന്ന ഒരു വ്യവസായിക ശൃംഖല അരീക്കോടിനില്ല. 1960കളിൽ താഴത്തങ്ങാടിയിൽ പഴയ താൾത്തൊടിക ഗ്രൗണ്ടിനടുത്ത് ഒരു ഈർച്ചമിൽ ആരംഭിച്ചുകൊണ്ട് കരുവാട്ട് മൊയ്തീൻകുട്ടിയാണ് വ്യവസായ സംരംഭത്തിനിവിടെ തുടക്കം കുറിച്ചത്. ഇലക്ട്രിസിറ്റി എത്തുന്നതിനുമുമ്പുള്ള ഈ സംരംഭം ഡീസൽ എഞ്ചിൻ ഉപയോഗിച്ചായിരുന്നു. ചാലിയാറിന്റെ സാമീപ്യവും മരത്തടികളുടെ ലഭ്യതയും അന്ന് ഈ സംരംഭത്തിന് സഹായകമായി. പരമ്പരാഗത വ്യവസായമായ കളിമൺപാത്ര നിർമ്മാണം ഉഗ്രപുരത്തെ കലിയംകുളത്ത് ഇതിന് മുമ്പ് തന്നെ ആരംഭിച്ചിരുന്നു. അതുപോലെ തന്നെസംഘടിത മേഖലയിൽ ബീഡിവ്യവസായവും വളരെ നല്ലനിലയിൽ ഇവിടെനടന്നു വന്നിരുന്നു. അക്കാലത്തെ പ്രധാന ബീഡിസംഘങ്ങളായിരുന്നു യൂനിയൻ ബീഡി, എ-മാർക്ക് ബീഡി, ഫോട്ടോ മാർക്ക് ബീഡി, റൈഫിൾ ബീഡി, പൈലറ്റ് ബീഡി, M.M. കുട്ടി ബീഡി, എന്നിവ. പിന്നീട് ഈ രംഗത്തേക്ക് കടന്നു വന്നതാണ് ഉദയാ ബീഡി വ്യവസായ സംഘം. ഈ മേഖലയുമായി ബന്ധപ്പെട്ട് 200 ലേറെ തൊഴിലാളികൾ അക്കാലത്ത് ജോലി ചെയ്തിരുന്നു.

## *പങ്കാളിത്തം*

പൊതുവെ മിക്ക വ്യവസായ രംഗങ്ങളിലും പുരുഷന്മാരുടെ ആധിപത്യമാണ് കാണുന്നത്. പപ്പടം, ബീഡി, കളിമൺ, ഖാദി, പ്രസ്സ് എന്നീ മേഖലകളിലാണ് അല്പമെങ്കിലും സ്ത്രീ പങ്കാളിത്തം ഉള്ളത്. പഞ്ചായത്തിൽ പൊതുമേഖലയിലും സഹകരണമേഖലയിലും വ്യവസായ സംരംഭങ്ങളൊന്നുമില്ല. വൻകിട ഫാക്ടറികളും പഞ്ചായത്തിലില്ല. മിക്കവയും ചെറുകിടയും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ളവയുമാണ്.

പട്ടിക1

| ക്രമ നമ്പർ | വിഭാഗം | യൂനിറ്റ് | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 1. | എഞ്ചിനീയറിംഗ് | 6 | 15 | 3.0 |
| 2. | ഫർണിച്ചർ (യന്ത്രവൽകൃതം) | 9 | 43 | 8.8 |
| | " (കൈപ്പണി) | 5 | 20 | 4.1 |
| 3. | ടയർ/ വർക്ക് ഷോപ്പ് | 3 | 14 | 2.9 |
| 4. | തടിവ്യവസായം (മിൽ) | 4 | 32 | 6.5 |
| 5. | ഫ്ളോർ/ ഓയിൽ മിൽ | 14 | 22 | 4.5 |
| 6. | ബീഡി വ്യവസായം | 1 | 40 | 8.2 |
| 7. | പ്രസ്സ് | 4 | 14 | 2.9 |
| 8. | ഖാദി മേഖല (നൂൽനൂല്പ്) | 1 | 23 | 4.7 |
| 9. | കളിമൺ പാത്രം | 1 | 20 | 4.1 |
| 10. | ടൈൽസ് (ഓട്) | 1 | 36 | 7.4 |
| 11. | ഹോളോ ബ്രിക്സ് | 2 | 8 | 1.6 |
| 12. | ബേക്കറി, ചിപ്സ് etc | 11 | 79 | 16.2 |
| 13. | പപ്പടം | 5 | 30 | 6.2 |
| 14. | കൊട്ട നെയ്ത്ത് | 1 | 5 | 1.0 |
| 15. | ചെരിപ്പ് നിർമ്മാണം | 2 | 6 | 1.2 |
| 16. | ഗോൾഡ് വർക്സ് | 20 | 60 | 12.7 |
| 17. | കോഴി ഫാം | 5 | 5 | 1.0 |
| 18. | ആയുർവ്വേദ മരുന്ന് നിർമ്മാണം | 1 | 15 | 3.0 |
| | ആകെ | 96 | 487 | 100.0 |

പട്ടിക II സ്ത്രീ/പുരുഷ പങ്കാളിത്തം

| മേഖലകൾ | പുരുഷൻ | സ്ത്രീകൾ | ആകെ |
|---|---|---|---|
| ബീഡിവ്യവസായം | 30 | 10 | 40 |
| പ്രസ്സ് മേഖല | 6 | 8 | 14 |
| ഖാദി മേഖല | 2 | 21 | 23 |
| കളിമൺ പാത്രം | 8 | 12 | 20 |
| പപ്പടനിർമ്മാണം | 6 | 24 | 30 |
| കോഴി ഫാം | 3 | 2 | 5 |
| പരമ്പരാഗത മേഖല | 2 | 3 | 5 |
| മറ്റ് മേഖലകൾ | 347 | 3 | 350 |
| ആകെ | 404 | 83 | 487 |

മോട്ടോർ വൈൻഡിങ്ങ്, ഇലക്ട്രിക്കൽ റിപ്പേർ വർക്സ്, റേഡിയോ, ഇലക്ട്രോണിക്സ്, ഫോട്ടോസ്റ്റാറ്റ് തുടങ്ങിയ സ്വയംതൊഴിൽ മേഖലകളിൽ അമ്പതോളം പേർ ജോലി ചെയ്യുന്നു.

നിലവിലുള്ള വ്യവസായ സംരംഭങ്ങളിൽ ബീഡി, ടൈൽസ്, ഫർണിച്ചർ, ബേക്കറി മേഖലകളിലാണ് കൂടുതൽ തൊഴിലാളികൾ പ്രവർത്തിക്കുന്നതെങ്കിലും സംഘടിതമല്ലാത്ത ഒറ്റപ്പെട്ട രീതിയിൽ വെളിച്ചെണ്ണ, കൊപ്ര എന്നിങ്ങനെയുള്ള മേഖലയിൽ വളരെയധികം ആളുകൾ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ പരോക്ഷമായി വ്യവസായമേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം ക്ലിപ്തപ്പെടുത്താൻ സാധ്യമല്ല.

സംഘടിതവും ആധുനികവുമായ വ്യവസായ സംരംഭങ്ങൾ ഇവിടെ കുറവാണെങ്കിലും ഉഗ്രപുരത്ത് ആരംഭിച്ചിട്ടുള്ള 'ശില്പിവുഡ് ലിങ്ക്സ്' റബ്ബർ മരങ്ങളുടെ പ്രോസസ്സിംഗും ആധുനിക യന്ത്രങ്ങളുപയോഗിച്ചുള്ള ഫർണിച്ചർ ഉല്പാദനവും നടത്തുന്നു. ഉഗ്രപുരത്ത് തന്നെയുള്ള 'സെനിത്ത് ടൈൽസ്' പുരോഗതിയുടെ പാതയിലാണ്.

ഈ പ്രദേശത്തെ ആദ്യകാല വ്യവസായങ്ങളിൽപ്പെട്ട ബീഡി നിർമ്മാണരംഗം ഇന്ന് തകർച്ചയെ നേരിടുകയാണ്. ഈ രംഗത്ത് തൊഴിലാളികളുടെ എണ്ണത്തിൽ ഭീമമായ കുറവാണ് കഴിഞ്ഞ 10 വർഷങ്ങളിലായി കണ്ടുവരുന്നത്. ഈ തൊഴിലിൽ ഏർപ്പെട്ടവരും അവരുടെ കുടുംബങ്ങളും മറ്റ് മെച്ചപ്പെട്ട തൊഴിൽ മേഖലകൾ തേടിപോയതും തൊഴിലാളികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. താരതമ്യേന കുറഞ്ഞ നിരക്കിലുള്ള കൂലി ഇതിന്റെ തകർച്ചക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

## *നിലവിലെ പ്രശ്നങ്ങൾ*

1. കളിമൺപാത്ര വ്യവസായത്തിനാവശ്യമായ അസംസ്കൃത വിഭവങ്ങൾ വേണ്ടത്ര ലഭ്യമല്ല. അവയുടെ വിപണനത്തിന് സംവിധാനവുമില്ല.

2. ബീഡിയുല്പന്നങ്ങളുടെ ഉല്പാദന ചിലവിലുണ്ടായ വർദ്ധനവും വിറ്റുവരവിലുള്ള ലാഭക്കുറവും തൊഴിലാളികളുടെ കൂലിക്കുറവും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.

3. വ്യവസായ യൂനിറ്റുകൾക്ക് വൈദ്യുതി കണക്ഷനുകൾ ലഭിക്കാനുള്ള താമസവും

ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്ത തയും ഒട്ടുമിക്ക വ്യവസായങ്ങളുടെയും വളർച്ച തടയുന്നു.

4. തടിവ്യവസായങ്ങൾക്കാവശ്യമായ തടി യുടെ ലഭ്യത ഉറപ്പുവരുത്താനാവാത്തത് ഈ വ്യവസായത്തിന്റെ നിലനില്പിനെ ബാധി ക്കുന്നു.

5. പഞ്ചായത്തിനകത്ത് വൻകിട, ചെറു കിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലക്കുറവ് പുതിയ വ്യവസായങ്ങൾ കടന്നു വരുന്നതിനെ തടയുന്നു.

6. പരമ്പരാഗത വ്യവസായങ്ങളിലേർപ്പെട്ട തൊഴിലാളികൾക്ക് അർഹമായ കൂലി നല്കാൻ കഴിയാത്തതും അവയ്ക്കാവശ്യമായ അസം സ്കൃത വസ്തുക്കൾ വേണ്ടത്ര ലഭിക്കാത്തതും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളാണ്.

7. വിദഗ്ദ്ധരായ തൊഴിലാളികളെ കിട്ടാ നില്ലാത്തതും നിലവിലുള്ളവർക്ക് വിദഗ്ദ പരി ശീലനം ലഭിക്കാത്തതും ഉല്പന്നങ്ങളുടെ ഗുണ നിലവാരത്തെ കുറയ്ക്കുന്നു.

8. പഞ്ചായത്തിൽ വനിതകളെ ഉൾക്കൊ ള്ളാൻ സാധിക്കുന്ന വ്യാവസായിക തൊഴിൽ മേഖല കുറവാണ്.

**പട്ടിക III - പ്രതിദിന കൂലി (രൂപയിൽ)**

| മേഖലകൾ | കൂലി |
|---|---|
| എഞ്ചിനീയറിംഗ് | 60 |
| ഫർണിച്ചർ | 125 |
| വർക്ക് ഷോപ്പ് | 60 |
| ഈർച്ചമിൽ ( മരത്തടി) | 100 |
| ബീഡി | 40 |
| ഖാദി ( സ്ത്രീകൾ മാത്രം) | 10 |
| ബേക്കറി | 100 |
| പപ്പടം, കളിമൺ | 25 |
| പ്രസ്സ് | 50 |
| ഫ്ളോർമിൽ | 60 |
| ടൈൽസ് | 60 |
| മരുന്ന് നിർമ്മാണം | 50 |

സഹകരണ മേഖലയിൽ താഴത്തങ്ങാടി യിൽ പ്രവർത്തിച്ചിരുന്ന ചെരിപ്പ് നിർമ്മാണ യൂനിറ്റും ചെമ്രക്കാട്ടൂരിൽ പ്രവർത്തിച്ചിരുന്ന വനിതാ ഓയിൽ മില്ലും ശരിയായ മേൽനോട്ട മില്ലായ്മകൊണ്ടും പൊതു വിപണിയുമായി മത്സരിക്കാനാവാത്തത് മൂലവും വർഷങ്ങൾക്ക് മുമ്പെ പ്രവർത്തനം നിന്നുപോയിട്ടുണ്ട്.

**പട്ടിക – IV**

| മേഖലകൾ | ലാഭം/ നഷ്ടം | അവസ്ഥ/പ്രശ്നം |
|---|---|---|
| എഞ്ചിനീയറിംഗ് | ലാഭം | പ്രവർത്തനക്ഷമം |
| ഫർണിച്ചർ | " | പവർകട്ട്, മരങ്ങളുടെ ദൗർലഭ്യം |
| ഈർച്ച മിൽ | " | പവർകട്ട് |
| ഫ്ളോർ/ഓയിൽ മിൽ | " | " |
| കൊട്ട/ പായ നെയ്ത്ത് | ലാഭകര മല്ല | വിപണന കുറവ്, അസംസ്കൃത വസ്തുദൗർലഭ്യം |
| കളിമൺ പാത്രം | " | " |
| ബീഡി | നഷ്ടം | തകർച്ചയിൽ, ഉല്പാദ ന ചെലവ് കൂടുതൽ |
| വർക്ക്ഷോപ്പ് | ലാഭം | വിദഗ്ദ തൊഴിലാളി കളുടെ കുറവ്. |
| ഖാദി | നഷ്ടമല്ല | കൂലിക്കുറവ്. |
| ടൈൽസ് | ലാഭം | പ്രവർത്തനക്ഷമം |
| പ്രസ്സ് | " | ആധുനികവൽക്കരി ക്കപ്പെട്ടിട്ടില്ല |
| സഹകരണ വ്യവസായങ്ങൾ | | ഇപ്പോൾ പ്രവർത്തിക്കു ന്നില്ല. |

## *സാധ്യതകൾ*

മലപ്പുറം ജില്ലയിൽ സാക്ഷരതയിൽ മുൻപന്തിയിൽ നില്ക്കുന്ന ഈ പഞ്ചായത്തിൽ സ്ത്രീ വിദ്യാഭ്യാസം വളരെ മികച്ചതാണ്. ഈ അനുകൂല ഘടകം ഏത് മേഖലയിലേക്കും മുതൽക്കൂട്ടാക്കാവുന്നതാണ്. അതുപോലെ എഞ്ചിനീയറിംഗ് രംഗത്ത് ഉന്നതയോഗ്യരായ എഞ്ചിനീയർമാരും പ്രഫസർമാരും ഇവിടെ യുള്ളതിനാൽ വ്യാവസായിക രംഗത്തേക്കാ വശ്യമായ ഉപദേശ നിർദ്ദേശങ്ങൾക്ക് ഇവരട ങ്ങുന്ന ഒരു അഡ്വൈസറി ബോർഡ് രൂപീകരി

ക്കാവുന്നതാണ്. നിലവിലുള്ള വ്യവസായങ്ങ ളുടെ ശോച്യത പരിഹരിക്കുന്നതിനും പഞ്ചാ യത്തിനകത്തെ വിഭവങ്ങൾക്കും സാധ്യത കൾക്കും അനുയോജ്യമായ വ്യവസായ യൂനി റ്റുകൾ കണ്ടെത്തുന്നതിനും ഇങ്ങിനെയുള്ള ഉപ ദേശക സമിതിക്ക് സാധിക്കുന്നതാണ്.

ഗതാഗതവാർത്താവിനിമയ രംഗത്ത് ഏറെക്കുറെ പുരോഗതി പ്രാപിച്ച ഈ പഞ്ചായ ത്തിൽ നിർദ്ദിഷ്ട ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ പൂർത്തിയാവുന്നതോടെ വ്യാവസായിക പുരോ ഗതിക്ക് വേഗത കൂട്ടുമെന്ന് പ്രതീക്ഷിക്കാം ഉത്തര കേരളത്തിലെ പ്രധാന തുറമുഖമായ ബേപ്പൂരുമായി ചാലിയാർ വഴി ഗതാഗത ബന്ധം രൂപപ്പെടുത്തിയാൽ ഉല്പന്നങ്ങളുടെ അന്താ രാഷ്ട്ര വാണിജ്യത്തിനും സാധ്യത കാണു ന്നുണ്ട്. പഞ്ചായത്തിലെ ചെമ്രക്കാട്ടൂർ, ഉഗ്ര പുരം, മുണ്ടമ്പ്ര ഭാഗം വൻകിട ചെറുകിട വ്യാവ സായിക യൂനിറ്റുകൾ ആരംഭിക്കുന്നതിന് അനു യോജ്യമാണ്.

ഈ പഞ്ചായത്തിൽ സുലഭമായിട്ടുള്ള നാളികേരം, തുകൽ, നേന്ത്രക്കായ, മരത്തടി എന്നിവ ഉപയോഗിച്ചുള്ള ലാഭകരമായ വ്യവ സായങ്ങൾക്കും സാധ്യത കാണുന്നുണ്ട്.

മലപ്പുറം ജില്ലയിലെ പ്രധാന സാങ്കേതിക പരിശീലന കേന്ദ്രമായ അരീക്കോട് ഗവൺമെന്റ് ITI യിലെ സൗകര്യങ്ങളും വിഭവങ്ങളും ഉപ യോഗിച്ചുകൊണ്ടും അനുയോജ്യമായ ഏതെ ങ്കിലും ട്രേഡുമായി ബന്ധിപ്പിച്ചുകൊണ്ടും ഒരു വ്യാവസായിക ഉല്പാദന കേന്ദ്രത്തിനും സാധ്യതയുണ്ട്. (Production Unit)

## *പ്രശ്ന പരിഹാരങ്ങൾ*

1. പരമ്പരാഗത വ്യവസായങ്ങൾ നവീക രിക്കുകയും സഹകരണാടിസ്ഥാനത്തിൽ പുനഃ സംഘടിപ്പിക്കുകയും ചെയ്താൽ ഈ മേഖല യിൽ കാര്യമായ മുന്നേറ്റം നേടാനാവും.

2. പുതിയ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതോടെ വ്യവസായങ്ങൾക്കിന്നനുഭവ പ്പെടുന്ന വൈദ്യുതക്ഷാമം പരിഹരിക്കപ്പെടു ന്നതായിരിക്കും.

3. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാ നായാൽ സ്ഥലങ്ങളുടെ അപര്യാപ്തത പരിഹ രിക്കാനാവും. കൂടാതെ വ്യവസായങ്ങളുടെ ഒരു കൂട്ടായ്മയും സാധ്യമാവും.

4. അതത് മേഖലകളിലെ തൊഴിലാളി കൾക്ക് വൈദഗ്ദ്യം നല്കുന്നതിനുള്ള സംരം ഭങ്ങൾ തുടങ്ങാവുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഐ.ടി.ഐയുടെ സഹായം ഉപ യോഗപ്പെടുത്താവുന്നതാണ്.

5. പഞ്ചായത്തിൽ ലഭ്യമായ പ്രാഥമിക വിഭവങ്ങൾ വ്യവസായ വികസനത്തിന് ലഭ്യ മാക്കുന്ന തരത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാ ക്കേണ്ടതാണ്.

6. ചാലിയാറിലെ കവണക്കല്ല് പ്രോജക്ട് പൂർത്തിയാകുന്നതോടെ വ്യാവസായികാവശ്യ ങ്ങൾക്ക് ജല ലഭ്യത യഥേഷ്ടമാകുമെന്ന് പ്രതീ ക്ഷിക്കാം.

7. വിപണനരംഗത്തെ പ്രശ്നങ്ങൾ പരി ഹരിക്കുന്നതിനായി പഞ്ചായത്തിൽ സഹകരണ മേഖലയിൽ കാർഷികവ്യാവസായിക വിപണ നസംഘം ആരംഭിക്കാവുന്നതാണ്.

8. പരമ്പരാഗത കുടിൽ വ്യവസായങ്ങ ളിലെ ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചാ യത്ത് തലത്തിൽ സഹകരണമേഖലയിൽ ഒരു സൂപ്പർ മാർക്കറ്റ് ആരംഭിക്കേണ്ടതാണ്.

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1. നാളികേര സംസ്കരണം, അനുബന്ധ വ്യവസായം

2. ഇന്റസ്ട്രിയൽ എസ്റ്റേറ്റ്.

3. റെഡിമെയ്ഡ് ഗാർമെന്റ്സ്, ചെരിപ്പ് യൂനിറ്റുകൾ.

4. ഫർണിച്ചർ നിർമ്മാണം, വിപണനം.

5. ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണവും അസംബ്ലിംങ്ങും.

6. അലൂമിനിയം കേബിൾ നിർമ്മാണം.

7. സോപ്പ്/ ചന്ദനതിരി/ മെഴുകുതിരി/ തീപ്പെട്ടി യൂനിറ്റുകൾ.

8.പച്ചക്കറി സംഭരണം, വിപണനം.

9. റബ്ബർ/ പ്ലാസ്റ്റിക് വ്യവസായം+ ഫെനോയിൽ യൂനിറ്റ്.

10. ബേക്കറി/ ചിപ്സ്/ അച്ചാർ/ പപ്പടം യൂനിറ്റുകൾ.

11. ഇഷ്ടിക/ ഓട്/ ഹോളോബ്രിക്സ് യൂനിറ്റുകൾ.

12. കോഴി/ ആട് ഫാമുകൾ, കാലി/കോഴി തീറ്റ നിർമ്മാണം.

13. സോഫ്റ്റ് ഡ്രിംഗ്സ്.

14. കയറുല്പന്നങ്ങൾ, കൊട്ട/പായ നിർമ്മാണം.

15. പേപ്പർ ബാഗ്സ് യൂനിറ്റ്.

16. ബലൂൺ, റബ്ബർ ബാൻഡ്സ് യൂനിറ്റ്.

17. കൂൺകൃഷി, കുറ്റിമുല്ല കൃഷി.

18. ക്ഷീരവ്യവസായം.

19. നൂൽനൂൽപ്പ്, നെയ്ത്ത് യൂനിറ്റ്.

20. പച്ചമരുന്ന് സംസ്കരണം.

21. കല്ല് വെട്ട് മെഷീൻ/ മെറ്റൽ യൂനിറ്റുകൾ.

22. പോൾ കാസ്റ്റിക് യൂനിറ്റ്.

23. ടൂത്ത് പേസ്റ്റ് യൂനിറ്റ്.

## *നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരവും അനുബന്ധ വസ്തുക്കളായ ചകിരി, ചിരട്ട എന്നിവയുമുപയോഗിച്ച് സഹകരണമേഖലയിൽ ഒരു ഇടത്തരം കോക്കനട്ട് കോംപ്ലക്സ് ആരംഭിക്കാവുന്നതാണ്. (നാളികേര ബോർഡ്, കേരഫെഡ്, റെയ്ഡ്ക്കോ എന്നിവയുമായി ആലോചിക്കാവുന്നതാണ്.)

2. പഞ്ചായത്തിൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിച്ച് ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം അവയുടെ അസംബ്ലിംഗ്, ചെരിപ്പ് നിർമ്മാണം, റബ്ബർ വ്യവസായങ്ങൾ, മെഴുകുതിരി, റബ്ബർ ബാൻഡ്, പ്ലാസ്റ്റിക് കവർ, പേപ്പർ ബാഗ്സ്, ബലൂൺ നിർമ്മാണ യൂനിറ്റുകൾ എന്നിവ തുടങ്ങാവുന്നതാണ്. (ഇക്കാര്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായം തേടാവുന്നതാണ്.)

3. പഞ്ചായത്തിലെ വിദേശങ്ങളിലുള്ളവരുടെ നിക്ഷേപങ്ങളുപയോഗിച്ച് പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണം, സോഫ്റ്റ് ഡ്രിംഗ്സ്, അലൂമിനിയം കേബിൾ നിർമ്മാണം എന്നിവ തുടങ്ങാവുന്നതാണ്.

4. ഒരാഴ്ചയിൽ ശരാശരി 10 ടൺ തുകൽ കയറ്റി അയക്കുന്ന അരീക്കോട് പഞ്ചായത്തിൽ മലിനീകരണ പ്രശ്നമൊഴിവാക്കി ഇതിനുള്ളൊരു സംസ്കരണയൂനിറ്റ് തുടങ്ങുവാനുള്ള സംരംഭകരെ കണ്ടത്തേണ്ടതാണ്.

5. സഹകരണമേഖലയിൽ സംസ്ഥാനത്ത് തന്നെ ഒരു പരീക്ഷണമെന്ന നിലയിൽ ബേക്കറി/ ചിപ്സ് യൂനിറ്റുകളും പിണ്ണാക്ക്, നേന്ത്രക്കായതോട് എന്നിവ ഉപയോഗിച്ചുള്ള കാലി/ കോഴി തീറ്റ യൂനിറ്റുകളും ആരംഭിക്കാവുന്നതാണ്.

6. വനിതകൾക്ക് പ്രാമുഖ്യം നല്കികൊണ്ട് റെഡിമെയ്ഡ് ഗാർമെന്റ്സ്, ചന്ദനതിരി, അച്ചാർ, പപ്പടം, ഫെനോയിൽ, കൂൺകൃഷി, കുറ്റിമുല്ല കൃഷി എന്നിവയാരംഭിക്കാവുന്നതാണ്. (DWCRR) യുമായി ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്)

7. അനുയോജ്യമായ വാർഡുകളിൽ സോപ്പ്, സോപ്പ് പൊടി നിർമ്മാണ യൂനിറ്റുകൾ തുടങ്ങാവുന്നതാണ്.

8. ഹോളോബ്രിക്സ്, ഇഷ്ടിക വ്യവസായങ്ങൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.

9. വാർഡ് VI ൽ പച്ചമരുന്ന് സംഭരണ സംസ്കരണ യൂനിറ്റും IX ൽ കല്ല് വെട്ട് മെഷീൻയൂനിറ്റും X ൽ മെറ്റൽ യൂനിറ്റും, ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂനിറ്റും വാർഡ് IIൽ ആധുനിക കളിമൺ പാത്ര നിർമ്മാണ യൂനിറ്റും സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.

10. മേച്ചിൽ പുറങ്ങളുണ്ടാക്കാവുന്ന വാർഡ് IXൽ ആട് ഫാമിനും V, VII, XII വാർഡുകളിൽ കോഴി ഫാമുകൾക്കും ധാരാളം സാധ്യത കാണുന്നുണ്ട്.

11. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ക്ഷീര സംഭരണ സംസ്കരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

12. നിലവിലുള്ള ഖാദിയൂനിറ്റിനെ നവീകരിച്ചുകൊണ്ട് നൂൽനൂൽപ്പിനോടൊപ്പം നെയ്ത്തും മറ്റ് ഖാദിയുൽപ്പന്നനിർമ്മാണ യൂനിറ്റും തുടങ്ങാവുന്നതാണ്.

# 4. വിദ്യാഭ്യാസം



മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസപരമായി ഏറെ മുന്നിൽ നിൽക്കുന്ന അരീക്കോട് പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളടക്കം പതിമൂന്ന് സ്ക്കൂളുകൾ ഉണ്ട്. ഈ പഞ്ചായത്തിലെ പ്രദമവിദ്യാലയം അരീക്കോടിന് അടുത്ത പുത്തലം എന്ന സ്ഥലത്ത് ആണ് ആരംഭിച്ചത്. 1907ൽ സ്ഥാപിതമായ ഈ വിദ്യാലയമാണ് പഞ്ചായത്തിലെ ആദ്യത്തെ ഔപചാരികവിദ്യാലയം. വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത വിദ്യാലയം മൂന്ന് വർഷങ്ങൾക്ക് ശേഷം അരീക്കോട് ടൗണിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിച്ചു. 1935ൽ യു.പി സ്ക്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയം 1957ൽ വീണ്ടും എൽ.പി സ്ക്കൂൾ ആയി തരം താഴ്ത്തപ്പെട്ടു. പെരുമ്പറമ്പിൽ ആരംഭിക്കപ്പെട്ട ഗവ: ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് യു.പി വിഭാഗം കൂടി തുടങ്ങിയതാണ് അതിന് കാരണം എന്നുപറയപ്പെടുന്നു. പിന്നീട് മേത്തലങ്ങാടിയിൽ 'പെണ്ണുസ്ക്കൂൾ' എന്ന പേരിൽ മറ്റൊരു പ്രൈമറി സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത സ്ക്കൂൾ ആണ് ഇപ്പോൾ അരീക്കോട് വെസ്റ്റ് ജി.എം. എൽ.പി സ്ക്കൂൾ,എന്ന പേരിൽ അറിയപ്പെടുന്നത്. തുടർന്നുവന്ന ജി.എൽ. പി. എസ്. പുത്തലം, ജി.എൽ. പി. എസ്. കൊഴക്കോട്ടൂർ, എസ്. എൻ. എം. എ. എൽ. പി. എസ്. ഉഗ്രപുരം എന്നിവയാണ് പഞ്ചായത്തിലെ പഴക്കംചെന്ന വിദ്യാലയങ്ങൾ.

ഉന്നതവിദ്യാഭ്യാസത്തിന് തീരെ സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസ്ത്തിന് വേണ്ടി മഞ്ചേരി, മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലെ ഹൈസ്ക്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. ഗതാഗതസൗകര്യം പരിമിതമായിരുന്നതിനാൽ പലരും കാൽനടയായാണ് അവിടങ്ങളിൽ എത്തിച്ചേർന്നിരുന്നത്. അതുകൊണ്ടുതന്നെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം തുലോം വിരളമായിരുന്നു. ഇതിനു ഒരു പരിഹാരം എന്ന നിലയ്ക്ക് നാട്ടുകാരുടെ ശക്തമായ സമ്മർദത്തിന്റെ ഫലമായി 1957 ൽ പഞ്ചായത്തിലെ ആദ്യത്തെ ഗവ. ഹൈസ്ക്കൂൾ പെരുമ്പറമ്പിൽ സ്ഥാപിതമായി. പ്രസ്തുത സ്ക്കൂളിന്റെ നിർമ്മാണത്തിൽ നാട്ടുകാരുടെ ശ്രമദാനം പ്രശംസാർഹമായിരുന്നു. അതിനുമുമ്പു തന്നെ അറബി ഭാഷക്ക്

മുൻതൂക്കം നൽകുന്ന വിദ്യാലയം എന്ന പ്രത്യേകതയോടുകൂടി 1955ൽ സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്ക്കൂൾ നിലവിൽ വന്നിരുന്നു. അതോടുകൂടി അരീക്കോട്ടെ മുസ്ലീംകൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിൽ തൽപരർ ആവുകയും തങ്ങളുടെ മക്കളെ സ്ക്കൂളിൽ അയക്കുന്നതിൽ സജീവതാൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഈ വിദ്യാലയം വഹിച്ച പങ്ക് എടുത്ത് പറയേണ്ടതാണ്.

മേൽപറഞ്ഞ രണ്ട് ഹൈസ്ക്കൂളുകൾ അടക്കംമൊത്തം പതിമൂന്ന് സ്ക്കൂളുകളാണ് 27,000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലുള്ളത്. ഈ പതിമൂന്ന് വിദ്യാലയങ്ങളിലായി 6,575 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 216 ആണ്.

(വിശദ വിവരങ്ങൾ പട്ടിക 1A, 1B, 1C എന്നിവയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക IA. വിദ്യാർത്ഥികൾ–അദ്ധ്യാപകർ**

| വിദ്യാർത്ഥികൾ–അദ്ധ്യാപകർ | | | | | | | | |
|---|---|---|---|---|---|---|---|---|
| നമ്പ്ര് | സ്ക്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
| | | | ആൺ | പെൺ | ആകെ | പുരു.. | സ്ത്രീ | ആകെ |
| 1. | GHS അരീക്കോട് | ഗവ: | 731 | 780 | 1511 | 30 | 15 | 45 |
| 2. | SOHS അരീക്കോട് | എയ്ഡഡ് | 906 | 874 | 1780 | 31 | 21 | 52 |
| 3. | GMUPS അരീക്കോട് | ഗവ: | 292 | 237 | 529 | 13 | 5 | 18 |
| 4. | GMUPS മുണ്ടമ്പ്ര | " | 260 | 245 | 505 | 11 | 3 | 14 |
| 5. | AUPS കൊഴക്കോട്ടൂർ | എയ്ഡഡ് | 125 | 129 | 254 | 4 | 7 | 11 |
| 6. | GLPS ചെമ്രക്കട്ടൂർ | ഗവ: | 195 | 196 | 391 | 8 | 4 | 12 |
| 7. | GLPS കൊക്കോട്ടൂർ | " | 140 | 148 | 288 | 6 | 4 | 10 |
| 8. | GMLPS പുത്തലം | " | 139 | 155 | 294 | 3 | 7 | 10 |
| 9. | GMLPS അരീക്കോട് വെസ്റ്റ് | " | 116 | 106 | 222 | 2 | 10 | 12 |
| 10. | AMLPSനോർത്ത് കൊഴക്കോട്ടൂർ | എയ്ഡഡ് | 89 | 76 | 165 | 5 | 2 | 7 |
| 11. | AMLPS ഉഗ്രപപുരം | " | 147 | 123 | 270 | 4 | 6 | 10 |
| 12. | SNMLPSഉഗ്രപുരം | " | 130 | 119 | 249 | – | 10 | 10 |
| 13. | KALAM ALPSവെള്ളേരി | ? | 50 | 67 | 117 | 1 | 4 | 5 |
| **TOTAL** | | | 3320 | 3255 | 6575 | 118 | 98 | 216 |

അവലംബം: സെക്കൻറി ഡാറ്റാ

പട്ടിക 1 B

LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 6575 | 1270 | 1236 | 49.32 | 1036 | 898 | 46.43 | 1014 | 1121 | 52.51 |

പട്ടിക 1 C

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1657 | 229 | 13.82 | 1331 | 199 | 14.95 | 958 | 176 | 18.37 |

ജില്ലയിൽ വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന അരീക്കോട് ഉന്നത വിദ്യാഭ്യാസത്തിന്നായി ഇപ്പോഴും ഫാറൂഖ്കോളേജ്, തിരൂരങ്ങാടി പി.എസ്.എം.ഒ.കോളേജ്, മമ്പാട് എം. ഇ. എസ്. കോളേജ് മഞ്ചേരി എൻ. എസ്. എസ്. കോളേജ് എന്നീ കലാലയങ്ങളെ ആശ്രയിക്കേണ്ടി വരുന്നു എന്നത് ഒരു ദുഃഖസത്യമാണ്. കഴിഞ്ഞ വർഷം സ്വകാര്യ മേഖലയിൽ ആരംഭിച്ച എം.ഇ.എ.എസ് സയൻസ് കോളേജ് മാത്രമാണ് ഇതിന്നൊരപവാദം. വളരെ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾക്കുമാത്രമെ അവിടെ പ്രവേശനം സാധ്യമാവൂ. വലിയൊരു വിഭാഗം വിദ്യാർത്ഥികൾ ഉപരിപഠനത്തിന്നു പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ കോളേജടക്കം 6 പാരലൽ കോളേജുകളെയാണാശ്രയിക്കുന്നത്. മൊത്തം 846 പേർ അവിടെ പഠിക്കുന്നു.

സാമ്പത്തിക സാമൂഹ്യക കാരണങ്ങളാൽ താരതമ്യേന ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. 95 96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞ് പോയവരുടെ എണ്ണം 84 മാത്രമാണ്. (പട്ടിക I-D താഴെ കൊടുക്കുന്നു.)

പട്ടിക 1 D

പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | OTHERS | | |
|---|---|---|---|---|---|
| M | F | TOTAL | M | F | TOTAL |
| 2 | 3 | 5 | 56 | 23 | 79 |

അവലംബം : പൊതു വിവര ശേഖരണ സർവ്വേ

രണ്ട് ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി നൂറോളം പേരും, രണ്ടു കമ്പ്യൂട്ടർ ട്രൈനിംഗ് സ്ഥാപനങ്ങളിലായി അമ്പതിൽ താഴെ പേരും പഠിക്കുന്നു. ഇവയെല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ്. ഇതിന്നു പുറമെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു ഐ.ടി.ഐ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. മെട്രിക്ക് വിഭാഗത്തിൽ സിവിൽ എഞ്ചിനീയറിംഗ്, ഇല

ആകെയുള്ള 13 വിദ്യാലയങ്ങളിൽ 7 എണ്ണം സർക്കാർ മേഖലയിലും 6 എണ്ണം സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നു. മൊത്തം അദ്ധ്യാപകരിൽ 56.02 ശതമാനവും, വിദ്യാർത്ഥികളിൽ 56.88 ശതമാനവും സർക്കാർ വിദ്യാലയങ്ങളിലാണ്.

(പട്ടിക II താഴെ കൊടുക്കുന്നു.)

പട്ടിക II

ഗവ: സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ | 7ഗവ: വിദ്യാലയങ്ങളിഅദ്ധ്യാപകരുടെ എണ്ണം | ഗവ: അദ്ധ്യാപകരുടെ എണ്ണം (ശതമാനം) | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ:സ്ക്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 216 | 121 | 56.02 | 6575 | 3740 | 56.88 |

ട്രിക്കൽ എഞ്ചിനീയറിംഗ്, ഫിറ്റർ, സ്റ്റെനോ ഗ്രാഫി, ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റമെന്റ് എന്നീ ട്രേഡുകളിലും, നോൺമെട്രിക്ക വിഭാഗ ത്തിൽ വയർമെൻ, വെൽഡർ, മോട്ടോർമെക്കാ നിസം, കാർപെന്ററി എന്നീ ട്രേഡുകളിലുമായി 314 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. കൂടാതെ അലൂമിനിയം ഫാബ്രിക്കേഷൻ, ഇല ക്ട്രീഷ്യൻ, എ.സി. ആന്റ് റഫ്രിജറേഷൻ എന്നീ കോഴ്സുകൾ പഠിപ്പിക്കുന്ന ഒരു സ്വകാര്യ സ്ഥാപനവും 3 ഡ്രൈവിംഗ് സ്ക്കൂളുകളും പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിൽ പ്രിപ്രൈമറി സ്ക്കൂൾ ഒന്നുപോലുമില്ല. 3 ഇംഗ്ലീഷ്മീഡിയം നഴ്സറി സ്ക്കൂളുകൾക്കും 22അങ്കണവാടി കൾക്കും പുറമെ ഒരു ബാലവാടിയും ഇവിടെ യുണ്ട്. ജനസംഖ്യാനുപാതികമായി അങ്കണ വാടികളുടെ എണ്ണം കുറവാണ്. 1000 പേർക്ക് ഒന്നു എന്ന അനുപാതമനുസരിച്ച് 6 അങ്കണ വാടികൾ കൂടി ഈ പഞ്ചായത്തിൽ അനുവദി ക്കപ്പെടേണ്ടതുണ്ട്.

മതവിദ്യാഭ്യാസ രംഗത്ത് മുസ്ലീംഭൂരിപക്ഷ പ്രദേശമായ ഈ പഞ്ചായത്തിൽ 1944ൽ സ്ഥാപി തമായ സുല്ലമുസ്ലാം അറബിക് കോളേജ് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. മതപഠന രംഗത്ത് ഈ പഞ്ചായത്തിൽ 25 മദ്രസകൾ സേവനം നടത്തുന്നുണ്ട്. ഇവയിൽ ഭൂരിപക്ഷം മദ്രസുകളും രാവിലെയും രാത്രിയും പ്രവർത്തി ക്കുന്നവയാണ്.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ ഏതാനും നിര ക്ഷരർ കൂടി അവശേഷിക്കുന്നു എന്നൊരു സത്യം അവശേഷിക്കുന്നു. സാക്ഷരതാപരിപാ ടിയുടെ തുടർപ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ട്കൊണ്ട് പോവാത്തതാവാം കാരണം.

ഈ പഞ്ചായത്തിൽ 25 എഞ്ചിനി യർമാരും 22 ഡോക്ടർമാരും 8 അഭിഭാഷകരും 54 ബിരുദാനന്തര ബിരുദധാരികളുമുണ്ട്. കൂടാതെ 11 ഫാർമസിസ്റ്റുകളും 163 ഐ.റ്റി.ഐ കോഴ്സ് പൂർത്തിയാക്കിയവരും, 34 ഡിപ്ലോമ ക്കാരും പഞ്ചായത്തിലുണ്ട്, അതിനു പുറമെ പാരാമെഡിക്കൽ വിഭാഗത്തിൽ വിവിധകോ ഴ്സുകൾ പൂർത്തിയാക്കിയ ഏതാനും പേരു മുണ്ട്. 19 വായനശാലകൾ പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസത്തിന് കാര്യമായ സംഭാവനകളർപ്പിച്ചുവരുന്നു. അരീക്കോടിന്റെ സാമൂഹ്യ സാംസ്ക്കാരിക പുരോഗതിക്ക് ഈ സ്ഥാപനങ്ങൾ അർപ്പിച്ച സേവനം സ്തുത്യർഹ മാണ്. 1952ൽ സ്ഥാപിതമായ വൈ.എം.എയുടെ പേര് കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥി കൾക്ക് പ്രോത്സാഹനമായി വർഷംതോറും അവാർഡുകൾ നൽകുന്ന ധാരാളം സ്ഥാപന ങ്ങളും വ്യക്തികളും ഇവിടെയുണ്ട്. പഞ്ചായ ത്തിലെ മുഴുവൻ സ്ക്കൂളിലേയും എല്ലാക്ലാസ്സു കളിൽ നിന്നും വാർഷിക പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്ക് ഗ്രാമ പഞ്ചായത്ത് വക ക്യാഷ് അവാർഡുകൾ നൽകുന്നു.

വിദ്യാഭ്യാസ പുരോഗതിയിലും, കാര്യ ക്ഷമതയിലും അക്കാർഡമിക് സൗകര്യ ങ്ങൾക്കുള്ള പ്രാധാന്യം അദ്വിതീയമാണ്. പഠനം ആകർഷകവും ഉന്മേഷപ്രദവുമാക്കുന്നതിൽ പഠനോപകരണങ്ങൾക്കും നവീന അദ്ധ്യാപന തന്ത്രങ്ങൾക്കും കാര്യമായ പങ്കുണ്ട്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ. ദൃശ്യശ്രാവ്യ ഉപകർണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ, വിശാലവും വൃത്തിയുമുള്ള ക്ലാസുമുറികൾ മുതലായവ പഠ നനിലവാരത്തെ കാര്യമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പൊതുവെ പരിമിതമാണെങ്കിലും ഉള്ള സൗകര്യങ്ങൾ കാര്യ ക്ഷമമായി പ്രയോജനപ്പെടുത്തുന്നതിൽ ചില രെങ്കിലും അനാസ്ഥകാണിക്കുന്നു എന്നത് ഒരു വസ്തുതയാണ്.

## പട്ടിക 111. അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രേറി | | ലാബ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | പി. ടി. എ. പ്രവർത്തിക്കുന്നുണ്ടോ |
| ഉള്ളത് | 10 | 1 | 6 | 6 | 12 | 7 | 9 | – | 2 | 2 | 13 | 12 | 12 |
| ഇല്ലാത്തത് | 3 | 3 | 1 | 1 | 1 | 5 | 4 | – | 11 | 11 | – | 1 | 1 |

## പട്ടിക IV. ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| GHS അരീക്കോട് | 1511 | 45 | 1 | 2 | ഉണ്ട് | ഉണ്ട് |
| SOHS അരീക്കോട് | 1780 | 52 | 4 | 3 | ഉണ്ട് | ഉണ്ട് |
| GMUPS അരീക്കോട് | 529 | 18 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| GMUPS മുണ്ടമ്പ്ര | 505 | 14 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| AUPS കൊഴക്കോട്ടൂർ | 254 | 11 | 2 | 1 | ഉണ്ട് | ഇല്ല |
| GLPS ചെമ്രക്കാട്ടൂർ | 391 | 12 | 1 | 1 | ഉണ്ട് | ഇല്ല |
| GLPS കൊഴക്കോട്ടൂർ | 288 | 10 | 1 | 1 | ഉണ്ട് | ഇല്ല |
| GMLPS പുത്തലം | 294 | 10 | 1 | 1 | ഉണ്ട് | ഇല്ല |
| GMLPS അരീക്കോട് വെസ്റ്റ് | 222 | 12 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| AMLPSനോർത്ത് കൊഴക്കോട്ടൂർ | 165 | 7 | 1 | 1 | ഇല്ല | ഇല്ല |
| AMLPS ഉഗ്രപപുരം | 270 | 10 | 1 | 1 | ഉണ്ട് | ഇല്ല |
| SNMLPSഉഗ്രപുരം | 249 | 10 | 1 | 1 | ഉണ്ട് | ഇല്ല |
| KALAM ALPSവെള്ളേരി | 117 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക IVൽ കൊടുത്തിരിക്കുന്നു.

മൂത്രപ്പുരയില്ലാത്ത ഒന്നും കക്കൂസി

ല്ലാത്ത മൂന്നും കുടിവെള്ളമില്ലാത്ത ഒന്നും വൈദ്യുതീകരിക്കാത്ത പത്തും സ്ക്കൂളുകൾ പഞ്ചായത്തിലുണ്ട്. ശരാശരി 419 പേർക്ക് ഒരു മൂത്രപുരയും 548 പേർക്ക് ഒരു കക്കൂസുമാണ് നിലവിലുള്ളത്.

വിദ്യാർത്ഥികളുടെ പഠനനിലവാരം പൊതുവെ തൃപ്തികരമല്ല. കഴിഞ്ഞ അഞ്ച് വർഷത്തെ S.S.L.C വിജയ ശതമാനം താഴെ കൊടുക്കുന്നു.

പട്ടിക V A

| സ്ക്കൂൾ | 91 - 92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| G.H.S. അരീക്കോട് | 21% | 18 | 26 | 18.5 | 10.1 |
| S.O.H.S. അരീക്കോട് | 59 | 52 | 50.5 | 63 | 48 |

അവലംബം സ്ക്കൂൾരേഖകൾ

എന്നാൽ L.P. വിഭാഗത്തിലെ കുട്ടികളുടെ പഠനനിലവാരത്തിൽ ആശാവഹമായ പുരോഗതി കാണുന്നു എന്നതു സന്തോഷകരമാണ്. അതിനുകാരണം പുതുതായി ആരംഭിച്ച M.LL പരിപാടിയായിരിക്കാം. ചില്ലറ അപാകതകൾ കൂടി (ഉദാ: പാഠപുസ്തകങ്ങളുടെ ലഭ്യത) പരിഹരിച്ചാൽ ഫലം കൂടുതൽ ആശാവഹമായേക്കും.

96-97ലെ ഒന്നാം പാദ പരീക്ഷക്ക് മൂന്ന് മുതൽ 10ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളുടെ മാർക്ക് പട്ടിക VB യിൽ കൊടുത്തിരിക്കുന്നു

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ പിന്നിലാണെന്ന വസ്തുത പൊതുവെ അംഗീകാരിക്കപ്പെട്ടതാണ്. ഇന്ത്യയിൽ കേരളത്തിന് 18-ാം സ്ഥാനമാണ് ഉള്ളത്. അരീക്കോട് പഞ്ചായത്തും ഇതിൽ നിന്ന് ഭിന്നമല്ല. നിലവാരതാഴ്ചക്കു പല കാരണങ്ങളും ചൂണ്ടികാണിക്കപ്പെടുന്നു. വിദ്യാർത്ഥിസമരങ്ങളാണ് വിദ്യാലയങ്ങളിലെ നിലവാര തകർച്ചയ്ക്കു കാരണമായി പറയപ്പെടുന്നതെങ്കിലും അരീക്കോടിനെ സംബന്ധിച്ചേടത്തോളം ഇതു പ്രസക്തമല്ല. അക്കാഡമിക് സൗകര്യങ്ങളുടെയും ഭൗതീകസാഹചര്യങ്ങളുടെയും അഭാവമാണ് ഒരു കാരണമെങ്കിൽ അദ്ധ്യാപകരുടെ ക്ഷാമമാണ് മറ്റൊരു കാരണം. അദ്ധ്യാപകരെ അദ്ധ്യാപനത്തിനു പുറമെ മറ്റു പലജോലികളിലേക്കും നിയോഗിക്കുന്നത്. (ഉദാ: സെൻസസ്) അദ്ധ്യാപക ക്ഷാമത്തിനിടയാക്കുന്നു. ദൃശ്യ, ശ്രാവ്യമാധ്യമങ്ങളുടെ അതിപ്രസരം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ കടന്നാക്രമണം, ഗൾഫ് പണത്തിന്റെ സ്വാധീനം എന്നിവയും നിലവാര തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. മറ്റൊരു പ്രധാനകാരണം ഓരോ വിഷയങ്ങൾക്കും അതത് വിഷയങ്ങളിൽ പ്രത്യേക വൈദഗ്ധ്യം നേടിയ അദ്ധ്യാപകരുടെ അഭാവമാണ്.

അല്പം ആത്മാർത്ഥതയും അർപ്പണബോധവുമുണ്ടെങ്കിൽ ഈ പോരായ്മകൾ പലതും തീർക്കാവുന്നതേയുള്ളൂ. അക്കാദമിക് സൗകര്യങ്ങൾ വേണ്ടത്രയില്ലെങ്കിലും ഉള്ളവ തന്നെ കാര്യക്ഷമമായി ഉപോഗിക്കപ്പെടുന്നില്ല എന്നത് ഒരു വസ്തുകയാണ്. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത തീർക്കാൻ ഒരു പരിധിവരെ അദ്യാപകരക്ഷാകർതൃസമിതികൾക്കു കഴിയും. വിദ്യാർത്ഥികളുടെ ശ്രദ്ധ പഠനകാര്യങ്ങളിലേക്കു തിരിച്ചുവിടാൻ രക്ഷിതാക്കൾ ശ്രദ്ധിച്ചേ പറ്റൂ. മാതൃസംഗമങ്ങളുടെ പ്രസക്തി ഇവിടെയാണ്. സ്കൂൾ കോംപ്ലക്സുകൾ സംഘടിപ്പിക്കുന്നന്നതിൽ പഞ്ചായത്തിന് നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയും. ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും ആവശ്യങ്ങളും താഴെകൊടുക്കുന്നു.

* ഒന്നാം വാർഡിലെ നെരിയൻകുന്ന്, അരക്കഞ്ചേരി, പൂകുടി എന്നവിടങ്ങളിലും രണ്ടാം വാർഡിലെ താഴെകൊഴക്കോട്ടൂർ, എട്ടാം വാർഡിലെ പൂക്കോട്ടൂർ ചോലമാതകോട് എന്നിവിടങ്ങളിലും, പഠനോപകരണങ്ങളുമടങ്ങിയ അങ്കണവാടികൾ സ്ഥാപിക്കുക.

## പട്ടിക VB

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | | 30% നും 40% നും ഇടയിൽ മാർക്ക് ലഭിച്ചവർ | | 40% നും 50% നും ഇടയിൽ മാർക്ക് ലഭിച്ചവർ | | 50% നും 60% നും ഇടയിൽ മാർക്ക് ലഭിച്ചവർ | | 60% ന് മുകളിൽ മാർക്ക് ലഭിച്ചവർ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| III | 82 | 13.89 | 83 | 14.09 | 84 | 14.23 | 77 | 13.05 | 264 | 44.75 |
| IV | 94 | 15.49 | 81 | 13.34 | 99 | 16.03 | 93 | 15.32 | 240 | 39.54 |
| V | 219 | 33.79 | 114 | 17.54 | 153 | 23.61 | 89 | 14.66 | 67 | 10.33 |
| VI | 267 | 41.33 | 121 | 18.73 | 124 | 19.19 | 69 | 10.68 | 65 | 10.06 |
| VII | 292 | 40.61 | 128 | 17.80 | 135 | 18.78 | 105 | 14.60 | 59 | 8.20 |
| VIII | 374 | 48.07 | 202 | 25.96 | 78 | 10.02 | 68 | 8.74 | 56 | 7.19 |
| IX | 329 | 46.34 | 119 | 16.76 | 82 | 11.54 | 100 | 14.08 | 80 | 11.27 |
| X | 321 | 53.85 | 119 | 19.97 | 77 | 12.92 | 41 | 6.88 | 38 | 6.38 |

* അരീക്കോട് ഗവ: ഹൈസ്ക്കൂൾ കമ്പ്യൂട്ടർ കോഴ്സിനു പ്രാധാന്യം നൽകുന്ന ഹയർസെക്കണ്ടറിയായി ഉയർത്തുക.

* ഒന്നാം വാർഡിലും, ഒമ്പതാം വാർഡിലും ഓരോ യു.പി സ്ക്കൂൾ അനുവദിക്കുക.

* രണ്ട്, ആറ്, എട്ട് എന്നീവാർഡുകളിൽ ഓരോ L.P സ്ക്കൂൾ അനുവദിക്കുക.

* അരീക്കോട് ഐ.ടി.ഐ യിൽ തൊഴിൽ സാധ്യതയുള്ള ഉയർന്ന കോഴ്സുകൾ അനുവദിക്കുന്നതോടൊപ്പം ഒരു വനിതാ ഐ.ടി.ഐ കൂടി സ്ഥാപിക്കുക.

* ഒരു ബി.എഡ് കോളേജും ഒരു ആർട്ട്സ് കോളേജും ഒരു വനിതാകോളേജും പുതുതായി തുടങ്ങുകയും നിലവിലുള്ള സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുകയും ചെയ്യുക.

* അഞ്ചാം വാർഡിലെ യു.പി സ്ക്കൂളിനോടനുബന്ധിച്ച് ഒരു പ്രീ പ്രൈമറി സ്ക്കൂൾ അനുവദിക്കുക.

* നിലവിലുള്ള പഞ്ചായത്ത് ലൈബ്രറി റഫറൻസ് ലൈബ്രറിയായി ഉയർത്തുകയും, സ്ത്രീകൾക്കു പ്രത്യേക സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. ആലുക്കൽ ലൈബ്രറിയിലേക്ക് കൂടുതൽ പത്രങ്ങളും പ്രസിദ്ധികരണങ്ങളും അനുവദിക്കുക.

* തുടർസാക്ഷരതാ പദ്ധതികാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകാനാവശ്യമായ കാര്യങ്ങൾ ചെയ്യുക.

* അഞ്ചാം വാർഡിലെ യു.പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തണം. S.O.H.S ഹയർ സെക്കന്ററിയായി ഉയർത്തണം.

*11ാം വാർഡിൽ ന്യൂനപക്ഷങ്ങൾക്കായി അനുവദിക്കപ്പെട്ട 'കലം' എന്ന വിദ്യാലയത്തിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും അദ്ധ്യാപകരുടെ ശമ്പളത്തിലും ഉടമസ്ഥതയിലും നിലനിൽക്കുന്ന അനിശ്ചിതത്വം നീക്കുകയും ചെയ്യണം.

**"പഠനം പാൽപായസം**
**അധ്യാപനം അതി മധുരം"**

# 5. പൊതുജനാരോഗ്യവും കുടിവെള്ളവും.



## ആരോഗ്യം :

അരീക്കോടിന്റെ ആരോഗ്യ ചരിത്രം പഠനവിധേയമാകുമ്പോൾ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ആധുനീക ചികിത്സാ സൗകര്യം അരീക്കോട്ടുകാർക്ക് ലഭ്യമായിരുന്നു എന്നു കാണാം. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ വല്ലാഞ്ചിറ കുഞ്ഞിമോയിൻ ഹാജി താലൂക്ക് പ്രസിഡന്റായിരുന്ന 1924 ൽ അരീക്കോട് ഒരു 'ലോക്കൽ ഫണ്ട് ഡിസ്പൻസറി' ആരംഭിച്ചു. അരീക്കോട് ചന്തയിലെ കൊല്ലത്തൊടി ഇമ്പിച്ചി മുഹമ്മദ്ഹാജിയുടെ വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചിരുന്നത്. ആദ്യത്തെ ഡോക്ടർ L.M.P (ലൈസൻസ്ഡ് മെഡിക്കൽ പ്രാക്ടീഷണർ) കാരനായ കരുണാകരൻ ആയിരുന്നു. ആദ്ദേഹത്തിനു പുറമെ ഒരു വാർഡ്ബോയ്, കമ്പൗണ്ടർ തുടങ്ങിയവരും ജീവനക്കാരായി ഉണ്ടായിരുന്നു. രോഗികൾക്കുള്ള അത്യാവശ്യ മരുന്നുകൾ ഇവിടെ നിന്നും സൗജന്യമായി നൽകിയിരുന്നു. പിന്നീട് 1928ൽ മൂർഖൻ മമ്മദാജി സൗജന്യമായി നൽകിയ സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. നാല് കിടക്കകളോട് കൂടി അന്ന് പ്രവർത്തനം ആരംഭിച്ച ഡിസ്പൻസറി പല ഘട്ടങ്ങളിലായി വികസിക്കുകയും 1980ൽ 30 കിടക്കകളും, രണ്ട് ഡോക്ടർമാരും, അഞ്ച് നേഴ്സ്മാരും, ഒരു ഫാർമസിസ്റ്റും, ഒരു ഗുമസ്ഥനും ഉൾപ്പെടെ 17 ജീവനക്കാരോട് കൂടി സാമാന്യം സൗകര്യമുള്ള ആശുപത്രിയായി ഉയർന്നു.

1947 ന് ശേഷം അരീക്കോട് MSP ക്യാമ്പിൽ സ്ഥിതി ചെയ്തിരുന്ന MSP ആശുപത്രിയിൽ പൊതുജനങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമായിരുന്നു. ഒരു ഡോക്ടർ, ഫാമസിസ്റ്റ് നഴ്സിംഗ് അസിസ്റ്റന്റ്, പാർടൈം ജീവനക്കാരൻ എന്നിവരാണ്. ക്യാമ്പ് ആശുപത്രിയി

ലുള്ളത്. ഇന്ന് പൊതുജനങ്ങൾക്കിവിടെ ചികിത്സ ലഭ്യമല്ല.

ആധുനീക ചികിത്സാ ചരിത്രത്തെക്കുറിച്ചുള്ള പഠനം പോലെ തന്നെ പ്രാധാന്യമുള്ളതാണ് പഞ്ചായത്തിലെ പാര മ്പര്യ ചികിത്സാ ചരിത്രം. മന്ത്രവാദം, നേർച്ച തുടങ്ങിയ അന്ധ വിശ്വാസങ്ങളെ ഒരു പരിധിവരെ തടയുന്നതിന് പ്രബുദ്ധരായ അരീക്കോട്ടുകാർക്ക് കഴിഞ്ഞിരുന്നു. രാമൻവൈദ്യർ, കുഞ്ചുവൈദ്യർ, ഉണ്ണികുഞ്ചുവൈദ്യർ, താമവൈദ്യർ, കെ.വി ഉണ്ണിച്ചാരുവൈദ്യർ തുടങ്ങി ഒമ്പത് പ്രശസ്ത വൈദ്യൻമാർ പാരമ്പര്യ ചികിത്സാ രംഗത്ത് ഇവിടെ ഉണ്ടായിരുന്നു. ഏറനാട്ടിൽ തന്നെ അറിയപ്പെടുന്ന ശ്രീ ഉണ്ണിക്കുട്ടി വൈദ്യരുടെ വൈദ്യ ശാലയിൽ ഇന്നും നിരവധി ആളുകൾ ചികിത്സക്കായി എത്തുന്നുണ്ട്.

അലോപതി രംഗത്ത് മേൽപറഞ്ഞ ഗവ: ആശുപത്രി MSP ആശുപത്രി എന്നിവയ്ക്ക് പുറമെ സ്വകാര്യമേഖലയിൽ ആറ് കൺസൾടിംഗ് സെന്ററുകൾ, രണ്ട് ക്ലിനിക്കുകൾ എന്നിവയും ആയുർവ്വേദ ചികിത്സാരംഗത്ത് ഏഴ് സ്വകാര്യ ക്ലിനിക്കുകളും (വൈദ്യശാലകൾ, കോട്ടക്കൽ പോലുള്ള ഏജൻസികളും നടത്തുന്ന കൺസൾട്ടിംഗ്) ഒരു ഗവ: ആയുർവ്വേദ ആശുപത്രിയും ഹോമിയോ ചികിത്സാരംഗത്ത് 5 ക്ലിനിക്കുകളും ഇന്ന് അരീക്കോട് പഞ്ചായത്തിൽ നിലവിലുണ്ട്.

തൊട്ടടുത്ത മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെ സ്വകാര്യ ആശുപത്രികൾക്ക് വേരൂന്നാൻ കഴിയാത്തതിന്റെ പ്രധാന കാരണം സർക്കാർ ആശുപത്രിയുമായി ജനങ്ങൾക്കുള്ള ആത്മബന്ധവും ജനങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവുമാണെന്നു കാണാം. മുക്കിന് മുക്കിന് സ്ഥാപിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി ആശുപത്രി സംസ്കാരത്തിന് തടയിടാൻ നിലവിലുള്ള സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തികൊണ്ട് സാധിക്കുമെന്നതിന്റെ ഉത്തമോദാഹരണം കൂടിയാണിത്.

ലഭ്യമായ സ്ഥിതി വിവരക്കണക്കുകൾ വച്ച് നോക്കുമ്പോൾ, ഇവിടുത്തെ ജനങ്ങളുടെ ആരോഗ്യ നിലവാരം തുലോം ഉയർന്നതു തന്നെയാണ്. ജനനനിരക്ക് 18.28, മരണനിരക്ക് 3.12, ശിശുമരണനിരക്ക് 12.19, കുടുംബവലിപ്പം 6.16 എന്നിങ്ങനെയാണ്.

തൊട്ടടുത്തു കിടക്കുന്ന കാവന്നൂർ, കുഴിമണ്ണ, ചീക്കോട്, കീഴുപറമ്പ്, ഊർങ്ങാട്ടിരി പഞ്ചായത്തുകളിൽ നിന്നും നിരവധി ആളുകൾ ചികിത്സക്കായി ആശ്രയിക്കുന്ന അരീക്കോട് ഗവ: ആശുപത്രിയിൽ നിന്നും ലഭിച്ച ദ്വതീയ വിവരങ്ങൾ താഴെ പറയും വിധമാണ്.

1995-96 വർഷത്തിൽ ആകെ 5819 ജലജന്യരോഗങ്ങളും 14078 വായുജന്യരോഗങ്ങളും, 302 പ്രാണിജന്യരോഗങ്ങളും, 1088 മറ്റുരോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആകെ OP 29085, IP 5296ഉം ആണ്. ഇതിൽ 25% രോഗങ്ങൾ അരീക്കോട് പഞ്ചായത്തിൽ നിന്നു റിപ്പോർട്ട് ചെയ്യപ്പെട്ടതാണെന്ന് ഗവ: ആശുപത്രി മെഡിക്കൽ ഓഫീസർ പറഞ്ഞു.

ഈ കണക്കുകൾ പരിശോധിക്കുമ്പോൾ മറ്റ് ഉയർന്ന നേട്ടങ്ങൾക്കിടയിലും നമ്മുടെ രോഗാതുരതയുടെ ശതമാനവും ഉയർന്നതാണെന്ന് കാണുന്നു. പൊതുജനാരോഗ്യ രംഗത്തെ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിലൂടെ നമുക്കിതിനെ മറികടക്കാം.

34381 രോഗികളെ ഒരു വർഷം ചികിത്സിക്കുന്ന അരിക്കോട് ആശുപത്രിയിലെ സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ആശുപത്രി 100 കിടക്കകളോട് കൂടി ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ചുകൊണ്ട് വികസിപ്പിക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ജനങ്ങൾ ശക്തിയായി ആവശ്യപ്പെട്ടതാണ്. ഇത് സജീവ പരിഗണന അർഹിക്കുന്നതുമാണ്. അരീക്കോട് ആശു

പത്രിയെ ഒരു CHC (കമ്യൂണിറ്റി ഹെൽത്ത് സെന്റർ) ആയി ഉയർത്തി ഇന്ന് PHC എടവണ്ണ യുടെ കീഴിൽ നടക്കുന്ന പ്രാഥമികാരോഗ്യ പ്രവർത്തനങ്ങൾ സമഗ്ര ജനകീയ ആരോഗ്യ പ്രവർത്തനങ്ങളിലൂടെ ഈ പഞ്ചായത്തിൽ തന്നെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും.

| No | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാർ |
|---|---|---|---|
| 1. | ഗവ: ആശുപത്രി അരീക്കോട് | 4 | 17 |
| 2. | MSP ആശുപത്രി | 7 | 4 |
| 3. | ആയുർവേദ ആശുപത്രി,ചെമ്രക്കാട്ടൂർ | 9 | 4 |
| 4. | IPP സബ് സെന്റർ. | 9 | 1 |
| 5. | LHI ഓഫീസ്. ചെമ്രക്കാട്ടൂർ | 9 | 1 |
| 6. | IPP സബ് സെന്റർ, ഉഗ്രപുരം | 2 | 1 |
| 7. | IPP സബ് സെന്റർ, പുത്തലം | 7 | 1 |
| 8. | IPP സബ് സെന്റർ, മുണ്ടമ്പ്ര | 10 | 1 |
| 9. | HI ഓഫീസ്, അരീക്കോട് | 4 | 3 |
| | TOTAL | | 33 |

പ്രാഥമിക ആരോഗ്യ സേവനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി മേൽപ്പട്ടികയിൽ സൂചിപ്പിക്കും പ്രകാരമുള്ള വിപുലമായ ഒരു പാരാമെഡിക്കൽ സംവിധാനം അരിക്കോട് പഞ്ചായത്തിൽ നിലവിലുണ്ട്. ഇത് ഫലപ്രദമായി നടപ്പിൽവരുത്താൻ വേണ്ടി പഞ്ചായത്ത് തലത്തിൽ ആരോഗ്യ സമിതി നിലവിൽവരണം ഒരോ വാർഡുകളിലും 50 വീടുകൾക്ക് (അയൽകൂട്ടങ്ങൾ) ഒരു ആരോഗ്യ സന്നദ്ധപ്രവർത്തകൻ എന്ന രീതിയിൽ ഉണ്ടാവുകയും അവർ ആരോഗ്യ പ്രവർത്തകരുമായി സഹകരിച്ച് നിലവിൽ നടക്കുന്ന പ്രാഥമിക ആരോഗ്യ പ്രവർത്തനങ്ങൾ (രോഗപ്രധിരോധ കുത്തിവയ്പുകൾ, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പാനീയ ചികിത്സാ, കൊതുക് നശീകരണ പ്രവർത്തനങ്ങൾ, മലമ്പനി പ്രതിരോധം മുതലായവ) ജനകീയമായി നടപ്പിലാക്കണം.

## പൊതുജനാരോഗ്യ പ്രശ്നങ്ങൾ.

* പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 1064 കക്കൂസില്ലാത്ത വീടുകൾ ഉണ്ട്. ഇതു കാരണമുള്ള പൊതു ജനാരോഗ്യ പ്രശ്നങ്ങൾ.
* വിവിധ വാർഡുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം.
* 11ാം വാർഡിൽ ആരോഗ്യകേന്ദ്രം ഇല്ലാത്തതിനാൽ രോഗ പ്രതിരോധ കുത്തിവെയ്പുകളും മറ്റ് ആരോഗ്യ പ്രവർത്തനങ്ങളും ഫലപ്രദമായി നടക്കുന്നില്ല.
* മത്സ്യമാംസ മാർക്കറ്റുകൾ അരീക്കോട് അങ്ങാടിയിലും പരിസരങ്ങളിലും ഉണ്ടാക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ.
* അരീക്കോട് കോഴി മാർക്കറ്റിലെ അവശിഷ്ടങ്ങൾ പല പ്രദേശങ്ങളിലും കൊണ്ടുപോയി തള്ളുന്നതുകൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ.
* വൃത്തിഹീനമായ അഴുക്കുചാലുകൾ.
* കൊതുക്, ഈച്ച എന്നിവ വളരുന്ന സാഹചര്യങ്ങൾ.
* 3ാം വാർഡിൽ വാഴക്കാട് റോഡിൽ പഞ്ചായത്തിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ.
* അരീക്കോട് ആശുപത്രിയിൽ അനുഭവപ്പെടുന്ന സൗകര്യക്കുറവ്.
* പൊതു സ്ഥലങ്ങളുടെ വൃത്തികേട്.
* ചെനക്കതടം, മാതൃച്ചോല എന്നിവിടങ്ങളിലെ എല്ലിൻ കുഴികളുടെ പ്രശ്നങ്ങൾ.
* ആയുർവേദ ആശുപത്രിക്ക് സ്വന്തം കെട്ടിടമില്ല.
* ചെമ്രക്കാട്ടൂർ, മുണ്ടമ്പ്ര സബ്സെന്ററുകളിലെ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.
* തെരുവ് നായ്ക്കുളുടെ ശല്യം.
* പ്ലാസ്റ്റിക് മലിനീകരണം

## മറ്റ് പൊതു ആരോഗ്യപ്രശ്നങ്ങൾ.

**1996 ജൂലായ് 21–27 തിയതികളിൽ അരീക്കോട് പഞ്ചായത്തിലെ L.P. സ്കൂളുകളിൽ നടത്തിയ രോഗ പരിശോധനയുടെ വിശദവിവരങ്ങൾ**

| ആകെ കുട്ടികൾ 2619 | വിളർച്ച | നിശാന്ധത | അയോഡിൻ കുറവ് | ചെവി പഴുപ്പ് | ചൊറി | പയോഡർമ | കണ്ണിന്റെ വൈകല്യം | ദന്തക്ഷയം | മറ്റുളവ |
|---|---|---|---|---|---|---|---|---|---|
| പരിശോധിക്കപ്പെട്ടവർ 2432 | 168 | 73 | 8 | 107 | 139 | 88 | 88 | 546 | 240 |

ഈ പട്ടികയിൽ നിന്നും ദന്തക്ഷയം, ചൊറി, കരപ്പൻ (പയോഡർമ) എന്നീ അസുഖങ്ങൾ ബാധിച്ച കുട്ടികളുടെ എണ്ണം സൂചിപ്പിക്കുന്നത് നമ്മുടെ വ്യക്തി ശുചിത്വശീലങ്ങളുടെ അപര്യാപ്തയെയാണ് പ്രൈമറി കുട്ടികളിൽ നടത്തിയ ഈ ആരോഗ്യ പരിശോധനയിലാണ് ഗൗരവതരമായ ഈ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തിയത്. പോഷകാഹാരകുറവ് കൊണ്ട് വിളർച്ച, നിശാന്ധത കണ്ണിന്റെ വൈകല്യങ്ങൾ എന്നീ അസുഖങ്ങളും എന്നീ വളരെ കൂടുതലാണെന്ന് കാണാം. മാർക്കറ്റിനെ ആശ്രയിച്ചു കൊണ്ടുള്ള ഭക്ഷണ രീതിയാണ് ഇതിന്റെ പ്രധാനകാരണം. ഓരോ വീട്ടുകാരും അവരവർക്ക് വേണ്ട പച്ചക്കറികളും മറ്റും സ്വയം ഉണ്ടാക്കുന്ന ഒരു കാർഷിക സംസ്ക്കാരം ഇവിടെ വളർത്തക്കൊണ്ട് ആരോഗ്യമുള്ള ഒരു സമൂഹ സൃഷ്ടിയിൽ നമുക്കും പങ്കാളികളാകാൻ കഴിയും.

## പരിസര ശുചീകരണം.

സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് പരിസര ശുചിത്വവും വ്യക്തിശുചിത്വവും അനിവാര്യമാണ്. എന്നാൽ ഉയർന്ന ജീവിത നിലവാരം പുലർത്തുന്ന നമ്മൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ വീട് വൃത്തിയാക്കുന്ന പ്രാധാന്യം പരിസരത്തിന്റ ശുചീകരണത്തിന് നൽകാറില്ല. പരിസര ശുചിത്വത്തിന്റെ അപര്യാപ്തത കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ചും വ്യക്തി ശുചിത്വത്തെക്കുറിച്ചുമുള്ള വ്യാപകമായ ബോധവൽക്കരണക്ലാസ്സുകളും പഞ്ചായത്തിൽ നടത്തികൊണ്ട് പുതിയൊരു ആരോഗ്യസംസ്ക്കാരം ഉണ്ടാവേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന അറവ്ശാല ഉപയോഗ ശൂന്യമായതിനാൽ ഇന്ന് അറവ് നടത്തുന്ന രീതി തീരെ അശാസ്ത്രീയമാണ്. വിവിധ സ്ഥല ങ്ങളിൽ വെച്ച് നടത്തുന്ന അറവ് കാരണം അരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്.

പഞ്ചായത്തിൽ നാൽപത്തഞ്ചോളം ഭക്ഷണ വിൽപനശാലകൾ (ഹോട്ടൽ, ചായക്കടകൾ) ഉണ്ട്. ഇവയൊന്നും പൊതുജനാരോഗ്യ നിയമങ്ങൾ അനുസരിച്ചല്ല പ്രവർത്തിക്കുന്നത് എന്നതിനാൽ ശുചിത്വം വളരെ കുറവാണ്. ഇത് ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കണം.

കാലഹരണപ്പെട്ട 1935 ലെ മദ്രാസ ജ.ഒ മരേ, ട്രാവൻകൂർ കൊച്ചിൻ P.H. act എന്നീ നിയമങ്ങളാണ് ആരോഗ്യ രംഗത്ത് നടപ്പിലുള്ളത്. ഇത് കാലോചിതമായി പരിഷ്ക്കരിച്ച് കേരളത്തിന് പൊതുവായ ഒരു പബ്ലിക്ക് ഹെൽത്ത് ആക്ട് രൂപം കൊടുക്കാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ.

അരീക്കോട്ട് പഞ്ചായത്തിൽ അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളിൽ പലതും കേൻസർ മൂലമാണ് എന്നത് പഠന വിധേയമാക്കേണ്ടതാണ്.

## പരിഹാര മാർഗ്ഗങ്ങൾ.

***കക്കൂസ്***: ലഭ്യമായ കണക്കുകൾ വെച്ച് 1064 ഓളം വീടുകളിൽ കക്കൂസുകളില്ല. (അവലംബം C.B.N.P സർവ്വെ) കക്കൂസില്ലാത്തവരിൽ ഭൂരപക്ഷവും കോളനി നിവാസികളും

ദരിദ്ര ജനവിഭാഗങ്ങൾളുമാണ്. ഈ പ്രശ്നം ശാസ്ത്രീയമായി പരിഹരിക്കുമ്പോൾ ഗുണ ഭോക്താക്കളെ നാലായി തരം തിരിക്കാം.

1. സാമ്പത്തിക സഹായം ആവശ്യമില്ലാത്ത വർ അവരെ സാമൂഹ്യ സമ്മർദ്ദത്തിലൂടെ സ്വയം കക്കൂസ് നിർമ്മിക്കാൻ പ്രേരിപ്പിക്കാ വുന്നതാണ്.
2. കക്കൂസ് നിർമ്മാണത്തിന്റെ പകുതി ചിലവ് സർക്കാർ സഹായവും പകുതി ചിലവ് ഗുണ ഭോക്താവും വഹിക്കേണ്ട തരത്തിലുള്ളവ.
3. 75% ചിലവ് സർക്കാറും 25% ചിലവ് അദ്ധ്വാ നത്തിലൂടെ ഗുണഭോക്താവും വഹിക്കുന്ന തരത്തിലുള്ളവർ.
4. മുഴുവൻ ചിലവും സർക്കാർ വിഹിതമായി കിട്ടേണ്ടവർ.

* ഈ രീതിയിൽ തരംതിരിച്ചുള്ള ഗ്രൂപ്പു കൾക്ക് പഞ്ചായത്തിലെ നിർമ്മാണതൊഴി ലാളികളെ മുഴുവൻ ബന്ധപ്പെടുത്തികൊണ്ട് ഒരു കേമ്പയിൽ പരിപാടിയാക്കി ഇതിന് വേണ്ടി വരുന്ന മുഴുവൻ തൊഴിലവസര ങ്ങളും അരീക്കോട് തന്നെ ലഭ്യമാക്കിക്കൊ ണ്ടുള്ള പരിപാടി തയ്യാറാക്കുക. കോളനിക ളിൽ പൊതുടേങ്ക് നിർമ്മിച്ച് ഓരോ കുടും ബത്തിനും ഓരോ കക്കൂസ് നിർമ്മിക്കുന്ന പരിപാടി നടപ്പിലാക്കണം. കപ്പാർട്ട് പോലുള്ള ഏജൻസികളുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണത്തിന് സാമ്പത്തിക സഹായം തേടിക്കൊണ്ട് ഈ പ്രശ്നം പരി ഹരിക്കാം.
* പഞ്ചായത്ത് തലത്തിൽ ആരോഗ്യ സമിതി നിലവിൽ വരണം. സമിതിക്ക് വാർഡ് സമി തികളും അതിന് കീഴിൽ 50 വീടുകളുടെ അയൽ കൂട്ട സംവിധാനവും നിലവിൽ വരണം. പഞ്ചായത്തിലെ സമഗ്ര ആരോഗ്യ പരിപാടികൾക്ക് നേതൃത്വം നൽകേണ്ടത് ഈ സമിതിയാവണം
* പഞ്ചായത്ത് ബസ്സ്റ്റാന്റിനോടനുബന്ധിച്ച് കംഫർട്ട്സ്റേറഷൻ നിർമ്മിക്കുക.
* അരീക്കോട് ഗവൺമെന്റ് ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയാക്കി വികസി പ്പിക്കുകയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റ റായി മാറ്റുകയും ചെയ്യുക.
* ചെമ്രക്കാട്ടൂരിൽ (9ാം വാർഡ്) വാങ്ങിയ സ്ഥലത്ത് ആയുരവ്വേദ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക.
* ശാസ്ത്രീയ രീതിയിലുള്ള അറവ് ശാലയും അവശിഷ്ട സംസ്കരണ കേന്ദ്രവും പഞ്ചാ യത്തിലെ വിവിധ പ്രദേശത്തുകാർക്ക് സൗക ര്യമായ സ്ഥലത്ത് നിർമ്മിക്കുക.
* ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള 'ബിന്നു' കൾ എല്ലാ അങ്ങാടികളിലും സ്ഥാപിച്ച് കൊണ്ട് 'ക്ലീൻ അരീക്കാട്' എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുക.
* പൊതുമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മി ക്കുക.
* നിലവിലുള്ള മത്സ്യമാംസം മാർക്കറ്റ് ആധു നിക സൗകര്യങ്ങളോട് കൂടിയതാക്കി മാറ്റി ആരോഗ്യ പ്രശ്നം പരിഹരിക്കുക.
* കോഴി അറവുകാർ അവശിഷ്ടങ്ങൾ സ്വയം വൃത്തിയായി സംസ്കരിച്ച് ആരോഗ്യ പ്രശ്ന ങ്ങൾ പരിഹരിക്കുക. അല്ലാത്ത പക്ഷം കർശ നമായ നിയമ നടപടികൾ സ്വീകരിക്കണം.
* കൊതുകുനശീകരനം, അഴുക്കുചാൽ ശുചീ കരണം എന്നിവ ജനകീയമായി നടപ്പിലാ ക്കണം.
* പൊതുസ്മശാനം എല്ലാവിഭാഗക്കാർക്കും ഉപയോഗിക്കത്തക്കവിധം സൗകര്യപ്രദമാ ക്കുക.
* ഒന്ന്, ഏഴ് വാർഡുകളിലെ എല്ലിൻ കുഴികൾ ജനങ്ങൾക്ക് ശല്യമില്ലാത്ത രീതിയിൽ മാറ്റി സ്ഥാപിക്കുക.
* ആരോഗ്യകേന്ദ്രങ്ങൾക്ക് ആവശ്യമായ വൈദ്യുതിയും കുടിവെള്ളവും എത്തിക്കുക.
* മുണ്ടുമുഴിക്കടവ്, നടുവത്ത്, പുങ്കുടി, കള ത്തിങ്ങൽകടവ്, പെരുങ്കടവ്, ചെമ്പാഴി എന്നി വിടങ്ങളിൽ കുളിക്കടവ് നിർമ്മിക്കുക.

* വ്യാപകമായ ബോധ വൽക്കരണ ക്ലാസ്സുകളിലൂടെ പ്രാഥമികാരോഗ്യ സേവനങ്ങൾ ജനകീയമായി നടപ്പിലാക്കുക.
* ഭക്ഷണവിൽപന ശാലകൾ പൊതുജനാരോഗ്യ നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണം. പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പ് അധികൃതരുടെയും സഹകരണത്തോട് കൂടി ഘട്ടം ഘട്ടമായി പൊതുജനാരോഗ്യ നിയമങ്ങൾ നടപ്പിൽ വരുത്താൻ ഭക്ഷണ വിൽപനശാലകൾ നടത്തിപ്പുകാർ തയ്യാറാവണം.
* കേരളത്തിന് പൊതുവായ പൊതു ജനാരോഗ്യനയവും നിയമങ്ങളും ഉണ്ടാവേണ്ടതുണ്ട്.
* നേത്രരോഗ ആശുപത്രി അരീക്കോട് സ്ഥാപിക്കണം.
* ബോധവൽക്കരണത്തിലൂടെ പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പരിസര മലിനീകരണം ഇല്ലാതാക്കുക.
* തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ പരിപാടി തയ്യാറാക്കണം.
* പൊതുവാഹനങ്ങളിലും, പൊതുസ്ഥലങ്ങളിലും, സിനിമാശാലയിലുമുള്ള പുകവലി കർശനമായി നിരോധിക്കണം.
* പുഴക്കരയിൽ നടക്കുന്ന മലമൂത്ര വിസർജ്ജനം ബോധവൽക്കരണത്തിലൂടെ നിരുൽസാഹപ്പെടുത്തണം.
* അരീക്കോടിന്റെ സമഗ്രവികസനത്തിൽ ആരോഗ്യ മേഖലയിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രശ്നങ്ങളും അവയുടെ പരിഹാരം നിർദ്ദേശങ്ങളുമാണ് ചർച്ചകൾക്കും തീരുമാനങ്ങൾക്കും വേണ്ടി ഇവിടെ സമർപ്പിച്ചിട്ടുള്ളത്. പ്രാദേശിക്കമായി പരഹരിക്കാൻ കഴിയാത്ത ചില പ്രശ്നങ്ങൾ പരിഹരിക്കാൻ ബ്ലോക്ക്, ജില്ലാ, സംസ്ഥാന സർക്കാറുകളുടെ സഹകരണം വേണമെന്നുകൂടി ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സമഗ്രജനകീയാരോഗ്യ പരിപാടിയിലൂടെ ആരോഗ്യ പൂർണ്ണമായ ശുചിത്വപൂരിതമായ, അരീക്കോടിനെ സൃഷ്ടിക്കാനായി നമുക്ക് ഒന്നിച്ച് ഒറ്റക്കെട്ടായി മുന്നേറാം.

## കുടിവെള്ളം.

**'വെള്ളം വെള്ളം സർവ്വത്ര ഇല്ല കുടിപ്പാൻ വേണ്ടത്ര'** എന്ന കവി വചനം അന്വർത്ഥമാക്കുന്നതാണ് കേരളത്തിലെ കുടിവെള്ള ക്ഷാമം. 3000 മില്ലീമീറ്റർ മഴലഭിക്കുന്ന കേരളത്തിൽ പെയ്യുന്ന മഴവെള്ളം 24 മണിക്കൂർ കൊണ്ട് അറബികടലിൽ എത്തുന്ന രീതിയിൽ മേച്ചിലോടിന്റെ ചെരിവോടുകൂടിയ ഭൂപ്രകൃതിയാണിവിടുള്ളത്. ശാസ്ത്രീയമായി മഴവെള്ളം തടഞ്ഞുനിർത്തുന്ന പരിപാടികളിൽ കൂടി മാത്രമേ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയൂ.

ഒരു ദിവസം ഒരാൾക്ക് 75 ലിറ്റർ എങ്കിലും വെള്ളം വേണമെന്നാണ് കണക്ക്, നമ്മുടെ ദേശീയലക്ഷ്യം ഗ്രാമപ്രദേശത്ത് താമസിക്കുന്ന ഒരാൾക്ക് 40 ലിറ്റർ വെള്ളവും നഗരപ്രദേശത്ത് താമസിക്കുന്ന ഒരാൾക്ക് 70 ലിറ്റർ വെള്ളവും ലഭ്യമാക്കുക എന്നതാണ്. ഓരോ വർഷവും 1.80 കോടി ദേശീയ ജനസംഖ്യ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ലക്ഷ്യം നേടുകയെന്നത് വളരെ ശ്രമകരമായിരിക്കും.

ഈ പശ്ചാത്തലത്തിൽ അരീക്കോടിന്റെ ജലവിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നത് നന്നായിരിക്കും. 6,5,4,3,2,1 എന്നീ വാർഡുകളെ ചുറ്റികൊണ്ട് ചാലിയാറും 9,11,10, 1 എന്നീ വാർഡുകളെ ചുറ്റികൊണ്ട് കടുങ്ങല്ലൂർ തോടും ഒഴുകുന്നു. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ ജലവിഭവത്തെ വളരെ കുറഞ്ഞ തോതിലേ നമ്മൾ പ്രയോജനപ്പെടുത്തിയിട്ടുള്ളൂവെന്ന് കാണാം. ഇതിന്റെ സാധ്യതകൾ പഠിച്ച് ശാസ്ത്രീയമായി ഈ ജലവിഭവം ഉപയോഗപ്പെടുത്തികൊണ്ട് മാത്രമേ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നമുക്ക് കഴിയൂ.

പഞ്ചായത്തിലെ 65% ജനങ്ങളും ആശ്രയിക്കുന്ന ജലസ്രോതസ്സ് കിണറുകളാണ്. ലഭ്യമായ കണക്കുകൾ പ്രകാരം 2000 ത്തോളം

| വാർഡ് | പൊതുസ്ഥാപനം | സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശം. |
|---|---|---|---|---|---|
| 1. | ഇല്ല | ഇല്ല | വയറിളക്കം. ഛർദ്ദി, ടൈഫോയ്ഡ്, ചെങ്കണ്ണ്, ചപ്പട്ട, മഞ്ഞപ്പിത്തം, വിരശല്യം, ചൊറി, ജലദോഷം, ചുമ, പനി, ബാല T.B, തുടങ്ങിയവയാണ് പൊതുവിൽ കാണപ്പെടുന്ന രോഗങ്ങൾ ഇവയ്ക്ക് പുറമെ വളരെ കുറച്ചുപേർക്ക് കാൻസർ, ഹാർട്ട് അറ്റാക്ക്, ആസ്തമ, ഡയബെറ്റിസ്, മൂന്നുപേർക്ക് കുഷ്ഠം, ക്ഷയരോഗം മറ്റു വാർദ്ധക്യകാല രോഗങ്ങൾ എന്നിവയും കാണപ്പെടുന്നുണ്ട് ഇതിന്റെ ശതമാനം വളരെ കുറച്ചാണ്. | | |
| 2. | IPP സബ്സെന്റർ | ഇല്ല | | താമസമില്ല. | സെന്ററിൽ താമസിച്ച് പ്രവർത്തനം ജനകീയമാക്കണം. |
| 3. | ഇല്ല | ഇല്ല | | | |
| 4. | ഗവ: ആശുപത്രി HI യുടെ ഓഫീസ്. | 1. ദന്താശുപത്രി 2. അലോപതി കൺസൾടിംഗ് സെന്ററുകൾ. 3. ഹോമിയോക്ലിനിക്കുകൾ. 4. ആയുവേദ ക്ലിനിക്കുകൾ. (കോട്ടക്കൽ, ഔഷധി, നാഗാർജ്ജുന, ഉണ്ണിക്കുട്ടിവൈദ്യർ, കോയമ്പത്തൂർ) 5. ഇംഗ്ലീഷ് മരുന്നുഷാപ്പുകൾ. | | ഗവ: ആശുപത്രി ഏറെക്കുറെ നന്നായി പ്രവർത്തിക്കുന്നു. | സൗകര്യങ്ങൾ ഉടൻ തന്നെ വർദ്ധിപ്പിക്കണം. |
| 5. | ഇല്ല. | ക്ലിനിക്ക്: അലോപതി; 1. ഹോമിയോ1; ആയുർവ്വേദക്ലിനിക്ക് 1; ഏജൻസി 2; ഇംഗ്ലീഷ് മരുന്നുഷാപ്പ്3; ലബോറട്ടറി2; x-Ray Tech-1; അലോപ്പതി കൺസൾട്ടിംഗ് 3. | | ക്ലിനിക്കുകൾ പൊതുവെ തരക്കേടില്ല. | |
| 6. | ഇല്ല. | വൈദ്യശാല1; ഹോമിയോ1 | | തരക്കേടില്ലാത്ത പ്രവർത്തനം കൂടുതൽ | കൂടുതൽ ജനകീയമാവണം. |
| 7. | ഹെൽത്ത് സെന്റർ IPP; LHI ക്വാർടേഴ്സ്; MSP ആശുപത്രി | ഇല്ല | | | |
| 8. | ഇല്ല. | അലോപ്പതി കൺഡർട്ടിംഗ്1 വൈദ്യശാല 1 | | ആയുർവ്വേദ ആശുപത്രി സൗകര്യ കുറവിലും, നന്നായി പ്രവർത്തിക്കുന്നു. | സ്വന്തം കെട്ടിടം വേണം. |
| 9. | IPP സബ്സെന്റർ ആയുർവ്വേദ ആശുപത്രി. | ആയുർവ്വേദമെഡിക്കൽ ഷോപ്പ്.1 ഹോമിയോക്ലിനിക്ക് 1 | | | |
| 10. | IPP സബ്സെന്റർ | ഇല്ല. | | തരക്കേടില്ല. | ജനകീയമാവണം. |
| 11. | ഇല്ല | ഇല്ല | | | |

കിണറുകളാണ് പഞ്ചായത്തിലുള്ളത് 60% കിണറുകളിലേ സ്ഥിരമായി വെള്ളം ഉണ്ടാകാറുള്ളൂ. 42 പൊതുകിണറുകൾ പഞ്ചായത്തിലുള്ളതിൽ 14 എണ്ണത്തിൽ വെള്ളമില്ല. 10 ഓളം കുഴൽകിണറുകൾ, 42 കുളങ്ങൾ (പൊതുസ്വകാര്യ) 10 ഓളം നീർച്ചോലകൾ, 5 തോടുകൾ എന്നിവയാണ് പഞ്ചായത്തിലെ മറ്റ് പ്രധാന ജലവിഭവങ്ങൾ.

## *ശുദ്ധജലപദ്ധതികൾ.*

1. അരീക്കോട് 4,5 വാർഡുകളിൽ ശുദ്ധജലവിതരണം നടത്തുന്ന റൂറൽ വാട്ടർ സപ്ലൈസ്കീം. 1975ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ വിശദാംശങ്ങൾ പട്ടിക1ൽ ചേർത്തിരിക്കുന്നു.

പട്ടിക 1

| | |
|---|---|
| പമ്പുകൾ | 15HP, 25HPവീതമുള്ള ഓരോന്ന് |
| ടാങ്ക് കാപ്പാസിറ്റി സ്ഥലം | 66000ലിറ്റർ MSPക്യാമ്പിന് സമീപം |
| പൊതു ടാപ്പുകൾ | 92 ണ്ണം |
| വീടുകൾക്കുള്ള കണക്ഷൻ | 200 എണ്ണം |
| പ്രയോചനം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം | 8000 |
| പദ്ധതതിയുടെ സാമ്പത്തിക സഹായം | LIC |
| പദ്ധതി നടത്തിപ്പ് | വാട്ടർ അതോറിറ്റി |
| വെള്ളം പമ്പു ചെയ്യുന്നത് | ചാലിയാറനൽനിന്ന് പാലത്തിനടുത്ത് |

ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഉദ്ദേശിക്കപ്പെട്ടത്ര ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നും ലഭിക്കുന്ന ജലം കുടിവെള്ളത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച് പാഴാക്കികഴയുന്നുണ്ടോ എന്നും പരിശോധിക്കപ്പെടേണ്ടതാണ്.

2. 1987ൽ കമ്മീഷൻ ചെയ്യപ്പെട്ട ഉഗ്രപുരം ഹരിജൻ കോളനി വാട്ടർ സപ്ലൈ സ്കീമിന്റെ വിശദാംശങ്ങൾ പട്ടിക 2ൽ ചേർത്തിരിക്കുന്നു.

പട്ടിക 2

| | |
|---|---|
| പമ്പുകൾ | 15HP, വീതമുള്ള രണ്ട് പമ്പുകൾ |
| ടാങ്ക് കാപ്പാസിറ്റി, സ്ഥലം | 50000ലിറ്റർ GH ന് സമീപം |
| പൊതു ടാപ്പുകൾ | 40 ണ്ണം |
| വീടുകൾക്കുള്ള കണക്ഷൻ | 18 എണ്ണം |
| പ്രയോചനം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം | 4500 |
| പദ്ധതതിയുടെ സാമ്പത്തിക സഹായം | SCEP പ്രൊജക്ട് |
| പദ്ധതി നടത്തിപ്പ് | വാട്ടർ അതോറിറ്റി |
| വെള്ളം പമ്പു ചെയ്യുന്നത് | പെരുങ്കടവ് ചാലിയാർ |

3. 94ൽ പ്രവർത്തനം ആരംഭിച്ച മിനി വാട്ടർ സപ്ലൈസ്കീം, ഇതിന്റെ വിശദാംശങ്ങൾ പട്ടിക 3ൽ ചേർത്തിരിക്കുന്നു.

പട്ടിക 3

| | |
|---|---|
| ടാങ്ക് കാപ്പാസിറ്റി സ്ഥലം | 83000ലിറ്റർ ITI ക്ക് സമീപം |
| പൊതു ടാപ്പുകൾ | 24 ണ്ണം Fund |
| പദ്ധതി ഫണ്ട് | പഞ്ചായത്ത് |
| വെള്ളം പമ്പു ചെയ്യുന്നത് | ഉഗ്രപുരം ഹരിജൻ കോളനി സ്കീമിൽ പെട്ട ടാങ്കിൽ നിന്ന് |

ഈ സ്കീമുകളിൽ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ 4,5,3,2,8,9,10,11 എന്നീ വാർഡുകളിലാണ് ഉള്ളത്. മറ്റ് വാർഡുകളെ കൂടി ബന്ധിച്ചുകൊണ്ടുള്ള ശുദ്ധജലപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മാത്രമെ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയൂ.

ഈ മൂന്ന് സ്കീമുകളേയും പറ്റി വിശദമായുള്ള പരിശോധനകൾ നടക്കേണ്ടതുണ്ട്. ഉഗ്രപുരം പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് ഈ സ്കീം പരിഹാരമാണോ എന്നും അല്ലെങ്കിൽ മൂർത്തമായ നിർദേശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കണം. മൂന്നാമത്തെ സ്കീമിൽ വെള്ളം പമ്പുചെയ്യുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ ഉദ്ദേശിച്ച ഗുണം പദ്ധതികൊണ്ട് ജനങ്ങൾക്ക് ലഭ്യമല്ല. ഇവിടേക്ക് നേരിട്ട് വെള്ളം പമ്പ് ചെയ്യാനുള്ള പദ്ധതി ഉണ്ടാവണം. മൂന്ന് പദ്ധതികളിലും ഇപ്പോൾ പമ്പിംഗ് സമയം 10മുതൽ 6വരെയാണ്. ഇതിനുപുറമെ രാത്രി 12 മുതൽ രാവിലെ 6വരെയുള്ള ഒരു ഷിഫ്റ്റ് കൂടി ആരംഭിക്കണം.

## *ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും.*

| വാർഡ് | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ | പരിഹാരങ്ങൾ |
|---|---|---|
| 1. | നെല്ലക്കുന്ന്, അമ്പിലിയാൻകന്ന് പടിഞ്ഞാറേ ഭാഗം തടായി, കോലോർകുന്ന്, അരക്കഞ്ചീരി ഉണിക്കാളിഹരിജൻ കോളനി, വെള്ളാട്ടുചോല തടത്തിൽ മദ്രസ്സ, പള്ളി, പൂങ്കുടി മുതലായസ്ഥലങ്ങളിൽ | ചെനക്കത്തടത്തിൽ ടാങ്ക് കെട്ടി ചാലിയാറിൽ നിന്നും പമ്പ്ചെയ്യുക. മറ്റ്സ്ഥലങ്ങളിൽ പൊതുകിണറുകൾകുഴിക്കുക. കുഴൽകിണറിന് നരിയൻകുന്നിൽ ഫിൽട്ടർ സമ്പ്രദായം നടപ്പിലാക്കുക |
| 2. | കാരാണ്ടിൽ ഹരിജൻ കോളനി വാലിൽ ഭാഗം, താഴത്തേൽ ഭാഗം, ക.ഠ.ക മുതൽ മൂച്ചിത്തോട്ടം വരെ, വല്ലാനിക്കാട് കോളനി | K.W.A പൈപ്പ് ലൈൻ നീട്ടുക, സാധ്യതയുള്ള സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുക. |
| 3. | ഉഗ്രപുരം ഹരിജൻ കോളനി വടക്കേഭാഗം സൂര്യനഗർ | K.W.A പൈപ്പ്ലൈൻ നീട്ടുക മിനിവാട്ടർ സപ്ലൈസ്കീം നടപ്പാക്കുക |
| 4. | മേത്തലങ്ങാടി, കോലാർകുന്ന് ഭാഗങ്ങളിൽ അനുഭവപ്പെടിന്ന കുടവെള്ളം പൈപ്പിൽ മുഴുവൻ സമയവും ലഭ്യമല്ലാത്ത അവസ്ഥ | നിലവിലുള്ള സ്കീം വിപുലീകരിക്കുക കാട്ടുതായ്ഭാഗത്ത് വെള്ളം ലഭിക്കുന്ന സ്ഥലത്ത് കിണർ കുഴിച്ച് പമ്പിംഗ് നടത്തുക(മിനി വാട്ടർസ്കീം) |
| 5. | പാറമ്മൽ ചങ്കിങ്ങൽ ഭാഗങ്ങളിൽ വെള്ളം എത്തിക്കുക | അരീക്കോട് വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കുക |
| 6. | തെക്കേ പുത്തലം, ഏലിയാപറമ്പ് റോഡ്, ആശാരിക്കുന്ന്, കോട്ടവരിക്കുന്ന്, മുള്ളത്ത് കുന്ന്, നെച്ചില കുന്ന്, തിരുത്തിപറമ്പ് എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം | ചാലിയാറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ശുദ്ധജല വിതരണം നടത്തുക. ആവശ്യമായ മറ്റ് സ്ഥലങ്ങളിൻ കിണറുകൾ കിണറുകൾ കുഴിക്കുക. |
| 7. | പടിക്കൽതൊടി കോളനി തെങ്ങിൻ ചാലിൽ കോളനി മുള്ളത്ത് കുന്ന്, മൂട്ടുങ്ങൽ, പഞ്ചായത്ത് 4 സെന്റ് കോളനി പുതുവനകുന്ന്, നടക്കാവുങ്ങൽ | അനുയോജ്യമായ ശുദ്ധജല സ്കീമുകൾ |
| 8. | പൂക്കോട്ടുചോല ഭാഗം | പഞ്ചായത്ത് മിനിവാട്ടർ സപ്ലൈസ്കീം വിപുലീകരിക്കുക. |

| | | |
|---|---|---|
| 9. | മുണ്ടുമുഴിക്കുന്ന്, നീലിമണ്ണിൽകോളനി മുഞ്ഞക്കോട്ടിൽ കോളനിയും പരിസര പ്രദേശവും മൂത്തേരിപ്പറമ്പ് കോളനി, വെളുത്തപറമ്പ് കോളനി, നെച്ചിപറമ്പിൽ കോളനി തുടങ്ങിയ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം | മുണ്ടുമുഴികടവിൽ നിന്നും പമ്പിംഗ് നടത്തി നീലി മണ്ണിൽ മുണ്ടുമുഴിക്കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക. മറ്റ് കോളനികളെ സമഗ്രമായി ബന്ധി പ്പിക്കുന്ന ശുദ്ധജല പദ്ധതി നടപ്പാക്കുക. വയലിൽ മുന്ന് സെന്റിൽ കുളം കുഴിച്ച് പമ്പിംഗ് നടത്തുക |
| 10. | പെരാണത്തുമ്മൽ നടുക്കണ്ടി, പരക്കാട് കാരമുറ്റം, ചെത്തുവഴിപ്പുറം, എന്നീ കോളനികളിലും പരിസരത്തും കഠകയുടെ പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം | 1-ാം വാർഡിലെ ചെനക്കത്തെ ടത്തിൽ ടാങ്ക് നിർമ്മിച്ച പൂങ്കുടി, ചാലിയാറ് എന്നി വിടങ്ങളിലെവിടെനിന്നെങ്കിലും പമ്പിംഗ് നടത്താം. |
| 11. | പെരുവങ്ങാട്ടിൽ കോളനി, മുണ്ടമ്പ്രതാഴത്തും മുറി 14-ാം നമ്പർ അംഗൻവാടി ഭാഗം എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പാലക്കാപറമ്പ്, പൂച്ചക്കണ്ണിഭാഗം എന്നിവിടങ്ങളിലും കുടിവെള്ളക്ഷാമം ഉണ്ട് | മിനി വാട്ടർസ്കീം നടപ്പിലാക്കുക ചെനക്കതടം ടങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ നിർമ്മിക്കുക |

ഗ്രാമസഭാ ചർച്ചകളിൽ ജനങ്ങൾ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഉന്നയിച്ച നിർദ്ദേശങ്ങൾ എല്ലാം തന്നെ സജീവമായ പരിഗണന അർഹിക്കുന്നുവയാണ്. താഴെ പറയുന്ന ചില പൊതുനിർദ്ദേശങ്ങൾക്കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയൂ.

* ഓരോ പറമ്പിലും ലഭ്യമാകുന്ന മഴവെള്ളം പരമാവധി മണ്ണിൽ താഴാനുള്ള സംവിധാനങ്ങൾ സ്വയം ഉണ്ടാക്കുക.
* ചെറു ചെരുവുകളിൽ വെള്ളം ഒഴുകിപോവുന്നത് തടയാനുള്ള വരമ്പുകളിടുകയും ചില സ്ഥലങ്ങളിൽ 1 മീറ്റർ വീതി 3 മീറ്റർ നീളം 50cm താഴ്ചയുമുള്ള ട്രഞ്ചുകൾ നിർമ്മിക്കുക.
* അനുയോജ്യമായ നിരന്ന സ്ഥലങ്ങളിൽ 1 മീറ്റർ സമചതുരവും 50cm താഴ്ചയുള്ള കുഴികൾ എടുക്കുക.
* തെങ്ങുകൾക്ക് തടമെടുക്കുക.
* കയ്യാലകൾ നിർമ്മിക്കുക.
* കല്ലുവെട്ടു കുഴികളിലേക്ക് മഴവെള്ളം ഒഴുക്കുക.
* ഡ്രിപ്പ് ഇറിഗേഷൻ, കുടംവെക്കൽ എന്നീ രീതികളുപയോഗിച്ച് തോട്ടം നനക്കൽ
* കിണറുകളിൽ കുറഞ്ഞ പവറുള്ള മോട്ടോറുകൾ ഉപയോഗിക്കുക
* മണ്ണിലെ ഈർപ്പം നിലനിർത്താൻ പുതയിടുക.
* ഉണങ്ങിയ മണ്ണുകൊണ്ട് പുതയിടുക.
* തോട്ടങ്ങളിൽ ചാലുകൾ കീറി തൊണ്ട് അടുക്കുക.
* ജൈവവളങ്ങൾ ഉപയോഗിച്ച് മണ്ണിന്റെ ജലശേഖരണശേഷി വർദ്ധിപ്പിക്കുക.
* പൊതുജല ശ്രോതസ്സുകളുടെ ജലശേഖരണശേഷി വർദ്ധിപ്പിക്കുക.
* വയലുകളും, കുളങ്ങളും, കുഴികളും മണ്ണിട്ട് നികത്താതിരിക്കുക.
* പഞ്ചായത്തിലെ നീരുറവകൾ സംരക്ഷിച്ച് ജലം ഉപയോഗപ്പെടുത്തുക.
* തടയണകൾ ഉള്ളവ നിലനിർത്തുകയും സാധ്യതകൾക്കനുസരിച്ച് പുതിയവ നിർമ്മിക്കുകയും ചെയ്യുക.

* ഭൂഗർഭ തടയണകൾ നിർമ്മിക്കുക.
* പുതിയ കുളങ്ങൾ സാധ്യതയുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുക.
* എല്ലാപൊതു കിണറുകളിലേയും ചളിവാരി വൃത്തിയാക്കുക.
* എല്ലാ വാർഡിലും ജലസംരക്ഷണ സമിതികൾ രൂപീകരിക്കുക.
* സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യുക.
* കാര്യക്ഷമമായ ജലവിനിയോഗം നടത്തുക.

(ഉദ: (1) പൈപ്പ് വെള്ളം ഉപയോഗിച്ച് വാഹനങ്ങൾ കഴുകുന്നത് തടയുക

(2) പൈപ്പ് വെള്ളം തുറന്നിട്ട് പാഴാക്കി കളയൽ.

(3) പല്ല് ബ്രഷ്ചെയ്യുമ്പോഴും ഷേവ് ചെയ്യുമ്പോഴുമെല്ലാം പൈപ്പ് തുറന്നിട്ട് പാഴായി പോവുന്ന വെള്ളം .... തുടങ്ങിയവ ശ്രദ്ധിച്ചാൽ തടയാവുന്ന കാര്യങ്ങളാണ് ....)

* ജലമലിനീകരണം തടയുക
* വെള്ളം അമൂല്യമാണെന്ന ആശയം വ്യാപകമായ ബോധവൽകരണ ക്ലാസുകളിലൂടെ പ്രചരിപ്പിക്കുക.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ജനകീയമായി ഏറ്റെടുക്കുകയും ഒളവണ്ണ പഞ്ചായത്തിൽ നടത്തിയപോലുള്ള സാമൂഹ്യ കുടിനീർ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക. (ഒളവണ്ണ മാതൃക-കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ 10-15 കുടുംബങ്ങൾ ഒന്നിച്ച് വെള്ളം ലഭ്യമാവുന്ന സ്ഥലത്ത് 2-3 സെന്റ് സ്ഥലം ഓരോ വീട്ടിലേക്കും കണക്ഷൻ നൽകുകയും ചെലവ് ഗുണഭോക്താക്കൾ വീതിച്ചെടുക്കുകയും ചെയ്യുന്ന 25 ഓളം സാമൂഹ്യ കുടിനീർ പദ്ധതികൾ ഇന്ന് നിലവിലുണ്ട്.)

അരീക്കോട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് വലിയൊരളവോളം പരിഹാരമാകുന്ന കവണകല്ല് റെഗുലേറ്റർ കാബ്രിഡ്ജ് എത്രയും പെട്ടെന്ന് നിർമാണം പൂർത്തിയാക്കുക.

ഇത്രയും പരിഹാരങ്ങൾ നടപ്പിലാക്കാനുള്ള ജനകീയമുന്നേറ്റം സാധ്യമാക്കികൊണ്ടും 'എന്റെ ആരോഗ്യം എന്റെ ഉത്തരവാദിത്വം' എന്ന ബോധം ജനങ്ങളിൽ സൃഷ്ടിച്ചുകൊണ്ടും കുടിവെള്ളക്ഷാമമില്ലാത്ത ജലസമ്പുഷ്ടമായ അരീക്കോടിന്റെ പുനഃസൃഷ്ടിയിൽ നമുക്ക് പങ്കാളികളാകാം.

*"വയറിളക്കം വന്നുപെട്ട*
*കുട്ടികൾക്കെല്ലാം നമ്മള്*
*വളരെ വേഗം നൽകിടേണം*
*കരക്കിൻ വെള്ളം*
*ഉപ്പുചേർത്ത കഞ്ഞിവെള്ളം*
*കൊടുത്തിടേണം ചുട്ട-*
*പപ്പടവും ഒരു കഷണം ചെറുനാരങ്ങേം"*

# 6.ഗതാഗതം, ഊർജ്ജം, മാർക്കററ്



## ഗതാഗതം

ഒരു നാടിന്റെ വികസനത്തിൽ ഗതാഗത സൗകര്യത്തിനുള്ള പങ്ക് നിസ്സാരമല്ല. അരീക്കോട് പഞ്ചായത്തിലെ ഗതാഗത സൗകര്യം പ്രധാനമായി റോഡുകൾ തന്നെയാണ്. ഈ പഞ്ചായത്തിൽ റെയിൽ സൗകര്യം ഒട്ടും തന്നെയില്ല ജലഗതാഗത സൗകര്യം നാമമാത്രമാണ്. റോഡ് ശൃംഖല വികസിക്കുന്നതിന് മുമ്പ് ചരക്കഗതാഗതത്തിനും യാത്രയ്ക്കും ആശ്രയിച്ചിരുന്നത് പ്രധാനമായും ചാലിയാറിനെയായിരുന്നു.

1920 കളിലെ അവസാനത്തിലാണ് ഇവിടെ ബസ് സർവ്വീസ് ആരംഭിക്കുന്നത്. അരിക്കോട് മഞ്ചേരി വഴി കോഴിക്കോട്ടേയ്ക്കാണ് ആദ്യത്തെ സർവ്വീസ് നടത്തിയിരുന്നത്. ശ്രീധരാമോട്ടോർസായിരുന്നു. ആദ്യത്തെ ബസ്. 22 സീറ്റുകൾ മാത്രമുള്ള ഈ ബസ് യാത്രക്കാരുടെ ഇഷ്ടാനുഷ്ടങ്ങൾ അനുസരിച്ച് നിർത്തുകയും കാത്തുകിടക്കുകയും ചെയ്തിരുന്നു. പെട്രോൾ ഉപയോഗിച്ച് ഓടിച്ചിരുന്ന ഇത്തരം ബസുകൾ രണ്ടാം ലോകമഹായുദ്ധകാലത്ത് ഇന്ധനക്ഷാമം മൂലം കൽക്കരി ഉപയോഗിക്കാൻ നിർബന്ധിതമായി. തുടർന്ന് ജാക്കോബിയുടെ റൂറൽമോട്ടോർ സർവ്വീസും വാഴയിൽ ഉണ്ണി മുഹമ്മദിന്റെ അൽഇസ്ലാം മോട്ടോർ സർവ്വീസും നിലവിൽ വന്നു.

റോഡുകൾ വികസനത്തിനുള്ള ഒരു മുൻ ഉപാധിയാണെങ്കിലും പരിമിതമായ വിഭവം മുൻഗണനക്രമം പരിഗണിക്കാതെ കണക്കിലധികം റോഡുകൾക്കുവേണ്ടി ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് അരീക്കോട് പഞ്ചായത്തിലെ റോഡ് ശൃംഖലയുടെ വ്യാപ്തി സൂചിപ്പിക്കുന്നു. 12.21 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിലുള്ള ഈ പഞ്ചായത്തിൽ 25 കി.മീ ടാർ ചെയ്ത റോഡും 34.788 കി.മി ടാർ ചെയ്യാത്ത റോഡുക

റോഡുകളുടെ വീതിയില്ലായ്മ, അപകട കരമായ വളവുകൾ ഇരുവശങ്ങളിലും നടപ്പാതകൾ ഇല്ലായ്മ തുടങ്ങിയവ റോഡു ഗതാഗതം ദുഷ്കരമാക്കുന്നു. കടകൾ പൊതു നിരത്തിലേക്ക് ഇറക്കികെട്ടുന്നത് മറ്റൊരു പ്രശ്നമാണ് റോഡുകൾ വീതികൂട്ടിയെങ്കിൽ തന്നെ ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ പഴയസ്ഥാനത്ത് നിലനിൽക്കുന്നു. ഗ്രാമസഭകൾ നടക്കുന്ന സമയത്ത് മഹാരാഷ്ട്രയിൽ നിന്നു വന്ന പഠന സംഘം നമ്മുടെ ബസ്സുകളുടെ വേഗതയെക്കുറിച്ച് ആശങ്കയോടെ സംസാരിച്ചു. ഇതിലും നല്ല, നേർരേഖയിലുള്ള മെച്ചപ്പെട്ട റോഡുകൾ അവരുടെ നാട്ടിലുണ്ട്. അവിടെപ്പോലും നിശ്ചിതവേഗത ബസ്സുകൾ പാലിക്കുന്നു. നമ്മുടെ ബസ്സിൽ ഭയത്തോടെയാണ് യാത്ര ചെയ്തതെന്ന് അവർ എടുത്തു പറഞ്ഞത് ശ്രദ്ധേയമാണ്. ഇവിടെയുണ്ടാകുന്ന ബസ്സപകടങ്ങളിൽ കൂടുതലും അമിതവേഗത കൊണ്ടാണെന്നുള്ളതും പ്രസ്താവ്യമാണ്. സാദ്ധ്യതയുള്ളിടത്ത് തണൽ വൃക്ഷങ്ങൾ നട്ടുപ്പിടിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് റജിസ്റ്റർ ശാസ്ത്രീയമാക്കുന്നതിന് താഴെ കാണിച്ച പട്ടികാക്രമം സ്വീകരിക്കാവുന്നതാണ്. ഈ പട്ടിക വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണ് തയ്യാറാക്കേണ്ടത്. (പട്ടിക IV) ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്.

അരീക്കോട് പഞ്ചായത്തിലെ 4,5 വാർഡുകളിൽ ഒരിഞ്ച് സ്ഥലം പോലും റോഡുമായി ബന്ധപ്പെട്ട വികസനത്തിന് ലഭ്യമല്ലെന്നിരിക്കെ ദീർഘവീക്ഷണത്തോടുകൂടി ഒരു പുതിയ ബസ്റ്റാന്റിന് സ്ഥലം കണ്ടെത്തുന്നത് നന്നായിരിക്കും. ഊർക്കടവിലെ റെഗുലേറ്റർ കംബ്രിഡ്ജ് പണിതീരുന്നതോടുകൂടി അരീക്കോട് വാഴക്കാട് റോഡിന്റെ പ്രാധാന്യം വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. സമീപഭാവിയിൽ ഉണ്ടായേക്കാവുന്ന ഗതാഗത കുരുക്ക് ഒഴിവാക്കാൻ അരീക്കോട് മുക്കം റോഡിനേയും കുണ്ടോട്ടി റോഡിനേയും ബന്ധിപ്പിക്കുന്ന ബൈപ്പാസ് റോഡ് വേണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നത് സ്വാഗതാർഹമാണ്.

ളുമുണ്ട് എന്നറിയുംമ്പൊഴെ റോഡുകൾക്കു വേണ്ടി നാം മുടക്കിയ തുകയുടെ ഒരേകദേശ ധാരണ ലഭിക്കുക്കയുള്ളൂ. ഒരു ചതുരശ്ര കി.മീറ്ററിന് ശരാശരി രണ്ടു കിലോ മീറ്റർ ടാർ റോഡും 3 കി.മീ ടാർ ചെയ്യാത്ത റോഡും ഇപ്പോഴുണ്ട്. ഗതാഗതയോഗ്യമായ റോഡ് ഒരു ചതുരശ്ര കി.മീറ്ററിന് സംസ്ഥാന ശരാശരി 3.2 കിലോമീറ്ററാണെങ്കിൽ അരീക്കോട് പഞ്ചായത്തിൽ അത് 5 കി.മി ആണ്. എന്നിരിക്കെ ഗ്രാമസഭകളിൽനിന്നും ഇനിയും പുതിയ റോഡുകൾക്ക് വേണ്ടിയുള്ള ആവശ്യം ഉയർന്നിട്ടുണ്ട്.

റോഡു ശൃംഖല ഇത്രയും വികസിച്ചിട്ടുണ്ടെങ്കിലും വാഹനങ്ങളുടെയും യാത്രക്കാരുടെയും പെരുപ്പം റോഡുകൾക്ക് താങ്ങാവുന്നതിൽ അപ്പുറമാണ്. അരീക്കോട് ബസ്റ്റാന്റിൽ ദിവസേന പലട്രിപ്പുകളായി സർവ്വീസ് നടത്തുമ്പോഴേക്കും അക്ഷാർത്ഥത്തിൽ അരീക്കോട് ശ്വാസം മുട്ടുകയാണ്. ഇതിനു പുറമെ 96 ഓട്ടോറിക്ഷകളും 75 ജീപ്പുകളും 6 ടൂറിസ്റ്റ് ടാക്സികളും 35 പിക്കപ്പു വാനുകളും 38 ഗുഡ്സ് ഓട്ടോകളും ഈ പഞ്ചായത്തിൽത്തന്നെയുണ്ട്. ഇവയ്ക്ക് വേണ്ടെത്ര പാർക്കിങ്ങ് സൗകര്യങ്ങളില്ല എന്നതും ഗതാഗതം ദുഷ്കരമാക്കുന്നുണ്ട്.

റോഡുകൾ വ്യാപകമാകുന്നതിനനുസരിച്ച് ചില പ്രശ്നങ്ങളും ഉയർന്നുവരുന്നുണ്ട്. ടാർചെയ്യാത്ത റോഡുകളിൽ മണ്ണൊലിപ്പ് പലയിടത്തും അതി രൂക്ഷമാണ്. റോഡുകൾക്കു വേണ്ടി വെട്ടി നശിപ്പിക്കപ്പെടുന്ന വൃക്ഷങ്ങളുടെ എണ്ണം ഭീമമാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. നടന്നാൽ തന്നെ ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പ് പൊട്ടിപ്പൊളിഞ്ഞു പോകുന്നു. ഫണ്ടിന്റെ പരിമിതിയും, ജനങ്ങളുടെ നിസ്സംഗതയും, 'കോൺട്രാക്ടർ വികസനവും' ഒക്കെയാണ് ഇതിനു കാരണം. ഓവുചാലുകളും, ഓവുപാലങ്ങളും നിർമ്മിച്ച് നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തിയാൽ തന്നെ റോഡുകളുടെ ആയുസ് നീട്ടാൻ കഴിയും. ജന പങ്കാളിത്തത്തിലൂടെ വമ്പിച്ച മുന്നേറ്റം സൃഷ്ടിക്കാവുന്ന ഒരു മേഖലയാണിത്.

## പട്ടിക I. പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡുകളുടെ പേര് | ഉടമസ്ഥത | ദൂരം കി.മീ. | വീതി മീ. | ബസ് മറ്റ് യാത്രാ സൗകര്യം. |
|---|---|---|---|---|---|
| 1. | കിളിക്കല്ല്-പൂങ്കുടി | PWD | 6.400 | 8 | ഉണ്ട് |
| 2. | അരീക്കോട്-വാഴക്കാട് JN. അരീക്കോട് പാലം | ,, | 0.400 | 8 | ഉണ്ട് |
| 3. | പുത്തലം-കടുങ്ങല്ലൂർപാലം | ,, | 4.00 | 8 | ഉണ്ട് |
| 4. | അരീക്കോട് Jn: MSP ക്യാമ്പ് റോഡ് | ,, | 0.750 | 4 | ഉണ്ട് |
| 5. | മാതുക്കോട്പൂക്കോട്ടു ചോല | ,, | 1.250 | 3 | ഉണ്ട് |
| 6. | പൂങ്കുടി പൂക്കോട്ടു ചോല റോഡ് | പഞ്ചായത്ത് | 3.20 | 3 | ഉണ്ട് |
| 7. | ഗവ: ഹൈസ്ക്കൂൾനിലക്കടവ് റോഡ് | ,, | 2.00 | 5 | ഉണ്ട് |
| 8. | ബസ്റ്റാന്റ് അപ്രോച്ച് റോഡ് | ,, | 0.300 | 8 | ഉണ്ട് |
| 9. | ചാലിൽതൊടി അഹമ്മദ് റോഡ് | ,, | 0.70 | 4 | ഉണ്ട് |
| 10. | താഴത്തങ്ങാടി റോഡ് | ,, | 0.880 | 3 | ഉണ്ട് |
| 11. | നോർത്ത് കൊഴക്കോട്ടൂർ ITI റോഡ് | ,, | 0.400 | 4 | ഉണ്ട് |
| 12. | ചെമ്രക്കാട്ടൂർ-കാവന്നൂർ റോഡ് | ,, | 1.00 | 3.5 | ഉണ്ട് |
| 13. | വെള്ളേരി-ചെമ്രക്കാട്ടൂർ റോഡ് | ,, | 0.140 | 3.5 | ഉണ്ട് |
| 14. | വെള്ളേരി ITI റോഡ് | ,, | 2.500 | 3 | ഇല്ല |
| 15. | മേത്തലങ്ങാടി റോഡ് | ,, | 0.250 | 3 | ഉണ്ട് |
| 16. | വാഴയിൽ പള്ളി-അറബിക്കോളേജ് റോഡ് | ,, | 0.175 | 3 | ഉണ്ട് |
| 17. | S.O.H.S. റോഡ് | ,, | 0.135 | 3 | ഉണ്ട് |
| 18. | മൈത്രക്കടവ് റോഡ് | ,, | 0.200 | 3 | ഉണ്ട് |
| 19. | പുത്തലം L.P സ്ക്കൂൾ റോഡ് | ,, | 0.177 | 3 | ഉണ്ട് |
| 20. | അത്താണിക്കൽഏട റോഡ് | ,, | 0.300 | 3 | ഉണ്ട് |
| 21. | വെളുത്തപറമ്പ്ഹരിജൻ കോളനി റോഡ് | ,, | 0.420 | 3 | ഉണ്ട് |
| 22. | വെള്ളേരി-പൂച്ചക്കണ്ണി റോഡ് | ,, | 0.150 | 3 | ഉണ്ട് |
| 23. | നോർത്ത് കൊഴക്കോട്ടൂർ-സ്ക്കൂൾ റോഡ് | ,, | 0.197 | 3.20 | ഉണ്ട് |
| 24. | നടക്കാവുങ്ങൽ-മാതക്കോട് റോഡ് | ,, | 0.195 | 3.20 | ഉണ്ട് |
| 25. | താഴത്തങ്ങാടി-പള്ളിക്കടവ് റോഡ് | ,, | 0.125 | 4.50 | ഉണ്ട് |
| 26. | താഴത്തങ്ങാടി-താൾതൊടി റോഡ് | ,, | 0.120 | 4.00 | ഉണ്ട് |
| | Total | | 25.554 KM | | |

### പട്ടിക. II പഞ്ചായത്തിലെ ടാർചെയ്യാത്ത റോഡുകൾ.

| നമ്പർ | റോഡിന്റെ പേര് | നീളം കി.മീ. | വീതി മീ. | ബസ്/ മറ്റുവാഹനയാത്രാ സൗകര്യം ചെല വഴിച്ച തുക |
|---|---|---|---|---|
| 1. | തെക്കേപ്പാട്ടു വഴി റോഡ് | 0.750 | 5 | ഇല്ല |
| 2. | വല്ലാനിക്കാട്ടുകുളം റോഡ് | 0200 | 5 | ഇല്ല |
| 3. | വെള്ളാട്ടുചോല മാങ്കടവ് റോഡ് | 0.700 | 3.5 | ഇല്ല |
| 4. | പുത്തലം കൊഴക്കോട്ടൂർ റോഡ് | 0.525 | 3 | ഇല്ല |
| 5. | താന്നിക്കൽപുല്ലൂർ മണ്ണവിളക്കണ്ടം റോഡ് | 0.500 | 3 | ഉണ്ട് |
| 6. | ആലുക്കൽകാരിപറമ്പ് റോഡ് | 0.400 | 4 | ഇല്ല |
| 7. | പീലാത്തോട്ടിൽ റോഡ് | 0.340 | 3 | ഇല്ല |
| 8. | പറക്കാട് റോഡ് | 0.575 | 5 | ഉണ്ട് |
| 9. | മുഴിക്കൽ കടവ് റോഡ് | 0.420 | 3 | ഉണ്ട് |
| 10. | പുത്തലം സൗത്ത്കൊഴക്കോട്ടൂർ | 1.050 | 5 | ഉണ്ട് |
| 11. | ആലുക്കൽചക്കുതൊടി തലക്കുളം | 0.430 | 3.5 | ഉണ്ട് |
| 12. | കാരിപറമ്പ്കുന്നുമ്മൽ റോഡ് | 0.775 | 8 | ഉണ്ട് |
| 13. | കൊഴക്കോട്ടൂർപാറക്കുളം റോഡ് | 0.400 | 2.5 | ഇല്ല |
| 14. | കടുങ്ങല്ലൂർമുണ്ടമ്പ്ര റോഡ് | 0.350 | 8 | ഉണ്ട് |
| 15. | ഐ.ടിഐ. ചെറുത്ത് റോഡ് | 0.610 | 4.5 | ഉണ്ട് |
| 16. | കൊഴക്കോട്ടൂർ സ്ക്കൂൾ ഫീൽഡ് റോഡ് | 0.340 | 2.5 | ഉണ്ട് |
| 17. | നടക്കാവിങ്ങൽമണ്ണാലിപ്പറമ്പ് റോഡ് | 0.490 | 5 | ഇല്ല |
| 18. | കൊടിക്കൽ കുന്ന്കൊഴക്കോട്ടൂർ പാടം | 0.300 | 3 | ഇല്ല |
| 19. | കൊടപ്പത്തൂർപെരുമ്പറമ്പ് റോഡ് | 0.630 | 3.5 | ഉണ്ട് |
| 20. | കൊടപ്പത്തൂർഎടാലത്ത് പാടം റോഡ് | 0.100 | 3.5 | ഉണ്ട് |
| 21. | കാരിപറമ്പ് ജി.എച്ച്.എസ് റോഡ് | 0.220 | 5 | ഇല്ല |
| 22. | എടപ്പരുത്തിപുത്തൻ കുളംറോഡ് | 0.690 | 4 | ഉണ്ട് |
| 23. | പെരുമ്പറമ്പ്കറുകാൽതോട് ജി.എച്ച്.എസ് | 0.275 | 5 | ഉണ്ട് |
| 24. | കാരിപറമ്പ്പോത്തുംകുണ്ട് റോഡ് | 0.200 | 4 | ഉണ്ട് |
| 25. | ചെമ്പാപറമ്പ്കടുങ്ങല്ലൂർ റോഡ് | 0.335 | 6 | ഉണ്ട് |
| 26. | കരിവാതൊടിചോലക്കുളം റോഡ് | 0.605 | 4 | ഇല്ല |
| 27. | ചെറുതോടംതാഴത്തുമുറിപള്ളി റോഡ് | 0.300 | 6 | ഉണ്ട് |
| 28. | അരീക്കോട് ന്യൂബസാർകൊഴക്കോട്ടൂർ | 0.400 | 4 | ഇല്ല |
| 29. | കരിവാതൊടി ചോലക്കുളം റോഡ് | 0.110 | 4 | ഇല്ല |
| 30. | താഴത്തും മുറിതെക്കുംതല റോഡ് | 0.700 | 5 | ഉണ്ട് |

| | | | | |
|---|---|---|---|---|
| 31. | കടുങ്ങൽവാച്ചാക്കൽ റോഡ് | 1.076 | 6 | ഉണ്ട് |
| 32. | ആലുക്കൽഗവ.ഹൈസ്ക്കൂൾ റോഡ് | 0.867 | 5 | ഇല്ല |
| 33. | വെള്ളേരിചെമ്പാപറമ്പ് കീഴാറ്റൂർ | 0.146 | 8 | ഉണ്ട് |
| 34. | പുത്തലം സൗത്ത്നടക്കാവുങ്ങൽ | 0.270 | 4 | ഉണ്ട് |
| 35. | കൊഴക്കോട്ടൂർ ഫീൽഡ്പെരുമ്പറമ്പ് നീലിമംഗലം പൊറായ് | 0.450 | 5 | ഉണ്ട് |
| 36. | വെള്ളേരിചെമ്പാപറമ്പ്പൂച്ചക്കണ്ണി | 0.300 | 5 | ഉണ്ട് |
| 37. | ചെമ്പാപറമ്പ്മുണ്ടമ്പ്രപറക്കാട് റോഡ് | 0.495 | 4.6 | ഉണ്ട് |
| 38. | ചെമ്പാപറമ്പ്ചെമ്രക്കാട്ടൂർ റോഡ് | 0.750 | 4 | ഇല്ല |
| 39. | പൂച്ചക്കണ്ണിഇലിക്കൽ പാടം റോഡ് | 0.338 | 3.5 | ഇല്ല |
| 40. | കൊഴക്കോട്ടൂർ L.P.S (ലിങ്ക്റോഡ്) | 0.128 | 3 | ഉണ്ട് |
| 41. | വാലിൽകുന്ന്താഴെകൊഴക്കോട്ടൂർ | 0.204 | 3 | ഉണ്ട് |
| 42. | മുണ്ടമ്പ്രമേൽമുറി കുഞ്ഞോടിപറക്കാട് | 0.390 | 5 | ഉണ്ട് |
| 43. | പൂങ്കുടികാരിപറമ്പ് റോഡ് | 0.535 | 5 | ഉണ്ട് |
| 44. | ചളിപ്പാടംചക്കാലക്കൽ റോഡ് | 0.240 | 8 | ഉണ്ട് |
| 45. | മാതക്കോട്ചെമ്രക്കാട്ടൂർ റോഡ് | 0.980 | 4.5 | ഇല്ല |
| 46. | ചെമ്രക്കാട്ടൂർ OLHS കോളണി റോഡ് | 0.460 | 4 | ഇല്ല |
| 47. | കൊഴക്കോട്ടൂർ ബസാർപാറക്കുളം റോഡ് | 0.373 | 5 | ഇല്ല |
| 48. | മണ്ണാലിപ്പറമ്പ്ചെമ്രക്കാട്ടൂർ പാടം റോഡ് | 0.260 | 4 | ഇല്ല |
| 49. | കൊഴക്കോട്ടൂർകൊടപ്പത്തൂർ റോഡ് | 0.300 | 5 | ഉണ്ട് |
| 50. | കുഴിയേങ്ങൽതങ്ങൾ പറമ്പ് റോഡ് | 0.200 | 4 | ഉണ്ട് |
| 51. | കൊറളിക്കാട് പാറക്കുളം റോഡ് | 0.190 | 4 | ഇല്ല |
| 52. | തങ്ങൾ പറമ്പ്പാറക്കുളം റോഡ് | 0.400 | 4 | ഇല്ല |
| 53. | മാങ്കടവ്പൂങ്കുടി റോഡ് | 0.250 | 8 | ഇല്ല |
| 54. | കാരമുറ്റംവടക്കയിൽ റോഡ് | 0.200 | 4 | ഇല്ല |
| 55. | സബ്സെന്റർതെക്കുംപുറം റോഡ് | 0.225 | 5 | ഇല്ല |
| 56. | നടക്കാവിങ്ങൽതെങ്ങിൽചാലി ഹരിജൻ കോളനി റോഡ് | 0.500 | 5 | ഉണ്ട് |
| 57. | കാരിപറമ്പ്ചോലക്കുണ്ട് റോഡ് | 0.210 | 4 | ഇല്ല |
| 58. | കോഴിശ്ശേരിചെറൂത്ത്പാടം റോഡ് | 0.225 | 5 | ഇല്ല |
| 59. | കളത്തിങ്ങൽഅക്കരപറമ്പ് റോഡ് | 0.200 | 5 | ഉണ്ട് |
| 60. | അക്കരക്കണ്ടിചിറ്റേപറമ്പ് റോഡ് | 0.275 | 5 | ഉണ്ട് |
| 61. | കരിമ്പനക്കുണ്ട്തെങ്ങിൽചാലി ഹരിജൻകോളനി റോഡ് | 0.330 | 5 | ഇല്ല |
| 62. | പുത്തലംപാറമ്മൽ ഹരിജൻ കോളനി റോഡ് | 0.145 | 5 | ഇല്ല |

| | | | | |
|---|---|---|---|---|
| 63. | പൂങ്കുടിനകൃതംപാടം റോഡ് | 0.107 | 5 | ഇല്ല |
| 64. | വെള്ളേരിവല്ലയിൽ പാടം റോഡ് | 0.400 | 4 | ഇല്ല |
| 65. | വെള്ളേരിഅണ്ടിക്കെടിച്ചാലി റോഡ് | 0.400 | 8 | ഉണ്ട് |
| 66. | ആലുക്കൽപെരിങ്കടവ് റോഡ് | 0.400 | 4 | ഉണ്ട് |
| 67. | തെക്കുംപുറംവട്ടക്കണ്ടത്തിൽ റോഡ് | 0.275 | 5 | ഇല്ല |
| 68. | പെരുമ്പറമ്പ്അരീഞ്ചീരിപാടം റോഡ് | 0.225 | 5 | ഇല്ല |
| 69. | ആലുംകണ്ടിവട്ടക്കണ്ടത്തിൽ റോഡ് | 0.215 | 5 | ഇല്ല |
| 70. | മുട്ടുങ്ങൽMSP ക്യാമ്പ് റോഡ് | 0.150 | 3 | ഇല്ല. |
| 71. | ഒറ്റപ്പിലാക്കൽചോഴത്തലറോഡ് | 0.297 | 5 | ഇല്ല |
| 72. | വെളുത്തപറമ്പ്ചെത്തേയ് പറമ്പ് ഹരിജൻകോളനി റോഡ് | 0.583 | 4 | ഇല്ല |
| 73. | കുറുവത്തൂർപൂക്കാട്ചെമ്രക്കാട്ടൂർ | 1.160 | 5 | ഇല്ല |
| 74. | കാരിപറമ്പ്ഉണിക്കാളി റോഡ് | 0.100 | 6 | ഇല്ല |
| 75. | ചിറ്റേങ്ങോട് ഹരിജൻ കോളനി റോഡ് | 0.160 | 4 | ഇല്ല |
| 76. | നെല്ലിക്കുന്ന് മരുതക്കോട് റോഡ് | 0.350 | 4 | ഇല്ല |
| 77. | മടത്തിൽവട്ടിക്കുത്ത് റോഡ് | 0.280 | 2 | ഇല്ല |
| 78. | പോത്തുവല്ലിചിറ്റേങ്ങോട് പുറായി | 0.143 | 6 | ഇല്ല. |
| 79. | മേത്തലങ്ങാടികുപ്പച്ചാലി പറമ്പ് | 0.060 | 4 | ഇല്ല |
| 80. | അക്കരമ്മൽപടിക്കൽതൊടിമടത്തിങ്ങൽ | 0.640 | 4 | ഇല്ല |
| 81. | തെക്കുംതലകടുക്കുറ്റി റോഡ് | 0.300 | 4 | ഇല്ല |
| 82. | കോലോത്തും കടവ് റോഡ് | 0.100 | 5 | ഉണ്ട് |
| 83. | വേളിപറമ്പ്ഹൈസ്ക്കൂൾ റോഡ് | 0.420 | 4 | ഉണ്ട് |
| 84. | കൊയപ്പയിൽവളച്ചെടിയിൽ റോഡ് | 0.405 | 4 | ഇല്ല |
| 85. | വാലിൽക്കുന്നു ഹരിജൻ കോളനി റോഡ് | 0.080 | 3 | ഇല്ല |
| 86. | മുളാശ്ശേരിവേരൽകുണ്ട് ചീടിക്കുളം | 0.600 | 5 | ഇല്ല |
| 87. | പൂച്ചക്കണ്ണിപാലക്കാപറമ്പ് തടം | 0.130 | 3 | ഇല്ല |
| 88. | പെരുപറമ്പ്അരീഞ്ചീരി പാടം റോഡ് | 0.205 | 4 | ഉണ്ട് |
| 89. | മുണ്ടമ്പ്രതടംപടിഞ്ഞാർ തൊടി റോഡ് | 0.200 | 4 | ഇല്ല |
| 90. | അമ്പാഴത്തിങ്ങൽകക്കാടൻ കുന്ന് | 0.580 | 5 | ഇല്ല |
| 91. | വല്ലയിൽ മൂത്തേനിപറമ്പ് റോഡ് | 0.300 | 4.5 | ഇല്ല |
| | **Total** | **34.7983** | | |

## പട്ടിക III പുതുതായി നിർമ്മിക്കേണ്ട റോഡുകൾ+ ടാർചെയ്യേണ്ടവ

| ക്രമ നമ്പ്ര് | വാർഡ് | റോഡിന്റെ പേര് | വിപുലീകരണം |
|---|---|---|---|
| 1 | I | ഇടച്ചിറക്കുളിക്കടവ് റോഡ് | തടത്തിൽ അമ്പിളിക്കുന്ന് ഉണ്ണിക്കാളി കോളണി റോഡ് |
| 2. | " | ഹാജിയാർപടികാരിപറമ്പ് റോഡ് | കാരിപറമ്പ് ഉണ്ണിക്കാളി കാരമറ്റം മാങ്കടവ് റോഡ്. |
| 3. | " | കുഴൽ റോഡ് | പൂങ്കുടി, നെല്ലിക്കുന്ന്. പൂങ്കുടി |
| 4. | " | അരക്കഞ്ചേരികാരിപറമ്പ് കുഞ്ഞാലിമന്ദിരം ബൈപാസ് റോഡ് | പൂങ്കുടി ITI പൂക്കോട്ടുചോല |
| 5. | " | കാരിപറമ്പ് അങ്കൺവാടി ചെറുതടം റോഡ് | പൂങ്കുടി പാലത്തിന് സമീപത്തും, പേട്ടയിലും,ഹാജിയാർ പടിയിലും ബസ്സ്റ്റോപ്പ് വേണം |
| 6. | " | കോട്ടിക്കുഴി നെല്ലിക്കുന്ന്ക്കുളിക്കടവ് റോഡ് | |
| 7. | " | പേട്ട, കാരിപറമ്പ് റോഡ് | |
| 8. | " | കാരിപറമ്പ് മഞ്ഞപ്പെറ്റപള്ളിറോഡ് | |
| 9. | " | കോട്ടക്കുളംമാങ്കടവ് ചിങ്ക് റോഡ് | |
| 10. | " | പെരിക്കാങ്ങൽപുത്തൻ കുളം റോഡ് | |
| 11. | " | അമ്പിളിക്കുന്ന് റോഡ് | |
| 12. | " | തടത്തിൽമലയിൽ തൊടി റോഡ് | |
| 13. | " | ആലുക്കൽപെരിങ്കടവ് റോഡ് (ഉയർത്തുക) | |
| 14. | II | കയനിപ്പറമ്പ് കാരി പറമ്പ് റോഡ് | |
| 15. | " | പെരുമ്പറമ്പ് GHS. മുണ്ടമ്പ്രറോഡ് | |
| 16. | " | ചീക്കുളം റോഡ് | ആലുക്കൽ ബസ് സ്റ്റോപ്പ് നിർമ്മിക്കുക |
| 17. | " | വേളിപ്പറമ്പ്പാടം റോഡ് | |
| 18. | " | നരിയൻ കുന്ന് പുത്തൻ കുളം റോഡ് | വാഴക്കാട് റോഡിൽ ആലുക്കൽഇറക്കം നന്നാക്കണം (PWD 200 മീറ്റർ) |
| 19 | " | കാരാണ്ടിൽ ഹരിജൻ കോളനി ആലുക്കൽ | മുകൾ ഭാഗം കമ്പി വേലി കെട്ടി ഭദ്രമാക്കണം |
| 20. | " | വടക്കേതല ആലുക്കൽ റോഡ് | |
| 21. | " | വാലിൽ കുന്ന് റോഡ് | പെരുമ്പറമ്പ് ജംക്ഷനിൽ ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം. |
| 22. | " | മട്ടിച്ചുവട് ITI റോഡ് | |

| | | | |
|---|---|---|---|
| 23. | ” | കലിയം കുളംവേളിപറമ്പ്GHS റോഡ് | |
| 24. | ” | മട്ടിച്ചുവട്-ഉണ്ണിപ്പാറ റോഡ് | |
| 25. | ” | ലക്ഷം വീട്ചീക്കുളം | |
| 26. | ” | പെരുമ്പറമ്പ് ഹരിജൻ കോളനി നിലക്കടവ് | |
| 27. | III | മൂഴിക്കൽ കടവ് റോഡ് | |
| 28. | ” | ചപ്പങ്ങത്തോട്ടംകൊഴക്കോട്ടൂർ റോഡ് | വിയറ്റ്നാം കോളനിയിൽബസ് വെയിറ്റിംഗ് ഷെഡ് വേണം. |
| 29. | ” | അരിഞ്ചീരിമ്മൽ റോഡ് | |
| 30. | ” | കൊടിക്കൽ കുന്ന് റോഡ് | |
| 31 | ” | ചപ്പങ്ങത്തോട്ടം-MSPക്യാമ്പ് റോഡ് | പെരുമ്പറമ്പ്-നിലക്കടവു റോഡ് അറ്റകുറ്റപ്പണിയും ബാക്കിഭാഗം ടാറിംഗും നടത്തുക. |
| 32 | ” | അരിഞ്ചീരികുന്ന്പെരുമ്പറമ്പ് റോഡ് | |
| 33. | ” | പെരുമ്പറമ്പ് ബാലവാടി റോഡ് | |
| 34. | ” | ചോലക്കുളം റോഡ് | |
| 35. | ” | അത്തിക്കോട് പള്ള്യാളിചപ്പങ്ങത്തോട്ടം റോഡ് | |
| 36. | ” | മട്ടിപ്പടി-പുഴക്കടവ് റോഡ് | |
| 37. | ” | കുന്നത്തോടി കടവ് റോഡ് | |
| 38. | ” | കൊരഞ്ചീരി റോഡ് | |
| 39. | ” | അരിഞ്ചീരി റോഡ് | |
| 40. | IV | കോട്ടക്കൽ ഇടവഴി റോഡാക്കണം. | |
| 41. | ” | മേത്തലങ്ങാടി ചെറിയപള്ളി-മുക്കം റോഡ് ബൈപാസ്. | മേത്തലങ്ങാടി കപ്പച്ചാലി റോഡ് കല്ലുപാകൽ പൂർത്തിയാക്കുകയും,MDC ബേങ്ക് മുതൽ കപ്പച്ചാലി റോഡ് വരെ വീതി കൂട്ടി നന്നാക്കുകയും ചെയ്യുക. |
| 42. | ” | താഴത്തങ്ങാടി പൊതു കക്കൂസ്ഓറിയന്റൽ ഹൈസ്ക്കൂൾ റോഡ് | |
| 43. | ” | മുക്കം റോഡ്-മൂഴിക്കൽ കടവ് റോഡ് നിർമ്മിക്കുക | |
| 44. | ” | അരീക്കോട് വാഴക്കാട് റോഡിൽ നിന്ന് കോലാർകുന്ന് വഴി മുമ്പുണ്ടായിരുന്ന വഴി തുറക്കുക (വില്ലേജ് റെക്കാർഡ് 176/1) | (സാമ്പത്തികബാധ്യത നിവാസികൾ വഹിക്കുന്നതാണ്) |
| 45. | V | ചക്കുങ്ങൾ ഇടവഴി റോഡാക്കുക. | |
| 46. | ” | AEO ഓഫീസിന്നടുത്ത ഇടവഴി റോഡാക്കുക. | ഷൊറണൂർനിലമ്പൂർ റയിൽവെ മാവൂർ വരെ നീട്ടുക. |

| | | | |
|---|---|---|---|
| 47. | ,, | GMUPS കുളിക്കടവ് റോഡ് നിർമ്മിക്കുക. | മേലേതയ്യിൽ ബൈപാസ് റോഡ്ഓറിംഗ് നടത്തണം. |
| 48. | ,, | അരീക്കോട് ടൗൺകൊണ്ടോട്ടി റോഡ് ബൈ പാസ് നിർമ്മിക്കുക. | |
| 49. | VI | പുത്തലംകോലോത്ത് ഇടവഴി റോഡാക്കുക | കൊണ്ടോട്ടി റോഡ് പുത്തലം അംഗൻവാടി ഇടവഴി നന്നാക്കുക. |
| 50. | ,, | മുള്ളത്ത് കുന്ന് പുത്തലം റോഡ് | |
| 51. | ,, | മൈത്രക്കടവ് ഫുട്പാത്ത് വീതി കൂട്ടി നന്നാക്കുക | പുത്തലം മൈത്രഫൂട്ട് ബ്രിഡ്ജ് |
| 52. | ,, | അമ്പലപ്പടി പൂവ്വത്തിക്കുന്ന് റോഡ് | |
| 53. | ,, | നെച്ചിക്കുണ്ട്പുൽപറമ്പ് ഇടവഴി വിപുലീകരിക്കുക. | സൗത്ത് പുത്തലത്ത് ഡിവൈഡർ സ്ഥാപിക്കുക. |
| 54. | ,, | തെക്കേതലകറുത്തോലശ്മശാനം റോഡ് | പുത്തലം, കിളിക്കല്ല്, മുട്ടുങ്ങൽ ബസ്സ്റ്റോപ്പ് സ്ഥാപിക്കുക. |
| 55. | ,, | ആലമേടക്കൽ മൈലക്കോട്– ആനപ്പാറക്കുന്ന് റോഡ് | |
| 56. | ,, | കോട്ടവരി നടവഴി റോഡാക്കുക. | |
| 57. | ,, | പുത്തലം ഓവുപാലംഖബർ സ്ഥാൻ റോഡ് | |
| 59. | ,, | തെക്കെതല തെങ്ങുകണ്ടിതുപ്പക്കുഴി റോഡ് നന്നാക്കുക. | |
| 59. | ,, | തീറ്റിപ്പറമ്പ് നടപ്പാത റോഡാക്കുക | |
| 60. | VII | പുതുവനക്കുന്ന്തങ്ങൾപറമ്പ്പാറക്കുളം വഴി ശ്മശാനം റോഡ് നിർമ്മിക്കുക. | |
| 61. | ,, | കൊഴക്കോട്ടൂർ അങ്ങാടിതാഴെ പാടം ITI റോഡ് നിർമ്മിക്കുക. | മുള്ളത്ത് കുന്ന്, കൊടപ്പത്ത്കുന്ന് എന്നിവ മഞ്ചേരി റോഡുമായി ബന്ധിക്കുക. പടിക്കത്തൊടി കോളനി നടക്കാവ് റോഡ് പൂർത്തീകരിക്കുക. |
| 62. | ,, | ചെമ്രക്കാടൻകുന്ന് റോഡ് നിർമ്മിക്കുക | |
| 63. | ,, | കൊഴക്കോട്ടൂർനടക്കാവ് കാവന്നൂർ ബൈ പാസ് റോഡ് നിർമ്മിക്കുക. | |
| 64. | ,, | നടക്കാവ്–അമ്പാഴത്തിങ്ങൽ കൊഴക്കോട്ടൂർ റോഡ് നിർമ്മിക്കുക | തെങ്ങും ചാലി റോഡ് മഞ്ചേരി റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക. |
| 65. | ,, | കൊഴക്കോട്ടൂർ–നടക്കാവ് റോഡ് അമ്പാഴത്തിങ്ങൽ പടിക്കത്തൊടിശ്മശാനം റോഡ് നിർമ്മിക്കുക. | പുതുവനക്കുന്ന്–കൊഴക്കൊട്ടൂർ പാറക്കുളം റോഡ് ടാർ ചെയ്യുക |

| | | | |
|---|---|---|---|
| 66. | ,, | വെളിപ്ര–അമ്പാഴത്തിങ്ങൽ | സ്കൂൾപടി പാടം റോഡ്. റോഡ് ടാർ ചെയ്യുക |
| 67. | ,, | നടക്കാവ് അക്കരമ്മൽ റോഡ് | കൊഴക്കോട്ടൂർ–മുള്ളത്ത് കുന്ന് റോഡ് ടാർ ചെയ്യുക |
| 68. | ,, | മുട്ടുങ്ങൽ ജാറം വഴി കൊടപ്പത്തൂർ റോഡുമായി ബന്ധിപ്പിക്കുക | സൗത്ത് പുത്തലം–ശ്മശാനം റോഡ് ടാർ ചെയ്യുക |
| 69. | ,, | കൊഴക്കോട്ടൂർ–നടക്കാവ് റോഡ് | |
| 70. | ,, | കാവുങ്ങൽകണ്ടി–പുതുവനതടം | |
| 71. | ,, | പാറക്കുളങ്ങരസ്ക്കൂൾ പടിറോഡ് | |
| 72. | ,, | അമ്പയക്കണ്ടി ITI (പാടംവഴി) റോഡ്. | |
| 73. | VIII | ഹെൽത്ത് സെന്റർ ആലുക്കണ്ടി റോഡ് | |
| 74. | ,, | ചിറ്റ്യേങ്ങോട് കോളനി കൊണ്ടോട്ടി റോഡുമായി ബന്ധിപ്പിച്ച് പുതിയ റോഡ് | പുക്കോട്ടു–ചോലനടക്കാവു റോഡ് ടാർചെയ്യുക. |
| 75. | ,, | നിമ്മിനിയാങ്കുളം കൊണ്ടോട്ടി മെയിൻ റോഡുമായി ബന്ധിപ്പിക്കുക. | ചെമ്രക്കാട്ടൂർമാതക്കോട് റോഡ് ടാർ ചെയ്യുക. |
| 76. | ,, | ഇമ്പിച്ചി റോഡ് ITI ഇടവഴിറോഡ് | ITI കടുങ്ങല്ലൂർ റോഡ് ടാർ ചെയ്യുക. |
| 77. | ,, | പൂക്കോട്ടു ചോലനമ്പോത്ത് ഇടവഴി റോഡാക്കി മാറ്റുക. | വെളുത്തറമ്പ്ചെമ്പറമ്പ് റോഡ് ടാർ ചെയ്യുക. |
| 78. | ,, | മഠത്തിൽ പറമ്പ്–കുമ്പളം പിലാക്കൽ റോഡ് | |
| 79. | ,, | നടക്കാവ്മായതടം ഫൂട്ടുപാത്ത് റോഡാക്കി കോളനിയുമായി ബന്ധിപ്പിക്കുക. | നടക്കാവ് ചെമ്രക്കാട്ടൂർ റോഡ് ടാർ ചെയ്യുക. |
| 80. | ,, | പൂക്കോട്ടു ചോലപഞ്ചായത്ത് കുളം റോഡ് നിർമ്മിക്കുക. | |
| 81. | IX | ചാലിപ്പാടംഅണ്ടികെട്ടിച്ചാലിൽ റോഡ് | ചെമ്രക്കാട്ടൂർ–സ്ക്കൂൾ റോഡ് കാവന്നൂർ വരെ ടാർ ചെയ്യുക. |
| 82. | ,, | മുത്തേനി ചെറുകരപറമ്പ് റോഡ് | ചെമ്രക്കാട്ടൂർ വല്ലയിൽ റോഡ് ടാർചെയ്യുക |
| 83. | ,, | ചെറുകണ്ടിപുതുക്കോട് റോഡ് | വെള്ളേരിവേങ്ങാട്ടുകുഴി റോഡ് ടാർ ചെയ്യുക. |
| 84. | ,, | വല്ലകണ്ടത്തിൽ നിന്നും വല്ലയിൽ റോഡുമായി ബന്ധിച്ച് ഫൂട്ടുപാത്ത് | മാതാക്കോടും ചെമ്രക്കാട്ടൂർ റോഡ് ടാർ ചെയ്യുക. വെള്ളേരി ചെമ്രക്കാട്ടൂർ റോഡ് ടാറിംഗ് പൂർത്തിയാക്കണം. ചെമ്രക്കാട്ടൂർ ഗവ: ആയുർവ്വേദ ആസ്പത്രി റോഡ് ഓവുപാലം നിർമ്മിച്ച് ടാർ ചെയ്യുക. |
| 85. | X | വെള്ളേരിതെക്കേലെ റോഡ് | ചെത്തുവഴിപ്പുറംകോടിശ്ശേരി റോഡിൽ പാലം നിർമ്മിക്കുക |

| | | | |
|---|---|---|---|
| 86. | ,, | ചീക്കുളംഹൈസ്ക്കൂൾ റോഡ് | |
| 87. | ,, | കൈതയിൽ കുന്നുഭാഗം റോഡ് | വലിയകല്ലുങ്ങൽതെക്കും തല റോഡ് ടാർ ചെയ്യുക (2 KM) |
| 88. | ,, | പെരാണത്തുമ്മൽകുന്നു റോഡ് | |
| 89. | ,, | | ചെറിയ തടംപാറേക്കോട്ട് റോഡിൽ 2 പാലം നിർമ്മിച്ച് പൂർത്തീകരിക്കുക. |
| 90. | ,, | നെളിയം തടംതെക്കെപൊട്ട് റോഡ് | അരിക്കോട്ചീക്കോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പള്ളിപ്പടിപാലം നിർമ്മിക്കുക. |
| 91. | XI | ചെമ്പാപറമ്പ്–സ്രാമ്പ്യാ റോഡ് | കാരിപറമ്പിൽ ബസ് വെയിറ്റിംഗ് ഷെഡ് വലിയ കല്ലിങ്ങൽ ITI, എന്നിവിടങ്ങളിലും വേണം. വെള്ളേരി തെക്കും തലറോഡ് ടാർ ചെയ്യുക. |
| 92. | ,, | വെള്ളേരി–പൂച്ചക്കണ്ടി റോഡ് | വെള്ളേരി–വാച്ചാക്കൽ റോഡ് ടാർ ചെയ്യുക. |
| 93. | ,, | വാഴയിൽ ഭാഗം ഇടവഴി | വെള്ളേരി മദ്രസ്സയിലേക്കു നടപ്പാലം നിർമ്മിക്കുക. |
| 94. | ,, | തെക്കുംതല–ചോയത്തല റോഡ് | വെള്ളേരി സ്രാമ്പ്യക്കൽ ബസ്സ് സ്റ്റോപ്പ് നിർമ്മിക്കുക. |
| 95. | ,, | നീലിമണ്ണ്–വെള്ളേരിമേലേതൊടി റോഡ്. | |
| 96. | ,, | പെരുവങ്ങാട്ട്കുളിക്കടവ് പൊതുവഴി | വെള്ളേരി സ്രാമ്പിയക്കൽ ബസ് വെയിറ്റിംഗ് ഷെഡ് വേണം. വെള്ളേരിഅങ്ങടിക്കെട്ടിൽ ചാലിൽ റോഡ് കാവന്നൂരുമായി ബന്ധിപ്പിക്കണം. |

## പട്ടിക IV

| വാർഡ് | കോഡ് | റോഡിന്റെ പേര് (തുടക്കം ഒടുക്കം Jn: വ്യക്തമായി കാണിക്കണം) | ദൂരം | വീതി | ടാർ ചെയ്ത ദൂരം | മെറ്റൽ ചെയ്ത ദൂരം | ഓവുചാൽ നിലവിലുള്ള ദൂരം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

ഈ പട്ടികയുടെ 9മുതൽ 15 വരെയുള്ള കോളങ്ങൾ അടുത്ത പേജിൽ കൊടുക്കുന്നു.

പട്ടിക IV തുടർച്ച

| |
|---|
| 9. ഓവുചാൽ ആവശ്യമായ ദൂരം |
| 10. പാർശ്വ സംരക്ഷണഭിത്തി നിലവിലുള്ളദൂരം |
| 11. പാർശ്വ സംരംക്ഷണഭിത്തി ആവശ്യമായ ദൂരം |
| 12. ഓവുപാലം നിലവിലുള്ള എണ്ണം |
| 13. ഓവുപാലം ആവശ്യമായ എണ്ണം |
| 14. തന്നാണ്ടിൽ ചെലവഴിച്ച തുക |
| 15 സഞ്ചിത തുക |

ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്.

## ഊർജ്ജം

1971ൽ ആണ് അരീക്കോട് ആദ്യമായി ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തി യായ വൈദ്യുതി കടന്നു വന്നത്. മനുഷ്യാദ്ധ്വാനത്തിന്റെ മൂല്യം പതിന്മടങ്ങു വർദ്ധിപ്പിക്കാൻ ശേഷിയുള്ള വൈദ്യുതി സ്വന്തം നാട്ടുകാർക്ക് പ്രയോജനപ്പെടുത്തുന്നതിനു പകരം അയൽ സംസ്ഥാനങ്ങൾക്കു വിറ്റ് സാമ്പത്തിക നേട്ടം കൈവരിക്കുന്ന കച്ചവടമനസ്ഥിതിയാണ് നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിനുണ്ടായിരുന്നത്. ബോർഡിന്റെ ദീർഘ വീക്ഷണമില്ലായ്മയും, കെടുകാര്യസ്ഥയും ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അഭാവവും നമ്മെ ഇന്നത്തെ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു.

ഊർജ്ജം എന്നു കേൾക്കുമ്പോൾ പലരുടെയും മനസ്സിലേക്ക് എന്ത്കൊണ്ടോ വൈദ്യുതി മാത്രമേ കടന്നു വരുന്നുള്ളൂ. സമഗ്രമായ ഒരുഊർജ്ജാസൂത്രണത്തിൽ ലഭ്യമായ എല്ലാ ഊർജ്ജസ്രോതസ്സുകളെയും പരിഗണിക്കേണ്ടതുണ്ട് കേരളത്തിൽ പ്രതിവർഷം 100–120 ലക്ഷം ടൺ വിറകെങ്കിലും (അവലംബം ശാസ്ത്ര സാഹിത്യ പരിഷത്ത് ഊർജ്ജരേഖ) ഉപയോഗിക്കപ്പെടുന്നു. ഭൂരിഭാഗം വീടുകളിലും ഇപ്പോഴും പഴയ 3 കല്ലു അടുപ്പുതന്നെയാണുള്ളത്. ഇത് മൂലമുണ്ടാകുന്ന ഊർജ്ജനഷ്ടം 92% വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. വിറകിന്റെ ഇന്നത്തെ മാർക്കറ്റുവില (ടണ്ണിന് 750–1500) വെച്ച് കൂട്ടിയാൽ പോലും 1000 മുതൽ 1500 കോടി രൂപയുടെ വിറക് ഉപയോഗിക്കപ്പെടുന്നുണ്ട്. അതിനാൽ വൈദ്യുതിക്കുള്ളതിൽ ഒട്ടും മോശമല്ലാത്ത, ഒരു പക്ഷെ അതിലും ഉയർന്ന, പ്രാധാന്യമാണ് വിറകിനുള്ളത്. ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കാൻ ഇനിയും അമാന്തിച്ചുകൂടാ എന്നല്ലെ ഇത് സൂചിപ്പിക്കുന്നത്. ഊർജ്ജാസൂത്രണത്തിൽ സൗരോർജ്ജം, കാറ്റ്, എണ്ണ, കൽക്കരി, ഗ്യാസ് വളർത്തുമൃഗങ്ങൾ എന്നിവയും കണക്കിലെടുക്കേണ്ടതുണ്ട്.

ഊർജ്ജാവശ്യം വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ് വികസിത രാജ്യങ്ങളിൽ പ്രതിശീർഷ ഉപഭോഗം 10000 യൂണിറ്റിന് മേലെ വരുമ്പോൾ കേരളത്തിൽ അത് 150നു താഴെ മാത്രമാണ് ഇന്ത്യയിൽ പ്രതിശീർഷ വൈദ്യുത ഉപഭോഗത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ പിന്നിൽ നിൽക്കുന്നത് ബീഹാറും മറ്റും രണ്ടുമൂന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളും മാത്രമേയുള്ളൂ (അവലംബം, ശാസ്ത്ര സാഹിത്യ പരിഷത്ത് ഊർജ്ജരേഖ)

അരീക്കോട് പഞ്ചായത്തിൽ മൊത്തം 3979 വീടുകളുള്ളതിൽ 2503 വീടുകൾ വൈദ്യുതീകരിക്കപ്പെട്ടവയാണ് എങ്കിലും ഇന്നു വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത ചില പോക്കറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. 4,5 വാർഡുകളൊഴിച്ച് മറ്റെല്ലാ വാർഡുകളിലും ഇത്തരം

പോക്കറ്റുകളുണ്ട്. വൈദ്യുതിയുള്ള പ്രദേശങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ് സന്ധ്യയോടുകൂടി ചില സ്ഥലങ്ങളിൽ വോൾട്ടേജ് 30 ലേക്ക് താഴ്ന്നു. ഗാർഹിക കണക്ഷനുകളും പുറമെ 491 (വ്യാപാരം) 49 വ്യവസായം 55 കാർഷിക കണക്ഷനുകൾക്ക് ഇവിടെയുണ്ട്. കൂടാതെ അപേക്ഷനൽകി കണക്ഷനുവേണ്ടി ഓർഡിനറി വിഭാഗത്തിൽ 69ഉം OTP വിഭാഗത്തിൽ 16ഉം OYEC വിഭാഗത്തിൽ 16ഉം അപേക്ഷകർ കാത്തിരിക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെയുള്ള സ്ടീറ്റ് ലൈറ്റുകളുടെ കണക്കു താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു (പട്ടിക I) സ്ട്രീറ്റു ലൈറ്റിനു വേണ്ടി പഞ്ചായത്ത് പ്രതിമാസം 3989 ക അടക്കുന്നുണ്ട്.

**പട്ടിക I സ്ട്രീറ്റ് ലൈറ്റുകൾ**

| പവ്വർ | ബൾബ് എണ്ണം | ട്യൂബ് | | സോഡിയം വേപ്പർ ലാംബ് |
|---|---|---|---|---|
| | | Single | Double | |
| 40W | 154 | 26 | 14 | |
| 100W | | | | 14 |
| 150W | | | | 20 |
| 250W | | | | 2 |
| | | | | |

അരീക്കോട്ടെയും സമീപ പഞ്ചായത്തുകളുടെയും കേന്ദ്രമായി അരീക്കോട്ട് വൈദ്യുതി ബോർഡിന്റെ ഒരു മേജർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അരീക്കോട് പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻസ് ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക II )

ഐ.ടിഐക്കടുത്ത 88 ഏക്കറിൽ സ്ഥാപിച്ച സ്വിച്ചിംഗ് സ്റ്റേഷൻ അടുത്ത് തന്നെ പ്രവർത്തന ക്ഷമമാകുമ്പോൾ അതിന്റെ പ്രയോജനം ഈ പ്രദേശത്തുകാർക്കും ലഭ്യമാകുമെന്ന് കരുതാം.

അരീക്കോട് പഞ്ചായത്തിൽ 19 ഹരിജൻ കോളനികളുള്ളതിൽ 12 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട് പുതുതായി വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങളുടെ കൂട്ടത്തിൽ ശേഷിക്കുന്ന ഹരിജൻ കോളനികളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ 11 വാർഡുകളും പൂർണ്ണമായല്ലെങ്കിലും വൈദ്യുതീകരിച്ചിട്ടുണ്ട്. അതെയവസരത്തിൽ എല്ലാ വാർഡുകളിൽ നിന്നും പൊതുവെ ഉയർന്നു വന്നിട്ടുള്ളത് രൂക്ഷമായ വോൾട്ടേജ് ക്ഷാമമാണ് വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപഭോഗം. വോൾട്ടേജ് ക്ഷാമത്തിന്റെ രൂക്ഷത കാരണം പല ഉപഭോക്താക്കളും സ്റ്റെപ്പപ്പ് ഉപയോഗിക്കാൻ നിർബന്ധിതരാണ്. ഇത് മൂലം മറ്റുള്ളവരുടെ സ്ഥിതി കൂടുതൽ പരിതാപകരമാകുന്നു. പ്രസരണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറു മൂലമുണ്ടാകുന്ന നഷ്ടം 28% വരും. ലൈനുകളിൽ തൊട്ടുകിടക്കുന്ന മരച്ചില്ലകൾ യഥാസമയം മുറിച്ചു മാറ്റാത്തത് ബോർഡിന്റെ കാര്യക്ഷമതക്ക് ഒരു സൂചികയാണ്. സ്ലാബ് സമ്പ്രദായ വൈദ്യുതിയുടെ അനാവശ്യ ഉപഭോഗത്തിനു പ്രേരകമാകുന്നുണ്ട്. മീറ്ററുകളിൽ വലിയൊരു ഭാഗം പ്രവർത്തന രഹിതങ്ങളാണ് എന്നതും വൈദ്യുതിയുടെ ദുരുപയോഗത്തിനു കാരണമാകുന്നുണ്ട്.

അരീക്കോട് പഞ്ചായത്തിൽ ദക്ഷത കൂടിയ അടുപ്പുകൾക്കു ഏറെ പ്രചാരം പ്രസിദ്ധിച്ചിട്ടുണ്ട് എങ്കിലും ഇന്ധനക്ഷാമം ഇപ്പോഴും ഒരു പ്രശ്നമായി തന്നെ അവശേഷിക്കുന്നു.

പൊതുവെ ഊർജ്ജദാരിദ്ര്യം രൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് ബഹുമുഖമായ സമീപനങ്ങളിലൂടെ മാത്രമെ ഇതിനു പരിഹാരം കാണാൻ സാധിക്കൂ. ബൾബുകൾക്കു പകരം ട്യൂബുകളും, കോംപാക്ട് ഫ്ളൂറസന്റ് ലാംപുകളും വ്യാപകമായി ഉപയോഗിച്ചാൽ വൈദ്യുതി ഗണ്യമായ തോതിൽ ലാഭിക്കാൻ കഴിയും. പ്രഷർകുക്കറുകളും, കച്ചിപ്പെട്ടികളും പോലുള്ള സംവിധാനങ്ങൾ ഊർജ്ജലാഭത്തിനു ഏറെ ഉപകരിക്കുമെന്നു കണ്ടിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിച്ചുകൂടാനാവാത്തതാണെങ്കിലും പീക്ലോഡ് സമയത്ത് എല്ലാ വ്യവസായങ്ങളും വൈദ്യുതി ഉപയോഗിക്കുന്നില്ലെന്നു ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ നടപ്പടി സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

## *നിർദ്ദേശങ്ങൾ*

* ഒന്നാം വാർഡിലെ ചെനക്കത്തടം ഭാഗത്ത് കാറ്റാടി യന്ത്രം വഴി വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണ്.

* അരക്കഞ്ചിരി ഭാഗത്ത് സിങ്കിൾ ഫേസ് ത്രി ഫേസ് ആക്കണം, രണ്ടാം വാർഡിൽ കലിയംകുളം ഭാഗത്തും ഇതേ ആവശ്യമുണ്ട്.

* വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 1,2,4 വാർഡുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

* ഒന്നാംവാർഡിൽ ഏതാനും സ്ഥലങ്ങളിലും, രണ്ടാം വാർഡിൽ ഗവ: ഹൈസ്ക്കൂളിനു സമീപം, മൂന്നാം വാർഡിൽ കൊരഞ്ഞീരി, വാഴക്കാട് റോഡ്, നിലക്കടവ് റോഡിലുള്ള ഉഗ്രപുരം ഹരിജൻ കോളനി, നാലാം വാർഡിൽ ടഷഒട ജംക്ഷൻ, അഞ്ചാം വാർഡിൽ പാലം കടവ്, പുളിക്കൽ കടവ്, വൈ. എം. ബി കടവ് ആറാം വാർഡിൽ ചുരുക്കം സ്ഥലങ്ങളിൽ, എട്ടാം വാർഡിൽ ചെമ്പാപറമ്പ്, പൂക്കോട്ടുചോല, നടക്കാവുപടിഞ്ഞാറെമുക്ക്, പഞ്ചായത്തുകുളം എന്നിവിടങ്ങളിലും, പത്താം വാർഡിൽ വലിയ കല്ലുങ്ങൽ തെക്കും തല റോഡ്, പതിനൊന്നാം വാർഡിൽ മുണ്ടമ്പ്രതാഴത്തും മുറികുളിക്കടവ് എന്നിവിടങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം.

* രണ്ടാം വാർഡിൽ കുശവൻ കോളനി, ചീക്കുളം, വേളിപറമ്പ്, വാലിൽ കുന്ന്, കറാം തോട് എന്നിവിടങ്ങളിലും മൂന്നാം വാർഡിൽ അരിഞ്ചീരി ഭാഗം, ചുള്ളിക്കൽ കാര്യോട് ഹരിജൻ കോളനി, മാടത്തിക്കുളം ഭാഗം, 7ാം വാർഡിൽ മുതുവാനാകുന്നു. മങ്ങാട്ടുപറമ്പ്, കൊടപ്പത്തൂർ കുന്ന്, മുള്ളത്തുകുന്ന്, മാഞ്ചിരി ചോല എന്നിവിടങ്ങളും 9ാം വാർഡിൽ ചെമ്രകാട്ടൂർ ഹെൽത്ത് സെന്റർ ലക്ഷം വീട് കോളനി, പേങ്ങാട്ടുകുഴി ഹരിജൻ കോളനി, മേലെ ചക്കുംകുഴി എന്നിവിടങ്ങളും 10ാം വാർഡിൽ 4 ഹരിജൻ കോളനികളും പുതുതായി വൈദ്യുതീകരിക്കേണ്ടതുണ്ട്.

* നിലവിലുള്ള സ്ലാബു സമ്പ്രദായം മാറ്റി സെൽഫ് റീഡിങ്ങ് സിസ്റ്റം ഏർപ്പെടുത്തണമെന്ന അഭിപ്രായം ഏതാനും വാർഡുകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

* മതവിദ്യാഭ്യാസ ആരാധനാലയ സാംസ്കാരിക സ്ഥാപനങ്ങൾക്ക് വൈദ്യുത സൗജന്യമായി നൽകണം.

* വികലാംഗർ, ഹരിജനങ്ങൾ, അഗതികൾ എന്നിവർക്കു നിലവിലുള്ള സൗജന്യവൈദ്യുതീകരണം ത്വരിതപ്പെടുത്തുക.

* ഐ.ടി.ഐ ക്കു സമീപമുള്ള സബ്ബ് സ്റ്റേഷനിൽ നിന്നും അരീക്കോട് പഞ്ചായത്തിലേക്ക് ഫീഡർ അനുവദിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ചീക്കുളം, വേളിപറമ്പ് ഭാഗങ്ങളിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുക.

* വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുക, ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കുക, തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക എന്നീ നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

## പട്ടിക II ട്രാൻസ് ഫോർമറുകളും കപ്പാസിറ്റിയും

| നമ്പർ | വാർഡ് | സ്ഥലത്തിന്റെ പേര് | കപ്പാസിറ്റി | റിമാർക്സ് |
|---|---|---|---|---|
| 1 | II | ആലുക്കൽ | 63 KVA | |
| 2 | III | ഉഗ്രപുരം I | 100 KVA | (ശില്പിവുഡ് ഇൻഡസ്ട്രീസ്) |
| 3 | III | ഉഗ്രപുരം II | 63 KVA | |
| 4 | III | താഴെകൊഴക്കോട്ടൂർ | 63 KVA | |
| 5 | IV | താഴത്തങ്ങാടിമിൽ | 100 KVA | (വ്യാവസായികം) |
| 6 | V | അരീക്കോട് ടൗൺ | 100 KVA | |
| 7 | V | ,, | 100 KVA | |
| 8 | V | ,, | 63 KVA | |
| 9 | VI | സൗത്ത് പുത്തലം | 63 KVA | |
| 10 | VI | പമ്പ്ഹൗസ് KWA | 630 KVA | (മഞ്ചേരി അർബൻ വാട്ടർ സപ്ലൈ സ്കീം) |
| 11 | VI | കിളിക്കല്ല് I | 63 KVA | |
| 12 | VI | ,, II | 100 KVA | |
| 13 | VII | മുട്ടുങ്ങൽ | 63 KVA | |
| 14 | VIII | നടുക്കാവു | 63 KVA | |
| 15 | IX | ചെമ്രക്കാട്ടൂർ I | 63 KVA | |
| 16 | IX | ചെമ്രക്കാട്ടൂർ II | 63 KVA | |
| 17 | X | ഐ.ടി.ഐ I | 63 KVA | |
| 18 | X | ഐ.ടി.ഐ II | 63 KVA | |
| 19 | X | അരീക്കോട് സബ്സ്റ്റേഷൻ | 100 KVA | |
| 20 | X | കാരിപറമ്പ് | 63 KVA | |
| 21 | XI | വെള്ളേരി | 63 KVA | |
| 22 | XI | വാച്ചാക്കൽ | 63 KVA | |

അവലംബം K.S.E.B. അരീക്കോട്

## മാർക്കറ്റ്

ഒരു നൂറ്റാണ്ടിന്റെയെങ്കിലും പഴക്കമുള്ള അരീക്കോട് മാർക്കറ്റ് ഇന്നും വലിയ മാറ്റങ്ങളൊന്നും കൂടാതെ പഴയ മട്ടിൽതന്നെ നിലനിൽക്കുകയാണ്. പണ്ടുകാലത്ത് നാട്ടിൻപുറങ്ങളിലെ ആളുകൾ നിത്യോപയോഗ സാധനങ്ങൾക്കു പ്രധാനമായും ചന്തകളെയാണാശ്രയിച്ചിരുന്നത്. കാർഷികോത്പന്നങ്ങളുടെയും കരകൗശലവസ്തുക്കളുടെയും പ്രധാന വിപണന കേന്ദ്രം ചന്തയായിരുന്നു. അപൂർവ്വവസ്തുക്കൾ ലഭിക്കണമെങ്കിൽ ചന്തകളെ ആശ്രയിക്കൽ അനിവാര്യമായിരുന്നു. പാഠപുസ്തകങ്ങൾ പോലും ചിന്തകളിലേ ലഭിച്ചിരുന്നുള്ളൂ. അതുകൊണ്ടുതന്നെ അയൽ പ്രദേശങ്ങളിലെ ആളുകൾക്കു ഒത്തു കൂടാൻ പറ്റിയ ഒരു കേന്ദ്രം കൂടിയായിരുന്നു മാർക്കറ്റ്.

ആഴ്ചച്ചന്തയോടുനുബന്ധിച്ചുതന്നെയാണ് ഇപ്പോൾ അരീക്കോട്ടെ മൽസ്യ മാംസ മാർക്കറ്റും പ്രവർത്തിക്കുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പുവരെ മൽസ്യമാംസമാർക്കറ്റിന്നു പ്രത്യേക സ്ഥലം ഉണ്ടായിരുന്നില്ല. മാർക്കറ്റുമായി ബന്ധപ്പെട്ട അരീക്കോടിന്റെ പ്രധാന പ്രശ്നം മലിനീകരണമാണ്. മാർക്കറ്റും ബസ്റ്റാന്റും അടുത്തടുത്ത് സ്ഥിതി ചെയ്യുന്നു എന്നത് പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. ഇത് രണ്ടിന്റെയും അശാസ്ത്രീയമായ സംവിധാനമാണ് മലിനീകരണത്തിന്നു കാരണം. അതുകൊണ്ടു തന്നെ ഈ രണ്ടു സ്ഥാപനങ്ങളും പുനഃസംവിധാനം ചെയ്യേണ്ടതുണ്ട്.

ഗ്രാമസഭാ ചർച്ചകളിൽ 4,5 വാർഡുകളിൽ നിന്ന് മൽസ്യമാംസ മാർക്കററ് കാട്ടുതായിമൈതാനത്തിനടുത്തുള്ള തോട്ടിൽ കരയിലേക്കുമാറ്റണമെന്നും ഇതിന്ന് ശാസ്ത്രീയ സംവിധാനങ്ങളേർപ്പെടുത്തണമെന്നും നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. മാർക്കറ്റിൽ നിന്നും കഴിഞ്ഞ വർഷം പഞ്ചായത്തിന്നു ലഭിച്ച വരുമാനം 64250 രൂപയാണ് (അവലംബം പഞ്ചായത്ത് രേഖ)

മാർക്കറ്റു ജനങ്ങൾക്കു ഒരു ശാപവും അസൗകര്യവുമെന്ന ഇന്നത്തെ അവസ്ഥയിൽ നിന്ന് സൗകര്യവും അനുഗ്രഹവുമെന്ന അവസ്ഥയിലേക്കു മാറ്റുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

# 7. പാർപ്പിടവും സാമൂഹ്യക്ഷേമവും



## പാർപ്പിടം

താരതമ്യേന ഭവന സാന്ദ്രത കൂടിയ പഞ്ചായത്താണ് നമ്മുടേത്. ഈ സാന്ദ്രത 4,5 വാർഡുകളിൽ വളരെ ഏറെയാണ്. 3,6 വാർഡുകളുടെ ചില പ്രദേശങ്ങളിലും വീടുകൾ തിങ്ങിയ ഭാഗമുണ്ട്.

ഹരിജൻ കോളനികൾ, ലക്ഷം വീട് കോളനികൾ, കലിയം കുളം മൺപാത്രനിർമ്മാണ തൊഴിലാളി കോളനി, എന്നിവയിൽ വളരെ അടുത്തുടുത്ത് വീടുകൾ ഉണ്ട്. കലിയംകുളം കുശവ കോളനിയിലെ അറുപതോളം വീടുകളിൽ ഭൂരിഭാഗവും ഓലവീടുകളാണ്. മറ്റു ഭാഗങ്ങളിൽ ഒറ്റപ്പെട്ട ചിതറിയ നിലയിലുള്ള വീടുകളാണ് ഉള്ളത്. നിർമ്മാണ ചെലവ് കൂടിയ വീടുകളും ഉണ്ട്. പഴയകാലത്ത് മിക്കവീടുകളും മൺതറകളിൽ നിർമ്മിച്ചു. മൺചുവരുകളുള്ള ഈ വീടുകൾക്ക് ഓല, മുള എന്നിവ ഉപയോഗിച്ചു മേൽ കൂരകൾ പണിതു ഊർട്ടിരി മലയോരങ്ങളിൽ നിന്ന് കൊണ്ടുവന്ന പുല്ല് ഉപയോഗിച്ചു മേൽ കൂരകൾ മേഞ്ഞു. വേനൽ ചൂടിന്റെ തീഷ്ണതയിൽ ദ്രവിച്ച ഓലകൾ ഇളകിയാടി ഓട്ടവെയിലും നിലാവും മൺതറകളിൽ മിന്നിമറഞ്ഞു. അരീക്കോട്ടെ ഭൂരിപക്ഷം വരുന്ന സാധാരണക്കാർ ഇവിടെ വസിച്ചു. കാലവർഷാരംഭത്തോടെ ദ്രവിച്ച ഓല നീക്കി പുതിയവ സ്ഥാപിക്കുന്നു. പരസ്പര സഹകരണത്തോടെ ഒരു സാമൂഹ്യ കർമ്മമെന്ന നിലയിൽ പുരകെട്ടിമേച്ചിൽ നടത്തി 'പുരകെട്ടി കല്യാണം' എന്ന ചൊല്ല് പോലും അക്കാലത്തുണ്ടായിരുന്നു. മുളകൊണ്ടുള്ള പരമ്പും ഓലയും ഉപയോഗിച്ചായിരുന്നു വാതിലുകളും മറ്റും ഉണ്ടാക്കിയിരുന്നത്. വലിയ വീടുകളുടെ 'കൂട്ടുകയറ്റൽ' അക്കാലത്തെ ആഘോഷപൂർവ്വമായ ഒരു ചടങ്ങായിരുന്നു.

അപൂർവ്വമായി കണ്ട ഓടിട്ട വീടുകൾ ആഢ്യത്വത്തിന്റെ പ്രതീകമായിരുന്നു. മരം ഉപ

യോഗിച്ചുള്ള വാതിലുകളും ജനവാതിലുകളും ഇവിടെ മാത്രമാണ് ഉണ്ടായിരുന്നത്. പഴയ ജന്മി കുടുംബ വീടുകളും ഏതാനും കച്ചവടക്കാരുടെ വീടുകളും മാത്രമായിരുന്നു ഓടിട്ട വീടുകൾ വർഷങ്ങൾക്കു മുമ്പ് താഴത്തങ്ങാടി ഭാഗത്ത് തീപിടുത്തമുണ്ടായി വളരെയേറെ ഓല പുരകൾ ഒന്നൊന്നായി കത്തിയമർന്നു.

ഇന്ന് പഞ്ചായത്തിൽ 3979 വീടുകൾ ഉണ്ട്. ഇവയിൽ 449 വീടുകൾ ടെറസ്സ് നിർമ്മിതമാണ്. 3126 വീടുകൾ ഓടിട്ടതും 404 വീടുകൾ ഇപ്പോഴും, പഴയ സ്മരണകളുണർത്തികൊണ്ട് ഓല വീടുകളായി അവശേഷിക്കുന്നു. 2,9,10 വാർഡുകളിലാണ് ഓല വീടുകളിൽ അധികവും വിവിധ പദ്ധതികളിലായി 218 വീടുകളാണ് പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളത്.

## പ്രശ്നങ്ങൾ

4,5 വാർഡുകളിൽ പുതിയ വീടുകൾ നിർമ്മിക്കാനുള്ള സ്ഥലമില്ലാതായിരിക്കുന്നു. താഴത്തങ്ങാടി ഭാഗത്തുനിന്ന് ഒട്ടേറെ പേർ ഇതിനാൽ പത്തനാപുരത്തേക്ക് കുടിയേറിയിട്ടുണ്ട്. ലക്ഷം വീടുകളോടനുബന്ധിച്ചും പഞ്ചായത്ത് വീട് വെക്കാൻ നൽകിയ 4 സെന്റ് സ്ഥലവും വർഷങ്ങളായി ഉപയോഗിക്കാത്തവരുണ്ട്.

* സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ വിവിധ വാർഡുകളിൽ ഉണ്ട്.

* പുഴയോരത്തെ മണ്ണൊലിപ്പും മണ്ണിടിച്ചിലും സമീപ വീടുകൾക്ക് വൻ ഭീഷണി ആയിട്ടുണ്ട്.

* പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കും വിധം വയലുകളിൽ മണ്ണിട്ടുനികത്തുന്ന പ്രവണതകൾ കാണുന്നു.

* ടൗൺ പ്രദേശത്ത് വീടുകളോടനുബന്ധിച്ച സാനിട്ടേഷൻ പ്രശ്നങ്ങളുണ്ട്.

* കെട്ടിട നിർമ്മാണ നിയമങ്ങളിൽ ഇളവുകൾ ലഭിക്കാൻ പഞ്ചായത്തിനെ മറികടക്കുന്ന പ്രവണത കണ്ടുവരുന്നു.

## നിർദ്ദേശങ്ങൾ

* അവശവിഭാഗത്തിന് വീടുകൾ നിർമ്മിച്ച് നൽകണം 4 സെന്റ് സ്ഥലം വീട് നിർമ്മിക്കാൻ ലഭിച്ചവർ അത് ഉപയോഗിക്കാത്തപക്ഷം ആവശ്യക്കാർക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കണം

* നിലവിലുള്ള എല്ലാ വീടുകൾക്കും വീട് നികുതി കാലാനുസൃതമായും ശാസ്ത്രീയമായും പുനർനിർണയം ചെയ്യേണ്ടതാണ്. ഇതിന് ഒരു സമിതിക്കായിരിക്കണം ചുമതല.

* ഗൃഹനിർമ്മാണത്തിൽ മോടികൂട്ടുന്നതിനായി ചെലവഴിക്കപ്പെടുന്ന തുകക്ക് അനുപാതികമായി ഉയർന്ന നികുതി ഈടാക്കേണ്ടതാണ്.

* കാലാനുസൃതമായി പുതുക്കപ്പെടുന്ന ഒരു പട്ടികയുടെ അടിസ്ഥാനത്തിൽ ഗൃഹനിർമ്മാണചെലവ് ഒരു നിശ്ചിത പിരിധിക്കുള്ളിൽ ഒതുങ്ങുന്ന വീടുകൾക്ക് താരതമ്യേന കുറഞ്ഞ നിരയിലുള്ള വീട് നികുതിയും, പരിധി കവിയുന്നതിന് അനുപാതികമായി ഉയർന്ന നിരയിലുള്ള നികുതിയും ഈടാക്കേണ്ടതാണ്.

* ഗൃഹനിർമ്മാണത്തിനായി ഉപയോഗപ്പെടുത്താൻ കഴിയുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞ് കുറഞ്ഞ് വരുന്നതുകൊണ്ട് കോൺക്രീറ്റ് വീടുകൾക്കെങ്കിലും തറവിസ്തീർണ്ണം കുറയുകയും മുറികൾ മുകളിലേക്ക് പണിയുകയും ചെയ്യേണ്ടതാണ്.

* മേലിൽ പണിയുന്ന വീടുകൾക്കെങ്കിലും അടുക്കള ശാസ്ത്രീയമായി രൂപകല്പന ചെയ്യേണ്ടതാണ്.

* സാന്ദ്രതകൂടിയ സ്ഥലത്ത് പ്രത്യേകിച്ചും സാന്നിട്ടേഷൻ ഉറപ്പുവരുത്തുണം.

* 5 സെന്റ് താഴെ ഭൂമിഉള്ളവർ വീട്‌വെക്കുമ്പോൾ മുൻഭാഗത്ത് റോഡിനോട് ചേർന്നു 3 മീറ്റർ ഒഴിവാക്കണമെന്നു നിർബന്ധന നില നിർത്തികൊണ്ടുതന്നെ, മറ്റു നിബന്ധനകളിൽ ഇളവനുവദിക്കണം.

9 * സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാൻ പഞ്ചായത്ത് പ്രസിഡന്റ് അധികാരം നൽകണം.

10 * ലോണുകളോടനുബന്ധിച്ച പണയാധാര ഫീസ് ലഘൂകരിക്കുക.

11 * വീട് നിർമ്മാണത്തിന് ഡാനിഡ, ഐ.എ.വൈ. രാജീവ് മെമ്മോറിയൽ ട്രസ്റ്റ് എന്നിവയുടെ സഹായം തേടുക.

12 * വയലുകൾ നികത്തി വീട് വെക്കുന്നത് നിരോധിക്കണം.

13 * പുഴയോര മണ്ണൊലിപ്പ് കാരണം വീടുകളുടെ നാശനഷ്ടം ഒഴിവാക്കാൻ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കണം.

പട്ടിക

| | സിമന്റ് (Rs.) | കല്ല് 100 ന് (Rs.) | കമ്പി 100 ഗാ (Rs.) | ഓട് 1000ന് (Rs.) | കോൺക്രീറ്റ് യൂണിറ്റിന് (Rs.) | വിദഗ്ദ തൊഴിലാളി (Rs.) | അവിദഗ്ദ തൊഴിലാളി (Rs.) | സ്ത്രീ തൊഴിലാളി (Rs.) |
|---|---|---|---|---|---|---|---|---|
| 1987/88 | 88.00 | 140.00 | 840.00 | 1500.00 | 800.00 | 75–90 | 40–50 | 30–40 |
| 1989/90 | 95.00 | 250.00 | 1000.00 | 1800.00 | 1200.00 | 90–110 | 50–70 | 40–60 |
| 1992/94 | 140.00 | 400.00 | 1200.00 | 3200.00 | 1500.00 | 110–140 | 70–90 | 60–80 |
| 1995/96 | 180.00 | 700.00 | 1800.00 | 5000.00 | 2500.00 | 140–200 | 90–150 | 80–100 |

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് കേരളത്തിന്റെ അടുത്തൊന്നും എത്താൻ മറ്റ് സംസ്ഥാനങ്ങൾക്ക് ആയിട്ടില്ല. മലയാളിയുടെ ഉയർന്ന സാമൂഹ്യബോധത്തിന്റെ തെളിവാണിത്. ഇതിനായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയും, തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രകേരള സർക്കാറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും പുതുതായി വിവധ തലങ്ങളിൽ വ്യത്യസ്ഥ തൊഴിൽ മേഖലകളിൽ രൂപം കൊണ്ട ക്ഷേമ പദ്ധതികളുമായി ഇതിനെ രണ്ടായി വേർത്തിരിക്കാം.

നിർമ്മാണ തൊഴിൽ രംഗത്ത് ഈയിടെ രൂപം കൊണ്ട ക്ഷേമ പദ്ധതിയാണ് 'നിർമ്മാണ തൊഴിലാളി ക്ഷേമനിധി' ഇതിനുപുറമെ കർഷക തൊഴിലാളികൾ, ടൈലർമാർ, വിദഗ്ദ തൊഴിലാളികൾ, കൈതൊഴിലാളികൾ എന്നിവർക്കായി തുടങ്ങിയ വിവിധ ക്ഷേമനിധി ബോർഡുകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

പ്രസ്തുത ക്ഷേമനിധി ബോർഡുകളുടെ കീഴിലായി 700ൽ പരം തൊഴിലാളികൾ അംഗങ്ങളാണ്. ഇവയുടെ ആനുകൂല്യങ്ങൾ നൽകുന്നത് അതത് ബോർഡുകൾ തീരുമാനിക്കുന്ന രീതിയിലാണ് പല മേഖലകളിലും ആനുകൂല്യത്തിൽ ഏറ്റകുറച്ചിലുണ്ട്. സാമ്പത്തിക സഹായത്തിൽ ഏറ്റക്കുറച്ചിലുകൾ ആവാമെങ്കിലും, വിതരണ സ്വഭാവത്തിൽ ഏകീകരണം ആവശ്യമാണ്. നിലവിൽ കൂടുതൽ ആനുകൂല്യങ്ങൾ ഉള്ളതും തൊഴിലാളികൾക്ക് കൂടുതൽ സഹായകരമായതും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയാണ്. പഞ്ചായത്തിൽ 240ൽ പരം പേർ ഇതിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടിക ജാതിക്കാർക്ക് വേണ്ടി ഒരു പട്ടികജാതി കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഇത്തരം പദ്ധതികൾ മൂലം കുറെയേറെ സഹായങ്ങൾ ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെങ്കിലും അർഹരായവർക്ക് വേണ്ടത്ര സഹായം ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള ആനുകൂല്യങ്ങളിൽ പലതും ബ്ലോക്കോഫീസ് മുഖേനയാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പ്രധാനമായും IRDPയുടെ സർവ്വെലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്. അതുകൊണ്ട് തന്നെ പ്രസ്തുത സർവ്വെലിസ്റ്റ് കുറ്റമറ്റതാക്കേണ്ടത് അത്യാവശ്യമാണ്.

**പട്ടിക 1 IRDP സർവ്വെലിസ്റ്റ് പട്ടിക**

| വാർഡ് നമ്പർ | ആകെ കുടുംബം | SC/ST | സാമ്പത്തികസഹായംലഭിച്ചവർ | ഇതിൽ SC/ST | ദാരിദ്രരേഖക്ക് മുകളിൽ | ദാരിദ്ര്യരേഖയ്ക്ക് താഴെ |
|---|---|---|---|---|---|---|
| 1 | 243 | 25 | 19 | 2 | 2 | 256 |
| 2 | 251 | 43 | 40 | 12 | 7 | |
| 3 | 226 | NIL | 10 | NIL | NIL | |
| 4 | 188 | NIL | 1 | NIL | NIL | |
| 5 | 129 | 5 | 13 | 1 | NIL | |
| 6 | 307 | 30 | 34 | 14 | 1 | 306 |
| 7 | 258 | 63 | 42 | 21 | 2 | 256 |
| 8 | 298 | 21 | 38 | 17 | 2 | 296 |
| 9 | 260 | 17 | 24 | 6 | 1 | 259 |
| **ആകെ** | **2160** | **204** | **221** | **74** | **15** | **1373** |

അവലംബം :- VEO, LVEO ഓഫീസ് രേഖകൾ (പഴയ 9 വാർഡുകളുടെ കണക്കാണിത്)

അരീക്കോട് ബ്ലോക്കിൽ VEO, LVEO എന്നീ രണ്ട് ഗ്രാമസേവകരുണ്ട്. ഇതിൽ VEO ചെമ്രക്കൂട്ടൂർ സർക്കിളിൽ 6 മുതൽ 11 കൂടിയ വാർഡുകളിലും, LVEO 1 മുതൽ 5 കൂടിയ വാർഡുകളിലും പ്രവർത്തിക്കുന്നു.

ഇതിനുമുമ്പ് IRDP ആനുകൂല്യങ്ങൾക്ക് അതാത് പ്രദേശത്ത് നിന്ന് സർവ്വെലിസ്ററ് പ്രകാരം ഗുണഭോക്താവിനെ കണ്ടെത്തി അവരുടെ വീടുകളിൽ ചെന്ന് ഗ്രാമ സേവകൻ കാര്യങ്ങൾ വിശദീകരിച്ച് അവരുടെ ആവശ്യത്തിനും സാധ്യതക്കും അനുസൃതമായി വിഭവങ്ങൾ കണ്ടെത്തുകയാണ് ചെയ്തിരുന്നത്. ഇന്ന് ആവശ്യക്കാർ ഗ്രാമസേവകരേയും, ബ്ലോക്ക് ഓഫീസറേയും അന്വേഷിച്ച് നടക്കുകയാണ് ഇത് കാരണം യഥാർത്ഥ ഗുണഭോക്താവിന് പകരം ഉദ്യോഗസ്ഥന്മാരെ സ്വാധീനിക്കുന്നവർക്കാണ് അനുകൂല്യങ്ങൾ ലഭിക്കുന്നത്. ഈ സ്ഥിതി മേലിൽ അനുവദിച്ചുകൂടാത്തതാണ്.

ബ്ലോക്കാഫീസ് മുഖേന ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്ന മറ്റു പല സ്കീമുകളിലേയും സ്ഥിതി ഇതുതന്നെയാണ്. കൂടാതെ വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളേയും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളേയും ഉൾപ്പെടുത്തി നിർമറി, ടൂൾകിറ്റ് വിതരണം, ട്രൈസം, DWCRA തുടങ്ങിയവയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും ഏറെക്കുറെ ഇതേ രീതിയിൽ തന്നെയാണ്. ഇതിന് പ്രധാന കാരണം ഇത്തരത്തിലുള്ള സ്കീമുകളെ കുറിച്ച് ഗുണഭോക്താക്കളുടെ അറിവില്ലായ്മയാണ്.

നമ്മുടെ ഗ്രാമസഭകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ വെച്ച് നോക്കുമ്പോൾ ഒരു വാർഡിലും മേൽ സ്കീമിൽ ഒരു യൂണിറ്റും പ്രവർത്തിക്കുന്നതായി കാണുന്നില്ല. എന്നാൽ DWCRA സ്കീമിൽ ചെമ്രക്കാട്ടൂരിൽ ഒരു കൊപ്ര മില്ലും താഴത്തങ്ങാടിയിൽ ഒരു ചെരിപ്പ് നിർമ്മാണയൂണിറ്റും നടുക്കാവുങ്ങൽ ഒരു കോഴിവളർത്തു കേന്ദ്രവും പ്രവർത്തിച്ചിരുന്നതായി അറിയാൻ സാധിച്ചു. എന്നാൽ ഇവ നടത്തിപ്പു രംഗത്തെ പോരായ്മകൾ കാരണം ഉദ്ദേശിച്ച ലക്ഷ്യം കാണാതെ പരാജയപെടുകയാണുണ്ടായത്.

മേൽപറഞ്ഞ സ്കീമുകളിലെ ഗുണഭോക്താക്കൾക്ക് ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകി പ്രസ്തുത യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതുകൊണ്ട് ചുരുങ്ങിയത് ഇരുപത് സ്ത്രീകൾക്കെങ്കിലും തൊഴിൽ ലഭിക്കുന്നതാണ്.

## ട്രൈസം :

18 വയസ്സുമുതൽ 35 വയസ്സുവരെയുള്ളവർക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ഈ പദ്ധതി കഴിഞ്ഞകാലങ്ങളിൽ ട്രൈസം ആനുകൂല്യം ലഭിച്ചവരുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2

| പരിശീലനത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരർ |
|---|---|---|---|
| ടൈലറിങ്ങ് | 2 | 2 | – |
| ഓട്ടോമൊബൈൽ | 2 | 1 | – |
| പ്രിന്റിംഗ് | 6 | 2 | – |
| ബുക്ക് ബൈന്റിങ്ങ് | 2 | Nil | – |
| പ്ലാസ്റ്റിക് വർക്ക് | 4 | Nil | – |
| കമ്പോസിങ്ങ് | 4 | Nil | – |
| ഫുഡ് പ്രോഡക്ടിങ്ങ് | 3 | Nil | – |
| ITI | 4 | Nil | – |
| ബ്രാ നിർമ്മാണം | 3 | Nil | – |
| എംബ്രോയ്ഡറിംഗ് | 1 | Nil | – |
| ആകെ | 31 | 5 | – |

അവലംബം ബ്ലോക്ക് ഓഫീസ് കണക്കുകൾ

## ടൂൾകിറ്റ്

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

ഈ സ്കീമിൽ വളരെയധികം തുകയ്ക്കുള്ള തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ തൊഴിലുകളുടെയും കൈവേലക്കാരുടെയും താല്പര്യമനുസരിച്ചല്ല അവ വിതരണം ചെയ്തിട്ടുള്ളത്. സർക്കാർ നിശ്ചയിക്കുന്ന

ഏതെങ്കിലും ഒരേജൻസി ക്വട്ടേഷൻ മുഖേനയോ മറ്റോ അവർക്ക് ലാഭം കിട്ടുന്ന രീതിയിൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയാണ് പതിവ്. ഇത്തരം ഉപകരണങ്ങൾ നിലവാരക്കുറവും മറ്റു കാരണങ്ങളാലും തൊഴിലാളികൾ സ്വീകരിക്കുവാൻ മടിക്കുന്നു. ഈ പദ്ധതി പ്രകാരം നൽകുന്ന ഉപകരണങ്ങൾ നമ്മുടെ മേഖലയിലെ തൊഴിലാളികളുടെ താല്പര്യമനുസരിച്ച് 'റൈഡ് കോ' പോലുള്ള പൊതു സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടതാണ്

**പട്ടിക 3**

**ടൂൾകിറ്റ് വിതരണം ചെയ്ത വിവരപ്പട്ടിക**

| വാർഡ് | സ്വർണ്ണം | മരം | പോട്ടറി | ബ്ലാക്ക്സ്മിത്ത് | ബാർബർ |
|---|---|---|---|---|---|
| 1 | 7 | 2 | – | – | – |
| 2 | – | 5 | 18 | 2 | 4 |
| 3 | – | 17 | – | – | 3 |
| 4 | – | 5 | – | – | 1 |
| 5 | – | 3 | – | – | 2 |
| 6 | – | 6 | – | – | 6 |
| 7 | 4 | 9 | – | 2 | 10 |
| 8 | – | 7 | – | – | 5 |
| 9 | – | 20 | – | 2 | 4 |
| **ആകെ** | **11** | **74** | **18** | **6** | **35** |

## CRSP

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. ഈ പദ്ധതിക്കുകീഴിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബ്ലോക്ക് മുഖേനയാണ്. നമ്മുടെ പഞ്ചായത്തിൽ കക്കൂസുകൾ ഈ പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ഹരിജൻ കോളനികളുടെയും ദുർബല വിഭാഗങ്ങളുടെയും കണക്ക് പരിശോധിക്കുമ്പോൾ ഇതു വളരെ തുച്ഛമാണ്. കലിയംകുളം മൺപാത്രനിർമ്മാണ തൊഴിലാളി കേന്ദ്രത്തിൽ ശാസ്ത്രീയ കക്കൂസ് വിതരണം അടിയന്തിരമായും നടത്തണം. ശരാശരി 100 കക്കൂസുകളെങ്കിലും ഓരോ വാർഡിലും വിതരണം ചെയ്താലേ എല്ലാകുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാവുകയുള്ളൂ.

### പട്ടിക 4. വിവിധ സ്കീമുകളിൽ കക്കൂസ് ലഭിച്ചവരുടെ വിവര പട്ടിക.

| വാർഡ് നമ്പർ | കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ | ഇനി കക്കൂസ് വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 95 | 4 | 4 | 82 |
| 2 | 95 | 21 | 21 | 60 |
| 3 | 5 | 10 | 10 | 3 |
| 4 | 5 | Nil | Nil | 3 |
| 5 | 14 | 1 | 1 | 30 |
| 6 | 186 | 7 | 7 | 179 |
| 7 | 152 | 18 | 18 | 134 |
| 8 | 174 | 12 | 12 | 162 |
| 9 | 154 | 5 | 5 | 149 |
| **ആകെ** | 880 | 78 | 78 | 802 |

(അവലംബം: IRDP രേഖ 1992 മുതൽ 96 കൂടി)

### പട്ടിക 5. പെൻഷൻ ഗുണഭോക്താക്കളുടെ വിവരപട്ടിക. (1995–'96)

| പെൻഷൻ വിവരം | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|
| 1. വിധവാ പെൻഷൻ | 408 |
| 2. വാർദ്ധക്യകാല പെൻഷൻ | 14 |
| 3. ക്യാൻസർ രോഗികൾ | 3 |
| 4. ക്ഷയരോഗികൾ | 11 |
| 5. വികലാംഗർ | 35 |
| 6. കർഷക തൊഴിലാളി പെൻഷൻ | 770 |
| ആകെ | 1231 |

(അവലംബം: ഇനം 1–5 താലൂക്ക് ഓഫീസ് രേഖ, ഇനം 6 ലേബർ ആഫീസ് രേഖ)

വില്ലേജ് ഓഫീസുകൾ മുഖേനയും ക്ഷേമ നിധി ബോർഡുകൾ മുഖേനയും നൽകുന്ന ക്ഷേമപദ്ധതികളുടെ പട്ടിക മുകളിൽ ചേർത്തിരിക്കുന്നു.

മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്ന് പ്രധാനമായും കർഷകത്തൊഴിലാളി പെൻഷനാണ് നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്നത് എന്ന് മനസ്സിലാക്കുന്നു. ഇത് ലേബർ ഓഫീസ് മുഖേനയാണ് വിതരണം ചെയ്യുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി പരിമിതമായ തോതിലേ ഈ പെൻഷൻ പുതുതായി അനുവദിക്കുന്നുള്ളൂ. പ്രസ്തുത ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 336 പേരാണ് തൊഴിലില്ലായ്മ വേതനം വാങ്ങുന്നത്. ഇതിനായി ഒരു വർഷത്തിൽ 3,22,560 രൂപ ചെലവഴിക്കുന്നുണ്ട്.

## *അംഗനവാടികൾ :*

നമ്മുടെ പഞ്ചായത്തിൽ 22 അംഗന വാടികൾ ആണ് പ്രവർത്തിക്കുന്നത്. നഴ്സറി സ്ക്കൂളുകൾ പലതും ഉണ്ടെങ്കിലും ഗ്രാമീണ മേഖലയിൽ പ്രധാനമായും നഴ്സറി വിദ്യാഭ്യാസവും പോഷകാഹാരവും വിതരണം നടത്തുന്നത് അംഗനവാടികൾ മുഖേനയാണ്. കൂടാതെ പ്രതിരോധ കുത്തിവെപ്പുകൾ ബോധവൽക്കരണം തുടങ്ങിയവയും അംഗനവാടികൾ മുഖേന നടപ്പാക്കുന്നുണ്ട്.

ആയിരം പേർക്ക് ഒരു അംഗൻവാടി എന്നാണ് സർക്കാർ ലക്ഷ്യമെങ്കിലും ഇത് പൂർണ്ണമായും നമ്മുടെ പഞ്ചായത്തിൽ നിറവേറിയിട്ടില്ല. ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഘടകമായി ഇതു മാറിയിട്ടുണ്ടെങ്കിൽ പോലും പല സ്ഥലത്തും താല്കാലിക ഷെഡ്ഡുകളിലാണ് ഇവ പ്രവർത്തിക്കുന്നത്. സ്വന്തം സ്ഥലവും കെട്ടിടവും കക്കൂസുമുള്ളവ, സ്ഥലം മാത്രമുള്ളവ, സ്ഥലമുണ്ടായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ, സ്ഥലമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ, പുറം പോക്കിൽ ഷെഡ് കെട്ടി പ്രവർത്തിക്കുന്നവ ഇങ്ങിനെ വിവിധ രീതികളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇതിന്റെ സ്ഥിതി വിവരകണക്ക് പട്ടിക 6ൽ ചേർക്കുന്നു.

ഇതിനു പുറമെ അരീക്കോട് മഹിളാ സമാജം നടത്തുന്ന ഒരു ബാലവാടിയും ഇവിടെയുണ്ട്. 50 കുട്ടികളും ഒരു അദ്ധ്യാപികയും ഹെൽപ്പറും ഉണ്ട്. പഞ്ചായത്തിലെ 5ാം വാർഡിലാണ് ഇത് പ്രവർത്തിക്കുന്നത്. 1965 മുതൽ ഈ ബാലവാടി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യ ക്ഷേമ വകുപ്പാണ് ഇതു നിയന്ത്രിക്കുന്നത്.

## *കർഷകതൊഴിലാളി ക്ഷേമനിധി :*

കർഷകതൊഴിലാളി ക്ഷേമനിധി 198990 കാലത്ത് നിലവിൽ വന്നിട്ടുണ്ടെങ്കിലും 9293 കാലഘട്ടത്തിലാണ് പഞ്ചായത്തിലെ തൊഴിലാളികൾ അംഗത്വം സ്വീകരിച്ചത്. ഇക്കാലത്ത് 700ഓളം വരുന്ന തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായിരുന്നെങ്കിലും ഇതിൽ പകുതിയിലധികവും യഥാസമയം പണം അടക്കാത്തതിനാൽ അംഗത്വം നഷ്ടപ്പെട്ടവരാണ്. ഇതിനു പ്രധാന കാരണം ഓരോ അംഗത്തിനും നേരിട്ട് പണം അടക്കാൻ സൗകര്യമില്ലാത്തതാണ്. മേൽപണം സ്വരൂപിക്കുന്നതും അടക്കുന്നതും വിവിധ കർഷകതൊഴിലാളി സംഘടനകളാണ്. ഏതെങ്കിലും സംഘടനാ പ്രവർത്തകർ നിരുത്തരവാദപരമായ രീതിയിൽ പ്രവർത്തിച്ചാൽ തന്റേതല്ലാത്ത കാരണത്താൽ ക്ഷേമനിധി അംഗത്വം നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഓരോ അംഗത്തിനും നേരിട്ട് പണമടക്കാൻ സൗകര്യമുണ്ടാക്കേണ്ടതാണ്.

## *ആഭരണതൊഴിലാളികൾ :*

നൂറോളം വരുന്ന ആഭരണതൊഴിലാളികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിരലിലെണ്ണാവുന്നവർ മാത്രമാണ് പഞ്ചായത്ത് നിവാസികൾ. ഇവർക്ക് സ്വന്തമായി ക്ഷേമനിധി പോലുള്ള ക്ഷേമ പ്രവർത്തനമില്ല.

## *തയ്യൽ തൊഴിലാളികൾ :*

പഞ്ചായത്തിൽ 200ഓളം വരുന്ന ടൈലർമാരുണ്ട്. ഇതിൽ പകുതിയോളം പേരും സ്ത്രീകളാണ്. ഇവരിൽ കൂടുതലും വീടുകളിൽ വെച്ച് കിട്ടുന്ന ജോലി ചെയ്യുന്നു. ഉപകരണങ്ങൾ വാങ്ങാൻ കഴിയാത്തതുകൊണ്ടും മറ്റും ഒട്ടനവധി പേർ ജോലി ചെയ്യുന്നില്ല. ക്ഷേമനിധി അടുത്ത കാലത്തായി നിലവിൽ വന്നിട്ടുണ്ട്. സ്ത്രീകൾക്ക് മാത്രമായി ബ്രാ നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം തുടങ്ങിയവ വ്യാവ

## പട്ടിക 6. അംഗനവാടികളെ സംബന്ധിച്ച വിവരപട്ടിക

| ക്രമ നമ്പർ | അംഗൻവാടി | അംഗൻ വാടിനമ്പർ | കെട്ടിടം ഉ ണ്ട്/ഇല്ല | സ്ഥലം | കുടി വെള്ളം | കക്കൂസ് | മറ്റുവി വരങ്ങൾ |
|---|---|---|---|---|---|---|---|
| 1. | അരീക്കോട് | 1 | CPWP കെട്ടിടം | ഉണ്ട് | ഇല്ല | ഉണ്ട് | എല്ലാ അംഗൻവാടികളിലും കളിക്കോപ്പുകളും ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങളും ആവശ്യമാണ്. |
| 2. | പുത്തലം | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 3. | കിളിക്കല്ലുങ്ങൽ | 3 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 4. | കൊഴക്കോട്ടൂർ | 4 | CPWP | ഉണ്ട് | ഉണ്ട് | ഇല്ല | |
| 5. | നടുക്കാവുങ്ങൽ | 6 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 6. | പൂക്കോട്ടുചോല | 5 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 7. | ചെമ്രക്കാട്ടൂർ | 7 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 8. | ചെമ്രക്കാട്ടൂർ | 8 | CPWP | ഉണ്ട് | ഇല്ല | ഉണ്ട് | |
| 9. | ചെമ്രക്കാട്ടൂർ | 9 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 10. | വെള്ളേരി | 10 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 11. | വെള്ളേരി | 11 | പണി നട ക്കുന്നു | ഉണ്ട് | ഇല്ല | ഇല്ല | സ്ഥലവും കെട്ടിടവും സ്വന്തമായുള്ള സെന്ററിന് ചുറ്റ് മതിലും കളിസ്ഥലവും ആവശ്യമാണ്. |
| 12. | വെള്ളേരി | 12 | CPWP | ഉണ്ട് | ഇല്ല | ഉണ്ട് | |
| 13. | കണ്ടേങ്ങൽ | 13 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 14. | മുണ്ടമ്പ്ര താഴത്ത് മുറി | 14 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 15. | പെരുമ്പറമ്പ് | 15 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 16. | വലിയകല്ലുങ്ങൽ | 16 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 17. | കാരിപറമ്പ് | 17 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 18. | ആലുക്കൽ | 18 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 19. | ഉഗ്രപുരം | 19 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 20. | താഴെകൊഴക്കോട്ടൂർ | 20 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 21. | താഴത്തങ്ങാടി | 21 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | |
| 22. | പൂങ്കുടി | 22 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |

സായികാടിസ്ഥാനത്തിൽ തുടങ്ങേണ്ടതാണ്. 60 വയസ്സുകഴിഞ്ഞ ടൈലർമാർക്ക് ഉള്ള പെൻഷൻ പദ്ധതി കൂടുതൽ പ്രായോഗികമാക്കേണ്ടതുണ്ട്.

## മറ്റുതൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ :

തെങ്ങ്കയറ്റം, അലക്ക്, ബാർബർ തുടങ്ങിയ തൊഴിലാളികൾക്കായി ഡത്ത് കം റിട്ടയർമെന്റ് സ്കീം എന്ന പദ്ധതിയുണ്ട്. മറ്റുക്ഷേമ നിധികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്. മരണപ്പെട്ടാൽ കുടുംബത്തിന് ആനുകൂല്യം കിട്ടുന്നതല്ലാതെ മറ്റു ആനുകൂല്യങ്ങളൊന്നും തന്നെ ഇതുമൂലം ലഭിക്കുന്നില്ല.

## പട്ടികജാതി പട്ടികവർഗ്ഗം :

പട്ടികജാതി പട്ടികവർഗ്ഗത്തിനായി വിവിധ ക്ഷേമപദ്ധതികളുണ്ട്. പ്രധാനമായും വെൽഫയർ ഓഫീസ്, ബ്ലോക്ക് ഓഫീസ് എന്നിവമുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. കൂടാതെ ഉത്തരമേഖല വികസനകോർപ്പറേഷൻ വഴിയും സഹായങ്ങൾ നൽകുന്നുണ്ട്. ഇതിന്റെ മേഖലാ ഓഫീസ് പാലക്കാടാണ്.

കൂടാതെ കേന്ദ്രസർക്കാറിന്റെ നീർമറി പദ്ധതി ഈ പഞ്ചായത്തിലെ അഞ്ച് കോളനികളിൽ നടപ്പാക്കിയിട്ടുണ്ട്. ഒരു കോളനിക്ക് 4 ലക്ഷം രൂപവീതം 20 ലക്ഷം രൂപ 9296 കാലത്തായി ചെലവഴിച്ചിട്ടുണ്ട്. കോളനികളെയും കൺവീനറെയും കോളനി നിവാസികൾ പോലും അറിയാത്ത രീതിയിലാണ് അവയുടെ പ്രവർത്തനങ്ങൾ. പൂർണ്ണമായും കോൺട്രാക്ടർമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ഇഷ്ടാനിഷ്ടത്തിനനുസൃതമായാണ് അവ നടക്കുന്നത്. അതുകൊണ്ട് ഇത് പഞ്ചായത്ത് ബോർഡുകളുടെ ചുമതലയിൽ കൊണ്ടുവരേണ്ടതാണ്.

## വനിതാക്ഷേമം :

പഞ്ചായത്തിലെ ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. എന്നാൽ തൊഴിൽ മേഖലയിൽ സ്ത്രീകൽ വളരെ പുറകിലുമാണ്. മണൽവാരൽ, അടക്കസംസ്ക്കരണം, കാർഷികതൊഴിൽ എന്നീ മേഖലകളിലാണ് സ്ത്രീകളുടെ പങ്കാളിത്തം കാര്യമായുള്ളത്. അടുത്തകാലത്തായി നിർമ്മാണതൊഴിൽ രംഗത്തേക്കും അവർ കടന്നുവന്നിട്ടുണ്ട്.

## പൊതുനിർദ്ദേശങ്ങൾ :

1. IRDP സർവ്വേലിസ്റ്റ് വാർഡ് തിരിച്ച് പഞ്ചായത്ത് ഓഫീസ്, അതത് വാർഡിലെ പ്രാധാന വായനശാല എന്നിവിടങ്ങളിൽ പരസ്യപ്പെടുത്തുക.

2. ഓരോ വർഷവും തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് മേൽ പ്രകാരം പരസ്യപ്പെടുത്തുക.

3. രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകർക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുക.

4. ട്രൈസം, CRSP, ടൂൾകിറ്റ് തുടങ്ങിയതിന് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാൻ ജനകീയ സമിതികളും ഗ്രാമപഞ്ചായത്ത് ബോർഡ് മെമ്പർമാരും സന്നദ്ധ സംഘടന പ്രതിനിധികളും ഉൾക്കൊള്ളുന്ന കമ്മറ്റി രൂപീകരിക്കുക.

5. വിവിധ പെൻഷനുകൾക്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുക.

6. അംഗൻവാടികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകീകരിക്കുകയും അവലോകനം നടത്തുകയും ചെയ്യുക.

7. അംഗൻവാടി ജീവനക്കാരുടെ അലവൻസ് വർദ്ധിപ്പിക്കുക.

8. അംഗൻവാടികൾക്ക് കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കുക.

9. അംഗൻവാടികൾക്ക് കെട്ടിടം വെക്കുന്നതിനും കളിസ്ഥലം ഉണ്ടാക്കുന്നതിനും സ്ഥലം ഉണ്ടാക്കുക.

10. ITI ക്ക് സമീപം അംഗൻവാടി സ്ഥാപിക്കുക (ഗ്രാമസഭാ നിർദ്ദേശം)

11. സ്ത്രീകൾക്കായി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂനിറ്റ്, ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കുക.

12. സ്ത്രീകൾക്ക് മാത്രമായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

13. എല്ലാ പട്ടികജാതികോളനികളിലും വൈദ്യുതിയും കുടിവെള്ളവും എത്തിക്കുക.

14. എല്ലാ പട്ടികജാതി കോളനികളിലും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

15. മന്ദബുദ്ധികൾക്കും, വികലാംഗർക്കും, ബധിരമൂക അന്ധവിഭാഗത്തിനും പ്രത്യേകം സ്ക്കൂൾ തുടങ്ങുക. (ഗ്രാമസഭാ നിർദ്ദേശം)

16. കർഷകതൊഴിലാളി പെൻഷൻ തൊഴിലില്ലായ്മ വേതനം തുടങ്ങിയവ അനർഹർ വാങ്ങുന്നത് തടയാൻ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കമ്മിറ്റി രൂപീകരിക്കുക.

17. അരീക്കോട് ബാലവാടി ഐ.സി.ഡി.എസ് ഏറ്റെടുക്കുക ഒന്നരവർഷത്തിലേറെയായി ഇവിടെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത ദുരവസ്ഥ ഒഴിവാക്കുക.

18. തയ്യൽ തൊഴിലാളി പെൻഷൻ പദ്ധതി കൂടുതൽ പ്രായോഗികമാക്കുക.

# 8. സംസ്കാരം



ഇവിടെ താമസിച്ചിരുന്ന ഉദാരമതികളായ ഒരു ജന്മികുടുംബം സൗജന്യമായി അരിവിതരണം നടത്തിയിരുന്നു. എന്നും അങ്ങിനെ 'അരി കൊട്' എന്നത് കാലക്രമേണ 'അരീക്കോട്' എന്നായി എന്നും വൈവിധ്യമാർന്ന അഭിപ്രായ ഗതികൾ നിലനിൽക്കെ തന്നെ അരീക്കോട്ടെ പഴയ കാലത്തെ പ്രശസ്ത മാപ്പിളകവി മുണ്ടമ്പ്ര ഉണ്ണിമമ്മദിന്റെ ഈരടികളിൽ നിന്നും അരുവിയുടെ ഓരത്തുള്ള പ്രദേശമായതിനാൽ അരുവിക്കോട് എന്നും പിന്നീട് അരീക്കോട് എന്ന് വിളിക്കാൻ ഇട വന്നു എന്നും കാണുന്നു. എന്നാൽ പണ്ടുകാലത്ത് അടക്കാകൃഷി കൂടുതലായി ഉണ്ടായിരുന്ന പ്രദേശമായതിനാൽ ബ്രിട്ടീഷുകാരാൽ 'അരിക്കനട്ട്' ൽ നിന്നും 'അരീക്കോട്' എന്ന് നാമകരണം വന്നു എന്നും അഭ്യൂഹമുണ്ട്.



അരിമണൽ രൂപത്തിലുള്ള അയിരിൽ നിന്നും ഇരുമ്പ് സംസ്കരിച്ചെടുത്തിരുന്ന ഒരു ജനതയുടെ അധിവാസത്തിൽ നിന്നാണ് അരീക്കോട് എന്ന സ്ഥലനാമനിർണയമെന്ന് പ്രശസ്ത ചരിത്രകാരൻ എം.ആർ. രാഘവ വാര്യർ അഭിപ്രായപ്പെട്ടപ്പോൾ, പ്രാചീനകാലത്ത്

നമ്മുടെ സാംസ്കാരിക പൈതൃക ത്തിന്റെ അടിവേരുകൾ തേടിയുള്ള അന്വേഷ ണത്തിന് പകരമായി നാം ഇന്ന് എത്തി നിൽക്കുന്ന ഉന്നത സാംസ്കാരിക നിലവാര ത്തിലേക്കുള്ള പ്രയാണത്തിന്റെ ആരംഭസ്ഥാ നത്തേക്കൊരു എത്തിനോട്ടമായിരിക്കും കര ണീയമെന്ന് തോന്നുന്നു. 1907 ൽ പുത്തലത്ത് പ്രവർത്തനമാരംഭിച്ച പ്രഥമ ഔപചാരിക വിദ്യാ ഭ്യാസ സ്ഥാപനത്തിൽ നിന്നാണ് നമ്മുടെ ജന തയുടെ വിദ്യാരംഭം കുറിക്കപ്പെട്ടത്. ഇന്ന് മല പ്പുറം ജില്ലയിൽ ഏറ്റവും അധികം വിദ്യാസമ്പ ന്നരുള്ള പ്രദേശമെന്ന ഖ്യാതി നമുക്ക് ലഭ്യ മായ വസ്തുതയിലേക്ക് കണ്ണോടിക്കുമ്പോൾ നമുക്ക് കഴിഞ്ഞ കാലത്ത് സാംസ്കാരിക നേതൃത്വം നൽകിയ മഹൽവ്യക്തികളെയും പ്രസ്ഥാനങ്ങളെയും അനുസ്മരിക്കാതെ വയ്യ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ തന്നെ നമ്മുടെ വികസനപാതയോരത്ത് പുതിയ സംസ്കാരത്തിന്റെ കൈതിരിയുമായി പ്രത്യ ക്ഷപ്പെട്ട ജാക്കോബിയും അരീക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്ഥാപിക്കുന്നതിനും ഉഗ്രപുരം കേന്ദ്രമാക്കി അനേകം സാംസ്കാ രിക പ്രവർത്തനങ്ങൾ നടത്തുന്നതിനും നേതൃത്വം നൽകിയ ശ്രീ. പി.എം. കുമാരൻനാ യർ, കണിച്ചാടി കൃഷ്ണൻ നായർ, കൊട്ടപ്പു റത്ത് വേലായുധൻ നായർ, മേലേ പുരയ്ക്കൽ താമുവൈദ്യർ, അരീക്കോട് സുല്ലമുസ്സലാം ഓറി യന്റൽ ഹൈസ്കൂളും അനുബന്ധ സ്ഥാപന ങ്ങളും സ്ഥാപിച്ച് മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മുന്നേറ്റത്തിന് നേതൃത്വം നൽകിയ ചെയ്ത ജ: എൻ. പി. അബ്ദുസ്സലാം മൗലവി, പ്രശസ്ത മാപ്പിളകവി മുണ്ടമ്പ്ര ഉണ്ണിമമ്മദ് എന്നിവരാണ് നമ്മുടെ സാംസ്കാരിക രംഗത്തെ കാരണവന്മാർ.

നിരവധി ഔപചാരികഅനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്കൃതിയുടെ ആത്മാവ്. ഇന്നുള്ള അനൗ പചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ ഏതാനും ഗ്രന്ഥശാലകളും വായനശാലകളും നമ്മുടെ സംസ്കാരത്തിന്റെ കരുത്ത് നില നിർത്തുന്നതിന് സഹായകമാവുന്നുണ്ട്. 1952 ൽ അരീക്കോട് സ്ഥാപിക്കപ്പെട്ട യംഗ്മെൻസ് അസോസിയേഷൻ ( വൈ.എം. എ) തുടർന്ന് സ്ഥാപിക്കപ്പെട്ട യംഗ് മുസ്ലീം ബ്രദർ ഹുഡ് (വൈ.എം.ബി) 1954ൽ സ്ഥാപിക്കപ്പെട്ട ഉഗ്ര പുരം ദേശസേവിനി എന്നിവ നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളിൽ മികച്ച് നിൽക്കുന്നു. കൂടാതെ പഞ്ചായത്ത് നേരിട്ട് നട ത്തുന്ന നാല് സാംസ്കാരിക നിലയങ്ങളും വിവിധ വാർഡുകളിലായി ഇരുപത് വായനശാ ലകളും എട്ട് ലൈബ്രറികളും അഞ്ച് പൊതു ടി.വി. സെറ്റുകളും നിലവിലുണ്ട്. എന്നാൽ ലൈബ്രറികളുടെയും വായനശാലകളുടെയും പ്രവർത്തനവും ഉപയോഗവും വേണ്ടത്ര കാര്യ ക്ഷമമല്ല. വിവിധ വാർഡുകളിലായി പ്രവർത്തി ക്കുന്ന ഇരുപത്തിമൂന്ന് ക്ലബ്ബുകളിൽ പലതും സജീവമല്ല.

നമ്മുടെ ജനസംഖ്യയുടെ മഹാഭൂരിപ ക്ഷവും മുസ്ലീം ജനവിഭാഗത്തിൽ പെട്ടവരാണ്. അവശേഷിക്കുന്നത് ഹിന്ദുവിഭാഗത്തിൽപ്പെട്ട വരുമാണ്. ക്രിസ്തീയ ജനവിഭാഗം ഇല്ല എന്നു തന്നെ പറയാം. വിവിധ വാർഡുകളിലായി ചെറുതും വലുതുമായ 43 മുസ്ലീം ആരാധനാ കേന്ദ്രങ്ങളും പൊതുവായിട്ടുള്ളതും, തറവാടു കൾ വകയായിട്ടുള്ളതുമായി പതിമൂന്ന് ഹിന്ദു ആരാധനാകേന്ദ്രങ്ങളും ഉണ്ട്. ക്രിസ്തീയ ദേവാ ലയങ്ങൾ ഇല്ല. ഇവയിൽ ചരിത്രപ്രാധാന്യമുള്ള ആരാധനാലയങ്ങൾ താഴത്തങ്ങാടി വലിയ ജുമാഅത്ത് പള്ളിയും പുത്തലം ശ്രീ സാളി ഗ്രാമ ക്ഷേത്രവും ആണ്. ഹിന്ദു ജനവിഭാഗ ത്തിൽ ഉയർന്ന ജാതിയിൽപ്പെട്ടവർ പിന്നോക്ക വിഭാഗങ്ങളെ അപേക്ഷിച്ച് എണ്ണത്തിൽ അല്പം കുറവാണ്. കുശവജാതിക്കാരായ മൺപാത്ര നിർമ്മാണംകുലതൊഴിൽ ആക്കിയ ഒരു വലിയ സമൂഹവും നമ്മുടെ പഞ്ചായത്തിലെ രണ്ടാം വാർഡിൽ താമസിക്കുന്നു.

വിവിധ വാർഡുകളിലായി പത്തിൽ അധികം ഉത്സവങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. ഇവയിൽ മിക്കവയും വർഷം തോറും നടത്തിവരാറുള്ളതാണ്. എന്നാൽ ചിലത് രണ്ടോ മൂന്നോ വർഷത്തിൽ ഒരിക്കൽ നടത്തിവരുന്നവയാണ്. ഇവയിൽ എടുത്തുപ റയത്തക്കത് രണ്ടാം വാർഡിൽ ഉഗ്രപുരത്ത് നടത്തിവരാറുള്ള അയ്യപ്പൻ വിളക്കും എട്ടാം

വാർഡിലെ പുക്കാട്ട് തിറയുത്സവവും ആണ്. കുശവ വിഭാഗത്തിന്റെ മാരിയമ്മൻ ഉത്സവവും ശ്രദ്ധേയമാണ്. ഗ്രാമീണ ഉത്സവങ്ങൾ തനിമയോടെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും സാധിക്കാത്തതിനാൽ പലതും നിന്ന് പോവുന്ന സ്ഥിതി വന്നിട്ടുണ്ട്.

വിനോദരംഗത്ത് ഒരു സിനിമാശാലയല്ലാത്ത പറയത്തക്ക സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിൽ വിവിധ വീടുകളിലായി സ്ഥാപിക്കപ്പെട്ട 413 ടെലിവിഷൻ സെറ്റുകളാണ് വിനോദരംഗത്തുള്ള മറ്റു ഉപാധികൾ. വേനൽകാല സായാഹ്നങ്ങളിൽ വിനോദ കേന്ദ്രങ്ങളായി മണൽപുറം ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ മണൽ വാരലിന്റെ ഫലമായി മണൽപുറത്തിന്റെ മനോഹാരിതയും ആകർഷണീയതയും നഷ്ടപ്പെട്ടിരിക്കുന്നു.

കലാരംഗത്ത് മികച്ച സംഭാവനകൾ നൽകിയ അനേകം വ്യക്തിത്ത്വങ്ങളിൽ എടുത്ത് പറയേണ്ടവർ പ്രശസ്ത സംഗീത സംവിധായകനായ കെ.വി. അബുട്ടിയും അഖിലകേരള മാപ്പിളപാട്ടു മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഷിഹാബുദ്ദീനും ആണ്.

## കായികരംഗം

കായികരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കായിക മത്സരങ്ങളിൽ വിജയിച്ച് അംഗീകാരം നേടിയെടുക്കുക എന്ന സങ്കല്പം രൂപപ്പെടുന്നതിനു മുമ്പ്തന്നെ, ഒരു വിനോദ ഉപാധി എന്ന നിലയിൽ പല നാടൻകളികളും നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിൽ ഉണ്ടായിരുന്നു. തലപന്ത് കളി, കാരക്കളി എന്നിവ നമ്മുടെ ആദ്യകാല കായിക വിനോദങ്ങളിൽ എടുത്ത് പറയേണ്ടവയാണ്. വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ആരംഭിച്ച പുരോഗതി കായികരംഗത്തും പ്രതിഫലിച്ചു. കൂടാതെ എം.എസ്.പി. ക്യാമ്പിൽ താമസിച്ചിരുന്ന പോലീസുകാരിൽ നിന്നും വിവിധ കായികവിനോദങ്ങൾ നാം സ്വാംശീകരിച്ചു. അവരിൽ നിന്ന് കണ്ട് പഠിച്ച ഹോക്കിയാണ് നമ്മുടെ നാട്ടിൻപുറങ്ങളിൽ കാരകളിയായി ജനപ്രീതി നേടിയത്.

അതുപോലെ തന്നെ നമ്മുടെ പഞ്ചായത്തിലെ പ്രഥമഡോക്ടർ ആയ എം. ഉസ്മാൻ മദ്രാസ് മെഡിക്കൽ കോളേജിൽ നിന്നും പരിശീലിച്ച ഫുട്ബോൾ കളിയും നമ്മുടെ നാട്ടിൽ പ്രചരിക്കപ്പെട്ടു. അതിൽനിന്നാണ് ഫുട്ബോളിലുള്ള നമ്മുടെ നൈപുണ്യം ആരംഭിക്കുന്നത്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജനപ്രീതി ആർജിച്ച കായികവിനോദം ഫുട്ബോൾ തന്നെയാണ്. എന്നാൽ വ്യാപകമായി ടെലിവിഷൻ സ്ഥാപിതമായതോടെ ജനങ്ങൾ ക്രിക്കറ്റിലേക്ക് ആകൃഷ്ടരാവുകയും പരമ്പരാഗതമായി നാം നിലനിർത്തിപ്പോന്ന ഫുട്ബോൾ പ്രേമം കൈമോശം വന്നേക്കാവുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്. മൂർഖൻ അബ്ദുറഹിമാൻ, മാനു മാസ്റ്റർ, മൂർഖൻ ഷൗക്കത്തലി, കെ.എസ്.എ. ഗഫൂർ മാസ്റ്റർ തുടങ്ങിയവർ നമ്മുടെ ഫുട്ബോൾ പ്രതിഭകളായിരുന്നു. ഫുട്ബോൾ രംഗത്തെ പഴയ കാരണവന്മാരുടെ പിൻമുറക്കാരായി സംസ്ഥാനദേശീയ തലങ്ങളിൽ മികവ് തെളിയിച്ച കെ.വി. സൈനുൽ ആബിദ്, കെ. കുഞ്ഞുമുഹമ്മദ്, കെ. സൈത്ഫസൽ, പി. ഹബീബ് റഹ്മാൻ, കെ.ടി. നാസർ, എൻ.എ സലാം തുടങ്ങിയ ഫുട്ബോൾ പ്രതിഭകളും നാഷണൽ റഫറി കെ.വി. ഖാലിദും നമ്മുടെ കായികരംഗത്തിന് അഭിമാനം നൽകുന്നു.

ജില്ലാസംസ്ഥാനതല കായിക മത്സരങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കാൻ നമ്മുടെ പഞ്ചായത്തിന്ന് സാധിച്ചിട്ടില്ല. കായിക പ്രതിഭകൾ ഇല്ലാത്തതല്ല, മറിച്ച് അവരെ കണ്ടെത്തി വളർത്തികൊണ്ടുവരുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവമാണ് ഇതിനു കാരണം. ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന അമേച്വർ ക്ലബ്ബുകളുടെ കാര്യക്ഷമതയിലൂടെയും ജനകീയ ഇടപെടലിലൂടെയും മാത്രമേ ഈ സ്ഥിതി പരിഹരിക്കാൻ കഴിയൂ. നിലവിലുള്ള അമേച്വർ ക്ലബ്ബുകളിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്നത് ഉഗ്രപുരം സ്പോർട്ട്സ് ക്ലബ്ബ് ആണ്. 1995-96ൽ ജില്ലാ അമേച്വർ മിനി മീറ്റിൽ ചാമ്പ്യൻഷിപ്പ് ഈ ക്ലബ്ബിനായിരുന്നു.

അരീക്കോട് നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് സ്റ്റേഡിയവും ആറാം

വാർഡിൽ പുത്തലത്തുള്ള മിനി സ്റ്റേഡിയവുമാണ് പഞ്ചായത്തു വകയായി നമുക്കുള്ള കളിസ്ഥലങ്ങൾ. പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ വികസനം പൂർണ്ണമാക്കിക്കൊണ്ടല്ലാതെ കായികരംഗത്തെ പ്രശ്നപരിഹാര പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ആവില്ല. ഇവ രണ്ടും അല്ലാതെ അരീക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ കളിസ്ഥലവും എം.എസ്.പി. ക്യാമ്പിനോട് അനുബന്ധിച്ചുള്ള കളിസ്ഥലവുമാണ് നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിൽ ഉള്ളത്. ഗ്രാമപഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ ഒന്നും തന്നെ കളിസ്ഥലങ്ങൾ നിലവിൽ ഇല്ലാത്തത് നമ്മുടെ കായികരംഗത്തെ വളർച്ചയെ ബാധിച്ചിട്ടുണ്ട്. കൂടാതെ കായികരംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും പുതിയ പ്രതിഭകളെ വാർത്തെടുക്കുന്നതിനും ആവശ്യമായ ജനകീയ സംരംഭങ്ങൾ ഉയർന്നുവരേണ്ടിയിരിക്കുന്നു.

## *പ്രശ്നങ്ങൾ*

* ഗ്രാമീണമേഖലകളിൽനിന്ന് കലാകായികസാഹിത്യസാംസ്കാരിക പ്രതിഭകളെ വളർത്തികൊണ്ടുവരുന്നതിനുള്ള സംവിധാനം ഇല്ല.

* കുട്ടികളുടെ കലാകായിക രംഗത്ത് വളർച്ചയ്ക്ക് സഹായകമായ സംരംഭങ്ങളില്ല.

* സ്ത്രീകൾക്ക് ഉപയുക്തമായ തരത്തിലുള്ള ലൈബ്രറി സൗകര്യങ്ങൾ ഇല്ല.

* പത്താം വാർഡിൽ ഒരു വായനശാല പോലുമില്ല. മറ്റു വാർഡുകളിലെ പല വായനശാലകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

* നാല്, ആറ് വാർഡുകളിലൊഴികെ മറ്റു വാർഡുകളിലൊന്നും പഞ്ചായത്തു വക കളിസ്ഥലങ്ങൾ ഇല്ല.

* ക്ലബ്ബുകളുടെ പ്രവർത്തനം വേണ്ടത്ര സജീവമല്ല.

* രണ്ട്, നാല്, ആറ്, പതിനൊന്ന് വാർഡുകളിലൊഴികെ മറ്റു വാർഡുകളിൽ പഞ്ചായത്തു വക സാംസ്കാരിക കേന്ദ്രങ്ങൾ ഇല്ല.

* 1, 3, 6, 7, 8, 10 വാർഡുകളിൽ ലൈബ്രറി സൗകര്യങ്ങൾ ഇല്ല.

* കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൗകര്യപെടുന്ന തരത്തിലുള്ള ഓഡിറ്റോറിയം ഇല്ല.

* 1, 3, 7, 8, 9, 10 എന്നീ വാർഡുകളിൽ പൊതു ടെലിവിഷൻ സ്ഥാപിതമായിട്ടില്ല.

## *നിർദ്ദേശങ്ങൾ*

* ആധുനിക സൗകര്യങ്ങളോടെ ഒരു ഓഡിറ്റോറിയം നിർമ്മിക്കണം.

* കലാകായികസാംസ്കാരിക അഭിവൃദ്ധി ലക്ഷ്യമാക്കി ഒരു പഞ്ചായത്ത് തല ജനകീയ സമിതി രൂപീകരിക്കണം.

* ജനങ്ങൾക്ക് ഒത്തുകൂടാനുള്ള സൗകര്യം അടിസ്ഥാനമാക്കി പഞ്ചായത്ത് ഭൂപ്രദേശത്തെ വിവിധ സാംസ്കാരിക ഗ്രാമങ്ങളാക്കി വിഭജിക്കണം. ഒരോ സാംസ്കാരിക ഗ്രാമത്തിലും ഒരു സാംസ്കാരികനിലയം നിർമ്മിക്കണം. ഇവയെ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കലാകായിക സമിതികളും, വായനശാലയും, ലൈബ്രറിയും, ബാലസമിതിയും, മഹിളാസമാജവും, ഇൻഫോർമേഷൻ സെന്ററും സ്ഥാപിക്കണം. ഇവിടങ്ങളിൽ ടി.വി. സെറ്റുകളും വേണം. ഇതിനോട് അനുബന്ധിച്ച് ചെറുതെങ്കിലും ഒരു കളിസ്ഥലവും ഉണ്ടാവണം. ഗ്രാമത്തിന്റെ വികസന കേന്ദ്രമായി ഈ നിലയങ്ങൾ പ്രവർത്തിക്കണം.

* സ്കൂൾ കലാകായിക മേളകളിൽ ജനങ്ങളുടെ സഹകരണം ഉണ്ടാവണം.

* നാടൻ കലാരൂപങ്ങൾ കൈമോശം വരാതെ സംരക്ഷിക്കണം.

* ഗ്രാമീണ ഉത്സവങ്ങളെ കൂടുതൽ ജനകീയമാക്കി പരിപോഷിപ്പിക്കണം.

* നിർദ്ദിഷ്ട സ്റ്റേഡിയം ഉടൻ പൂർത്തീകരിക്കണം.

* പുതിയ സാഹിത്യ പ്രതിഭകളെ വളർത്തിയെടുക്കാനായി സാഹിത്യ സംവാദങ്ങളും ശില്പശാലകളും സംഘടിപ്പിക്കണം.

* കായിക വളർച്ചയ്ക്കായി കോച്ചിങ് ക്യാമ്പുകൾ നടത്തണം.

# ൯. വനിത



ജീവിതത്തിന്റെ പകുതിയും അടുക്കളയിൽ തളച്ചിടപ്പെട്ട സ്ത്രീകൾ നേരിടുന്ന സാമൂഹ്യപ്രശ്നങ്ങൾ നിരവധിയാണ്. രാവിലെ ആറുമണിമുതൽ രാത്രി പത്തുമണിവരെ ചെയ്യുന്ന ജോലികൾ ആരും കാണാതെ (അംഗീകരിക്കാതെ) പോകുന്നു. അടുക്കളയുടെ കറുത്ത ചുവരുകൾ പോലെ നമ്മുടെ സഹോദരിമാരുടെ ശ്വാസകോശവും കറുത്തു കരുവാളിച്ചതാണെന്ന സത്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സ്ത്രീയെ കച്ചവടച്ചരക്കാക്കി മാറ്റുന്ന ഒരു സംസ്കാരം മറുവശത്ത് അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നു. സ്ത്രീ പീഡനങ്ങൾ ഒരു വാർത്തയല്ലാതായിരിക്കുന്നു. നൈനാസാഹ്നി, ഭംവരീദേവി, രൂപ് കൻവാർ, സൂര്യനെല്ലിയിലെ സ്കൂൾ വിദ്യാർത്ഥിനി തുടങ്ങി എത്രയോ പീഡനകഥകൾ നമ്മളിലേല്പിച്ച മുറിവുകൾ കരിയാതെ കിടക്കുന്നു. സ്ത്രീധനം ഒരു ശാപമായി നമ്മുടെ സമൂഹത്തെ ഗ്രസിച്ചിരിക്കുന്നു. ഇതെല്ലാം മറികടക്കാനുള്ള ഒരു ജനകീയ മുന്നേറ്റം ഉണ്ടാക്കാനും സാമൂഹികസമത്വം ഉറപ്പാക്കാനും ഉള്ള പരിപാടികൾക്കാണ് ഈ ചർച്ചയിൽ രൂപം നൽകേണ്ടത്.

91ലെ സെൻസസ് കണക്കുപ്രകാരം 12057 സ്ത്രീകളാണ് അരീക്കോട് പഞ്ചായത്തിലുള്ളത്. തൊഴിൽ മേഖലയിൽ ഇവരുടെ പങ്ക് വളരെ ശുഷ്കമാണ്. സ്ഥിരവരുമാനം ലഭിക്കുന്ന മേഖലകളിൽ സ്ത്രീകളുടെ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്തികൊണ്ട് മാത്രമേ നമുക്കിനി മുന്നേറാൻ കഴിയൂ. ഇതിന്റെ ആദ്യപടി നാം പിന്നിട്ടുകഴിഞ്ഞതാണ്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം താരതമ്യേന ഉയർന്ന നിലവാരം പുലർത്തുന്നു. വളരെ മുമ്പുതന്നെ അരീക്കോട്ടെ മുസ്ലീം വനിതകൾ സ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. മലബാറിൽ തന്നെ ആദ്യത്തെ മുസ്ലീം അദ്ധ്യാപിക അരീക്കോട്ടു

കാരിയായ ആയിഷുമ്മ ടീച്ചറായിരുന്നുവെന്നത് നമുക്ക് എന്നും അഭിമാനിക്കാവുന്നതാണ്. ഇന്നത്തെ 3,4,5,6 വാർഡുകളിലെ മിക്കവാറും വീടുകളിൽ ഉന്നതവിദ്യാഭ്യാസം നേടിയവരും സർക്കാർ ജോലിക്കാരുമായ വനിതകൾ ധാരാളമുണ്ട് എന്നത് വനിതാരംഗത്തെ എടുത്തുപറയേണ്ട ഒരു നേട്ടമാണ്.

സാമൂഹ്യ രാഷ്ട്രീയ സാംസ്കാരികരംഗത്ത് പൊതുവിൽ വനിതാമുന്നേറ്റം ദൃശ്യമല്ലെങ്കിലും മുജാഹിദ് വനിതാ വിഭാഗം എം.ഇ.എസ് വനിതാവിഭാഗം, മഹിളാ അസോസിയേഷൻ, മഹിളാസമാജങ്ങൾ, C.B.N.P എന്നിവയുടെ പ്രവർത്തനങ്ങളാണ് വനിതാരംഗത്ത് എടുത്തുപറയത്തക്കതായിട്ടുള്ളത്.

33% വനിതാസംവരണം നിർബന്ധമായതോടെ പഞ്ചായത്ത് ഭരണസമിതിയിൽ നാലംഗങ്ങൾ വനിതകളാണ്. അരീക്കോട് പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലും അരീക്കോടിനെ പ്രതിനിധീകരിക്കുന്നത് വനിതകളാണ്. (ബ്ലോക്കു പഞ്ചായത്തു മെമ്പർ ശ്രീമതി. ഹഫ്സത്ത്, ജില്ലാ പഞ്ചായത്ത് മെമ്പർ മൈമൂനടീച്ചർ) അതുകൊണ്ടുതന്നെ ഗ്രാമസഭകളിൽ പൊതുവെ സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്നു. സജീവമായിതന്നെ അവർ ചർച്ചകളിലും പങ്കെടുത്തിരുന്നുവെന്നത് ആശാവഹം തന്നെയാണ്.

സഹകരണമേഖലയിൽ വനിതകൾക്കായി പഞ്ചായത്തിൽ ആരംഭിച്ചിരുന്ന കൊപ്രമില്ലും, ഹോട്ടലുകളും പല സാങ്കേതിക പ്രശ്നങ്ങൾ കാരണം പരാജയപ്പെടുകയാണുണ്ടായത്. ഇതിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് വേണം പുതിയ സംരംഭങ്ങൾ ആരംഭിക്കേണ്ടത്.

കെട്ടിടനിർമ്മാണം, ഓട്ടുകമ്പനി, പപ്പട നിർമ്മാണം, ഖാദിനൂൽനൂല്പ്, മണൽവാരൽ, കൃഷി, മറ്റു കൂലിപ്പണികൾ, സർക്കാർ സേവന മേഖലകൾ തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകൾ ജോലിയെടുക്കുന്നുണ്ട്. ആകെ സ്ത്രീ ജനസംഖ്യയുടെ 15% താഴെ പേർ മാത്രമേ തൊഴിലെടുക്കുന്നുള്ളു.

91 ലെ സെൻസസ് പ്രകാരം തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം.

| | |
|---|---|
| കൃഷി | 235 |
| മൃഗസംരക്ഷണം | 9 |
| വ്യവസായതൊഴിലാളികൾ | 33 |
| കുടിൽവ്യവസായം | 31 |
| മരാമത്ത്(നിർമ്മാണം) | 6 |
| വ്യാപാരം | 9 |
| ഗതാഗതം മറ്റു സർക്കാർ മേഖലകൾ | 275 |
| മാർജിനൽ വർക്കേഴ്സ് | 140 |
| തൊഴിലില്ലാത്ത വനിതകൾ | 11281 |

(96ൽ 100ഓളം സ്ത്രീകൾ നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട് )

വിദ്യാഭ്യാസരംഗത്ത് ആകെ കുട്ടികളിൽ 49.5% പെൺകുട്ടികളാണ്. പ്രീഡിഗ്രി തലം വരെ ഈസ്ഥിതി തുടരുന്നു. എന്നാൽ പ്രീഡിഗ്രിക്ക് ശേഷം സ്ഥിതിയിൽ ഗണ്യമായ കുറവ് ദൃശ്യമാണ്. ഇത് പരിശോധനാവിധേയമാക്കേണ്ടതാണ്. സാക്ഷരതാ പ്രസ്ഥാനം വിജയിപ്പിക്കുന്നതിൽ പഞ്ചായത്തിലെ സ്ത്രീകൾ വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. ഇൻസ്ട്രക്ടർമാരിൽ 65% പേരും വനിതകളായിരുന്നു. C.B.N.P പ്രസ്ഥാനം വനിതാരംഗത്ത് പുതിയ ആവേശം സൃഷ്ടിച്ച് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്. ത്രിഫ്റ്റ്സൊസൈറ്റി മുഖേന രണ്ടര ലക്ഷത്തോളം രൂപ സമാഹരിച്ച് സൊസൈറ്റിയിലെ അംഗങ്ങൾക്ക് ലോണുകളായും സഹായങ്ങളായും നൽകികൊണ്ട് ഒരു പുതിയ വിഭവസമാഹരണരീതി C.B.N.P പ്രസ്ഥാനം കാഴ്ചവെച്ചിരിക്കുകയാണ്.

## *പൊതുപ്രശ്നങ്ങൾ*

* രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ സ്ത്രീകൾ സജീവമല്ല.
* തുല്ല്യജോലിക്ക് തുല്ല്യ വേതനം ലഭിക്കുന്നില്ല.
* സാമ്പത്തിക ഞെരുക്കം കാരണം സ്വയം

തൊഴിൽ രംഗത്തും മറ്റും' ഇടപെടാൻ കഴിയുന്നില്ല.

* മിക്ക കാര്യങ്ങൾക്കും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്ന ഗതികേട് (ഒരു ഫ്യൂസ് കെട്ടാൻ പോലും ശരാശരി വനിതയ്ക്ക് കഴിവില്ല.)

* ശാസ്ത്രീയ ബോധനിലവാരക്കുറവ്.

## *ഗ്രാമസഭാപ്രശ്നങ്ങൾ*

വളരെയധികം സ്ത്രീകൾ ചികൽസക്കായി ആശ്രയിക്കുന്ന അരീക്കോട് ഗവ: ആശുപത്രിയിൽ ഒരു ഗൈനകോളജിസ്റ്റും സ്ത്രീകൾക്കായുള്ള പ്രത്യേക വാർഡും ആശുപത്രിയിൽ ഇല്ല.

സ്ത്രീ സഹജമായ രോഗങ്ങളേയും ശിശുപരിപാലനത്തെ സംബന്ധിച്ചുമുള്ള ബോധവൽക്കണപരിപാടികൾക്ക് സ്ഥിരം സംവിധാനമില്ല.

സ്ത്രീകൾക്ക് പ്രത്യേകം കുളിക്കടവുകളില്ല.

വിധവകളുടേയും അവരുടെ മക്കളുടേയും വിവാഹം, തൊഴിലവസരങ്ങൾ നൽകൽ എന്നിവയ്ക്ക് പ്രത്യേക സംവിധാനങ്ങളില്ല.

പുകശല്ല്യം കുറഞ്ഞ പരിഷത്ത് അടുപ്പുകൾ സാർവത്രികമായിട്ടില്ല.

ശരാശരി ഒരു ദിവസം പത്തുമണിക്കൂറെങ്കിലും സ്ത്രീചെയ്യുന്ന ജോലികൾ സാമൂഹ്യമായി അംഗീകരിപ്പെടുന്നില്ല.

സ്ത്രീധന പ്രശ്നങ്ങൾ നിലനിൽകുന്നു

## *ഗ്രാമസഭാനിർദേശങ്ങൾ*

1. വനിതകൾക്കായി അച്ചാർ പലഹാര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
2. വാർഡ് ഒന്നിലെ അരക്കഞ്ചേരി, വാർഡ് 7ലെ പടിക്കൽതൊടി, വാർഡ് 9ലെ നീലിമണ്ണിൽ എന്നീസ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കുക.
3. സൗജന്യനിരക്കിൽ തയ്യൽമെഷീനുകൾ നൽകുക.
4. ബസ്സുകളിൽ സ്ത്രീകളുടെ സീറ്റ്സംവരണം ചെയ്തവയ്ക്ക് നമ്പറിട്ട് സ്തീകൾ എത്തുന്ന മുറയ്ക്ക് (സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ ഇരിക്കുന്നുണ്ടെങ്കിൽ) ക്രമനമ്പർ അനുസരിച്ച് സീറ്റ് ഒഴിഞ്ഞുകൊടുക്കണം.
5. അശ്ലീല പോസ്റ്ററുകൾക്കെതിരെ നടപടികളെടുക്കുക. ഇതിനായി പഞ്ചായത്ത് പരിധിയിൽ പോസ്റ്റർ സ്ഥിരമായി പതിക്കുന്ന സ്ഥാപനങ്ങളെ രജിസ്ട്രേഡ് കത്ത് മുഖേന ഒരു നിശ്ചിത തിയ്യതിക്ക് ശേഷം അത് നിരോധിച്ചു കൊണ്ടുള്ള അറിയിപ്പ് കൊടുക്കണം.
6. വനിതാ സഹകരണ സംഘങ്ങൾ തുടങ്ങുക.
7. വനിതാതൊഴിൽ പരിശീലകേന്ദ്രങ്ങൾ സ്ഥാപിക്കുക.
8. വിധവകളുടേയും അവരുടെ പെൺമക്കളുടേയും വിവാഹാവശ്യത്തിന് ധനസഹായം നൽകുക.
9. അരീക്കോട് ഗവ: ആശുപത്രിയിൽ ഒരു ഗൈനകോളജിസ്റ്റിനെ നിയമിക്കുക.
10. വാർഡ് 6ലേയും മുണ്ടമ്പ്രയിലേയും ഹെൽത്ത്സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
11. അരീക്കോട് പഞ്ചായത്തോഫീസിന് പിറകിലുള്ള അംഗനവാടി, പുത്തലം അംഗനവാടി എന്നിവ റിപ്പയർ ചെയ്യുക.
12. അരീക്കോട് ഗവ: യുപിസ്ക്കൂളിനടുത്തുള്ള മഹിളാസമാജം അംഗനവാടിക്ക് വേണ്ടി ഐ.സി.ഡി.എസ് ഏറ്റെടുക്കുക.
13. ഒരു വനിതാ പ്രസ്സ് സ്ഥാപിക്കുക.
14. വനിതകൾക്ക് വേണ്ടി വായനശാലകളിൽ സൗകര്യം ഏർപ്പെടുത്തുക.

15. ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിക്കുക.

## *പൊതുനിർദ്ദശങ്ങൾ*

1. പഞ്ചായത്തിൽ ഒരു വനിതാസഹകരണ ബാങ്ക് ആരംഭിക്കാവുന്നതാണ്. വായ്പാരംഗത്ത് സ്ത്രീകൾക്ക് മാത്രമായി ഉപയോഗിക്കാവുന്ന ഈ ബാങ്കിന്റെ നിലനിൽപ്പിന്നാവശ്യമായ ഗ്രാന്റുകൾ സർക്കാരിൽനിന്നും ലഭിക്കുന്നതാണ്.

2. വനിതകളക്ക് വേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങളും അവയോടനുബന്ധിച്ച് ഉൽപാദനകേന്ദ്രങ്ങളും തുടങ്ങാവുന്നതാണ്.

3. അരീക്കോട് ഗവ:ഐ.ടി.ഐ യിലെ സൗകര്യങ്ങളുപയോഗിച്ച് ഒരു വനിതാ ഐ.ടി.ഐ തുടങ്ങാവുന്നതാണ്.

4. നിരവധി പെൺകുട്ടികൾ വിദ്യാഭ്യാസത്തിനായി അയൽപ്രദേശങ്ങളെ ആശ്രയിക്കുന്ന ഇവിടെ അവർക്ക് മാത്രമായി ഗേൾസ് ഹൈസ്ക്കൂളും വനിതാ കോളേജും ആരംഭിക്കേണ്ടതാണ്.

5. പഞ്ചായത്തിൽ അംഗനവാടി സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളിൽ അവ സ്ഥാപിക്കേണ്ടതും അവയിലൂടെ സ്ത്രീ, ശിശുസംബന്ധമായ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ബോധവത്കരണം നടത്തേണ്ടതുമാണ്.

6. പഞ്ചായത്തിലെ കുളിക്കടുവുകളിൽ സ്ത്രീകൾക്ക് മാത്രമായി സൗകര്യങ്ങൾ ഏർപ്പെടുത്തണം പ്രത്യേകിച്ചും താഴത്തങ്ങാടി, ഗവ:യു.പി.സ്കൂൾകടവ്, പുത്തലം എന്നിവിടങ്ങളിൽ. അലക്കുന്നതിനുള്ള സൗകര്യങ്ങളും വേണ്ടതാണ്.

7. പഞ്ചായത്ത് ബസ്സ്റ്റാന്റിലും മറ്റും സ്ത്രീകൾക്ക് നേരെനടക്കുന്ന അവഗണനയും കയ്യേറ്റവും തടയുന്നതിന് വനിതാപോലീസിന്റെ സഹായം ലഭ്യമാക്കേണ്ടതാണ്.

8. അഖിലേന്ത്യാതലത്തിൽ 'സമതാവിഞ്ജാനോത്സവം' എന്നപേരിൽ വനിതകൾക്ക് വേണ്ടി നടക്കുന്ന ബോധവത്കര പരിപാടി എല്ലാ ഗ്രാമങ്ങളിലും സംഘടിപ്പിക്കുകയും സ്വാശ്രയബോധം വളർത്തി വികസന പരിപാടികളിൽ പങ്കാളികളാക്കുകയും ചെയ്യണം.

# 10. സഹകരണം



ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിലുണ്ടായ കടുത്ത ക്ഷാമത്തിന്റെയും അതെ തുടർന്ന് കർഷക സമൂഹത്തിനുണ്ടായ ഋണബാധ്യതകളിൽ നിന്നും ജന വിഭാഗത്തെ രക്ഷിക്കുന്നതിനായി 1904 ൽ രൂപമെടുത്ത സഹകരണ പ്രസ്ഥാനം കാര്യമായ ചലനങ്ങളുണ്ടാക്കിയത് മലയാള മണ്ണിലായിരുന്നു. 1913ൽ കൊച്ചിയിലും 1914ൽ തിരുവിതാംകൂറും പ്രത്യേക സഹകരണ നിയമങ്ങൾ വന്നിരുന്നെങ്കിലും 1982ലെ മദ്രാസ് ആക്ട് ആയിരുന്നുമദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന അരീക്കോട് ബാധകമായിരുന്നത്. സഹകരണ മേഖല അന്നും ഇന്നും ജനപ്രദേശത്തെ ശക്തമായി സ്വാധീനിച്ചിരുന്നില്ല. എന്നാൽ 1922–23ൽ തന്നെ ജാക്കോബിയുടെ നേതൃത്വത്തിൽ ഒരു ഐക്യ നാണയ സംഘം ഇവിടെ രൂപമെടുത്തിരുന്നു. നാലകത്ത് കുഞ്ഞറമു, മുണ്ടമ്പ്ര ഉണ്ണിമുഹമ്മത് എന്നിവരായിരുന്നു ആദ്യകാല സഹകാരികൾ. പക്ഷേ ജനസംരംഭം ഇവിടെ വിജയിച്ചില്ല. പിന്നീട് 1952ലാണ് ഇന്നത്തെ രൂപത്തിൽ അരിക്കോട് വിവിധോദ്ദേശ സഹകരണ സംഘം നിലവിൽ വരുന്നത്. 18.9.52 ൽ പ്രഥമ യോഗം ചേർന്ന സംഘത്തിന്റെ ആദ്യപ്രസിഡന്റ് ശ്രീ. പള്ളിയാളിൽ രാവുണ്ണി പണിക്കരായിരുന്നു. ഇതിന്റെ തുടർച്ചയാണിന്നത്തെ അരീക്കോട് സർവ്വീസ് സഹകരണ ബാങ്ക്. കുറ്റിക്കാട്ട് കുമാരൻ നായർ, പാലൊളി ശങ്കരൻ നായർ, ആറ്റുപുറത്ത് കേശവൻ നമ്പൂതിരി, കെ. ചേക്കുട്ടിഹാജി എന്നിവരെല്ലാം പിന്നീട് ജനരംഗത്ത് വന്ന പ്രമുഖ സഹകാരികളാണ്. 1969 ലെ സഹകരണ ആക്ട് വന്നതോടെ ജനപ്രസ്ഥാനത്തിന് കൂടുതൽ ശക്തി കൈവന്നു.

## *സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ :*

കാർഷിക വായ്പാവായ്പേതരസ്കൂൾ സംഘങ്ങളായി ഈ പഞ്ചായത്തിൽ ആകെ 6 സഹകരണ സംഘങ്ങളാണുള്ളത്. വായ്പാ രംഗത്ത് രണ്ടും വിദ്യാഭ്യാസ രംഗത്ത് ഒന്നും സ്കൂൾ സംഘങ്ങളായി മൂന്നും സംഘങ്ങളാണവ.

ചെമ്രക്കാട്ടൂരിൽ പ്രവർത്തിച്ചിരുന്ന ക്ഷീരോല്പാദക സഹ: സംഘവും പ്രവർത്തന രഹിതമാണ്. കാർഷിക വായ്പാ രംഗത്ത് കാര്യമായ പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനമാണ് അരീക്കോട് സർവ്വീസ് സഹകരണ ബാങ്ക്. കുറഞ്ഞ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിയാൽ അരീക്കോടിന്റെ കാർഷിക വായ്പാ മേഖലയിൽ വലിയൊരു സംഭാവന ഈ സ്ഥാപനത്തിന് നൽകാനാവും. അതുപോലെ തന്നെ പുത്തലത്ത് പ്രവർത്തിക്കുന്ന അരീക്കോട് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം ആശാവഹമല്ല. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഇല്ല.

ഇവിടെയുള്ള സ്ക്കൂൾ സംഘങ്ങൾ പാഠപുസ്തകവിതരണത്തിൽ മാത്രം ഒതുങ്ങുന്ന പ്രവർത്തനങ്ങളാണ് നടത്തുന്നത്. പുതുതായി ആരംഭിച്ച അരീക്കോട് സഹകരണ എഡ്യൂക്കേഷൻ സംഘം വിദ്യാഭ്യാസ രംഗത്ത് ഒരു പ്രതീക്ഷയാണ്. ഈ പഞ്ചായത്ത് പ്രവർത്തന മേഖലയായി മലപ്പുറം ജില്ലാസഹകരണ ബാങ്കിന്റെയും മഞ്ചേരി അർബൻ സഹകരണ ബാങ്കിന്റെയും ഓരോ ശാഖകൾ ഇവിടെയിപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

**പട്ടിക 1 സഹകരണസംഘങ്ങൾ**

| പേര് | രജി:നമ്പർ | രജി:ചെയ്ത തിയതി | പ്രവർത്തനം ആരഭിച്ച തിയതി |
|---|---|---|---|
| 1) അരീക്കോട് സർവ്വീസ് സഹ:ബാങ്ക് | F 1571 | 4.1.64 | 2.2.64 |
| 2) അരീക്കോട് പഞ്ചായത്ത് പട്ടികജാതി സഹ:സംഘം | M 344 | 2.5.85 | 2.6.85 |
| **സ്ക്കൂൾ സംഘം** | | | |
| 3) ഗവ:ഹൈസ്ക്കൂൾ സഹ: സംഘം | F 1699 | 1.11.58 | 20.1.59 |
| 4) SOHS സഹ: സംഘം | F 1759 | 11.5.59 | 14.6.59 |
| 5) കൊഴക്കോട്ടൂർ AUPS സഹ: സംഘം | M 188 | 28.4.76 | 28.5.76 |
| **വിദ്യാഭ്യാസ സംഘം** | | | |
| 6) അരീക്കോട് സഹ: എഡ്യൂക്കേഷനൽ സൊസൈറ്റി | M 517 | 10.6.96 | 26.6.96 |

## *കാർഷികകാർഷികേതര വായ്പാ മേഖല*

ഈ പ്രദേശത്തിന്റെ കാർഷിക വായ്പാ രംഗത്ത് കാര്യമായ പ്രവർത്തനം നടത്തുന്നത് അരീക്കോട് സർവ്വീസ് സഹകരണ ബാങ്കാണ്. വാഴകൃഷി, പമ്പ്സെറ്റ്, കിണർ കുഴിക്കൽ എന്നിവക്കായി ഹൃസ്വകാല മധ്യകാല വായ്പകൾ ബാങ്ക് നൽകുന്നുണ്ട്.

കാർഷികേതര വായ്പകളായി സ്വർണ്ണ പണ്ടപണയ വായ്പ, കച്ചവടക്കാർക്കുള്ള ക്യാഷ്ക്രെഡിറ്റ്, സ്വയംതൊഴിൽ വായ്പ, കൺസപ്ഷൻ വായ്പ, നിക്ഷേപവായ്പ എന്നിവയും ബാങ്ക് നൽകുന്നുണ്ട്. 1995–96 വർഷത്തിൽ 2,25,84,464 രൂപ വായ്പായിനത്തിൽ ബാക്കി നിൽപ്പുണ്ട്. വിതരണം ചെയ്ത വായ്പകളിൽ കൃത്യ സമയത്ത് തിരിച്ചടവ് വരാത്തത്

ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. വളം, കാർഷികോപകരണം എന്നിവയും വിതരണവും ഇന്ന് ബാങ്കിലൂടെ നടക്കുന്നില്ല.

പഞ്ചായത്തിലെ പട്ടികജാതി സഹകരണ സംഘം പ്രധാനമായും ചികിത്സാവായ്പ, വിവാഹവായ്പ എന്നിവയാണ് നൽകുന്നത്. 93–94 വർഷത്തിൽ ഇവിടെ 27980 രൂപ ഈയിനത്തിൽ ബാക്കിനില്പുണ്ട്. ഭീമമായ വായ്പാകുടിശ്ശിക ഈ സംഘത്തിന്റെ നിലനിൽപിനെ ബാധിക്കുന്നു.

## *നിക്ഷേപ സമ്പാദ്യമേഖല*

പൊതുവെ സമ്പാദ്യശീലമുള്ളവരും സമ്പന്നരും വിദേശീയരും കുറവായതിനാലും മറ്റ് ദേശസാൽകൃത ബാങ്കുകളിൽ നിന്നുള്ള കടുത്ത മൽസരം മൂലവും സഹകരണ മേഖലയിലെ നിക്ഷേപം/സമ്പാദ്യം തുലോം കുറവാണ്. 1995–96ലെ കണക്ക് പ്രകാരം അരീക്കോട് സഹകരണ ബാങ്കിൽ രണ്ടേമുക്കാൽ കോടിയും പട്ടികജാതി സഹകരണ സംഘത്തിൽ അമ്പതിനായിരത്തിനടുത്തും മാത്രമേ നിക്ഷേപമുള്ളൂ. ഉയർന്ന പലിശ നിരക്ക് നൽകുന്നവയാണെങ്കിലും സഹകരണ മേഖലക്ക് നിക്ഷേപങ്ങളെ ആകർഷിക്കാൻ കഴിയാതെ പോവുന്നുണ്ട്.

**പട്ടിക 2. വായ്പാ സംഘങ്ങൾ**

| പേര് | ജീവനക്കാർ | അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപം | വായ്പാബാക്കി | പ്രവർത്തന മൂലധനം | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|
| 1. അരീക്കോട് സർവ്വീസ് സഹ: ബാങ്ക് (1995–96) | 14 | 8,304 | 14,28,274 | 2,74,20,377 | 2,25,84,464 | 3,30,17,236 | നഷ്ടം |
| 2. അരീക്കോട് പഞ്ചായത്ത് SC/ST സഹ:സംഘം (1993–94) | 1 | 463 | 6,310 | 38,721 | 27,980 | 38,437 | നഷ്ടം |

**പട്ടിക 3. സ്ക്കൂൾവിദ്യാഭ്യാസ സംഘങ്ങൾ**

| പേര് | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ലാഭം/നഷ്ടം |
|---|---|---|---|---|
| 1. ഗവ : ഹൈസ്ക്കൂൾ സഹ: സംഘം | 3165 | 3381 | 3371 | നഷ്ടം |
| 2. S.O.H.S സഹ: സംഘം | 2705 | 2776 | 2700 | നഷ്ടം |
| 3. കൊഴക്കോട്ടൂർ AUPS സഹ: സംഘം | 89 | 314 | 1515 | ലാഭം |
| 4. അരീക്കോട് സഹ: എഡ്യൂക്കേഷനൽ സംഘം | 30 | 50000 | 50000 | – |

## *സാദ്ധ്യതകൾ*

ധാരാളം പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന മേഖലയാണിത്. കൂട്ടായ്മയും ആത്മാർത്ഥതയുമുണ്ടെങ്കിൽ ഈ പ്രസ്ഥാനം ഇവിടെ വിജയിക്കുക തന്നെചെയ്യും. സഹകരണ വ്യവസായ യൂനിറ്റുകൾ, വനിതാ സംഘങ്ങൾ, ലേബർ കോൺട്രാക്റ്റ് സംഘങ്ങൾ, സൂപ്പർ മാർക്കറ്റുകൾ, കുടിൽവ്യവസായ സഹകരണ യൂനിറ്റുകൾ എന്നിവയുടെയെല്ലാം സാധ്യതകൾ ഇവിടെ കാണുന്നു. ബ്ലോക്ക് ആസ്ഥാനമെന്ന നിലക്ക് ബ്ലോക്ക് മുഴുവനും പ്രവർത്തന പരിധിവെച്ചുള്ള സാമാന്യം വിപുലമായ സഹകരണ സംഘങ്ങൾക്കും ഇവിടെ

സാദ്ധ്യതയുണ്ട്. സംഘടിത മേഖലയിൽ പ്രവർത്തിച്ചിരുന്ന ബീഡി വ്യവസായം, പരമ്പരാഗത വ്യവസായമായ കളിമൺ പാത്ര വ്യവസായം എന്നിവയെല്ലാം സഹകരണ മേഖലയിലും ആത്മാർത്ഥമായി പുനഃസംഘടിപ്പിച്ചാൽ ഒരു പക്ഷെ അത്ഭുതങ്ങൾ തന്നെ നടന്നുവെന്നു വരാം.

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1) ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ആരംഭിക്കുക.

2) തേനീച്ച, കോഴിവളർത്തൽ സഹ:സംഘങ്ങൾ തുടങ്ങുക.

3) സഹ: ആടുവളർത്തൽ കേന്ദ്രം തുടങ്ങുക.

4) വനിതാ സഹ: സംഘം ആരംഭിക്കുക.

5) അരീക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് വെള്ളേരിയിൽ സ്ഥാപിക്കണം.

## *പൊതു നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൽ ഒരു വനിതാ വായ്പാ സഹകരണസംഘം സ്ഥാപിക്കുക. പൂർണ്ണമായും ബാങ്കിംഗ് പ്രവർത്തനം നടത്തുന്ന ഈ സ്ഥാപനം വിജയിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കാര്യക്ഷമമായ മേൽനോട്ടവും ആത്മാർത്ഥതയുള്ള അംഗങ്ങളുമുണ്ടെങ്കിൽ ലക്ഷ്യപ്രാപ്തി കൈവരിക്കും.

2. ഇവിടെ ധാരാളമാളുകൾ ജോലിചെയ്തു വരുന്ന ബേക്കറി/ചിപ്സ് നിർമ്മാണ രംഗത്ത് ഒരു സഹകരണസംഘത്തിന് സാദ്ധ്യത കാണുന്നു. വിപണന സാദ്ധ്യതയുള്ളതിനാൽ നഷ്ടത്തിനുള്ള സാദ്ധ്യത കുറവാണ്.

3. വളരെ കൂടുതൽ സർക്കാർ ജീവനക്കാരും ഇത്തരക്കാരുമുള്ള ഈ പഞ്ചായത്തിൽ സർക്കാർ ജീവനക്കാരുടെ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ തുടങ്ങാവുന്നതാണ്. കുറഞ്ഞ വാടക നിരക്കിലും അഡ്വാൻസിലും മുറികൾ ലഭ്യമാവുമെങ്കിൽ ഈ രംഗം ഇവിടെ വിജയിക്കും. ഗുണന്മേമയുള്ള സാധനങ്ങൾ കുറഞ്ഞ നിരക്കിൽ പായ്ക്കോടു കൂടി ലഭ്യമാവുന്ന തരത്തിൽ ഈ സംഘത്തെ ഒരു സഹകരണ സൂപ്പർ മാർക്കറ്റ് ആക്കിയാൽ നഷ്ടസാദ്ധ്യത വളരെ കുറവായിരിക്കും.

4. അരീക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ പഞ്ചായത്തിലെ ചെമ്രക്കാട്ടൂർ/വെള്ളേരി ഭാഗങ്ങളിലായി ഒരു ബ്രാഞ്ചും അരീക്കോട് ടൗണിൽ ഒരു ഈവനിംഗ് ബ്രാഞ്ചും ആരംഭിക്കുകയാണെങ്കിൽ കൂടുതൽ പേർക്ക് കൂടുതൽ സമയങ്ങളിൽ ബാങ്കിംഗ് സൗകര്യം നല്കാവുന്നതായിരിക്കും.

5. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ക്ഷീരോല്പാദക സംഘങ്ങളും തേനീച്ച/കോഴിവളർത്തൽ സംഘങ്ങളും ആരംഭിക്കാവുന്നതാണ്.

6. പഞ്ചായത്തിൽ ലഭ്യമായ കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഒരു കാർഷികോല്പന്ന സംഭരണവിപണന സംഘം 6-ാം വാർഡിൽ ആരംഭിക്കാവുന്നതാണ്.

7. വൈദ്യസഹായത്തിന്ന് സർക്കാർ ആശുപത്രിയെ മാത്രം ആശ്രയിക്കേണ്ടിവരുന്ന ഇവിടുത്തുകാർക്ക് രാത്രി കാലങ്ങളിലെ അടിയന്തിര വൈദ്യശുശ്രൂഷക്ക് വളരെ വിഷമമനുഭവപ്പെടുന്നുണ്ട്. സഹകരണ മേഖലയിൽ വലുതല്ലാത്ത തരത്തിൽ ഒരു ക്ലിനിക്ക് എങ്കിലും തുടങ്ങാനായാൽ പിടിച്ചു നിൽക്കാനാവുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെയും ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണവും താല്പര്യവും വേണം.

8. കോൺക്രീറ്റ്-മണൽ തൊഴിൽ മേഖലയിലേർപ്പെട്ട ധാരാളം ആളുകളുള്ള ഇവിടെ ഇവരെയുൾക്കൊള്ളുന്ന ലേബർ കോൺട്രാക്റ്റ് സഹകരണസംഘം രൂപീകരിക്കാവുന്നതും അരീക്കോട് 4, 5 വാർഡുകളിലേതെങ്കിലുംമൊന്നിൽ തുടങ്ങാവുന്നതുമാണ്.

9. തകർച്ചയെ നേരിടുന്ന ബീഡി വ്യവസായ മേഖലയിൽ ആധുനിക രീതിയിൽ ഒരു ബീഡി സഹകരണ സംഘമോ, സഹകരണമേഖലയിലുള്ള ദിനേശ് ബീഡിയുടെ ഒരു പ്രൊഡക്ഷൻ യൂനിറ്റോ തുടങ്ങാവുന്നതാണ്.

10. സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം

# 11. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം



വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ കരഗതമായിട്ടുണ്ടെങ്കിൽ സാമ്പത്തികമായി ഇവർ ഇന്നും ഏറെ പിന്നിൽത്തന്നെയാണ്. ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നത് താരതമ്യേന ഇവരുടെ ഇടയിൽത്തന്നെയാണ്. ക്ഷയം, വയറിളക്കം, ഛർത്യദിസാരം, നിശാന്ധത തുടങ്ങിയ ദാരിദ്ര്യജന്യരോഗങ്ങൾ കോളനികളിൽ നില നില്ക്കുന്നുവെന്നത് ഇതിന്റെ തെളിവാണ്.

സർക്കാർ ഒരു പാട് ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അജ്ഞതകൊണ്ടും ഇടത്തട്ടുകാരുടെ ചൂഷണം കൊണ്ടും, ഇവരെ സംബന്ധിച്ചിടത്തോളം പാലിക്കാൻ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും അവയുടെ ഗുണഫലങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. കോളനികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

അരീക്കോട് പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം 2815 പേർ പട്ടികജാതിയിലും 18 പേർ പട്ടിക വർഗ്ഗത്തിലും പെട്ടവരായുണ്ട്. ഇത് ജനസംഖ്യയുടെ 11.74% വരും.

## പട്ടിക III പുതുതായി നിർമ്മിക്കേണ്ട റോഡുകൾ+ ടാർചെയ്യേണ്ടവ

| ക്രമ നമ്പ്ര് | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | I | ഉണിക്കാളി | 13 | 55 |
| 2. | I | പെരുമ്പറമ്പ് | 10 | 51 |
| 3. | ‘ | വല്ലാനിക്കാട്ടിൽ | 16 | 72 |
| 4. | ‘ | കാരാണ്ടിൽ | 27 | |
| 5. | ‘ | കൊടപ്പത്തൂർ പറമ്പ് | 16 | 86 |
| 6. | III | കാര്യോട്ട് | 7 | 31 |
| 7. | ‘ | വാലിൽ കുന്ന് | 10 | 64 |
| 8. | ‘ | ചിറ്റ്യാപറമ്പ് | 8 | 44 |
| 9. | ‘ | മഠത്തിൽ | 5 | 26 |
| 10. | ‘ | ചപ്പങ്ങത്തോട്ടം | 12 | 67 |
| 11. | V | പാറമ്മൽ | 24 | 140 |
| 12. | VII | ചിറ്റങ്ങോട്ട് | 21 | 128 |
| 13. | ‘ | പാറക്കുളങ്ങര | 10 | 48 |
| 14 | VIII | കുറുവത്തൂർകുന്ന് | 7 | 38 |
| 15. | VIII, X | ചെത്തുവഴിപ്പുറം | 12 | 56 |
| 16. | IX | പേങ്ങാട്ടുകുഴി | 9 | |
| 17. | ‘ | വെളുത്തപ്പറമ്പ് | 43 | 225 |
| 18. | ‘ | മുഞ്ഞക്കോട് | 28 | 105 |
| 19. | ‘ | നെച്ചിപ്പറമ്പിൽ | 19 | 80 |
| 20. | ‘ | മുത്തേനി പറമ്പ് | 11 | 56 |
| 21. | X | പരക്കാട് | 14 | 64 |
| 22. | ‘ | കാരമുറ്റം | 31 | 164 |
| 23. | X, XI | പെരഞ്ഞത്തുമ്മൽ നടുക്കണ്ടി | 16 | 84 |
| 24. | IX | നീലിമണ്ണിൽ | 12 | |
| 25. | XI | പെരുവങ്ങാട് | 11 | |
| 26. | VII | പടിക്കത്തൊടി | 12 | 67 |
| 27. | ‘ | തെങ്ങിൻച്ചാലിൽ | 13 | 56 |

## വിദ്യാഭ്യാസം:

വിദ്യാഭ്യാസ രംഗത്ത് ഏറെ പിൻതള്ള പ്പെട്ട് കിടക്കുന്ന വിഭാഗമാണ് പട്ടികജാതിപട്ടിക വർഗ്ഗം. എസ്.എസ്.എൽ.സി. യും അതിന് മുക ളിലും വിദ്യാഭ്യാസയോഗ്യതയുള്ളവർ നന്നേ കുറവാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തും, സാങ്കേതിക മേഖലയിലും സ്ഥിതി പരിതാപക രവുമാണ്. ഇതിന് നിരവധി കാരണങ്ങളുണ്ട്. സാമൂഹ്യ സാമ്പത്തിക രംഗത്ത് ഏറെ കാലം ചൂഷണത്തിന് വിധേയമായിരുന്ന ജനവിഭാഗ മാണിവർ എന്നതാണ് മുഖ്യകാരണം. നിത്യവൃ ത്തിക്ക് വേണ്ടി മുതിർന്നവർ കൂലിപ്പണിക്ക് പോകുന്നതുകൊണ്ട് ഗൃഹഭരണം ചെറുപ്പ ത്തിലേ കുട്ടികളുടെ ചുമലിൽ ആകുന്നു. മദ്യം എന്ന വിപത്തിന് കൂടുതലായി ഇരയാവുന്നത് ഇവർ ആണെന്നതിനാൽ സ്വസ്ഥമായ പഠനാ ന്തരീക്ഷവും മിക്ക വീടുകളിലും ഇല്ല. വിദ്യാ ഭ്യാസം വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുൻ ഉപാധിയാണെന്നതിനാൽ സമതുലിതമായ വികസനത്തിൽ ഏറെ ശ്രദ്ധ പതിയേണ്ട വിഭാ ഗമാണിവർ.

## തൊഴിൽ

മേൽപറഞ്ഞ തരത്തിൽ കാര്യമായ വിദ്യാ ഭ്യാസ യോഗ്യത നേടാൻ കഴിയാത്തതിനാൽ ഈ വിഭാഗം പൊതുവേ കാർഷിക മേഖല യിൽ ആണ് തൊഴിൽ ചെയ്തിരുന്നത്. എന്നാൽ കാർഷിക മേഖലയിലെ തകർച്ച കാരണം കല്ല് വെട്ട്, കെട്ടിടനിർമ്മാണം മുതലായ മേഖലകളി ലേക്ക് തിരിയാൻ ഇവരേയും പ്രേരിപ്പിച്ചിരി ക്കുന്നു. കാർഷിക മേഖലയെ അപേക്ഷിച്ച് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയോട് വിട പറഞ്ഞിരിക്കുന്നു. ഈ അടുത്ത കാല ത്തായി നിർമ്മാണരംഗത്ത് ഉണ്ടായിരുന്ന തൊഴിൽ സാദ്ധ്യത ഗൾഫ് പ്രതിസന്ധിയോടെ കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥ ഇത്തര ക്കാരെ ഇനിയും എങ്ങനെ ബാധിക്കുമെന്നത് അറിയാനിരിക്കുന്നതേയുള്ളു.

മുൻകാലങ്ങളിൽ പായനെയ്ത്ത്, കുട്ട നിർമ്മാണം തുടങ്ങിയ കൈത്തൊഴിലുകളി ലൂടെ കുടുംബവരുമാനം വർദ്ധിപ്പിക്കാൻ ഈ വിഭാഗത്തിലെ ചില കുടുംബങ്ങൾക്കെങ്കിലും കഴിഞ്ഞിരുന്നു. ഇന്ന് ഇതിന്നാവശ്യമായ അസം സ്കൃത സാധനങ്ങളുടെ ദൗർലഭ്യം ആ സാദ്ധ്യ തയ്ക്കും മങ്ങലേൽപ്പിച്ചിരിക്കുന്നു. അസം സ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തു ന്നതിന് ചാലിയാർ സംരക്ഷണവുമായി ബന്ധ പ്പെട്ട് ചില നിർദ്ദേശങ്ങൾ വികസന രേഖയുടെ മറ്റൊരു ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്.

## പാർപ്പിടം:

സൗകര്യങ്ങൾ പരിമിതമാണെങ്കിലും ചെറ്റക്കുടിലുകൾ നമ്മുടെ പഞ്ചായത്ത് പരിധി യിൽ നിന്ന് ഏറെക്കുറെ അപ്രത്യക്ഷമായിട്ടുണ്ട്. വിവിധ സർക്കാർ ഏജൻസികളിലൂടെ നടപ്പി ലാക്കിയ ഈ പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം ഇവർക്ക് നേടാനായില്ലെന്ന് മാത്രം. ഇതേ രേഖയിൽ മുകളിൽ പരാമർശിച്ച കാര ണങ്ങൾക്ക് പുറമെ അജ്ഞതയും ഇടത്തട്ടുകാ രുടെ ചൂഷണവും വീട് നിർമ്മാണത്തിന് അനു വദിക്കുന്ന തുകയുടെ അപര്യാപ്തതയും ഗതാ ഗതയോഗ്യമായ റോഡുകളിൽ നിന്ന് വളരെ ഉള്ളിലേക്ക് മാറി കുന്നിൻമുകളിലും മറ്റുമായി സ്ഥിതി ചെയ്യുന്ന കോളനികളുടെ അവസ്ഥയും എല്ലാം ഇതിന് കാരണമായിട്ടുണ്ട്. ഇവർക്കാ യുള്ള പദ്ധതികളിൽനിന്ന് ആനുകൂല്യങ്ങൾ പലതും ഈ വിഭാഗത്തിലെ തന്നെ സ്വാധീന ശേഷിയുള്ളവരും താരതമ്യേന സാമ്പത്തിക മായി മുന്നിട്ട് നില്ക്കുന്നവരും നേടിയെടുക്കു കയും ചെയ്തിരിക്കുന്നു. നീതിപൂർവ്വകമായ വിതരണം നടന്നിട്ടില്ലെന്ന് സാരം. പട്ടിക 2 നോക്കുക.

ഒരു കോളനിയിലും ആവശ്യത്തിന് മതി യായ കക്കൂസ് സൗകര്യങ്ങളില്ല. പൊതുകക്കൂ സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിലുള്ള ആളുകളുടെ അലംഭാവം സൂചിപ്പിക്കുന്നത് ഓരോ വീടിനും ഓരോ കക്കൂസ് ഉണ്ടായേ തീരൂ എന്നാണ്.

'കുടിലോരോന്നിലുമോരോ
നല്ലൊരു കക്കൂസുണ്ടായ് തീരട്ടെ
കൊട്ടാരത്തിലെയർക്കണ്ടീഷൻ
പിന്നെ മതി മെല്ലെ മതി.'

ഈ മുദ്രാവാക്യത്തിന് ഇന്ന് ഏറെ പ്രസക്തിയില്ലേ? വാർഡ് തല വിവര ശേഖരണത്തിൽ നിന്നും 221 കക്കൂസുകൾ കോളനികളിൽ മാത്രം ഉണ്ടാകേണ്ടതുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങളെ സംബന്ധിച്ച വിവരം ലഭ്യമല്ല താനും. കോളനികളിലെ കുടിവെള്ളം, വൈദ്യുതി, ഗതാഗതം എന്നിവയുടെ വിവരങ്ങൽ പട്ടിക 3

## *പ്രശ്നങ്ങൾ*

1. കോളനികളിൽ കുടിവെള്ളവും, വൈദ്യുതിയും ഗതാഗതസൗകര്യങ്ങളും കുറവാണ്.
2. വാസയോഗ്യമായ വീടുകൾ എല്ലാവർക്കും ആയിട്ടില്ല. വീട് വെക്കാൻ സ്ഥലമില്ല എന്നതാണ് മറ്റൊരു പ്രശ്നം. കിട്ടുന്ന ധനസഹായം തന്നെ ദുർവിനിയോഗം ചെയ്തവരുമുണ്ട്.
3. വിദ്യാഭ്യാസപരമായി പിന്നിലാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ടിട്ടില്ല.
4. ഉണ്ടായിരുന്ന തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു.
5. ആരോഗ്യസംരക്ഷണരംഗത്ത് വേണ്ടത്ര ബോധവാന്മാരല്ല.
6. ഐ. ആർ.ഡി. പി പോലുള്ള പദ്ധതികൾ ശരിക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
7. പല സർക്കാർ പദ്ധതികളും ലക്ഷ്യം നേടുന്നില്ല. നിലവിലുള്ള സംവിധാനത്തിന്റെ പാകപ്പിഴവുകൾ മൂലം നീക്കിവെക്കപ്പെടുന്ന ഫണ്ടുകൾ പോലും ലാപ്സായി പോകുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്.

## *സാദ്ധ്യതകൾ*

ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കോളനികളിലെ 60 ശതമാനത്തിലധികം വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്. പെരുമ്പറമ്പ്, വല്ലാനിക്കാട്ടിൽ, പാറമ്മൽ, ചിറ്റങ്ങോട്, കറുവത്തൂർകുന്ന്, പേങ്ങാട്ട് കുഴി കോളനി നിവാസികൾക്ക് ഗതാഗതത്തിന് ആവശ്യമായ റോഡുകളില്ല. ഉണിക്കാളി, പാറക്കുളങ്ങര, മുഞ്ഞക്കോട്, നെച്ചിപ്പറമ്പ് കോളനികളോടനുബന്ധിച്ചുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. കുടിവെള്ളം, വൈദ്യുതി, റോഡ് എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പൊതുവെയുള്ള വികസനാവശ്യങ്ങളുടെ കാര്യത്തിലെന്നപോലെ ഇവിടെയും പരമാവധി സന്നദ്ധപ്രവർത്തനം ഉപയോഗപ്പെടുത്തിക്കൊണ്ടല്ലാതെ പണത്തിന്റെ പരിമിതി മറികടക്കാനാവില്ലെന്നത് ഉറപ്പാണ്. 1957 ലെ ഭൂപരിഷ്കരണ നിയമം മൂലം കുടികിടപ്പവകാശവും മറ്റും ലഭിച്ചത് വഴി ഒരു പരിധി വരെ ഇവർക്ക് സാമൂഹ്യപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിലെ ഉച്ചനീചത്വങ്ങളിൽ നിന്നും ഒരു പരിധി വരെയെങ്കിലും മോചനം നേടാനും കഴിഞ്ഞിരിക്കുന്നു. വിവിധങ്ങളായ പൊതുപരിപാടികളിൽ നിന്ന് അകറ്റി നിർത്തപ്പെടാനോ വിവിധ ജാതിമതസ്ഥരുടേതായ പരിപാടികളിൽ ഇടപഴകാതിരിക്കാനോ ഉള്ള സാഹചര്യവും ഇന്നില്ല എന്നുള്ളത് ശുഭോദാർക്കമാണ്. പൊതു തെരഞ്ഞെടുപ്പുകൾ സർക്കാർ ജോലികൾ എന്നിങ്ങനെ പല മേഖലകളിലും സർക്കാർ സംവരണം നിലവിലുള്ളതുകൊണ്ട് ഈ വിഭാഗത്തിന്റെ സാമൂഹ്യപദവിയും ഈയടുത്തകാലത്തായി അല്പം മെച്ചപ്പെട്ടിട്ടുണ്ട്. എന്നാലും സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിലും മറ്റും നേതൃസ്ഥാനത്തേക്കുയർന്നവർ വിരളമാണ്. എന്തിനധികം ഈ വിഭാഗക്കാരുടേതായി എത്ര ഹോട്ടലുകളും പായക്കടകളും കാണാൻ കഴിയും? വികസനം സമതുലിതവും നീതിപൂർവ്വകവും ആവണമെങ്കിൽ ഇനിയും ഒട്ടേറെ ഈ രംഗത്ത് ചെയ്യേണ്ടതായിട്ടുണ്ട്.

പട്ടിക 2.

1. ക്രമനമ്പർ
2. കോളനിയുടെ പേര്
3. കോൺക്രീറ്റ് വീടുകൾ
4. ഓടിട്ട വീടുകൾ
5. ഓല മേഞ്ഞ വീടുകൾ
6. ഇനി വീട് ആവശ്യമുള്ള കുടുംബങ്ങൾ
7. കക്കൂസ് ഉള്ള കുടുംബങ്ങൾ
8. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 1. | ഉണിക്കാളി | | 9 | 4 | 1 | 3 | 11 |
| 2. | പെരുമ്പറമ്പ് | | 9 | 1 | 1 | 3 | 8 |
| 3. | വല്ലാനിക്കാട്ടിൽ | | 14 | 2 | 2 | 6 | 12 |
| 4. | കാരാണ്ടിൽ | | 27 | | 3 | 18 | 12 |
| 5. | കൊടപ്പത്തൂർ പറമ്പ് | | 15 | 1 | | 11 | 5 |
| 6. | കാര്യോട്ട് | 1 | 5 | 1 | | 4 | 3 |
| 7. | വാലിൽകുന്ന് | 1 | 6 | 3 | 5 | 5 | 10 |
| 8. | ചിറ്യാപറമ്പ് | | 8 | | 2 | 5 | 5 |
| 9. | മഠത്തിൽ | | 5 | | 1 | 4 | 2 |
| 10. | ചപ്പങ്ങത്തോട്ടം | | 12 | | 2 | 10 | 4 |
| 11. | പാറമ്മൽ | 1 | 22 | 1 | 3 | 20 | 7 |
| 12. | ചിറ്റങ്ങോട് | | 21 | | | 15 | 6 |
| 13. | പാറക്കുളങ്ങര | | 9 | 1 | | 6 | 4 |
| 14. | കുറുവത്തൂർ കുന്ന് | | 7 | | 2 | 2 | 7 |
| 15. | ചെത്തുവഴിപ്പുറം | | 12 | | 4 | 11 | 5 |
| 16. | തേങ്ങാട്ടുക്കടി | | 7 | 2 | 3 | 3 | 9 |
| 17. | വെളുത്തപ്പറമ്പ് | | 38 | 5 | 10 | 30 | 23 |
| 18. | മുഞ്ഞക്കോട് | 1 | 23 | 4 | | 21 | 7 |
| 19. | നെച്ചിപ്പറമ്പിൽ | 1 | 17 | 1 | 3 | 11 | 11 |
| 20. | മുത്തേരിപറമ്പ് | | 8 | 3 | 2 | 8 | 5 |
| 21. | പരക്കാട് | 14 | 3 | | | 11 | 6 |
| 22. | കാരമുറ്റം | 1 | 27 | 3 | 4 | 16 | 19 |
| 23. | പെരഞ്ഞത്തുമ്മൽ നടുക്കണ്ടി | | 16 | | 4 | 14 | 6 |
| 24. | നീലിമണ്ണിൽ | | 12 | | 3 | 6 | 9 |
| 25. | പെരുവങ്ങാട് | | 10 | 1 | | 4 | 7 |
| 26. | പടിക്കത്തൊടി | | 12 | | 1 | 2 | 11 |
| 27. | തെങ്ങിൻചാലിൽ | | 13 | | 3 | 9 | 7 |

പട്ടിക 3

1. ക്രമനമ്പർ
2. കോളനിയുടെ പേര്
3. വീടുകളുടെ എണ്ണം
4. സ്വന്തം കിണർ ഉള്ളവർ
5. പൊതുകിണർ/കുഴൽകിണർ ഉപയോഗിക്കുന്നവർ
6. പൊതുടാപ്പ് ഉപയോഗിക്കുന്നവർ
7. വൈദ്യുതി ഉള്ള വീടുകൾ
8. വൈദ്യുതി ഇല്ലാത്ത വീടുകൾ
9. റോഡ് സൗകര്യം ഉണ്ടോ
10. ഗതാഗതയോഗ്യം/അല്ല

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 1. | ഉണിക്കാളി | 13 | | 1 | | | 13 | ഉണ്ട് | അല്ല |
| 2. | പെരുമ്പറമ്പ് | 10 | | 1 | 2 | 6 | 4 | ഇല്ല | |
| 3. | വല്ലാനിക്കാട്ടിൽ | 16 | 4 | | | | | ഇല്ല | |
| 4. | കാരാണ്ടിൽകോളനി | 27 | 4 | 3 | 2 | 20 | 7 | ഉണ്ട് | അതെ |
| 5. | കൊടപ്പത്തൂർപ്പറമ്പ് | 16 | 4 | | | 13 | 3 | ഉണ്ട് | അതെ |
| 6. | കാര്യോട്ട് | 7 | 3 | | | 2 | 5 | ഉണ്ട് | അതെ |
| 7. | വാലിൽകുന്ന് | 10 | 4 | | 1 | 8 | 2 | ഉണ്ട് | അതെ |
| 8. | ചിറ്യാപറമ്പ് | 8 | 3 | | | 2 | 6 | ഉണ്ട് | അതെ |
| 9. | മഠത്തിൽ | 5 | 3 | | | 4 | 1 | ഉണ്ട് | അതെ |
| 10. | ചപ്പങ്ങത്തോട്ടം | 12 | 5 | | | 12 | | ഉണ്ട് | അതെ |
| 11. | പാറമ്മൽ | 24 | 3 | | 3 | 20 | 4 | ഇല്ല | |
| 12. | ചിറ്റങ്ങോട് | 21 | 5 | 1 | | 21 | | ഇല്ല | |
| 13. | പാറക്കുളങ്ങര | 10 | 4 | | | ഉണ്ട് | | ഉണ്ട് | അല്ല |
| 14. | പടിക്കത്തൊടി | 12 | | 1 | | 12 | | ഉണ്ട് | അതെ |
| 15. | തെങ്ങിൻചാലിൽ | 13 | 4 | | | | 13 | ഉണ്ട് | അതെ |
| 16. | കുറുവത്തൂർ കുന്ന് | 7 | 3 | | | 1 | 6 | ഇല്ല | |
| 17. | ചെത്തുവഴിപ്പുറം | 12 | 2 | | | 10 | 2 | ഉണ്ട് | അതെ |
| 18. | പേങ്ങാട്ട്കുഴി | 9 | | 1 | | | 9 | ഇല്ല | |
| 19. | വെളുത്തപ്പറമ്പ് | 43 | 10 | | | ഉണ്ട് | | ഉണ്ട് | അതെ |
| 20 | മുഞ്ഞക്കോട് | 28 | 3 | | | ഉണ്ട് | | ഉണ്ട് | അല്ല |
| 21. | നെച്ചിപ്പറമ്പിൽ | 19 | 2 | 1 | | ഉണ്ട് | | ഉണ്ട് | അല്ല |
| 22 | മുത്തേരിപറമ്പ് | 11 | 1 | 1 | | ഉണ്ട് | | ഉണ്ട് | അതെ |
| 23 | പരക്കാട് | 14 | 2 | | | | 14 | ഉണ്ട് | |
| 24 | കാരമുറ്റം | 31 | 10 | 1 | | | 31 | ഉണ്ട് | |
| 25 | പെരങ്ങാത്തുമ്മൽ നടുക്കണ്ടി | 16 | 2 | 1 | | | 16 | ഉണ്ട് | അതെ |
| 26 | നീലിമണ്ണിൽ | 12 | | | | 7 | 5 | ഉണ്ട് | |
| 27 | പെരുവങ്ങാട് | 11 | | | 1 | | 11 | ഉണ്ട് | |

# 12. വിഭവ സമാഹരണം



വികസനവും വിഭവസമാഹരണവും പരസ്പരപൂരകങ്ങളായ രണ്ട് പ്രതിഭാസങ്ങളാണ്. വികസനം അല്ലെങ്കിൽ സാമ്പത്തിക വളർച്ച സാധ്യമാക്കികൊണ്ടല്ലാതെ വിഭവസമാഹരണത്തിനുള്ള പുതിയ മേഖലകൾ കണ്ടെത്താനാവില്ല. എന്നാൽ കൂടുതൽ വിഭവസമാഹരണം നടത്തികൊണ്ടല്ലാതെ വികസനം ത്വരിതപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് തന്നെ വിഭവസമാഹരണത്തിനുള്ള പുതിയ സാധ്യതകളെക്കുറിച്ച് നാം ഗൗരവമായി ആലോചിക്കേണ്ടതുണ്ട്.

നമ്മുടെ പ്രശ്നങ്ങളുടെ പട്ടിക വളരെ ദീർഘിച്ചതാണ്. അവയ്ക്കുള്ള പരിഹാരം നമ്മുടെ മുമ്പിലുണ്ട്. പ്രവർത്തിക്കുന്നതിനുള്ള ധനം കണ്ടെത്തുക എന്നുള്ളത് വളരെ ശ്രമകരമായ ജോലിയാണെങ്കിലും നാം അത് നിർവ്വഹിച്ചേ പറ്റൂ. നിലവിൽ നമുക്കുള്ള നികുതി വരുമാനവും നികുതിയേതര വരുമാനവും കൊണ്ട് മാത്രമായി നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാവില്ല. പുതിയ വിഭവങ്ങളെക്കുറിച്ചും വിഭവസമാഹരണത്തെ കുറിച്ചും നാം ആലോചിക്കേണ്ടതുണ്ട്. അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 91–92 വർഷത്തെയും, 95–96 വർഷത്തെയും വരവ് ചെലവ് പട്ടിക അനുബന്ധമായി ചേർക്കുന്നു.

പട്ടികയിൽ നിന്നും 5 വർഷക്കാലത്തിനിടയിൽ നമ്മുടെ വരുമാനത്തിലുണ്ടായ വർദ്ധനവ് കാണാൻ കഴിയും. കെട്ടിടനികുതി, വിനോദനികുതി എന്നീ ഇനങ്ങളിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെട്ടിടനികുതി ഇനത്തിലുള്ള പ്രധാന വർദ്ധനവിനു കാരണം പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവാണ്. എന്നാൽ കെട്ടിടനികുതി നിർണയിക്കുന്ന നമ്മുടെ രീതി തന്നെ പുനരാവിഷ്ക്കരിക്കുന്ന പക്ഷം ആ ഇനങ്ങളിൽ വമ്പിച്ച വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. സാധാരണക്കാർ താമസിക്കുന്ന വീടുകൾക്ക് നികുതി വർദ്ധിപ്പിക്കുക എന്നുള്ളത് പ്രായോഗികമല്ല. എന്നാൽ വലിയ വീടുകൾക്കും, ഷോപ്പിംഗ് കോംപ്ലക്സുകൾക്കും, കാലോചിതവും നിലവിലുള്ള വാടകയ്ക്ക് ആനുപാതിക

വുമായി നികുതി വർദ്ധിപ്പിക്കുന്നതിന് നാം ശ്രദ്ധിച്ചിട്ടില്ലെന്ന് കാണാൻ കഴിയും. മാത്രവുമല്ല നിസ്സാരവാടകയ്ക്ക് പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത മുറികൾ ഭീമമായ വാടകയും പകിടിയും വാങ്ങി ചില രഹസ്യമായി കൈമാറ്റം ചെയ്തതായും, കാണാൻ കഴിയും. ഇക്കാര്യത്തിൽ കാര്യമായ ശ്രദ്ധ പതിഞ്ഞിട്ടില്ല. തൊഴിൽ നികുതിയിൽ വളരെ നിസ്സാരമായ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളു. മൽസ്യമാംസ മാർക്കറ്റുകളിൽ ആഴ്ച ചന്ത, ബസ് സ്റ്റാൻഡ് എന്നിവയിൽ നിന്നും നികുതി വർദ്ധനവ് ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. ഇത് പരിശോധിക്കേണ്ടതാണ്. അവയിൽ നിന്നുള്ള വരുമാനം വർദ്ധിക്കുന്നതിന് ഫലപ്രദമായി യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഏകദേശം ഒന്നരഏക്കറിലധികം ഭൂമി പട്ടണത്തിന്റെ ഹൃദയഭാഗത്തായി ആഴ്ചചന്തയ്ക്കും, ബസ്സ് പാർക്കിംങിനുമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ പ്രസ്തുതഭൂമിയുടെ വിലയുമായി താരതമ്യപ്പെടുത്തിയാൽ വരുമാനം വളരെ തുച്ഛമാണെന്ന് കാണാൻ കഴിയും.

പട്ടണത്തിൽ വിവിധ ഭാഗങ്ങളിലായി പാർക്കു ചെയ്യുന്ന ഓട്ടോറിക്ഷ, ടാക്സി എന്നിവയിൽ നിന്നും യാതൊരു വരുമാനവും ലഭിക്കുന്നില്ല. അവയ്ക്ക് സൗകര്യപ്രദമായ രീതിയിൽ പാർക്ക് ചെയ്യാനുള്ള സ്ഥലം ഉണ്ടാക്കിയാൽ അവയിൽ നിന്നും വരുമാനം ഉണ്ടാക്കാൻ കഴിയും. ആഭരണ കച്ചവടം പോലുള്ള വൻകിട സംരംഭത്തിൽ നിന്നും പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല.

നമ്മുടെ വരുമാനമാർഗ്ഗങ്ങൾ ഉപാധിരഹിത ഫണ്ട്, JRY ഫണ്ട്, സർക്കാർ ഗ്രാന്റുകൾ എന്നിവയാണ്. അവയിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിന് ആവശ്യമായ സമ്മർദ്ദം സർക്കാരിൽ ചെലുത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്ത് പരിധിയിൽ നിന്നും, വിവിധ മേഖലകളിൽ നിന്നായി സർക്കാർ പിരിച്ചെടുക്കുന്ന തീരുവകളുടെ ചെറിയ ശതമാനം മാത്രമാണ് നമുക്ക് തിരിച്ച് ലഭിക്കുന്നത്.

മേൽപറഞ്ഞ രണ്ട് തരം വരുമാനമാർഗ്ഗങ്ങളിൽ നിന്നല്ലാതെ തന്നെ ധാരാളം വിഭവം സമാഹരിക്കാനുള്ള സാധ്യതകൾ നമ്മുടെ മുമ്പിലുണ്ട്. നല്ല ഒരു വിഭാഗം ആളുകൾ ഗൾഫ് രാജ്യങ്ങളിലാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും ഏകദേശം 680 ആളുകൾ ഗൾഫിലുണ്ടെന്നാണ് കണക്ക്. എന്നാൽ അവരെ വേണ്ട വിധം ഉപയോഗപ്പെടുത്താൻ നമ്മുടെ സാമ്പത്തികരംഗത്തിന് കഴിഞ്ഞിട്ടില്ല. അതുപോലെ ദേശസ്നേഹവും, ആത്മാർത്ഥതയുമുള്ള ഒരു പാടാളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നാടിന്റെ വികസനപ്രക്രിയക്ക് ആക്കം കൂട്ടുന്നതിന് അവരുടെ മനുഷ്യാധ്വാനം സംഭാവന ചെയ്യാൻ അവർ ഒരുക്കമാണ്. അത്തരത്തിലുള്ള ദേശസ്നേഹികളായ ജനങ്ങളുടെ അർപ്പണമനോഭാവം വികസനമുന്നേറ്റത്തിന് കരുത്തേകും. ഒരു വാർഡിൽ നിന്നും 250 പേർ വീതം ഓരോ വർഷവും ഒരു ദിവസത്തെ തങ്ങളുടെ അധ്വാനം നാടിനുവേണ്ടി മാറ്റിവെയ്ക്കുന്ന പക്ഷം 272 മനുഷ്യാധ്വാന ദിനങ്ങൾ നമുക്ക് ലഭ്യമാക്കും. അത് ഏകദേശം 3 ലക്ഷത്തോളം രൂപയ്ക്കുള്ള അധ്വാനമെങ്കിൽ 9–ാം പദ്ധതികാലത്തും, 15ലക്ഷം രൂപ സമാഹരിക്കാൻ മേൽപറഞ്ഞ മനുഷ്യാധ്വാന സംഭാവനകൊണ്ട് സാധിക്കും.

## *പ്രശ്നങ്ങൾ*

* നികുതിപിരിവിന് ജനകീയ സഹകരണം ഇല്ല. നികുതി നൽകുന്നതിന് അനുകൂലമായ മനോഭാവം ഇല്ല.
* ഇന്നത്തെ കെട്ടിടനികുതി അശാസ്ത്രീയമാണ്. വൻകിട കെട്ടിടങ്ങൾക്ക് അനുസൃതമായ രീതിയിൽ നികുതി ചുമത്തുന്നില്ല.
* പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിന്റെ വരുമാനം തൃപ്തികരമല്ല. അവയിൽ പല വാടകക്കാരും, അമിത വാടക വാങ്ങി മുറികൾ മറ്റുള്ളവർക്ക് നൽകിയ സ്ഥിതി ഉണ്ട്.
* തൊഴിൽ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. തൊഴിൽ മേഖലകൾ മുഴുവൻ നികുതിയ്ക്ക് വിധേയമാക്കുന്നില്ല.

* മൽസ്യമാംസ മാർക്കറ്റ്, ആഴ്ചചന്ത, ബസ് സ്റ്റാൻഡ് എന്നിവയിൽ നിന്നുള്ള വരുമാനം കുറവാണ്.

* പട്ടണത്തിൽ പാർക്കു ചെയ്യുന്ന, ഓട്ടോ റിക്ഷ, ടാക്സി എന്നിവയിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല.

* ആഭരണ കച്ചവടം തുടങ്ങിയ സ്ഥാപനത്തിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല.

* നമ്മുടെ പഞ്ചായത്ത് പ്രദേശത്തുനിന്നും പിരിച്ചെടുക്കുന്ന തീരുവയുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്ക് കിട്ടുന്ന സർക്കാർ ഫണ്ടും ഗ്രാന്റും കുറവാണ്.

* ഗൾഫ് രാജ്യങ്ങളിലുള്ള വരുമാനം ഉല്പാദനപരമായ മേഖലകളിലേക്ക തിരിച്ചുവിടാൻ കഴിഞ്ഞിട്ടില്ല.

* മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തുന്നില്ല.

### *നിർദ്ദേശങ്ങൾ:*

* ഓരോരുത്തരും സ്വമേധയാ തന്നെ നികുതി നൽകാൻ സന്നദ്ധരാകുന്ന തരത്തിലുള്ള പ്രചരണ പ്രവർത്തനങ്ങൾ ജനകീയ സംരംഭത്തിലൂടെ സംഘടിപ്പിക്കണം. അതിന് ജനകീയ സമിതികൾ രൂപീകരിക്കണം.

* സാധാരണക്കാർക്ക് ബാധിക്കാത്ത വിധത്തിൽ നിലവിലുള്ള കെട്ടിടനികുതി ശാസ്ത്രീയമായി പുനരാവിഷ്കരിക്കണം. വലിയ വീടുകൾക്കും, ഷോപ്പിംഗ് കോംപ്ലക്സുകൾക്കും അവയുടെ വാടക അടിസ്ഥാനമാക്കി നികുതി ചുമത്തണം. വാടക നിശ്ചയിക്കുന്നത് നാട്ടിൽ നിലവിലുള്ള വാടക അടിസ്ഥാനമാക്കിയായിരിക്കണം.

* ഷോപ്പിംഗ് കോപ്ലക്സിൽ വാടകക്കാർ അല്ലാത്തവർ കച്ചവടം നടത്തുന്നത് തടഞ്ഞ് അവരെ ഒഴിപ്പിക്കണം. കാലാനുസൃതമായി വാടക വർദ്ധിപ്പിക്കണം.

* പഞ്ചായത്ത് പ്രദേശത്ത് തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം.

* ആഴ്ചചന്തയ്ക്കു പകരം ദിവസചന്ത സ്ഥാപിച്ച് വരുമാനം കൂട്ടണം. അവിടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കണം. ബസ് സ്റ്റാൻഡിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കണം.

* ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും സൗകര്യപ്രദമായ പാർക്കിംഗ് സൗകര്യം ഉണ്ടാക്കി അവയിൽ നിന്നും പഞ്ചായത്ത് വക പിരിച്ച് വരുമാനം കൂട്ടണം.

* ആഭരണ കച്ചവടക്കാർക്ക് ലൈസൻസ് ഫീ ഏർപ്പെടുത്തണം. സർക്കാർ ഫണ്ടും ഗ്രാന്റും വർദ്ധിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനം നടത്തണം.

* ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്ന് കടപ്പത്രമായോ മറ്റൊ ധനം സമാഹരിക്കാൻ സാധ്യമാണെന്നത് പഠന വിധേയമാക്കണം.

* ഒരു വർഷം 5000 മനുഷ്യാധ്വാനമെങ്കിലും ലഭ്യമാകത്തക്ക വിധത്തിൽ വികസന സേന രൂപീകരിക്കണം.

| വരവ് | | | | | |
|---|---|---|---|---|---|
| നമ്പർ | ഇനം | 199–192 | 1995–96 | വ്യത്യാസം | % |
| 1. | കെട്ടിടനികുതി | 140558 | 239772 | 99214 | 70.58 |
| 2. | തൊഴിൽ നികുതി | 106626 | 120951 | 14325 | 13.43 |
| 3. | വിനോദ നികുതി | 239797 | 373791 | 133944 | 55.57 |
| 4. | ഉപാധിരഹിതഫണ്ട് | 160637 | 261000 | 100363 | 62.47 |
| 5. | ജെ.ആർ.വൈ | 255000 | 393266 | 138266 | 54.22 |
| 6. | മാർക്കറ്റ് (മൽസ്യമാംസം) | 20650 | 23750 | 3100 | 15.01 |
| 7. | ആഴ്ചചന്ത | 40100 | 40500 | 400 | 0.99 |
| 8. | കടവ് | 20190 | 29650 | 9460 | 46.55 |
| 9. | ബസ്റ്റാൻഡ് | 73200 | 77500 | 4300 | 5.57 |
| 10. | ഗ്രാന്റ്, സംഭാവനകൾ | 30503 | 160868 | 130365 | 427.38 |
| 11. | മണൽ | 69156 | 82875 | 13179 | 19.83 |
| 12 | ഷോപ്പിങ് കോംപ്ലക്സ് | 63265 | 297250 | 339985 | 369.84 |
| 13. | മറ്റുള്ളവ | 1613418 | 2351112 | 737694 | 45.73 |
| | **ആകെ വരവ്** | **2833100** | **2976897** | **14397** | **5.07** |
| | ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 437809 | 693125 | 260316 | 60.14 |
| | അവലംബം (വാർഷിക ധനവിവരണകണക്ക് )(Annual Financial Statement) | | | | |

## ചെലവുകൾ

| നമ്പർ | ഇനം | 91–92 | 95–96 |
|---|---|---|---|
| 1. | മാനേജ്മെന്റ് | 404237.00 | 587744 |
| 2. | പൊതുമരാമത്ത് | 585750.00 | 1113208 |
| 3. | വിദ്യാഭ്യാസം | 50905.00 | 59511 |
| 4. | വാട്ടർ സപ്ലൈഅഴുക്കുചാൽ | 30181.00 | 52557 |
| 5. | പൊതുജനാരോഗ്യം | 5620.00 | 8645 |
| 6. | സ്ട്രീറ്റ്ലൈറ്റ് | 49999.00 | 123795 |
| 7. | കൃഷി | 35202.00 | 192387 |
| 8. | സാമൂഹ്യ ക്ഷേമം | 17453.00 | 32352 |
| 9. | സാംസ്കാരിക നിലയം | 273747.00 | |
| 11. | മിനി സ്റ്റേഡിയം | 146889.00 | |
| 12. | ഡെപ്പോസിറ്റ് തിരികെ നൽകിയത് | 102029.00 | 126763 |
| 13. | ഇൻവെസ്റ്റ്മെന്റ് | 328805.00 | |
| 14. | കക്കൂസ് നിർമ്മാണം | 25200.00 | |
| 15. | JRY വീട് നിർമ്മാണം | 50000.00 | |
| 16. | JRY കുളിക്കടവ് നിർമ്മാണം | 165000.00 | |
| 17. | സോഡിയം വെപ്പർ ലാമ്പ് | | 73359.00 |
| 18. | ട്രഷറി കെട്ടിടം | | 75000.00 |
| 19. | ദുർബല വിഭാഗ വീട്നിർമ്മാണം | | 31250.00 |
| 20. | ഷോപ്പിംഗ് കോംപ്ലക്സ് | | 40602.00 |
| 21. | മറ്റ് ചെലവുകൾ | 562803.00 | 491773.00 |
| | **ആകെ** | **2833100.00** | **3008946.00** |

# ഉപസംഹാരം

വികസിത രാജ്യങ്ങളിലൊക്കെ കാണാൻ കഴിയുന്ന ഒരു കാര്യമുണ്ട് കരുത്തുറ്റ കാർഷിക മേഖല; അതിന്റെ ഉല്പന്നങ്ങളെയും മറ്റ് പ്രകൃതിവിഭവങ്ങളെയും ഉപയോഗപ്പെടുത്തി വളർന്നു വന്ന ഒരു വ്യാവസായിക മേഖല. ഇതിന്റെ രണ്ടിന്റെയും പിൻബലത്തിൽ നിലനില്ക്കുന്ന ഒരു സേവന മേഖല. ഇതിനെ ചിത്രീകരിച്ചാൽ ഒരു പിരമിഡ് രൂപമാണ് ലഭിക്കുക. സ്ഥിരതയെ സൂചിപ്പിക്കാൻ പിരമിഡിനെക്കാളും നല്ല ഒരു ഉപാധിയുണ്ടെന്ന് തോന്നുന്നില്ല. പക്ഷേ കേരളത്തിന്റെ സ്ഥിതിയോ? കാർഷിക മേഖലയും വ്യാവസായിക മേഖലയും തളർന്ന് കിടക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ഭൂമി കൃഷി ചെയ്യാനുള്ളതായിരുന്നില്ല; മറിച്ച്, വാങ്ങാനും വില്ക്കാനും, മറിച്ച്വില്ക്കാനും, ഉള്ള ഒരു ചരക്ക് മാത്രം. ഫലമോ? വിലപ്പെട്ട വിഭവം മനുഷ്യാധ്വാനം പാഴായിപ്പോകുന്നു. മാത്രമല്ല ഉപ്പ്തൊട്ട് കർപ്പൂരം വരെ ലഭിക്കാൻ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിയും വരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും മറ്റ് രാഷ്ട്രങ്ങളെപ്പോലും അൽഭുതപ്പെടുത്തിക്കൊണ്ട് വളർന്ന് പന്തലിച്ച ഒരു സേവനമേഖല(വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം മുതലായവ) ഇവിടെ നിലനില്ക്കുന്നു. ഈ പ്രതിഭാസത്തെയാണ് പലരും 'കേരളാ മോഡൽ' എന്ന് വിശേഷിപ്പിക്കുന്നത്.

ഇക്കാലമത്രയും ഇങ്ങനെയൊന്ന് നിലനിന്നെങ്കിൽ അതിന് പിന്നിൽ അനുകൂലമായ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക പശ്ചാതലവും ഗൾഫ് പണം എന്ന ഒരു കാണാക്കണ്ണിയുംനിലനിന്നിരിന്നതായി കാണാം. ഇതിൽ ഗൾഫ് പണത്തിന്റെ ഒഴുക്ക് നിലയ്ക്കാൻ പോകുന്ന സൂചനകൾ കണ്ട് തുടങ്ങിയിരിക്കുന്നു. അതിനാൽ ശരിക്കും പ്രതിസന്ധിയിൽ അകപ്പെടുന്നതിന് മുമ്പ് തന്നെ ഉല്പാദനരംഗത്തെ മുരടിപ്പിൽ നിന്നും കരകയറാൻ കഴിയുമെങ്കിൽ അത് ജനകീയാസൂത്രണത്തിലൂടെയായിരിക്കും.

മേലിൽ വികസന പ്രവർത്തനങ്ങൾ മുൻകാലങ്ങളിലേതു പോലെ നടക്കാൻ അനുവദിച്ചു കൂടാ. നമ്മെ സംബന്ധിച്ചിടത്തോളം ഫണ്ട് ഒരു കാലത്തും വേണ്ടത്ര ലഭിക്കുമെന്ന് തോന്നുന്നില്ല. അതിനാൽ ലഭ്യമായ ഫണ്ട് വളരെ കാര്യക്ഷമമായി ഉപയോഗിച്ചേ മതിയാകൂ. വികസന പ്രവർത്തനങ്ങൾ 'രാമേശ്വരത്തെ ക്ഷൗരം' പോലെ ആയിക്കൂടാ. ഓരോ പരിപാടിക്കും മുടക്കുന്ന സംഖ്യയുടെ ഗുണഫലങ്ങൾ എത്രകണ്ട് നേരത്തേ സമൂഹത്തിന് ലഭിക്കാമോ അത്രയും നേരത്തേ അത് ചെയ്തിരിക്കണം. ഇത് സാധ്യമാകണമെങ്കിൽ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് അതിന്റെ ഗുണഭോക്തക്കളായ ജനങ്ങൾ തന്നെയാവണം. അതോടുകൂടി അതിന് മുമ്പില്ലാതിരുന്ന ലക്ഷ്യബോധം, ദിശാബോധം, കാര്യക്ഷമത, സാമൂഹ്യ

പങ്കാളിത്തം ഡിപ്പാർട്ടമെന്റുകൾ തമ്മിലുള്ള ഏകോപനം എന്നിവയെല്ലാം കൈവരുന്നത് കാണാം. മാത്രമല്ല നമ്മുടെ സമൂഹത്തിന്റെ പല തലങ്ങളിലേക്കും ആഴ്ന്നിറങ്ങിയ അഴിമതിയുടെ വേരുകൾ പിഴുതെറിയപ്പെടാനുള്ള സാധ്യതയും തെളിഞ്ഞുവരുന്നുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പൊതു ഖജനാവിൽ നിന്ന് ഒരു രൂപ ചെലവഴിക്കപ്പെടുമ്പോൾ ഗുണഭോക്താക്കൾക്ക് ഒരു രൂപയിൽ കുറയാത്ത നിലക്ക് അതിന്റെ ഗുണഫലങ്ങൾ ലഭിക്കുമെന്നതും ഉറപ്പാണ്. മുമ്പ് പൊതുഖജനാവിൽ നിന്ന് ഒരു രൂപാ വികസന ആവശ്യത്തിന് നീക്കിവെയ്ക്കുമ്പോൾ 15 പൈസ മത്രമേ ഗുണഭോക്താവിന് ലഭ്യമായിരുന്നുള്ളൂ എന്നത് ഓർക്കുക.

നമ്മുടെ പല വികസനാവശ്യങ്ങളും നീട്ടിവെക്കപ്പെടാൻ കഴിയാത്തവയാണ്. ഫണ്ടിന്റെ ലഭ്യതയാണെങ്കിൽ പരിമിതവും. അതാത് പ്രദേശങ്ങളുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം സാമൂഹ്യ തീരുമാനമനുസരിച്ച് നിശ്ചയിക്കപ്പെടുകയും ലഭ്യമായ ഫണ്ട് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വീതിച്ച് നല്കുകയും ചെയ്താൽ സ്വാഭാവികമായും ഫണ്ടിന്റെ അപര്യാപ്തത നികത്താൻ സന്നദ്ധപ്രവർത്തനം എടുത്തുപയോഗിക്കപ്പെടുക തന്നെ ചെയ്യും. മാത്രമല്ല മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വ്യക്തമായ ലക്ഷ്യബോധവും ഉത്തരവാദിത്തവും അതിന്റെ മുഖമുദ്രയാവുകയും ചെയ്യും. അഴിമതിയുടെ എല്ലാ കൈവഴികളും കൊട്ടിയടക്കപ്പെടാനുള്ള സാദ്ധ്യതയും തെളിഞ്ഞ് വരുന്നുണ്ട്. മറ്റൊന്ന്കൂടി; മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പൊതുഫണ്ട് ഒരു രൂപ ചെലവഴിക്കപ്പെടുമ്പോൾ ഗുണഭോക്താക്കൾക്ക് ഒരിക്കലും ഒരു രൂപയിൽ കുറയാത്ത നിലക്ക് അതിന്റെ ഗുണഫലങ്ങൾ ലഭിക്കുമെന്നതും ഉറപ്പാണ്.

ഇത് ചരിത്രപ്രാധാന്യമുള്ളൊരു ദൗത്യമാണ്. കേരളജനത ഇതിനെ സഹർഷം സ്വാഗതം ചെയ്തു കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങൾ ആകാംക്ഷയോടെ ഉറ്റ് നോക്കിക്കൊണ്ടിരിക്കുകയുമാണ്. ആർക്കും തന്നെ ഇതിൽ നിന്ന് മാറി നില്ക്കാനാവുമെന്ന് തോന്നുന്നില്ല. അതു മാത്രമല്ല; മാറി നില്ക്കുന്നവർ ആരാണെന്നായിരിക്കും ജനങ്ങൾ അന്വേഷിക്കുന്നത്. ഇതിൽ വിജയം വരിക്കാൻ നമുക്ക് കഴിഞ്ഞാൽ ഇന്ന് സാമ്പത്തിക വളർച്ചയിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്ന ചൈനയെപ്പോലും പിൻതള്ളിക്കൊണ്ട് നമ്മുടെ കൊച്ചുകേരളം ചരിത്രം സൃഷ്ടിച്ചേക്കും. പ്രശസ്ത അമേരിക്കൻ പ്രസിദ്ധീകരണമായ ' നാഷണൽ ജിയോഗ്രാഫിക് '. മാസികയുടെ 1988 മെയ് ലക്കത്തിൽ കേരളത്തെക്കുറിച്ചൊരു ലേഖനത്തിൽ പറയുന്നത് നോക്കുക. "Equally Competitive in daily life, the people of Kerala, one of India's smallest states, lead the nation in education, health and- some say-ambition." ഇതെല്ലാം നമ്മെ ആവേശഭരിതരാക്കേണ്ടതല്ലേ ? ഈ മഹാസംരംഭത്തിൽ ഓരോരുത്തരും ഭാഗഭാക്കാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ആഴത്തിലുള്ള ചർച്ചയിലൂടെ ഈ രേഖ കൂടുതൽ സമഗ്രമാക്കുന്നതിന് വേണ്ടി സസന്തോഷം അരീക്കോട് ഗ്രാമപഞ്ചായത്ത് സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ,

അരീക്കോട്

12–11–96

കെ.വി. അബൂബക്കർ

പ്രസിഡണ്ട് അരീക്കോട് ഗ്രാമപഞ്ചായത്ത്

# അനുബന്ധം

## വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ് അംഗങ്ങൾ

കെ. വി. അബൂബക്കർ
പി. ഗീത.
സി. റംലത്ത്.
പി. വീരാൻകുട്ടി.
സി. സുബ്രഹ്മണ്യൻ
സി. പി. സുരേഷ്ബാബു
അഡ്വ: കെ.സി. മുഹമ്മദ് അഷ്റഫ്
കെ. സെയ്തലവി
കെ. വി അപ്പുട്ടി
എൻ. അബ്ദുദുൾ റഹീം
കെ. സുരേഷ്കുമാർ
എം. പി. മുഹമ്മദാലി
യു. അബൂബക്കർ
വി. നൗഷാദ്
അത്തിക്കൽ മുഹമ്മദ് മൗലവി
നജീബ്
ഒ. സച്ചിദാനന്ദൻ
കെ. കൃഷ്ണദാസ്
എം. ടി. മുസ്തഫ
ഡോ: രാജു
കെ. പി. മോഹനനൻ
സി. ശിവദാസൻ
കെ. അബ്ദുൾ റഹ്മാൻ
സി. ടി ഉമ്മർമാസ്റ്റർ
കെ. പി. ജനാർദ്ദനൻ
എൻ. വി. അഹമ്മദ്കുട്ടി മാസ്റ്റർ
പി. ലത
കെ. കദീജ ടീച്ചർ
പി. ഹഫ്സത്ത്
കെ. സുരേന്ദ്രൻ
കെ. ശ്രീധരൻ
കരീം മാസ്റ്റർ
കെ. വി. മുരളീധരൻ
കുട്ടൻ കുന്നത്തൊടി
പി. അഹമ്മദ് കുട്ടി
പി. ബാബു നന്ദകുമാർ

# അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി




- 40% പദ്ധതി വിഹിതം
  പഞ്ചായത്തുകൾക്ക്

- വികസനരംഗത്ത്
  ഒരു കുതിച്ചുചാട്ടത്തിന്
  അനന്ത സാദ്ധ്യതകൾ

Printed at MANGALAM offset press Kallai ,Calicut,Ph. 300063